ആമസോണിന്റെയും ചാറ്റ് ജി പി ടി യുടെയും കാലത്തെ മലയാളി എഴുത്തുകാർ... | കഥയെഴുത്തിന്റെ ആഘോഷം | യാത്ര : കാഴ്ചയും കണ്ടെത്തലും | ഒരു കമ്മ്യൂണിസ്റ്റുകാരന്റെ ധർമ്മസങ്കടങ്ങൾ

FEBRUARY | VOL.05 | ISSUE 02

# മലയാളി.com magazine 2026



## കലയുടെ വലിയ കാഴ്ച

കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പ്

## “എംറ്റി സ്പെയ്സ് ” പ്രമീള നായർ ആരായിരുന്നു ?

## ഇലപൊഴിയും കാലം


A Love Written in Jewels
Joyalukkas
World's favourite jeweller
BE MINE
Heart to heart collection
VALENTINE'S SPECIAL OFFER
GET A
$40
CASH BACK VOUCHER
on the purchase of diamond & precious stone jewellery worth USD 1,000 & more
GET A
$75
CASH BACK VOUCHER
on the purchase of diamond & precious stone jewellery worth USD 1,750 & more
0% DEDUCTION ON OLD GOLD EXCHANGE
GET 100% VALUE ON DIAMOND EXCHANGE
OFFER VALID UNTIL 15TH FEBRUARY 2026
*T&C apply
ATLANTA
3155 Peachtree PKY, Suwanee, GA 30024, USA
Tel: +1 470 835 6136
NEW JERSEY
1665 Oak Tree Road, Suit #325, Edison, NJ 08820, USA
+1 732 515 9902
HOUSTON
5901 Hillcroft Avenue, #C7-A, Houston,
+1 713 784 2992
CHICAGO
2642 West Devon Avenue, Chicago, Illinois
+1 773 856 3013
DALLAS
7055 Preston Road, Frisco, TX 75034, USA
+1 972 292 9936
LOS ANGELES
18725 Pioneer BLVD, Artesia, CA 90701
(562) 202-4243
NAPERVILLE
1570 W. Ogden Ave, Units 106, Naperville, IL 60540
(331) 231-3300

മലയാളി.com Magazine

DIGITAL MAGAZINE

2026
FEBRUARY
VOL/05
ISSUE/2

Contact: mag@emalayalee.com | www.emalayalee.com

# ഹോ ! എന്തൊരു സ്പീഡ് !

**ഹോ !** എന്തൊരു സ്പീഡ് !വേഗതയോടുള്ള മനുഷ്യൻറെ കമ്പം അടൂരിൻറെ കൊടിയേറ്റത്തിലെ ഗോപിയെ പോലെ മറ്റാരും പ്രകടിപ്പിച്ചിട്ടില്ല.ചക്രത്തിൻറെ കണ്ടുപിടുത്തം മുതൽ ഇന്ന് വരെ നാം വേഗതയ്ക്ക് വേണ്ടിയുള്ള കടുത്ത പരീക്ഷണങ്ങളിൽ ആയിരുന്നു. ഒരു കാലത്ത് ആറുമാസം എടുത്താണ് കപ്പലിൽ ഇന്ത്യയിൽ നിന്ന് ഇംഗ്ലണ്ടിൽ  പോയിരുന്നതെങ്കിൽ ഇന്നത് വിമാനത്തിൽ പരമാവധി എട്ടു മണിക്കൂറായി ചുരുങ്ങിയിരിക്കുന്നു. ശബ്ടാതീത  വേഗതയുള്ള സൂപ്പർ സോണിക് വിമാനങ്ങൾ പിന്നിട് വന്നു .ബഹിരാകാശ ദൗത്യങ്ങൾ വന്നതോടെ വേഗത്തിന്റെ പരിധി വീണ്ടും ലംഘിക്കപ്പെട്ടു .കാലക്രമത്തിൽ, ശരിയായ വിസ ഉണ്ടെങ്കിൽ, തിരുവനന്തപുരത്ത് പ്രാതലും ദുബായിയിൽ ഉച്ചഭക്ഷണവും വാഷിങ്ടണിൽ അത്താഴവും എന്ന നില വരാം.വേണ്ടി വന്നാൽ ആഗോളവല്ക്കരണത്തിനെതിരെ നമുക്ക് രാവിലെ  യു എന്നിന്റെ മുന്നിൽ തന്നെ പ്രതിഷേധം നടത്തി രാത്രി ഇവിടെ വന്നു കിടന്നുറങ്ങാം. പക്ഷെ അതിനൊക്കെ നമുക്ക് ശശി തരൂരിനെ പോലെ ഒരു വിശ്വ  പൌരനെ ഉള്ളൂ .രാഷ്ട്രാന്തരീയ കാര്യങ്ങളിൽ ഇടപെടുന്ന ഭരണ തന്ത്രന്ജരും നമുക്ക് ഇല്ല .ഇടക്ക് ഏതെങ്കിലും നേതാവ് ചികിത്സക്ക് യു എസിൽ പോയാൽ വാർത്തയാകും. സമ്പത്തിൻറെ ഭാഷയിൽ സംസാരിക്കുന്ന ഈ ലോകത്ത് നമുക്ക് ഇത്തരം വേഗത കൊണ്ടൊന്നും വലിയ ഗുണമൊന്നുമില്ല .ബിസിനസ് ഉണ്ടായിട്ടു വേണ്ടെ ബിസിനസ് മീറ്റിനു പോകാൻ !പക്ഷേ കടലിനോടു ചേർന്ന് കിടക്കുന്ന ചെറിയ നീണ്ട കേരളത്തിനു വേഗം വല്ലാത്ത ഹരമാണ് .നാട് റോഡ് ആക്കിയും കൃഷിയിടങ്ങളും ആറും തോടും തടഞ്ഞു വെച്ചും മലകൾ തുരന്നും വേഗത്തിൻറെ കൊടിമുടി കയറാൻ നമുക്ക് എന്തൊരു ഉത്സാഹമാണ് .കെ റയിൽ യാഥാർത്ഥ്യം ആയില്ലെങ്കിലും അത് പോലെ അതി വേഗപ്പാത എന്ന സ്വപ്നത്തിലാണ് നമ്മുടെ സർക്കാർ .കേന്ദ്രവും മറ്റൊരു വിധത്തിൽ  മറ്റൊരു വേഗപ്പാതക്ക് ശ്രമിക്കുന്നു .റാപിഡ് റെയിൽ ആയാലും അതിവേഗപ്പാത ആയാലും മലയാളിയെ ഗോപിയാക്കാൻ സർക്കാരുകൾക്ക് എന്തൊരു താല്പര്യമാണ് !

കേരള ബജറ്റിൽ റാപിഡ് റെയിൽപാതയ്ക്ക്  നാമമാത്രമായ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര ബജറ്റിൽ അതേപ്പറ്റിയോ  വേഗപ്പാതയെ പറ്റിയോ പരാമർശമില്ല. എന്തിനു കിനാലൂരിൽ സ്ഥലം എല്ലാംഏറ്റെടുത്തു  കേരളം കാത്തിരിക്കുന്ന  എയിംസ് പോലും കേന്ദ്ര ബജറ്റിൽ ഇല്ല. എങ്കിലും നമ്മുടെ മോഹങ്ങൾക്ക് അതിരില്ല .ഇന്നല്ലെങ്കിൽ നാളെ എന്ന ആഗ്രഹത്തിന്റെ പേരാണിന്ന് കേരളം.ആ നിലക്ക് ബജറ്റ് എത്ര ഉയർന്നാലും അതി വേഗ റയിലിൽ നാം സഞ്ചരിക്കും തീർച്ച .ഇതിനു പുറമെയാണ് തുരങ്കപ്പാതകളോടുള്ള നമ്മുടെ അഭിനിവേശം .വയനാട്ടിലേക്കുള്ള തുരങ്കപ്പാതയുടെ രീതിയിൽ കട്ടപ്പനയും തേനിയും ബന്ധിപ്പിക്കുന്ന ഒരു പാത കേരള ബജറ്റ് സ്വപ്നം കാണുന്നു .

രാഷ്ട്രീയ   ഇഛാശക്തി ഉണ്ടെങ്കിൽ ഇതൊക്കെ സംഭവ്യമാണ് .പക്ഷെ ഇത് അത്ര ആവശ്യമാണോ എന്നതൊരു വലിയ ചോദ്യമാണ് .വലിയ വ്യവസായ കേന്ദ്രങ്ങളോ മുതൽ മുടക്കുകളോ  ഇല്ലാത്ത ഒരു സംസ്ഥാനത്ത്  ഇത്ര വലിയ മൂലധന നിക്ഷേപങ്ങൾ ഗുണകരമാകുമോ എന്നതൊരു ചോദ്യമാണ് .അതിനു പകരം സംസ്ഥാനത്ത് കുടുതൽ തൊഴിൽ സൃഷ്ടിക്കുന്ന സംരംഭങ്ങളിൽ പണം മുടുക്കുകയല്ലേ അഭികാമ്യം ?ഉന്നത വിദ്യാഭ്യാസം,ഐ ടി , ടൂറിസം, ചിപ്പ് നിർമ്മാണം  ഇങ്ങനെ ആധുനികമായ  ഒട്ടേറെ പരിസ്ഥിതി സൌഹൃദമായ അവസരങ്ങൾ ഇന്ന് തുറന്നു വരുന്നുണ്ട് .അവയിൽ പണം മുടക്കുകയാണ് കാലത്തിന്റെ ആവശ്യം .ഇടുക്കിയിൽ പ്രകൃതിയുടെ മനോഹാരിതയ്ക്ക് തുരങ്കം വെയ്ക്കുന്ന പാതാളഗുഹയല്ല , ജനങ്ങൾക്ക് പ്രയോജനകരമായ വ്യവസായങ്ങളും ആധുനിക സൗകര്യങ്ങൾ ഉള്ള ആശുപത്രികളുമാണ്  ആവശ്യം .തമിഴ് നാടുമായി അവർക്ക് പരിമിതമായ വാണിജ്യ ബന്ധം മാത്രമേ ഉള്ളൂ. വട്ടിപ്പലിശക്കാരുടെ കേരളത്തിലേക്കുള്ള സുഗമയാത്രക്ക് ഇത് ഉപയോഗപ്രദമാകാം.ഇപ്പോഴേഏലക്കാടുകൾ അവരുടെ നിയന്ത്രണത്തിലാണ് .

എത്ര ഗുണകരമായാലും ശക്തവും വിശ്വസനീയവുമായ പാരിസ്ഥിതിക പഠനം നടത്തിയേ ഇവ നടപ്പാക്കാവൂ . അതെ പോലെ പരമാവധി  സാധാരണ ജനങ്ങളുടെ സ്വത്തുകളെ ബാധിക്കാതെ ആകണം സ്ഥലം ഏറ്റെടുക്കൽ പോലെയുള്ള ഭരണ നടപടികൾ  .കെ റെയിൽ അനുഭവം ഈ സർക്കാരും വരാൻ പോകുന്ന സർക്കാരും മറക്കരുത് .അതെ പോലെ ഉപയോഗിക്കുന്ന ടെക്നോളജി കാലികമാണെന്ന് ഉറപ്പു വരുത്താനും അത് കുറഞ്ഞ സമയത്തിൽ നടപ്പാക്കാനും സർക്കാർ പ്രതിബദ്ധത കാട്ടണം.

*സ്നേഹത്തോടെ,*


ഇ-മലയാളി പത്രാധിപസമിതി

## EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS









05 കേരളം: സി പി എം
ഇല പൊഴിയും കാലം
എസ് സുന്ദർദാസ്

09 ചെറുകഥ
പ്രേമനേരം!
സോയ നായർ

12 വിവാദം
സൗജന്യപ്പെരുമഴ !
കെ എം തോമസ്

15 വിവാദം
'എം. ടി. വാസുദേവൻ നായർ'
എഴുത്തും ജീവിതവും
ആൻസി സാജൻ

19 എം ടി യുടെ ജീവിതം ,
പ്രമീള നായരുടെയും...
പി എസ് ജോസഫ്

23 കല
കൊച്ചി – മുസിരിസ് ബിനാലെ
കടൽ കടക്കുന്ന കല
ആമി

29 ഇ – മലയാളി ആഗോള
ചെറുകഥാപുരസ്കാരം – 2025
മുഖലേഖനം
ആമസോണിന്റെയും
ചാറ്റ് ജി പി ടിയുടെയും
കാലത്തെ എഴുത്തുകാർ...
ഡോ എം വി പിള്ള

34 കഥയെഴുത്തിന്റെ ആഘോഷം
എ എസ് ശ്രീകുമാർ

42 ചെറുകഥ
വർക്കിയുടെ സുവിശേഷം ,
അവസാന അധ്യായം
സിന്ധു തോമസ്

49 പ്രത്യേക അഭിമുഖം
നന്ദിനി മേനോൻ
യാത്ര:കാഴ്ചയും കണ്ടെത്തലും
പ്രദീപ് പനങ്ങാട്

59 ചെറുകഥ
അമ്പിൻ തുമ്പിൽ കൊരുത്തത്
ശ്രീകുമാർ ഭാസ്കരൻ

69 ചെറുകഥ
ഡിസംബർ 34
ട്രീസ കെ വി

73 കവിത
നിത്യം
മീര കമല

74 ചെറുകഥ
ഒറ്റയ്ക്ക് തുഴയും തോണി
ഡോ കിരൺ വിന്സന്റ്

77 ചെറുകഥ
ഖന്തീശ ആലാഹ
ജെസ്മോൾ കെ ജോസ്

83 കോളം: അച്യുതം
ഒരു കമ്മ്യൂണിസ്റ്റുകാരന്റെ
ധർമ്മ സങ്കടങ്ങൾ
മാങ്ങാട് രത്നാകരൻ

87 സിനിമ /സംഗീതം
എന്റെ സംഗീത വഴികൾ
എസ് രാജേന്ദ്രബാബു

93 കവിത
മഞ്ഞു പൊഴിയുന്ന പ്രഭാതവും ...
നമ്പ്രേത്തിൽ ജോസ് വർഗീസ്

94 ശ്രീമത് ഭഗവത് ഗീത വ്യഖ്യാനം
ജ്ഞാനകർമ്മസന്യാസയോഗം
സുധീർ പണിക്കവീട്ടിൽ

98 പുസ്തക ലോകം : ആഗ
അതീവ ശക്തമായ ആനന്ദങ്ങൾ
ഡോ ആശ പ്രഭാകരൻ

101 പുസ്ത്കലോകം
മ്മളെ മ്മളാക്കിയ കോഴിക്കോട്
രവി മേനോൻ


103 കോളം
സൈക്കിൾ ഒരു വാഹനം മാത്രമല്ല
ഡോ റോസി തമ്പി

107 സിനിമ : അങ്കമ്മാൾ
വസ്ത്രം എന്ന അധികാരം
പി എൻ നാസർ

109 അഞ്ജലി : വെള്ളത്തൂവൽ സ്റ്റീഫൻ
രാഷ്ട്രീയ സൂര്യൻ

110 ചിത്രലോകം /പി കെ ഭാഗ്യലക്ഷ്മി








# ഇലപൊഴിയും കാലം

## ഇലകൾ പൊഴിഞ്ഞാൽ അവ വീണ്ടും കിളർത്തുവരുമെന്ന് പ്രതീക്ഷിക്കാം, എന്നാൽ വേരുകൾകൂടി ദ്രവിച്ചുപോയാലോ?

എസ് സുന്ദർദാസ്

ദീർഘകാലം കൊടികുത്തിവാണിരുന്ന പശ്ചിമബംഗാളിലെയും ത്രിപുരയിലെയും ചുവപ്പുകോട്ടകൾ തകർന്നുവീണശേഷം കേരളത്തിൽ മാത്രമാണ് അധികാരത്തിലെത്താൻ സി പി എമ്മിന് കഴിഞ്ഞത്. 1977-മുതൽ 2011 വരെ 34 വര്ഷം തുടർച്ചയായി പശ്ചിമബംഗാളിൽ അധികാരത്തിലിരുന്ന പാർട്ടി, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ സംബന്ധിച്ച്, ഇന്ന് അക്ഷരാർത്ഥത്തിൽത്തന്നെ അവിടെ നാമാവശേഷമായിരുക്കുന്നു. ത്രിപുരയിൽ 1978-88 കാലത്തും 1993-2018 കാലത്തും ഭരണം നടത്തിയ പാർട്ടിക്ക് ഇന്ന്

**പശ്ചിമബംഗാളിൽ സിപി എമ്മിന്റെ പതനത്തിന്റെ മുഖ്യകാരണങ്ങളിൽ ഒന്നായി ദീർഘകാലം ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യ ഒരിക്കൽ ചൂണ്ടിക്കാണിച്ചത് പാർട്ടി നേതാക്കൾ പ്രകടിപ്പിക്കുന്ന ഔദ്ധത്യമാണ്. നേതാക്കൾ വീണ്ടുവിചാരമില്ലാത്ത എന്തും വിളിച്ചുപറയുക എന്ന ഇന്നത്തെ സ്ഥിതിവിശേഷം ഇതിന്റെ ഫലമാകുന്നു. ഇന്ന് കേരളത്തിൽ സി പി എമ്മിൽ കാണുന്നത് ആ പ്രവണതയാണ്.**



അവിടെ ഒരു തിരിച്ചുവരവ് സ്വപ്നം കാണാൻകൂടിയാവില്ല. എന്നാൽ കേരളത്തിൽ 1957 -ൽ (ലോകത്തിൽ ആദ്യമായി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് സർക്കാർ എന്ന ഖ്യാതിയോടെ) അധികാരത്തിലേറിയ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പിന്നീട് സി പി എമ്മും സി പി ഐയുമായി വിഘടിച്ചു. ഇടക്കാലത്ത് സി പി ഐ കോൺഗ്രസ്സിനൊപ്പം അധികാരം പങ്കിടുകയും മുഖ്യമന്ത്രി സ്ഥാനം വരെ കൈയാളുകയും ചെയ്തു. എന്നാൽ സി പിഎം കോൺഗ്രസ് വിരോധം മുഖ്യ അജണ്ടയാക്കി സി പി ഐ യെയും മറ്റു ചെറുപാർകക്ഷികളെയുംകൂടി വരുതിയിലാക്കി ഇടതുപക്ഷ ജനാധ്യപത്യമുന്നണി രൂപീകരിച്ച് ഇടവിട്ട് അധികാരത്തിലേറുകയും കഴിഞ്ഞ പത്ത് വര്ഷമായി തുടർച്ചയായ ഭരണം നിലനിർത്തുകയും ചെയ്തു.

വീണ്ടും ഒരു നിയമസഭാതെരഞ്ഞെടുപ്പ് അടുത്തെത്തിയ ഈ സന്ദർഭത്തിൽ സിപിഎമ്മിന്റെയും ഇടത് മുന്നണിയുടെയും ആഗ്രഹവും പരിശ്രമവും ഒരു  തുടർഭരണത്തിനാണ്. എന്നാൽ സി പി എമ്മിനുള്ളിലെ പ്രശ്നങ്ങളും കേരളരാഷ്ട്രീയത്തിലെ മാറ്റങ്ങളും ആ ആഗ്രഹസാഫല്യം അസാധ്യമോ ദുഷ്കരമോ ആക്കുന്നു.

എന്താണ് സിപിഎമ്മിലെ പ്രതിസന്ധി? ഒന്നാമതായി നേതാക്കളുടെ ഔദ്ധത്യം. പശ്ചിമബംഗാളിൽ സിപി എമ്മിന്റെ പതനത്തിന്റെ മുഖ്യകാരണങ്ങളിൽ ഒന്നായി ദീർഘകാലം ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യ ഒരിക്കൽ ചൂണ്ടിക്കാണിച്ചത് പാർട്ടി നേതാക്കൾ പ്രകടിപ്പിക്കുന്ന ഔദ്ധത്യമാണ്. നേതാക്കൾ വീണ്ടുവിചാരമില്ലാത്ത എന്തും വിളിച്ചുപറയുക എന്ന ഇന്നത്തെ സ്ഥിതിവിശേഷം ഇതിന്റെ ഫലമാകുന്നു. ഇന്ന് കേരളത്തിൽ സി പി എമ്മിൽ കാണുന്നത് ആ പ്രവണതയാണ്. അടുത്തകാലത്ത് പാർട്ടിയുടെ ഉന്നത നേതാക്കളിൽ ഒരാളായ എ കെ ബാലൻ നടത്തിയ പ്രസ്താവന നോക്കുക. യു ഡി എഫ് അധികാരത്തിൽവന്നാൽ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുക ജമാ  അത്തെ ഇസ്‌ലാമിയാണ് എന്ന പരാമർശം ഏറെ വിവാദങ്ങൾക്ക് വഴിയൊരുക്കി. വർഗീയ ധ്രുവീകരണത്തിന്  ആക്കംകൂട്ടുന്ന തരത്തിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാനിൽനിന്ന് ഉണ്ടായ പ്രസ്താവനയും ഇവിടെ ഓർക്കാം. കാസർകോട് മുന്സിപ്പാലിറ്റിയിലേക്കും മലപ്പുറം ജില്ലാപഞ്ചായത്തിലേക്കും തെരഞ്ഞെടുക്കപ്പെട്ടത് ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടവരാണെന്ന അർത്ഥം വരുന്ന ആ പ്രസ്താവനയും വലിയ കോളിളക്കമുണ്ടാക്കി. ഒരു തെരഞ്ഞെടുപ്പ് കാലത്ത് നടത്തുന്ന ഇത്തരം പ്രസ്താവനകൾ പാർട്ടിക്ക് ലഭിക്കേണ്ട ന്യൂനപക്ഷ  വോട്ടുകളെ  ബാധിക്കു



മെന്ന് പറയേണ്ടതില്ലല്ലോ. സി പി എമ്മിന്റെ ന്യൂനപക്ഷ വിരുദ്ധ നിലപാടിന്റെ ലക്ഷണമായാണ് കോൺഗ്രസ് അടക്കമുള്ള യു ഡി എഫ് നേതാക്കൾ ഇതിനെ വ്യാഖ്യാനിക്കുന്ന

**അടുത്തകാലത്ത് പാർട്ടിയുടെ ഉന്നത നേതാക്കളിൽ ഒരാളായ എ കെ ബാലൻ നടത്തിയ പ്രസ്താവന നോക്കുക. യു ഡി എഫ് അധികാരത്തിൽവന്നാൽ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുക ജമാ  അത്തെ ഇസ്‌ലാമിയാണ് എന്ന പരാമർശം. വർഗീയ ധ്രുവീകരണത്തിന് ആക്കം കൂട്ടുന്ന  തരത്തിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാനിൽനിന്ന് ഉണ്ടായ പ്രസ്താവനയും ഇവിടെ ഓർക്കാം. കാസർകോട് മുന്സിപ്പാലിറ്റിയിലേക്കും മലപ്പുറം ജില്ലാപഞ്ചായത്തിലേക്കും തെരഞ്ഞെടുക്കപ്പെട്ടത് ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടവരാണെന്ന അർത്ഥം വരുന്ന ആ പ്രസ്താവന.**

ത്. സിപിഎമ്മിലെ അറിയപ്പെടുന്ന നേതാക്കളും ബുദ്ധിജീവികളും പാർട്ടിവിട്ടുപോകുന്നത് ഇപ്പോൾ ഒരു പതിവ് വാർത്തയായിരുന്നു.

പാർട്ടിവിട്ടുപോകുന്നവർ കോൺഗ്രസ്സിലേക്കും ബിജെ പിയിലേക്കും മറ്റു ചെറുകക്ഷികളിലേക്ക്പോലും കയറിച്ചെല്ലുന്നു. അടുത്തതവണ



പാർട്ടി അധികാരത്തിൽ വരാൻ ഇടയില്ല എന്ന തോന്നൽ ഈ കൂറുമാറ്റങ്ങളെ കൂടുതൽ സാംക്രമികമാക്കുന്നു.

ബംഗാളിൽ പാർട്ടിയുടെ പതനത്തിൽ  ആക്കംകൂട്ടിയ സംഗതികളിൽ  ഒന്ന് വ്യാപകമായ അഴിമതിയായിരുന്നു. കേരളത്തിലും ഇപ്പോൾ അതാണ് അവസ്ഥ. സർക്കാരിനെതിരായ അഴിമതി  ആരോപണങ്ങളെ പ്രതിരോധിക്കാൻ സാധാരണ പാർട്ടിക്ക് എളുപ്പമാണ്. പ്രത്യാരോപണങ്ങൾ ഉന്നയിക്കുകയോ ആരോപണങ്ങൾ നിഷേധിക്കുകയോ ചെയ്താൽ മതി. എന്നാൽ ശബരിമല സ്വർണക്കൊള്ളക്കേസിൽ അറസ്റ്റിലായി ജയിലിൽകിടക്കുന്നത് (പാർട്ടി അധികാരത്തിൽ ഇരിക്കുമ്പോൾ! ) പാർട്ടി നേതാക്കളാകുമ്പോൾ എങ്ങനെ പ്രതിരോധിക്കും? പാർട്ടിക്കോ സർക്കാരിനോ ഇടപെടാനോ മായ്ച്ചുകളയാനോ കഴിയാത്തവിധം കോടതിയുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടക്കുന്നത്. അറസ്റ്റിലായവരെ ന്യായീകരിക്കുന്നില്ലെങ്കിലും അവരെ തള്ളിപ്പറയാനോ അവർക്കെതിരെ പാർട്ടി നടപടി സ്വീകരിക്കാനോ കഴിയുന്നില്ല.  തെരഞ്ഞെടുപ്പ് വേളയിൽ ഈ അന്വേഷണം എവിടെയെല്ലാം ചെന്നെത്തുന്നു എന്നത് പാർട്ടിക്ക് നിർണായകമാണ്.

ഇനി പാർട്ടിക്കുള്ളിലെ അഴിമതിയാണെങ്കിലോ? ആ അഴിമതി ആരോപണം ഉന്നയിക്കുന്നത് ദീർഘകാലം പാർട്ടിയിൽ പ്രവർ

ത്തിച്ചുവരുന്നവരും ഭാരവാഹികളായിരുന്നവരും ആണെങ്കിലോ? പയ്യന്നൂരിലെയും തിരുവനന്തപുരത്തെയും പാർട്ടിഫണ്ട് വെട്ടിപ്പുകൾ സംബന്ധിച്ച ആരോപണങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ പാർട്ടിക്ക് കഴിയുന്നില്ല. ഈ ആരോപണങ്ങളെല്ലാം പാർട്ടി അന്വേഷണകമ്മീഷൻ പരിശോധിക്കുകയും കുറ്റാരോപിതരെ ആരോപണവിമുക്തരാക്കുകയുമാണ് ചെയ്യുന്നത്. ആരോപണമുന്നയിച്ചവരെ പാർട്ടിയിൽനിന്ന് പുറത്താക്കുന്ന നടപടികളിലൂടെ ആരോപണങ്ങൾ മായ്ച്ചുകളയാൻ സി പി എമ്മിന് സാധിക്കുന്നില്ല.

തെരഞ്ഞെടുപ്പ് അടുത്താൽ ചില ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുകയും സർക്കാർ ജീവനക്കാർക്ക് ചില ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക എന്നത് ഭരണത്തിലിരിക്കുന്ന കക്ഷികളുടെ ഒരു പതിവ് രീതിയാണ്. എന്നാൽ അത്തരം നടപടികൾകൊണ്ടുമാത്രം വോട്ടുനേടാനാവില്ലെന്ന് (പുതിയബജറ്റിലും ഇത്തരം പ്രഖ്യാപനങ്ങൾ ധാരാളം ) സമീപകാലത്തെ തദ്ദേശ തെരഞ്ഞ്ഞെടുപ്പ് വ്യക്തമാക്കുന്നു. എതിരാളികൾക്കുനേരെയുള്ള ലൈംഗികാതിക്രമാരോപണങ്ങളും പണ്ടത്തെപ്പോലെ ഏശുന്നില്ല. ഇടത് മുന്നണിക്ക് മുതലെടുക്കാവുന്ന വിധം യു ഡി എഫിൽ ഘടകകക്ഷികൾക്ക് അസംതൃപ്തിയോ കോൺഗ്രസ്സിൽ ഗ്രൂപ്പുകൾതമ്മിൽ വടംവലിയോ ഇപ്പോൾ പ്രകടമല്ല. കേരളത്തിൽ ബി ജെ പി സ്വാധീനശക്തി വർദ്ധിപ്പിക്കുന്നത് യു ഡി എഫിനെയും എൽ ഡി എഫിനെയും ഒരുപോലെ പ്രതികൂലമായി ബാധിക്കുമെങ്കിലും ഇപ്പോഴത് കൂടുതൽ ഭീഷണിയാകുന്നത് ഇടതുമുന്നണിക്കാണ്. നിയമസഭയിൽ അക്കൗണ്ട് തുറക്കാൻ കഴിയാത്ത ഒരു നിസ്വനായിരുന്നു ബിജെപി ഏറെക്കാലം. ഒ. രാജഗോപാലിനു ശേഷം മറ്റൊരാളെ നിയമസഭാതെരഞ്ഞെടുപ്പിൽ വിജയിപ്പിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ കഴിഞ്ഞ ലോകസഭാതെരഞ്ഞെടുപ്പിൽ തൃശൂരിൽനിന്നും സുരേഷ്ഗോപിയെ വിജയിപ്പിക്കാൻ കഴിഞ്ഞതിന്റെയും തദ്ദേശ തെരഞ്ഞെടുപ്പിലെ മോശമല്ലാത്ത പ്രകടനത്തിന്റെയും ആവേശത്തിലാണ് ബി ജെ പി നിയമസഭാതെരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങുന്നത്. തിരുവനന്തപുരം കോർപറേഷൻ ഭരണം കയ്യടക്കാനായത് അവരുടെ ആത്മവിശ്വാസം ഏറെ വർദ്ധിപ്പിച്ചിട്ടുമുണ്ട്. അവരുടെ താരപ്രചാരകനായി പ്രധാനമന്ത്രി മോദി രംഗത്തുണ്ടാകുമെന്നതും അവരുടെ പ്രതീക്ഷകൾക്ക് കരുത്തേകുന്നു.

**ബംഗാളിൽ പാർട്ടിയുടെ പതനത്തിൽ ആക്കംകൂട്ടിയ സംഗതികളിൽ ഒന്ന് വ്യാപകമായ അഴിമതിയായിരുന്നു. കേരളത്തിലും ഇപ്പോൾ അതാണ് അവസ്ഥ. സർക്കാരിനെതിരായ അഴിമതി ആരോപണങ്ങളെ പ്രതിരോധിക്കാൻ സാധാരണ പാർട്ടിക്ക് എളുപ്പമാണ്. പ്രത്യാരോപണങ്ങൾ ഉന്നയിക്കുകയോ ആരോപണങ്ങൾ നിഷേധിക്കുകയോ ചെയ്താൽ മതി. എന്നാൽ ശബരിമല സ്വർണക്കൊള്ള ക്കേസിൽ അറസ്റ്റിലായി ജയിലിൽകിടക്കുന്നത് (പാർട്ടി അധികാരത്തിൽ ഇരിക്കുമ്പോൾ! ) പാർട്ടി നേതാക്കളാകുമ്പോൾ എങ്ങനെ പ്രതിരോധിക്കും?**



കേരളരാഷ്ട്രീയത്തിൽ ശക്തമായ വെല്ലുവിളികൾ ഉയർത്താൻ കഴിയുന്ന ഒരു യാഥാർത്ഥ്യമായി ബി ജെ പിയെ യുഡിഎഫിനും എൽ ഡി എഫിനും ഇപ്പോൾ അംഗീകരിക്കാതെയും കൈകാര്യം ചെയ്യാതെയും വയ്യ. ബി ജെ പിയുടെ ഇപ്പോഴത്തെ പ്രശനം പയറ്റിത്തെളിഞ്ഞ, ജനപിന്തുണയുള്ള അധികം നേതാക്കളെ തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കാൻ കഴുന്നില്ല എന്നതാണ് . കൂറുമാറ്റത്തിലൂടെ പാർട്ടിയിലേക്ക് വരുന്ന നേതാക്കളെക്കൊണ്ട് ഈ പ്രശനം പരിഹരിക്കാനാവില്ല. ഇതുമനസ്സിലാക്കി ശക്തമായ ഒരു യുവനേതൃനിരയെ ഒരുക്കാൻ അവർ ശ്രമിക്കുന്നുണ്ട്. ഭൂരിപക്ഷ മതവിഭാഗത്തിലെ സമുദായസംഘടനകളെ വരുതിയിലാക്കാൻ നടത്തുന്ന ശ്രമങ്ങൾ വിജയിക്കാതെ പോകുന്നതും ബി ജെ പിയുടെ ഗതിവേഗം കുറയ്ക്കുന്നു. എന്തായാലും ഇപ്പോൾ അവർ ഗണ്യമായ വിജയസാധ്യത അടയാളപ്പെടുത്തിയിട്ടുള്ള സീറ്റുകളിൽ ചിലതെങ്കിലും പിടിച്ചെടുക്കാനായാൽ അതിന്റെ നഷ്ടം അധികവും സിപിഎമ്മിനും എൽ ഡി എഫിനും ആയിരിക്കും.

മുഖ്യമന്ത്രി പിണറായി വിജയന്റെ കിടയറ്റ നേതൃത്വത്തിൽ കീഴിലാണ് സിപിഎമ്മും ഇടത് മുന്നണിയും തെരഞ്ഞെടുപ്പ് ഗോദയിലിറങ്ങുന്നത്. കേരളത്തിൽ കോൺഗ്രസ്സിലോ ബി ജെ പിയിലോ അങ്ങനെ ഒരു നേതാവില്ല. എന്നാൽ പാർട്ടിയും മുന്നണിയും നിരന്തരമായ ആരോപണങ്ങള്കൊണ്ട് പ്രതിരോധത്തിലായ ഇന്നത്തെ സാഹചര്യത്തിൽ പിണറായിയുടെ പടവാൾകൊണ്ടുമാത്രം വിജയം വെട്ടിപ്പിടിക്കാനാവില്ല. പരാജയം തിരിച്ചുവരാനാകാത്തവിധം സിപിഎമ്മിനെ തകർക്കും. കോൺഗ്രസ് മുന്നണി വിജയിച്ചാൽ പിന്നീട് അവരും ബിജെ പിയും തമ്മിലുള്ള പോർവിളികളാകും കേരളത്തിൽ മുഴങ്ങുക.

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee


**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

ചെറുകഥ



സോയ നായർ
ഫിലാഡൽഫിയ



# പ്രേമനേരം

February -14. നീലക്കണ്ണുള്ള എന്റെ രാജകുമാരനെ കുറെ നാളുകൾക്ക് ശേഷം ഇന്ന് കാണാൻ പോകുന്നു. വെളിനാട്ടിൽ പോയി പഠിച്ചിട്ട് ഇന്നവൻ എന്നെ കാണാൻ വരുന്നുവെന്ന് വാട്സാപ്പിൽ മെസ്സേജ് കിട്ടിയപ്പോൾ അത്രയും നാളത്തെ കാത്തിരിപ്പിന്റെ ആവേശത്തിൽ ഞാൻ തുള്ളിച്ചാടി. പെട്ടെന്ന് തന്നെ കുളിച്ചൊരുങ്ങി അവൻ കഴിഞ്ഞ പിറന്നാളിനു വാങ്ങിത്തന്ന അവനു ഏറ്റവും ഇഷ്ടമുള്ള പിങ്ക് കളർ സാരി തെരയുമ്പോൾ ആണു സാരിക്കൂട്ടത്തിൽ ആ ചുവന്ന സാരിയും അതിന്റെ ചേലത്തുമ്പിൽ പിണഞ്ഞ് കിടക്കുന്ന നൂലിഴകൾക്കുള്ളിൽ കുരുങ്ങിക്കിടക്കുന്ന നീലക്കളറിലെ തുണിയും കണ്ടത്. അത് കണ്ടപ്പോൾ എനിക്ക് നാണം വന്നു.. ആ ഓർമ്മകളിലേക്ക്  അതെന്നെയും കൊണ്ട് യാത്ര പോയി. അന്നാദ്യമായി അവനെന്നെ സ്പർശിച്ച ദിവസം ..

ലണ്ടനിലേക്ക് പഠിക്കാൻ പോകുന്നതിനു മുൻപായി തന്നെ

**ഓട്ടോയും പിടിച്ച് ആ പെയ്ത മഴയും നനഞ്ഞൊട്ടിയ ശരീരവുമായി അവന്റെ ഫ്ലാറ്റിലേക്ക് കയറിച്ചെന്നപ്പോൾ അവൻ ഒന്ന് ചിരിച്ചു. കള്ളത്തരം ഒളിപ്പിച്ച ഒരു കുസൃതിച്ചിരിയ്ക്കൊപ്പം 'സാരിയാകെ നനച്ച് നീ ഇവിടേക്ക് വന്നത് മനപ്പൂർവ്വം അല്ലേ'എന്നൊരു ഡയലോഗും. ശോ! പോടാ എന്ന് നാണത്തിൽ പറഞ്ഞിട്ട് അവന്റൊപ്പം ഞാനും ചിരിച്ച് അകത്തേക്ക് നടന്നു..**

കാണണമെന്നും കഴിഞ്ഞ പിറന്നാളിനു അവൻ തന്ന സാരിയുടുത്ത് അവന്റെ ഫ്ലാറ്റിലേക്ക് ചെല്ലണമെന്നും നിർബന്ധം പറഞ്ഞത് കൊണ്ടാണു കഴിഞ്ഞ തവണ അവന്റെ അരികിലേക്ക് പോയത്. ഞങ്ങൾ പതിവു പോലെ സൊറ പറഞ്ഞിരിക്കാറുള്ള 'ലവ് കഫെ' യിൽ കയറി അവനു കൊടുക്കാനുള്ള കേക്കും വാങ്ങി ഇറങ്ങി പാതിവഴിയിൽ എത്തിയപ്പോളാണു അത് വരെ ചിരിച്ചു നിന്നിരുന്ന വെയിൽ മാറി അപ്രതീക്ഷിതമായി മഴ പെയ്തത്. ഓട്ടോയും പിടിച്ച് ആ പെയ്ത മഴയും നനഞ്ഞൊട്ടിയ ശരീരവുമായി അവന്റെ ഫ്ലാറ്റിലേക്ക് കയറിച്ചെന്നപ്പോൾ അവൻ ഒന്ന് ചിരിച്ചു. കള്ളത്തരം ഒളിപ്പിച്ച ഒരു കുസൃതിച്ചിരിയ്ക്കൊപ്പം 'സാരിയാകെ നനച്ച് നീ ഇവിടേക്ക് വന്നത് മനപ്പൂർവ്വം അല്ലേ'എന്നൊരു ഡയലോഗും. ശോ! പോടാ എന്ന് നാണത്തിൽ പറഞ്ഞിട്ട് അവന്റൊപ്പം ഞാനും ചിരിച്ച് അകത്തേക്ക് നടന്നു..

വാർഡ്രോബിൽ നിന്ന് അവന്റെ ഒരു റ്റീഷർട്ടും ഷോർറ്റ്സും എടുത്ത് 'നനഞ്ഞ തുണിയൊക്കെ മാറി വരുമ്പോഴേക്കും കാപ്പിയെടുക്കടാ' എന്ന് പറഞ്ഞ് കുളിമുറിയ്ക്കുള്ളിലേക്ക് കയറി സാരി ചുറ്റിപ്പിടിച്ച് പിഴിഞ്ഞു കൊണ്ട് നിൽക്കുമ്പോഴാണു പിന്നിൽ നിന്നും ചൂടാർന്ന കരമെന്റെ അരക്കെട്ടിലൂടെ വയറു ചേർത്ത് ഇറുകിപ്പുണർന്നത്.

പെട്ടെന്ന് ഒരു തരിപ്പും മിന്നൽപ്പിണർ പോലെ ഒരു സ്ഫുരണവും എന്റെ ഉള്ളിലൂടെ പോയി. എന്റെ ചെവിക്കരികിലായി വന്ന് " Happy Birthday" എന്ന് പറഞ്ഞപ്പോൾ അവന്റെ ശ്വാസം തട്ടിയെന്റെ രോമകൂപങ്ങൾ ഒന്നാകെ രോമാഞ്ചഭരിതമായി. അവന്റെ ചുണ്ടുകളുടെ ഉരസലിൽ മുതുകിലാകെ പൂക്കൾ വിരിഞ്ഞു.

എന്നെ ചേർത്ത് പിടിച്ച് നേർക്കു നേരെ നിർത്തി അവനെന്റെ

**നിമിഷങ്ങൾക്കുള്ളിൽ കാമം ആവാഹിച്ച ഞങ്ങളുടെ പ്രണയത്തിന്റെ വലിച്ചെറിയപ്പെട്ട മുഖംമൂടികൾക്കൊപ്പം ഞങ്ങളുടെ വസ്ത്രങ്ങളും ഞങ്ങളും സ്വതന്ത്ര്യരായി. സ്വർഗ്ഗതുല്യമായ ഏദന്തോട്ടത്തിലെ വനസ്ഥലികളിൽ മധു തേടി അലയുന്ന വണ്ടിനെ നപോലെ, വേഗതയാർന്ന പടകുതിരയെപ്പോലെ അവനെന്നിൽ പ്രണയത്തിന്റെ വസന്തങ്ങൾ വിരിയിച്ചു. ആ വസന്തങ്ങളിൽ ഇഴുകിപ്പിണഞ്ഞ്, നിമ്നോന്നതങ്ങളുടെ ഉയർപ്പും അവന്റെ കിതപ്പും ഞങ്ങളുടെ വിയർപ്പും കൊണ്ട് ആകാശച്ചെരുവിലെ സ്വർഗരാജ്യത്തിലേക്ക് ഇണക്കുരുവികളായ് അന്നാദ്യമായി ഞങ്ങൾ പറന്നിറങ്ങി.**

കണ്ണുകളിലേക്ക് നോക്കി പ്രണയാതുരമായ് 'നീ സുന്ദരിയാ' എന്നും പറഞ്ഞു എന്റെ മൂക്കുത്തിക്കല്ലുകളെ ഉരസി മൂക്കിൻ തുമ്പിൽ ചെറുതായി ഒന്നു കടിച്ചു. ആ ചെറുനോവിൽ കുതറിയ ഞാൻ അവനെ അള്ളിപ്പിടിച്ചു.

അവന്റെ ചെമന്ന കീഴ്ചുണ്ടുകളെ എന്റെ ചുണ്ടുകളാൽ കീഴ്പ്പെടുത്തി അവനും ഞാനും ഉമിനീരുകളുടെ താഴ്‌വരകളിൽ പരസ്പരം ഉന്മാദനൃത്തം ചവിട്ടി. അധരങ്ങളുടെ ആ പ്രണയവേട്ടയ്ക്കിടയിലൂടെ അവനെന്നെ തഴുകിക്കൊണ്ടേയിരുന്നു, അവന്റെ മുടിയിഴകളെ ഞാനും.

രോമാവൃതമായ അവന്റെ മാറിൽ നഖമുനകളാൽ ഞാൻ ചിത്രങ്ങൾ വരച്ചു. മുടിയിഴ കോതി അവനെന്നെ ചേർത്തണച്ചപ്പോൾ അവന്റെ ശരീരത്തിന്റെ മദിപ്പിക്കുന്ന ഗന്ധം എന്നിലെ രതിമോഹങ്ങളെ ഉണർത്തി.

നിമിഷങ്ങൾക്കുള്ളിൽ കാമം ആവാഹിച്ച ഞങ്ങളുടെ പ്രണയത്തിന്റെ വലിച്ചെറിയപ്പെട്ട മുഖംമൂടികൾക്കൊപ്പം ഞങ്ങളുടെ വസ്ത്രങ്ങളും ഞങ്ങളും സ്വതന്ത്ര്യരായി. സ്വർഗ്ഗതുല്യമായ ഏദന്തോട്ടത്തിലെ വനസ്ഥലികളിൽ മധു തേടി അലയുന്ന വണ്ടിനെ പോലെ, വേഗതയാർന്ന പടകുതിരയെപ്പോലെ അവനെന്നിൽ പ്രണയത്തിന്റെ വസന്തങ്ങൾ വിരിയിച്ചു.


ആ വസന്തങ്ങളിൽ ഇഴുകിപ്പിണഞ്ഞ്, നിമ്നോന്നതങ്ങളുടെ ഉയർപ്പും അവന്റെ കിതപ്പും ഞങ്ങളുടെ വിയർപ്പും കൊണ്ട് ആകാശച്ചെരുവിലെ സ്വർഗരാജ്യത്തിലേക്ക് ഇണക്കുരുവികളായ് അന്നാദ്യമായി ഞങ്ങൾ പറന്നിറങ്ങി. അത് വരെ നിശബ്ദമായിരുന്ന ആ മുറി പ്രണയമർമ്മരങ്ങളാൽ വാചാലമായി.

ഒന്നാകലുകൾക്കൊടുവിൽ പെയ്ത പ്രണയത്തിന്റെ ചാറ്റൽമഴ നനഞ്ഞ് പെയ്തൊഴിഞ്ഞ മഴമേഘങ്ങളെ പുൽകി ആ ബാത്രൂമിന്റെ ഷവറിനു കീഴേ ശരീരത്തിലേക്ക് അരിച്ചിറങ്ങുന്ന വെള്ളത്തിലും അവനൊപ്പം നിൽക്കുമ്പോൾ അത് വരെ അറിയാത്തൊരു പ്രേമാനുഭൂതി അറിഞ്ഞ കോരിത്തരിപ്പിലായിരുന്നു ഞാൻ.

ആ പ്രേമനേരത്തിന്റെ നിറവിൽ പിറന്നാളും ആഘോഷിച്ച് അന്ന് അവിടെ നിന്നും യാത്ര ചൊല്ലി ഇറങ്ങുമ്പോൾ ആണു ആ കട്ടിലിന്റെ അരികിൽ ഉടക്കി പിണഞ്ഞ സാരിയുടെ നൂലിഴയിൽ കയറിപ്പറ്റിയ അവന്റെ ആ നീലഷർട്ടിന്റെ കഷണം ഞാൻ കണ്ടത്.

സ്പർശനത്തിന്റെ ഗന്ധമുള്ള, അനുഭൂതിയുടെ മാസ്മരികത നിറഞ്ഞ ആ ദിവസത്തെ ഓർമ്മിപ്പിക്കുന്ന നീലക്കഷണം അതായിരുന്നു എന്റെ നീലക്കണ്ണുള്ള രാജകുമാരന്റെ പിറന്നാൾസമ്മാനം. ഇന്ന് വീണ്ടും അവനെ കാണാൻ പോകുമ്പോഴും എനിക്ക് നൽകിയ ജീവരസത്തിന്റെ ശേഷിപ്പ് അടങ്ങിയ ആ സാരി എന്നെ നോക്കി നാണത്തോടെ പറയുന്നുണ്ടായിരുന്നു Happy പ്രേമനേരം..


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.






**തെരഞ്ഞെടുപ്പ് അടുത്തതോടെ പരമാവധി വോട്ടു നേടാൻ അതിശയിപ്പിക്കുന്ന സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുകയാണ് സർക്കാരും രാഷ്ട്രീയ പാർട്ടികളും**

# സൗജന്യ വാഗ്ദാനപ്പെരുമഴ

കെ എം തോമസ്

കഴിഞ്ഞ ബീഹാർ തെരഞ്ഞെടുപ്പിൽ നിതിഷ് കുമാർ സർക്കാരിന് റെക്കോർഡ് തവണ അധികാരത്തിൽ തുടരാനായത് തെരഞ്ഞെടുപ്പു കാലത്ത് സംഖ്യ കക്ഷിയായ ബി ജെ പി യുടെ സർക്കാർ  ഒരു കുടുംബത്തിലെ ഒരു സ്ത്രീക്ക് ഒരു കേന്ദ്ര പദ്ധതിയുടെ കീഴിൽ നൽകിയ പതിനായിരം രൂപ വീതമുള്ള സൗജന്യ സഹായമാണ് .ഇതിനായി കേന്ദ്രം 14000 കോടി രൂപയാണ് ചെലവഴിച്ചത് .മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി പതിനായിരം രൂപയ്ക്കു വലിയ വിലയുള്ള സംസ്ഥാനത്തു ഇത് തെരഞ്ഞെടുപ്പിനെ ഭരണപക്ഷത്തിന് അനുകൂലമായി സ്വാധീനിച്ചു .ഇതിനെതിരെയുള്ള പരാതികൾ തെരഞ്ഞെടുപ്പു കമ്മീഷൻ തള്ളിക്കളയുകായിരുന്നു .സമാനമായ സാഹചര്യങ്ങളിൽ തമിഴ് നാട്ടിൽ ഇത്തരമൊരു സൗജന്യ വിതരണം അനുവദിച്ചിരുന്നില്ല.പക്ഷെ കുപ്രസിദ്ധമായ വോട്ടിനു കാശ് എന്ന കോഴക്ക് തുടക്കമിട്ട തമിഴകത്തെ രാഷ്ട്രീയക്കാരെ അതൊന്നും ബാധിക്കില്ല .ഇപ്പോൾ തെരഞ്ഞെടുപ്പ്  സമയത്ത് ആളൊന്നിനു ഒരു വോട്ടിനു കണക്കു പറഞ്ഞു വോട്ടർമാർ തന്നെ പണം വാങ്ങും .

**പരോക്ഷമായി നടത്തുന്ന കോഴ ഇടപാടിൽ നിന്നു വ്യത്യസ്തമായി വോട്ടർമാരെ മോഹിപ്പിക്കുന്ന വാഗ്ദാനങ്ങൾ ചോരിയുന്നതിൽ മൽസരിക്കുകയാണ് രാഷ്ട്രീയ കക്ഷികൾ . ഇതിൽ തമിഴ് നാടാണ് മുന്നിൽ . അമ്മിക്കല്ലും അരകല്ലും മുതൽ ലാപ്‌റ്റോപ്പും ടിവിയും വരെ സൗജന്യമായി വിതരണം ചെയ്ത ചരിത്രം തമിഴ് നാട് സർക്കാരിനുണ്ട് .**

എല്ലാവരുടെയും കണ്ണ് വെട്ടിച്ചു പണം വോട്ടർമാരിൽ എത്തിക്കാൻ ഇപ്പോൾ രാഷ്ട്രീയ കക്ഷികൾ പല മാർഗങ്ങളും കണ്ടു വെച്ചിരിക്കുന്നു .കേരളത്തിൽ അത് എത്തിയിട്ടില്ല എങ്കിലും ചില പോക്കറ്റുകളിൽ അതിനുള്ള സാധ്യത നിലനിൽക്കുന്നു . പ്രത്യേകിച്ചും ഭരണകക്ഷിക്ക് ഇത് വളരെ എളുപ്പം നടത്താവുന്ന ഒരു തെരഞ്ഞെടുപ് തന്ത്രമാണ് എന്നാ നിലക്ക് ഇതിന്റെ പ്രത്യാഘാതം വലുതായിരിക്കും.

പരോക്ഷമായി നടത്തുന്ന ഈ കോഴ ഇടപാടിൽ നിന്നു വ്യത്യസ്തമായി വോട്ടർമാരെ മോഹിപ്പിക്കുന്ന വാഗ്ദാനങ്ങൾ ചോരിയുന്നതിൽ മൽസരിക്കുകയാണ് രാഷ്ട്രീയ കക്ഷികൾ .ഇതിൽ തമിഴ് നാടാണ് മുന്നിൽ .അമ്മിക്കല്ലും അരകല്ലും മുതൽ ലാപ്‌റ്റോപ്പും ടിവിയും വരെ സൗജന്യമായി വിതരണം ചെയ്ത ചരിത്രം തമിഴ് നാട് സർക്കാരിനുണ്ട് .പൊങ്കലിന് സൗജന്യമായി സാരിയും ഭക്ഷ്യ വസ്തുക്കളും ആയിരം രൂപയും നൽകിയിരുന്ന സർക്കാർ ഇത്തവണ അത് രണ്ടായിരമാക്കി ഉയർത്തി .ഇതിനു പുറമെയാണ് മറ്റു സൗജന്യ വാഗ്ദാനങ്ങൾ .

തങ്ങളുടെ സർക്കാർ അധികാരത്തിൽ എത്തിയാൽ സ്ത്രീകൾക്ക് പ്രതിമാസം ആയിരം രൂപ നൽകുമെന്നാണ് എ ഐ എ ഡി എം കെ യുടെ വാഗ്ദാനം .

സർക്കാർ ബസിലെ യാത്ര പുരുഷന്മാർക്കും സൌജന്യമാക്കുമെന്നും പാർട്ടി പറയുന്നുണ്ട് .ഒരു കാലത്ത് കർഷകരുടെ പരിമിതമായ വായ്പ്പ എഴുതി ത്തള്ളാൻ പലവട്ടം ആലോച്ചിച്ച സർക്കാരാണ് ഇങ്ങനെയൊക്കെ ചെയ്യുന്നതെന്നു അതിശയമായി തോന്നും .

പ്രയോജനകരമല്ലാത്തതും സ്ഥിരമായി നിലനിർത്താൻ ബുദ്ധിമുട്ടുള്ളതുമായ ഇത്തരം

**പ്രയോജനകരമല്ലാത്തതും സ്ഥിരമായി നിലനിർത്താൻ ബുദ്ധിമുട്ടുള്ളതുമായ ഇത്തരം വാഗ്ദാനങ്ങൾ ഇപ്പോൾസുപ്രീം കോടതിയുടെ പരിഗണനയിലാണ്. അതിനെതിരെയുള്ള ഹർജി പരിഗണിക്കുമ്പോൾ 1.4 ലക്ഷം കോടിയായിരുന്നു ഇതിനു വന്ന തുകയെങ്കിൽ ഇപ്പോൾ അത് 2.4 ലക്ഷം കോടിയായി ഉയർന്നിരിക്കുന്നു .ദീർഘ കാല നേട്ടങ്ങൾ തരുന്നതും സമൂഹത്തിനു പൊതുവേ ഗുണകരവുമായ കാര്യങ്ങളിൽ മാത്രമേ സർക്കാർ പണം മുടാക്കാവൂ എന്ന് സുപ്രീം കോടതി വാക്കാൽ നിരീക്ഷിച്ചിട്ടുണ്ട് .**



വാഗ്ദാനങ്ങൾ ഇപ്പോ ൾസുപ്രീം കോടതിയുടെ പരിഗണനയിലാണ്.അതിനെതിരെയുള്ള ഹർജി പരിഗണിക്കുമ്പോൾ 1.4 ലക്ഷം കോടിയായിരുന്നു ഇതിനു വന്ന തുകയെങ്കിൽ ഇപ്പോൾ അത് 2.4 ലക്ഷം കോടിയായി ഉയർന്നിരിക്കുന്നു .ദീർഘ കാല നേട്ടങ്ങൾ തരുന്നതും സമൂഹത്തിനു പൊതുവേ ഗുണകരവുമായ കാര്യങ്ങളിൽ മാത്രമേ സർക്കാർ പണം മുടാക്കാവൂ എന്ന് സുപ്രീം കോടതി വാക്കാൽ നിരീക്ഷിച്ചിട്ടുണ്ട് .പക്ഷെ അത് ഉത്തരവായി മാറുമോ എന്ന് കണ്ടറിയണം .ഒരു കാലത്ത് ഉച്ച ഭക്ഷണ പാധതി പോലെയുള്ളവ ഇങ്ങനെ നിശിതമായ വിമർശനത്തിനു വഴി തെളിച്ചിരുന്നു പക്ഷെ അവിടെ രാഷ്ട്രീയ ക്രാന്തദർശിത്തമാണ് വിജയിച്ചത് .അതെ പോലെ തൊഴിലുറപ്പ് പദ്ധതിയുടെ അസാധാരണമായ വിജയവും നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട ഒന്നാണ് .

പക്ഷെ ഒരു ഉത്തരവാദിത്തവുമില്ലാതെ ടി വിയും മിക്സിയും പോലെയുള്ള സാധാരണക്കാർക്ക് പോലുംവാങ്ങാവുന്ന ഉപകരണങ്ങൾ സൗജന്യമായി നൽകുന്നത് വികസനത്തെ എങ്ങനെ സഹായിക്കാനാണ് ?വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും ഇത്തരം തുക മാറി വെച്ചാൽ അത് സമൂഹത്തിനു ഗുണം ചെയ്യുമെന്ന് കോടതി തന്നെ ചൂണ്ടി കാട്ടുന്നു .

പക്ഷെ പാവങ്ങൾ ഉള്ളിടത്തോളം കാലം സൌജന്യം തുടരുമെന്നാണ് രാഷ്ട്രീയ കക്ഷികൾ പറയുന്നത് .പക്ഷേ പരേതനായ ചൊ രാമസ്വാമി അവരുടെ വാദത്തിൻറെ തൊലി ഉരിക്കുന്നു ,''അതെ പാവങ്ങൾക്ക് വോട്ടു ഉള്ളിടത്തോളം കാലം''. ഇനി അതും അവർക്ക് നിഷേധിക്കപ്പെടുമോ എന്നത് കൌതുകകരമായ മറ്റൊരു ചോദ്യം .


START YOUR CHANNEL!
ML TurnKey
24 hr LIVE!
MEDIA LOGISTICS
MediaAppUSA
Call for Details
1-917-900-2123
info@medialogistics.us
Media Logistics Inc. introduces 'ML TurnKey System' a total TV channel package easily for managing LIVE 24 Hr Channel, Video Playout, Capture, Scheduling and all operations. Delivering automatic and unattended efficiency 24/7, 'ML TurnKey' is the perfect tool for anyone who wants to have a 24 LIVE Channel including Playout andservers and Video On Demand. Launch on to 'Media App USA' readily available on iOS, Android, All Smart TV's and Streaming Devices around the world.



## 'എം. ടി. വാസുദേവൻ നായർ'

# എഴുത്തും ജീവിതവും

### ഒരാളുടെ ജീവചരിത്രമെഴുതുമ്പോൾ രചയിതാവിന് നേരിടേണ്ടി വരുന്ന സങ്കീർണ്ണതകൾ

**ആൻസി സാജൻ**

തിരുവനന്തപുരം കനകക്കുന്നിൽ നടന്ന മാതൃഭൂമി അക്ഷരോൽസവം – ഏഴാം എഡിഷനിൽ പ്രമുഖ എഴുത്തുകാരി എസ്. ശാരദക്കുട്ടിയും 'എം. ടി.വാസുദേവൻ നായർ ' എന്ന എം.ടി യുടെ ജീവചരിത്ര രചയിതാവ് ഡോ. കെ.ശ്രീകുമാറും തമ്മിലുള്ള ആശയ സംവാദം ഒരു വലിയ അനുഭവമായി .

ഇതിഹാസങ്ങളിലെ മൗനങ്ങളെ പൂരിപ്പിച്ച എഴുത്തുകാരനാണ് എം.ടി. വാസുദേവൻ നായർ. അമിതമായ മിതഭാഷിയെന്നാണ് സുകുമാർ അഴീക്കോട് അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. ഒന്നിലും

**ജീവചരിത്ര രചനയ്ക്കായി സിതാരയ്ക്ക് അയച്ചു കൊടുത്ത ചോദ്യാവലിക്ക് അവർ മറുപടി നൽകിയതായി ശ്രീകുമാർ പറഞ്ഞു. എം. ടി എന്ന എഴുത്തുകാരനോട് ബഹുമാനമുണ്ട് എന്നാൽ അച്ഛനെന്ന നിലയിൽ ബഹുമാനിക്കുന്നില്ല എന്ന് സിതാര നൽകിയ ഉത്തരം ശ്രീകുമാർ പ്രത്യേകം പരാമർശിച്ചു.**

ഇടപെടാതെ ,ചിരിക്കാതെ ,മൗനമായിട്ടിരിക്കുന്ന എം.ടിയെ ആണ് ആസ്വാദകർ കണ്ടിട്ടുള്ളത്. ഇത്രയും , ചിരിക്കാത്ത, ചിരിക്കാൻ മടിക്കുന്ന ഒരെഴുത്തുകാരനെ വേറെ കണ്ടിട്ടില്ലയെന്ന് ശാരദക്കുട്ടി ആദ്യം തന്നെ പറഞ്ഞു. അങ്ങനെയുള്ള ഒരാളുടെ ജീവചരിത്രമെഴുതുമ്പോൾ രചിയിതാവിന് നേരിടേണ്ടി വരുന്ന സങ്കീർണ്ണതകൾ വലുതാണ്. പ്രതിസന്ധികളും.

ഈ ജീവചരിത്ര രചനയുടെ സമയത്ത് അത്തരം എന്തൊക്കെ പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട് എന്ന് ശാരദക്കുട്ടി ആ മുഖമായി ശ്രീകുമാറിനോട് ചോദിച്ചു.

ജീവചരിത്രങ്ങളെല്ലാം ഒരു ഒളിഞ്ഞുനോട്ട പ്രോൽസാഹനമെന്നു കരുതാം. നമുക്കറിയാൻ കഴിഞ്ഞിട്ടില്ലാത്ത എന്തെങ്കിലും ഉണ്ടോ

എന്ന ചികയലാണ് അതിന്റെ വായനയെന്നും പറയാം.ഫാക്ട്സ് മാത്രം കാലാനുസൃതമായി രേഖപ്പെടുത്തലായിരുന്നോ , ഫിക്ഷനും ഫ്യൂഷനും ചേർന്ന രചനാ രീതിയായിരുന്നോ മലയാളിയുടെ മനസ്സിലെ ഏറ്റം പ്രധാന എഴുത്തുകാരനായ എം ടി യുടെ ജീവിതം അടയാളപ്പെടുത്താൻ അവലംബിച്ചത്.?ജനപ്രിയതയ്ക്ക് വേണ്ടി എന്തെങ്കിലും 'ട്രിക്സ് ' പ്രയോഗിച്ചിട്ടുണ്ടോ എന്നും ശാരദക്കുട്ടി ചോദിച്ചു.

യാദൃച്ഛികമായി വന്നു ചേർന്നൊരു ദൗത്യമാണ് എം ടി.യുടെ ജീവചരിത്രമെഴുത്തെന്നും അദ്ദേഹത്തോടൊപ്പം പത്രാധിപസമിതിയിലും തുടർന്ന് തിരൂർ തുഞ്ചൻപറമ്പിലും പ്രവർത്തിക്കാൻ കഴിഞ്ഞ 13 വർഷങ്ങളോളം നീണ്ട കാലയളവാണ് ഈ ദൗത്യപൂർത്തിക്ക് സഹായിച്ചതെന്നും ശ്രീകുമാർ പറഞ്ഞു. എവിടെയോ തന്റെ നേർക്ക് എം ടി ക്കുണ്ടായിരുന്ന കരുതലുമായിരിക്കണം രചനയെ സഹായിച്ചത്. എം.ടിയുടെ അനേകം നിസ്സംഗതാ സന്ദർഭങ്ങൾ ഓർത്തെടുത്ത് ശ്രീകുമാർ പറഞ്ഞു. അതിനെല്ലാമൊപ്പം താനും യാത്ര ചെയ്തു.ഇടയ്ക്കെല്ലാം ഈ പുസ്തകരചന സാധ്യമേയാവില്ലെന്ന് കരുതി. പിന്നെ സാവധാനം സാവധാനം അദ്ദേഹം അടുക്കില്ലാതെ ഓർമ്മകൾ പങ്കുവെച്ചു.89,90,91 വയസ്സിന്റെ ക്ഷീണിതമായ അവസ്ഥയിലായിരുന്നു എം.ടി എന്നും ശ്രീകുമാർ അനുസ്മരിച്ചു.

താനും ഒരു കടുത്ത എം.ടി. ആരാധകനായിരുന്നുവെന്നും എന്നാൽ പുസ്തക രചനാവേളയിൽ അത്തരം ഒരു വിധേയ മനസ്ഥിതിയും  പുലർത്തിയിരുന്നില്ലെന്നും ശ്രീകുമാർ പറഞ്ഞു.എഴുത്തിൽ നിന്നകന്ന എം.ടി യുടെ വ്യക്തിത്വം പരിശോധിക്കുമ്പോഴും ആരാധനയുടെ കുപ്പായം അഴിച്ചുവച്ച സമീപനമാണ് താൻ പുലർത്തിയത്.



ആൻസി സാജനും ശാരദക്കുട്ടിയും

**പ്രമീള നായർ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത കൃതികളിലൂടെയാണ് എം.ടി പ്രശസ്തിയിലേക്കുയർന്നതെന്നും മറ്റും ഉയർത്തുന്ന യുക്തിരഹിതമായ അഭിപ്രായങ്ങളെ ശ്രീകുമാർ തള്ളിക്കളഞ്ഞു. ശരാശരിയോ അതിൽ താഴെയോ നിലവാരം മാത്രം പുലർത്തിയവയാണ് പ്രമീളയുടെ നോവലടക്കമുള്ള പുസ്തകങ്ങളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ സ്ത്രീയെന്ന നിലയിലുള്ള സഹനം അതിലൊക്കെയുണ്ടായിരുന്നു**

സമകാലീനമായി നടക്കുന്ന എം.ടി വിമർശനങ്ങൾ കണക്കിലെടുത്താണ് ശ്രീകുമാർ ഇത് പറഞ്ഞത്. കുടുംബത്തിന്റെ കഥകൾ പരതിപ്പോകുന്ന കണ്ണുകളെയും അദ്ദേഹം തള്ളിക്കളയുന്നു.മറുപടി പറയാൻ എം.ടി യില്ലാത്ത സമയം നോക്കി ഉയരുന്ന വിവാദങ്ങൾ അനീതിയാണെന്നാണ് ശ്രീകുമാർ പറയുന്നത്.ആദ്യഭാര്യ പ്രമീള നായരോടും മകൾ സിതാരയോടും ബന്ധപ്പെട്ട ചോദ്യങ്ങൾക്കും എം.ടി മറുപടി നൽകിയിരുന്നു. അടുത്തതും അകന്നതുമായ കാര്യങ്ങൾ ഉൾപ്പെട്ട തുറന്നു പറച്ചിൽ.

എം.ടി യുടെ 'മിതമായ അമിത ഭാഷണങ്ങൾ' എന്നാണ് ശാരദക്കുട്ടി ഇതിനെ വിശേഷിപ്പിച്ചത്.

പ്രമീള നായർ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത കൃതികളിലൂടെയാണ് എം.ടി പ്രശസ്തിയിലേക്കുയർന്നതെന്നും മറ്റും ഉയർത്തുന്ന യുക്തിരഹിതമായ അഭിപ്രായങ്ങളെ ശ്രീകുമാർ തള്ളിക്കളഞ്ഞു.

ശരാശരിയോ അതിൽ താഴെയോ നിലവാരം മാത്രം പുലർത്തിയവയാണ് പ്രമീളയുടെ നോവലടക്കമുള്ള പുസ്തകങ്ങളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എന്നാൽ സ്ത്രീയെന്ന നിലയിലുള്ള സഹനം അതിലൊക്കെയുണ്ടായിരുന്നു.ഒന്നിച്ചുണ്ടായിരുന്ന കാലത്തെ ഊഷ്മള ജീവിതത്തിൽ പുലർത്തിയിരുന്ന സ്നേഹം കൊണ്ടാവാം അവർ വിവർത്തനങ്ങളും മറ്റും എഴുതിയത്. എം.ടി യുടെ പ്രോൽസാഹനങ്ങളും പിന്നിലുണ്ടാവാം. എന്നാൽ അകൽച്ച വന്നപ്പോൾ തിരസ്കാരങ്ങൾക്കും മൂർച്ച കൂടിയിരിക്കാം.ദാമ്പത്യ ബന്ധത്തെക്കുറിച്ചൊക്കെ ജീവചരിത്ര രചയിതാവിന് വിധി പറയാനാവില്ല.

ജീവചരിത്ര രചനയ്ക്കായി സിതാരയ്ക്ക് അയച്ചു കൊടുത്ത ചോദ്യാവലിക്ക് അവർ മറുപടി നൽകിയതായി ശ്രീകുമാർ പറഞ്ഞു. എം.ടി എന്ന എഴുത്തുകാരനോട് ബഹുമാനമുണ്ട് എന്നാൽ അച്ഛനെന്ന നിലയിൽ ബഹുമാനിക്കുന്നില്ല എന്ന് സിതാര നൽകിയ ഉത്തരം ശ്രീകുമാർ പ്രത്യേകം പരാമർശിച്ചു.

എം.ടിയുടെ നായകൻമാരെല്ലാം , ചിന്തിക്കുകയും സംസാരിക്കുകയും ബഹളം വയ്ക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന ഭാര്യമാരെ പ്രതിസ്ഥാനത്ത് നിർത്തി വളരെ നൊസ്റ്റാൾജിക്കായുള്ള കാമുകിമാരെ നിലനിർത്തിക്കൊണ്ട് , ഗ്രാമം ഇഷ്ടപ്പെടുന്ന, അവിടെ ജീവിക്കാൻ ആഗ്രഹിക്കുന്ന നായകൻമാർ. എന്നാൽ നഗരത്തിന്റെ എല്ലാ സുഖ സൗകര്യങ്ങളും ആസ്വദിക്കാനുതകുന്നവളെ അവർ ഭാര്യയാക്കുകയും നഷ്ടസ്മരണയായി കാമുകിയെ നിലനിർത്തുകയും ചെയ്യുന്ന രീതി ആരൂഢത്തിലും അനുബന്ധത്തിലും ആൾക്കൂട്ടത്തിൽ തനിയെയിലും വേറെ ഒരുപാട് എം.ടി സിനിമകളിലും കണ്ടിട്ടുണ്ട്. ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ചയിലെ ഡയലോഗുകളും ശാരദക്കുട്ടി ചൂണ്ടിക്കാട്ടി. ഇതിലെല്ലാം ആവർത്തിക്കപ്പെടുന്ന പുരുഷ രൂപങ്ങളാണുള്ളത്. തുറന്നിടപെടുന്ന ഉദ്യോഗസ്ഥകളായ അല്ലെങ്കിൽ ഇംഗ്ളീഷറിയുന്ന വളരെ ബോൾഡ് ആയ സ്ത്രീകളെ ഭയക്കുന്ന ഒരു പുരുഷനായി വളർത്തിയതിൽ എം.ടിയുടെ ബാല്യ അരക്ഷിതങ്ങൾക്ക് പങ്കുണ്ടാവാം. എം.ടി യുടെ ഈ ഗൗരവപ്രകൃതിയെ കവി വൈലോപ്പിള്ളിയുടെ എഴുത്തുമായി ശാരദക്കുട്ടി സാമ്യപ്പെടുത്തി.

**'ഉറക്കെ ചിരിക്കാൻ പോലും ഭയന്നിരുന്ന ഒരു ബാല്യകാലം എനിക്കുണ്ടായിരുന്നു ' എന്ന് പുസ്തകത്തിൽ ഒരിടത്ത് പറയുന്നു. ചിരിക്കാത്തതെന്തെന്ന ചോദ്യത്തിന് 'എന്റെ അച്ഛനോ അമ്മയോ ഏട്ടൻമാരോ ആരും എന്നോട് ചിരിച്ച് കണ്ടിട്ടില്ല. എന്നോട് ആകെ ചിരിച്ചത് എന്റെ ഓപ്പുവാണ് ..' എന്നും പറയുന്നുണ്ട് .**

'അമ്മയെപ്പേടിച്ചുഞാൻ
വെറുത്തു സ്ത്രീ വർഗ്ഗത്തെ '

സാവിത്രിയെന്ന കവിതയിൽ വൈലോപ്പിള്ളി എഴുതിയ വരികൾ ശാരദക്കുട്ടി ചൂണ്ടിക്കാട്ടി.

ശ്രീകുമാറിന്റെ എം.ടി. ജീവചരിത്രം വായിക്കുന്ന ചിലയിടങ്ങളിലെല്ലാം അദ്ദേഹം ഒരു മുതിർന്ന കുട്ടിയായി നിൽക്കുന്ന പോലെ . ആൺകുട്ടികളുടെ ബാല്യകാല അരക്ഷിതത്വമാണിത് പ്രതിഫലിപ്പിക്കുന്നത്.

'ഉറക്കെ ചിരിക്കാൻ പോലും ഭയന്നിരുന്ന ഒരു ബാല്യകാലം എനിക്കുണ്ടായിരുന്നു ' എന്ന് പുസ്തകത്തിൽ ഒരിടത്ത് പറയുന്നു.

ചിരിക്കാത്തതെന്തെന്ന ചോദ്യത്തിന് 'എന്റെ അച്ഛനോ അമ്മയോ ഏട്ടൻമാരോ ആരും എന്നോട് ചിരിച്ച് കണ്ടിട്ടില്ല. എന്നോട് ആകെ ചിരിച്ചത് എന്റെ ഓപ്പുവാണ് ..' എന്നും പറയുന്നുണ്ട് . അരക്ഷിതനായഈ ആൺകുട്ടിയെ ചേർത്തു നിർത്താനാണ് തോന്നുന്നതെന്നും ശാരദക്കുട്ടി പറഞ്ഞു.

'സേതു ഒരാളെ മാത്രമേ സ്നേഹിച്ചുള്ളു ; സേതുവിനെ മാത്രം ' കാലം നോവലിലെ സുമിത്രയുടെ ഈ വാചകത്തിൽ മാത്രമേ സ്ത്രീ പക്ഷത്തേയ്ക്ക് ഒന്നു ചായുന്ന എം.ടിയെ കാട്ടിത്തരുന്നുള്ളു.'വരും; വരാതിരിക്കില്ല ..' എന്നു പറയുന്ന മഞ്ഞിലെ വിമലയുടെ തണുത്തുറഞ്ഞ വീക്ഷണം പോലെയാണ് ബാക്കിയെവിടെയും – ദേഷ്യപ്പെടുന്ന, കോപം വച്ച് സൂക്ഷിക്കുന്ന എം.ടിക്ക് തന്നോടും അനിഷ്ടമുണ്ടായിരുന്നുവെന്ന് ശാരദക്കുട്ടി പറഞ്ഞു.സർഗാത്മക എഴുത്തുകാരുടെ അസഹിഷ്ണുത നന്നായറിയാം.

ഒരു നാലുകെട്ടും എം.ടി പൊളിച്ചിട്ടില്ല. തൊഴിൽ ചെയ്ത് ജീവിച്ചിരുന്ന സ്ത്രീയുടെ മകനായി അറി



**ശ്രീകുമാറും ശാരദക്കുട്ടിയും**

യപ്പെടാൻ അപ്പുണ്ണിയെപ്പോലെ അദ്ദേഹവും ഇഷ്ടപ്പെട്ടിരുന്നില്ല.. ഈ പ്രസ്താവന എം.ടിയുടെ ദേഷ്യം വിളിച്ചു വരുത്തി. കുറെയിടങ്ങളിൽ നിന്നും ശാരദക്കുട്ടിയെന്ന തന്റെ പേര് വെട്ടി നീക്കിയെന്നും അവർ പറഞ്ഞു.

ജീവിച്ചിരുന്നപ്പോൾ എം.ടിയെ ഇങ്ങനെ വിമർശിക്കുന്നതിൽ ഭയമുണ്ടായിരുന്നില്ലേ എന്ന് സദസ്സിൽ നിന്നും ഡോ. കുഞ്ഞമ്മ ജോർജ്ജ് ചോദിച്ചതിന്, 'മേൽപ്പുര ഇല്ലാത്തതിനാൽ തീപ്പുര പേടിയില്ല ' എന്ന പഴഞ്ചൊല്ലുകൊണ്ട് ശാരദക്കുട്ടി മറുപടി പറഞ്ഞു.

അങ്ങനെ പേടിക്കുന്ന നാളിൽ എഴുത്ത് നിർത്തും.എം.ടിയുടെ പിണക്കവും തുറന്ന് പറച്ചിലും തനിക്ക് അഭിമാനമായിരുന്നുവെന്നും തമ്മിൽ കണ്ടാൽ മിണ്ടാതെ നടക്കുന്ന മറ്റ് എഴുത്തുകാരെക്കാൾ എത്ര ഭേദമായിരുന്നു അദ്ദേഹമെന്നും അവർ തുടർന്നു പറഞ്ഞു.

എം.ടി. മാത്രമല്ല ആദ്യമായിട്ട് ഒരു വിവാഹ ബന്ധം വേർപെടുത്തിയത് , രണ്ടാമതൊരു പ്രേമത്തിലേർപ്പെടുകയും കല്യാണം കഴിക്കുകയും ചെയ്തിട്ടുള്ളത്. ഇതൊക്കെ സാധാരണമായിട്ടുള്ള സംഭവമാണ്. നമുക്കാർക്കും അങ്ങോട്ട് ചുഴിഞ്ഞു നോക്കേണ്ട കാര്യമില്ല. പക്ഷേ വേറൊരു സംഭവമുണ്ട് . പ്രമീള നായരെ ഒരു എഴുത്തുകാരി എന്ന നിലയിൽ മാത്രമാണ് ഞാൻ കാണുന്നത്.

അവരുടെ ആത്മകഥയെ തിരസ്കരിക്കാൻ ശ്രമിച്ചുവെന്ന് പറയുന്ന എം.ടിയിലെ വൈരുധ്യം ശാരദക്കുട്ടി ചൂണ്ടിക്കാട്ടി.

റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സി.ജെ.' എന്ന ആത്മകഥയെ നട്ടെല്ലുള്ള ആത്മകഥ എന്നും തന്റെ സ്വകാര്യ ആഹ്ളാദം എന്ന് വിശേഷിപ്പിക്കുകയും അത് വായിച്ച് താൻ രോമാഞ്ചം കൊള്ളുകയും ചെയ്തിട്ടുണ്ട് എന്നും പറയുന്ന എം.ടി. , പ്രമീള നായരുടെ ആത്മകഥയെ തിരസ്കൃതവും തമസ്കൃതവും ആക്കിയതിനു പിന്നിൽ ഏതെങ്കിലും silent conspiracy നടന്നിട്ടുണ്ടോ, അതിൽ എംടി യുടെ റോൾ എന്താണ് എന്നുമാണറിയേണ്ടത്. അല്ലാതെ അവരുടെ ദാമ്പത്യ രഹസ്യങ്ങളല്ല.

മികച്ച എഴുത്തുകാരിയായിരുന്ന പ്രമീള നായർ എങ്ങനെ ഇരുളിലാക്കപ്പെട്ടു എന്നതിന് ഉത്തരം തേടുകയാണ്

**സേതു ഒരാളെ മാത്രമേ സ്നേഹിച്ചുള്ളു ; സേതുവിനെ മാത്രം ' കാലം നോവലിലെ സുമിത്രയുടെ ഈ വാചകത്തിൽ മാത്രമേ സ്ത്രീപക്ഷത്തേയ്ക്ക് ഒന്നു ചായുന്ന എം. ടിയെ കാട്ടിത്തരുന്നുള്ളു.' വരും; വരാതിരിക്കില്ല ..' എന്നു പറയുന്ന മഞ്ഞിലെ വിമലയുടെ തണുത്തുറഞ്ഞ വീക്ഷണം പോലെയാണ് ബാക്കിയെവിടെയും – ദേഷ്യപ്പെടുന്ന, കോപം വച്ച് സൂക്ഷിക്കുന്ന എം. ടിക്ക് തന്നോടും അനിഷ്ടമുണ്ടായിരുന്നുവെന്ന് ശാരദക്കുട്ടി പറഞ്ഞു. സർഗാത്മക എഴുത്തുകാരുടെ അസഹിഷ്ണുത നന്നായറിയാം. ഒരു നാലുകെട്ടും എം. ടി പൊളിച്ചിട്ടില്ല. തൊഴിൽ ചെയ്ത് ജീവിച്ചിരുന്ന സ്ത്രീയുടെ മകനായി അറിയപ്പെടാൻ അപ്പുണ്ണിയെപ്പോലെ അദ്ദേഹവും ഇഷ്ടപ്പെട്ടിരുന്നില്ല.. ഈ പ്രസ്താവന എം. ടിയുടെ ദേഷ്യം വിളിച്ചു വരുത്തി.**

ദീദി ദാമോദരന്റെ 'ബാഷ്പീകൃതയുടെ ആറാം വിരൽ' എന്ന പുസ്തകം. ഇതിനുള്ള ഉത്തരം എം.ടിയിൽ നിന്നും കിട്ടില്ല. സുഹൃത്തുക്കളോടും സമകാലീനരോടും തിരക്കി അത് കണ്ടുപിടിക്കുകയാണ് പുസ്തകം ലക്ഷ്യം വെക്കുന്നത്.

'ഗദ്യമെഴുതുന്ന ചങ്ങമ്പുഴ ' എന്ന് മലയാളികളുടെ ജനപ്രീതി പട്ടം കിട്ടിയ എം.ടി, ചങ്ങമ്പുഴയെക്കാൾ ബഹുരൂപിയും ബഹുമുഖപ്രതിഭയും തന്നെയാണ്. എന്നാൽ എം.ടി പറയുന്നത് മാത്രമല്ലല്ലോ എം.ടി യുടെ ജീവചരിത്രം . ശാരദക്കുട്ടി തുടർന്നു .

ദാമ്പത്യ ബന്ധത്തിൽ തന്നെ, എഴുത്തുകാരിയെന്നതിലുപരിഏറ്റവുമടുപ്പമുള്ള, ഒരുപാട് അറ്റാച്ച്മെന്റുള്ളഭാര്യയും ഭർത്താവും പിന്നീട് എന്തെങ്കിലും കാര്യത്തിന് അകന്നതിനു ശേഷം ഏറ്റം അകൽച്ചയിലേക്കും വെറുപ്പിലേക്കും പോകുന്നത് സ്വാഭാവികമാണ്. പ്രമീള നായരും എം.ടി യുമൊക്കെ മനുഷ്യ കുലത്തിൽ പെടുന്നവരല്ലേ ..?

പ്രമീളയുടെ തണലിൽ വളർന്ന് സാഹിത്യത്തിൽ പടർന്നു പന്തലിച്ച എം.ടി എന്നൊക്കെയുള്ള അസംബന്ധ പ്രസ്താവനകൾ അപഹാസ്യമാണ്..കെ. ശ്രീകുമാർ അഭിപ്രായപ്പെട്ടു.എം.ടി. മരിച്ചിട്ട് ഒരു വർഷമാകുന്നു എന്നും ആദ്യ ഭാര്യയുടെ അടുത്തേക്ക് അദ്ദേഹം പോയി എന്നും വിചാരിക്കാം എന്ന് ഡോ. ശ്രീകുമാർ സംഭാഷണം പൂർത്തിയാക്കി.

മലയാളിയുടെ വായനാ ശീലങ്ങളിൽ നിറഞ്ഞു നിൽക്കുന്നതാണ് എം.ടി. സാഹിത്യം എന്നാലത് മറ്റെന്തും പോലെ അപ്രതിരോധ്യവും അചഞ്ചലവുമെന്ന് പറയാനാവില്ല.പുഴകൾക്ക് പുതിയ കൈവഴികളുണ്ടാവും.

കാലത്തിന്റെ തേരോട്ടങ്ങളിൽ പുതു ശൈലികൾ പിറവിയെടുക്കും..മാറ്റങ്ങൾ തുടർന്നുകൊണ്ടേയിരിക്കും..

എന്നാലും,മനുഷ്യത്വത്തിന്റെ പുഴയോരങ്ങളിൽ കാറ്റിന്റെ തലോടലും മണ്ണിന്റെ നനവുമേറ്റ് പുതുമുകുളങ്ങൾ വിടർന്ന് മഹാവൃക്ഷങ്ങളാവും. അതിന്റെ തണലുകളിൽ മനുഷ്യ ജീവിതം പച്ചപിടിക്കും.

പഴംകഥകൾക്ക് പുതുഭാഷ്യങ്ങളുണ്ടാവും.കഥയിത് തുടർന്നേ മതിയാവൂ.

● വിവാദം




# "എംറ്റി സ്പെയ്സ് " പ്രമീള നായർ ആരായിരുന്നു ?

എംടി യെ പോലെ ,അര നൂറ്റാണ്ടിലേറെ മലയാളിയുടെ ഭാവുകത്വത്തെ സ്വാധീനിച്ച മറ്റൊരു എഴുത്തുകാരനോ ചലച്ചിത്രകാരനോ  ഇല്ല.സിനിമയും സാഹിത്യവും അദ്ദേഹം തെളിച്ച വഴിയിൽ നിന്ന് എത്രയോ മുന്നേറി . എങ്കിലും ഒരു കാലഘട്ടത്തിൻറെ ശബ്ദമായി അദ്ദേഹം ഇന്നും നിലനിൽക്കുന്നു .ജീവിച്ചിരിക്കുമ്പോൾ വായനക്കാരുടെയും സിനിമ പ്രേക്ഷകരുടെയും അഭിനേതാക്കളുടെയും ആരാധനയും ഭയഭക്തി ബഹുമാനവും ഒരേപോലെ ഏറ്റുവാങ്ങിയ മറ്റൊരാളില്ല .ഒരു പക്ഷെ യേശുദാസ് ഒഴികെ  .പക്ഷെ ഈ ഔന്നത്യം അദ്ദേഹത്തിൻറെ ജീവിതത്തിലെ വലിയൊരു പിഴവ് കൂടിയായി മാറിയോ എന്ന് മരണാനന്തരം പുറത്തുവന്ന വെളിപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു .പ്രത്യേകിച്ചും ആദ്യ ഭാര്യ പ്രമീള നായരെ തമ്സ്ക്കരിക്കുന്നതിൽ അദ്ദേഹത്തിൻറെ പ്രഭാവം വലിയ പങ്കു വഹിച്ചുവെന്ന്

**ആദ്യ ഭാര്യ പ്രമീള നായരെ തമ്സ്ക്കരിക്കുന്നതിൽ എം ടിയുടെ  പ്രഭാവം വലിയ പങ്കു വഹിച്ചുവെന്ന് ദീദി ദാമോദരനും എച്മു കുട്ടിയും ചേർന്നെഴുതിയ എംടി സ്പേസസ്: ബാഷ്പീകൃതയുടെ ആറാം വിരൽ എന്ന പുസ്തകം  കുറ്റപ്പെടുത്തുന്നു**



**ദീദി ദാമോദരൻ**



**എച്ച്മുകുട്ടി**

ദീദി ദാമോദരനും എച്മു കുട്ടിയും ചേർന്നെഴുതിയ എംടി സ്പേസസ് : ബാഷ്പീകൃതയുറെ ആറാം വിരൽ എന്ന പുസ്തകം  കുറ്റപ്പെടുത്തുന്നു. ഇതാകട്ടെ എം ടി പക്ഷപാതികളുടെ ഉറക്കം കെടുത്തുന്നു . അദ്ദേഹത്തിൻറെ മക്കൾ തന്നെ ഇതിനെതിരെ രംഗത്ത് വരുന്നു .

എന്നാൽ ഈ കണ്ടെത്തലിനെ ന്യായീകരിക്കുന്ന ചില വെളിപ്പെടുത്തലുകളും ഇതോടൊപ്പം പുറത്തു വരുന്നുണ്ട് .

മലയാള നാട്ടിൽ സബ് എഡിറ്റർ ആയിരുന്ന ജയകുമാരിയുടെ സാക്ഷ്യമാണ് ഒന്ന് .എസ് കെ നായരുടെ നിർദ്ദേശപ്രകാരം വി ബിസി നായർ അവരുടെ നോവൽ പിൻവലിച്ചു എന്ന് ജയകുമാരി എഴുതുന്നു.കെ ജയചന്ദ്രൻ നടത്തിയ പ്രമീള നായരുമായുള്ള അഭിമുഖം ഏഷ്യാനെറ്റ് നൽകാതിരുന്നതിനെ പറ്റി ഷീജ പൂന്താനത്തിൽ എഴുതിയ കുറിപ്പാണ് മറ്റൊന്ന് .ജീവിച്ചിരുന്നപ്പോൾ പറയാതിരുന്നവയാണ് ഇവ എന്നാണ് മറ്റൊരു ആരോപണം. പക്ഷേ.സംവിധായകൻ ആസാദുമായുള്ള എം ടി യുടെ വിവാദ ബന്ധത്തെ പറ്റി എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ പി കെ ശ്രീനിവാസൻ മുൻപേ എഴുതിയിട്ടുണ്ട് .ഉടഞ്ഞ വിഗ്രഹത്തെ പറ്റി പ്രേംചന്ദ് എഴുതിയിട്ടുണ്ട് . അദേഹത്തിന്റെ പുസ്തകങ്ങളുടെ തലക്കെട്ടുകളെ പറ്റി പണ്ടെ ജേസി കുറ്റപ്പെടുത്തിയിട്ടുണ്ട് .ഇടക്ക് അടുത്ത സുഹൃത്ത് ആയിരുന്ന എം വി ദേവനുമായി ഒരു നിയമപോരാട്ടത്തിനും ഇടയുണ്ടായി എന്നോർക്കണം .

ടി എസ് എലിയറ്റിന്റെ പക്ഷപാതങ്ങളെ കുറിച്ചു ഈയിടെയാണ് ഇമ്പെർഫെക്റ്റ് ലൈഫ് എന്ന പേരിൽ ഒരു ജീവ ചരിത്രം പുറത്തു വന്നത് .അമ്മ എതിർത്തിട്ടും അഛൻറെ പ്രണയത്തെ പറ്റി ആൽബേർ കമ്യുവിന്റെ മകൾ പുസ്തകം പ്രകാശിപ്പിച്ചതും അടുത്തിടെയാണ് . ആ നിലക്ക് ഇത്തരം വെളിപ്പെടുത്തലുകളെ കാലത്തിൻറെ ചുവരെഴുത്തുകളായി കാണണം ..

എഴുത്തും ജീവിതവും രണ്ടാണ് എങ്കിലും ജീവിതമാണ് ഒരാളുടെ എഴുത്തിനെ സ്വാധീനിക്കുന്നത് . അത് കൊണ്ടു തന്നെ ഒരു എഴുത്തുകാരനെ പറ്റി സമഗ്രമായ അഭിപ്രായം രൂപീകരിക്കാൻ അയാളുടെ ജീവിതം സത്യസന്ധമായി രേഖപ്പെടുത്തേണ്ടതുണ്ട് .കൃതികളെ അറിയാനും ആന്തരാർത്ഥങ്ങൾ കണ്ടെത്താനും ഇത് അവശ്യമാണ് .

പി കുഞ്ഞിരാമൻ നായരെപോലെ താൻ ജീവിച്ചു തീർത്ത കാലത്തെ പറ്റിതുറന്നു എഴുതിയവരോ അത്തരം അനുഭവമുള്ള എഴുത്തുകാരോ നമുക്കില്ല അല്ലെങ്കിൽ അവർ ഒരു തിരസ്കരണിയുടെ മുന്നിൽ ആണ് നമ്മുടെ മുന്നിൽ ജീവിക്കുന്നത് .ജീവിതത്തിലെ പട്ടിണിക്കാലങ്ങൾക്കപ്പുറം അവരുടെ വെളിപ്പെടുത്തൽ പോകാറില്ല .അത് കൊണ്ടു തന്നെ അവരുടെ ബൊഹീമിയൻ ജീവിത കഥകൾ കേട്ടെഴുത്ത് മാത്രമാണോ എന്ന് സംശയം തോന്നാം .രണ്ടാം വായനയിൽ പല കൃതികളുടെയും സൌകുമാര്യം ചോരുന്നുവെന്ന വിലാപങ്ങൾക്ക് പിന്നിൽ ഈ അസത്യസന്ധത ഉണ്ട് .എം ടി അങ്ങനെ ധീരവും ആപൽക്കരവും അതി വൈകാരികവുമായ ജീവിതാനുഭവങ്ങളുടെ കഥകൾ എഴുതിയ ആളല്ല. അസുരവിത്തിൽ മാത്രമാണ് സമൂഹത്തെ വെല്ലുവിളിക്കുന്ന ഒരു കഥാപാത്രത്തെ എം ടി സൃഷ്ടിക്കുന്നത് .പ്രണയത്തിൽ ആണെങ്കിൽ ,മഞ്ഞിൽ പോലും ലൈംഗീകതയുടെ ഒരു ഉത്സവം സൃഷ്ടിക്കാൻ അദ്ദേഹം ശ്രമിക്കുന്നില്ല .മലയാളിയുടെ ശരാശരി ധാർമിക ബോധത്തിൻറെ പ്രതീകമാണ് അദ്ദേഹത്തിൻറെ കഥാപാത്രങ്ങൾ.പക്ഷെ സ്ത്രീകൾക്ക് അദ്ദേഹത്തിൻറെ രചനകളിൽ അത്ര പ്രാധാന്യമില്ല . വഞ്ചിക്കുന്ന കാമുകനോ വഞ്ചിക്കപ്പെടുന്ന പുരുഷനോ ആയി അത് ഒതുങ്ങുന്നു .വ്യഭിചാരത്തിന് നിർബന്ധിതയായ ഭാര്യയും അതിരുകൾ ലംഘിച്ചു പുരുഷനെ പ്രാപിക്കുന്ന സ്ത്രീയും ആണ് അദ്ദേഹത്തിൻറെ ശക്തമായ സ്ത്രീ കഥാപാത്രങ്ങൾ . കടിഞ്ഞൂൽ പ്രണയങ്ങളിലെ ഭാവ സാന്ദ്രത പിന്നിടുള്ള ജീവിത സമരത്തിൽ നാം കാണുന്നെ ഇല്ല .പക്ഷേ ആദ്യഭാര്യ പ്രമീള നായരുടെ മിന്നലാട്ടങ്ങൾ അതിൽ ഉണ്ടോ എന്ന് സംശയമാണ് .അവരും അദ്ദേഹത്തെ മുറിപ്പെടുത്തുന്ന വിധത്തിൽ ഒന്നും എഴുതിയിട്ടില്ല . സിനിമയിൽ മുടിചൂടാമന്നനായി നിന്നിട്ടും യാതൊരു അപവാദവും കേൾപ്പിക്കാത്ത വ്യക്തിയാണ് അദ്ദേഹം .ആ നിലക്ക് പ്രമീള നായരെ അദ്ദേഹം ഭയപ്പെടേണ്ട ഒരു കാര്യവുമില്ല .എഴുത്തിലും അവർ അദ്ദേഹത്തിനു എന്തായാലും വലിയ വെല്ലുവിളി ആയിരുന്നില്ല . എന്നിട്ടും അവരെ തമസ്ക്കരിക്കാൻ അദേഹം എന്ത് കൊണ്ടു ഉത്സാഹിച്ചു എന്നത് കൌതുകകരമായ ഒരു ചോദ്യമാണ് .ഇഗോയുടെ പ്രശ്നം മാത്രമായിരുന്നോ അത് ?

ദീദിയും എച്മുവും എഴുതുന്ന ഈ കഥ പ്രമീള നായർ എന്ന സ്ത്രീയുടെ ജീവിതത്തിലേക്കുള്ള താക്കോലാണ്.19 വർഷം എംടി യുമായി ഒന്നിച്ചു ജീവിച്ച ഒരു സ്ത്രീ മകളുമായി തൻറെ വീട്ടിൽ നിന്ന് പടി ഇറങ്ങുന്നതിന്റെയും അവരുടെ ജീവിത പോരാട്ടങ്ങളുടെയും കഥയാണിത് .എം ടി യുടെ മഞ്ഞു അവർ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തിരുന്നു അത് പോലെ പല

**ദീദിയും എച്മുവും എഴുതുന്ന ഈ കഥ പ്രമീള നായർ എന്ന സ്ത്രീയുടെ ജീവിതത്തിലേക്കുള്ള താക്കോലാണ്.19 വർഷം എംടി യുമായി ഒന്നിച്ചു ജീവിച്ച ഒരു സ്ത്രീ മകളുമായി തൻറെ വീട്ടിൽ നിന്ന് പടി ഇറങ്ങുന്നതിന്റെയും അവരുടെ ജീവിത പോരാട്ടങ്ങളുടെയും കഥയാണിത് . എം ടി യുടെ മഞ്ഞു അവർ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തിരുന്നു അത് പോലെ പല കഥകളും . മാത്രമല്ല , അവർ ഒരു എഴുത്തുകാരി കൂടിയാണ് .**

കഥകളും . മാത്രമല്ല , അവർ ഒരു എഴുത്തുകാരി കൂടിയാണ് . ബഹു സ്വരതയുടെയും വ്യത്യസ്തതയു ടെയും ആഘോഷമായ ഇന്നത്തെ സമൂഹ മാധ്യമങ്ങളുടെ കാലത്ത് ഏറെ ആരാധിക്കപ്പെടുമായിരുന്ന ഒരു എഴുത്തുകാരി .കർക്കശമായ ഒരു ദാമ്പത്യ ജീവിതത്തിൽ നിന്ന് അവർ പുറത്തു വന്നുവെങ്കിലും അവരെയും അവരുടെ എഴുത്തിനെ യും മാധ്യമങ്ങൾ തിരസ്ക്കരിക്കു ന്നു .അതിനു പിന്നിൽ എം ടി തന്നെ പ്രവർത്തിച്ചുവെന്നു പുസ്തകവും പുറത്തു വന്ന വെളിപ്പെടുത്തലു കളും സൂചിപ്പിക്കുന്നു. അവർ എഴുതിയതിന്റെ മേന്മ എന്ത് തന്നെ ആയാലും അവ എത്ര മോശമായാ ലും അക്കാലത്തെ പ്രമുഖ പ്രസി ദ്ധീകരണമായ മലയാള നാട്ടിലാണ് അവരുടെനോവൽ നഷ്ട ബോധ ങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത്. എം ടി യുടെ നീരസം തുളുമ്പുന്ന ഒരു കത്തോടെ ആ നോവൽ വാരിക പിൻവലിച്ചു പിന്നിട് അവർ സ്വയം പ്രസിദ്ധീകരിക്കുകയായിരുന്നു നഷ്ടബോധങ്ങൾ .അതെ പോലെ അവരുടെ ആൽമകഥയും വെളിച്ചം കണ്ടില്ല .എന്തിനു അവർ മരിച്ചപോ ൾ അവരുടെ ചിത്രം നൽകാൻ പു നലൂർ രാജനെയും നീന ബാലനെ യുംപോലെയുള്ള ഫോട്ടോഗ്രഫർ മാർ തയ്യാറായില്ല .ഒരു കോളത്തിൽ മാതൃഭൂമിയിൽ അവരുടെ ചരമ വാർത്ത ഒതുങ്ങി.സമൂഹ മാധ്യമ ങ്ങളുടെ ഇക്കാലത്ത് പോലും, ഒരു സ്ത്രീയെ നിഷ്പ്രഭമാക്കാൻ അത്ര എളുപ്പമല്ലെങ്കിലും,അത് സംഭാവ്യ മാണ് .അപ്പോൾ സെലിബ്രിറ്റികളെ താങ്ങി കഴിയുന്ന മാധ്യമങ്ങളുടെ കാലത്ത് എന്താകും സ്ഥിതി . ഇതെല്ലം സൂചിപ്പിക്കുന്നത് ഒരു വടവൃക്ഷം പോലെ നിന്ന എം ടി എന്ന എഴുത്തുകാരനും പത്രാ ധിപരും തൻറെ ആദ്യ ഭാര്യയെ തമസ്ക്കരിക്കാൻ ഒരു കാരണമായി എന്നതാണ് അദ്ദേഹത്തിൻറെ രോ ഷമോ പരോക്ഷമായ സ്വാധീനമോ മൂലം പ്രമീള നായരുടെ ജീവിതം ബാഷ്പ്പീകൃതയായി .എന്തിനു മരണാനന്തരം ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ നിന്ന് പോലും അവസാന നിമിഷം ഒരു പ്രസാധകൻ പിൻവാങ്ങി .മരണശേ ഷവും എം ടി പ്രഭാവം തുടരുന്നു എന്നർത്ഥം



പ്രമീള നായരും സിതാരയും (പഴയ ചിത്രം)

ജീവിച്ചിരിക്കുമ്പോൾ സന്തോ ഷകരമാണ് ഇതെങ്കിലും നീണ്ട കാലത്തിന്റെ കണ്ണടയിൽ കൂടി നോ ക്കുമ്പോൾ ഇത് എഴുത്തുകാരനും എഴുത്തിനും ദോഷമാണ് .ദാമ്പത്യ ബന്ധങ്ങളെ പുതിയ കണ്ണോടെ കാണുന്ന ഒരു കാലത്താണ് നാം കഴിയുന്നത് ഒരു ഒളിഞ്ഞു നോട്ടം അല്ലാതെ ജീവിത ബന്ധങ്ങളെയും ജീവിതത്തെയും നാം നോക്കേണ്ട തുണ്ട് .ആ നിലക്ക് ഇത്തരം പുസ്തകങ്ങൾ ഒരു എഴുത്തുകാ രന് ലഭിക്കുന്ന ആദരവാണ് .വിഗ്ര ഹവൽക്കരണത്തിൽ നിന്ന് ഒരു എഴുത്തുകാരൻ പുറത്തു കടക്കേ ണ്ടതുണ്ട് .ചോരയും നീരുമുള്ള ഒരു വ്യക്തിയാണ് എഴുത്തുകാരൻ എന്നറിയുമ്പോൾ ആ മഹത്വം വലു താകുകയെ ഉള്ളൂ .തെറ്റുകളെ ഇത് ന്യായീകരിക്കില്ലെങ്കിലും .ആ നില ക്ക് വേണം ഇത് വിലയിരുത്താൻ . കുറഞ്ഞ പക്ഷം വിസ്മരിക്കപ്പെടു മായിരുന്ന ഒരു സ്ത്രീയുടെ ജീവി തം ഇന്ന് പൊതു സമൂഹത്തിൽ എത്തിയിരിക്കുന്നു .കാലക്രമേണെ അവരുടെ എല്ലാ രചനകളും പുറ ത്തു വരുമെന്ന് നമുക്ക് കരുതാം.

**-പി എസ് ജോസഫ്**

# SPECTRUM AUTO
*Exceeding Perfection*

# A FULL SPECTRUM OF AUTOMOTIVE CARE




- Customer Centric 'OEM' Certified Collision Center
- Highest Quality & Standard Auto Body Repairs
- All Makes and Models Cars Repaired
- Highest Customer Satisfaction!

**Tesla and EV Certified**

**Carwise Rating Spectrum Auto 5.0**

★★★★★ G 5.0 average rating

## West Nyack
175 NY-303, West Nyack,
New York 10994
**1 845-348-7777**

## Montrose
2104 Albany Post Rd, Montrose
New York 10548
**1 914-737-0766**

contact@spectrumautoinc.com

FULL AUTO SERVICE | COLLISION REPAIR | FULL PAINTING AND COLOR MATCHING
FRAME STRAIGHTENING | CHASSIS REPAIR & UNIBODY REPAIR
GLASS AND WINDSHIELD REPAIR | PAINTLESS DENT REPAIR | 24 HOURS TOWING



## കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പ് (2025 – 2026)

# കലയുടെ വലിയ കാഴ്ച

ആമി ഷൈന
(സ്വതന്ത്ര ഗവേഷക, ആർ എൽ വി കോളേജിലെ
Art History & Aesthetics Guest Junior Lecturer)

8 വേദികളിലായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 58 ആർട്ടിസ്റ്റുകളുടെ തിരഞ്ഞെടുത്ത വർക്കുകൾ, കേരളത്തിലെ 40 ആർട്ടിസ്റ്റുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇടം എക്സിബിഷൻ, ലോകത്തിലെ തന്നെ പ്രധാനപ്പെട്ട 9 ഗാലറികളുടെ collateral എക്സിബിഷനുകൾ, കുട്ടികൾക്കായുള്ള അആഇ ആർട്ട് റൂമുകൾ, 7 സോണുകളിലായി ഇന്ത്യയിലെ വിവിധ ഇടങ്ങളിൽ നിന്നുള്ള 100 ഓളം വിദ്യാർത്ഥികളുടെ കലാപ്രദർശനം,ഇൻവിറ്റേഷൻ പ്രോഗ്രാമുകൾ, ഇന്ത്യക്കകത്തും പുറത്തു

> **ക്യുറേറ്റർ നിഖിൽ ചോപ്ര, സംവാദങ്ങളുടെയും സൗഹൃദങ്ങളുടെയും പങ്കുചേരലുകളുടെയും ആഗോള പ്രതിസന്ധികളോടുള്ള ഐക്യപ്പെട്ടുള്ള പോരാട്ടങ്ങളുടേയും വേദിയായി ബിനാലെയെ ഇന്നത്തെ ലോക സാഹചര്യത്തിൽ സ്ഥാപിക്കുന്നു.**

നിന്നുമുള്ള ആർട്ടിസ്റ്റുകൾ ചെയ്ത മ്യൂറൽ പ്രോജക്ടുകൾ, ബിനാലെ പരിസരങ്ങളിലെ സമാന്തര കലാപ്രദർശനങ്ങൾ, തുടങ്ങി കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പ് ഒന്നരമാസം പിന്നിടുമ്പോഴേക്കും തുറമുഖ നഗരമായ കൊച്ചി ലോകത്തിന് സമ്മാനിച്ചത് കലയുടെ വലിയ കാഴ്ചകളാണ്.

ക്യുറേറ്റർ നിഖിൽ ചോപ്ര, സംവാദങ്ങളുടെയും സൗഹൃദങ്ങളുടെയും പങ്കുചേരലുകളുടെയും ആഗോള പ്രതിസന്ധികളോടുള്ള ഐക്യപ്പെട്ടുള്ള പോരാട്ടങ്ങളുടേയും വേദിയായി ബിനാലെയെ ഇന്നത്തെ ലോക സാഹചര്യത്തിൽ സ്ഥാപിക്കുന്നു.



ലോകം വിഭജിക്കപ്പെട്ടും ജനങ്ങൾ അഭയാർഥികളായി മാറിക്കൊണ്ടിരിക്കുകയും പരിസ്ഥിതിയെ വിശാലമായ സാഹചര്യത്തിൽ ചർച്ച ചെയ്യാൻ നിർബന്ധിതരാകുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ഇടങ്ങളുടെ കാലിക പ്രസക്തി വർദ്ധിച്ചു വരികയാണ്.

നിഖിൽ ചോപ്ര, കെ എം മധുസൂദനൻ, ഐശ്വര്യ സുരേഷ്, 24 ഓളം സ്റ്റുഡന്റ് ബിനാലെ ക്യുറെറ്റേഴ്സും, അആഇ കോർഡിനേറ്റേഴ്സ് ആയ ബ്ലെയ്സ് ജോസഫും നീതു കെ എസും, ഓരോ collateral സമാന്തര ഷോകളുടെയും ക്യുറെറ്റേഴ്സും കൂടിച്ചേർന്ന് ഈ വലിയ കലാപ്രദർശനം ലോക ജനതയോട് സംവദിക്കാനുള്ള ഇടമാക്കുകയാണ്.

ഇതിൽ സവിശേഷമായ ചില പ്രദർശനങ്ങൾ തെരഞ്ഞെടുത്തു അവതരിപ്പിക്കുകയാണ് .ബിനാലെയിൽ ഒരിക്കലും വിട്ടു പോകരുതാത്ത ചില കാഴ്ചകൾ ആണിവ .

## പഞ്ചേരി ആർട്ട് യൂണിയൻ

അനുപം റോയ്, പിനാക് ബാനിക്ക്, തുടങ്ങിയ ആർട്ടിസ്റ്റുകളുടെ മുൻകൈയിൽ 2022 ലെ ലോക മാതൃദിനത്തിൽ രൂപപ്പെട്ട പഞ്ചേരി ആർട്ട് യൂണിയൻ കലക്കും കലാ ഇടത്തിനും കാഴ്ചയുടെയും കാഴ്ചപ്പാടിന്റെയും പുതിയ മാനങ്ങൾ നൽകുകയാണ്. ഓരോ മാസങ്ങളിലും മാറിക്കൊണ്ടിരിക്കുന്ന പഞ്ചേരിയിലെ പ്രദർശനം വിഭജനം, കുടിയൊഴിപ്പിക്കൽ, ജാതി വിവേചനം, ഇക്കോളജി സംബന്ധമായ പുനർചിന്തകൾ, യുദ്ധം, എന്നിങ്ങനെയുള്ള വിഷയങ്ങളിലെ ദീർഘമായ പഠനത്തിന്റെ ഭാഗമായി ആർട്ടിസ്റ്റുകൾ തങ്ങളുടെ collective ആയ വർക്കുകളിലൂടെ വ്യത്യസ്തമായ പുതിയൊരു അനുഭവം ബിനാലെ വേദിയിൽ നൽകുന്നു. ബിനാലെയിലെ ഏറ്റവും വ്യത്യസ്തമായ വേദികളിലൊന്നാണ് ഇത്.

**നിഖിൽ ചോപ്ര, കെ എം മധുസൂദനൻ, ഐശ്വര്യ സുരേഷ്, 24 ഓളം സ്റ്റുഡന്റ് ബിനാലെ ക്യുറെറ്റേഴ്സും, അആഇ കോർഡിനേറ്റേഴ്സ് ആയ ബ്ലെയ്സ് ജോസഫും നീതു കെ എസും, ഓരോ കൊലാറ്ററൽ – സമാന്തര ഷോകളുടെയും ക്യുറെറ്റേഴ്സും കൂടിച്ചേർന്ന് ഈ വലിയ കലാപ്രദർശനം ലോക ജനതയോട് സംവദിക്കാനുള്ള ഇടമാക്കുകയാണ്.**

## എഡ്രിയാൻ വില്യാ റോയർ

ഫ്രിഡ്ജുകളിലെ തിങ്ങി നിറഞ്ഞ് ചീഞ്ഞ പച്ചക്കറികളിലേക്കും മാംസത്തിലേക്കും കാഴ്ചക്കാരെ ഭീതിയോടെയും അറപ്പോടെയും കൊണ്ടെത്തിക്കുന്ന അർജന്റീനിയൻ കലാകാരൻ എഡ്രിയാൻ വില്യാ റോയറുടെ റീഷമെന്റോ സീരീസിൽ വരുന്ന untitled sculpture മനുഷ്യന്റെ അത്യാർത്തി

യെയും മുതലാളിത്ത സ്വഭാവത്തെയും മനുഷ്യന്റെ നിയന്ത്രണത്തിനപ്പുറം നിൽക്കുന്ന പ്രകൃതിയെയും വെളിപ്പെടുത്തുന്നു. ഡോക്യുമെന്റ, വെനീസ് വേദികളിലെല്ലാം തന്നെ അദ്ദേഹം ശ്രദ്ധിക്കപ്പെട്ട കലാകാരനാണ്.

## ധീരജ് റാബാ

ചെറുപ്പകാലം മുതലേ അസമിലെ എക്സ് ഉൽഫ ക്യാമ്പിൽ വളർന്നു വന്ന ധീരജ് റാബാ ആസാമിൽ നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തര കലാപത്തിന്റെ ജനിച്ചു വളർന്ന ആളാണ്. ഭരണകൂടവും ആസാമിലെ കമ്യൂണിറ്റികളും തമ്മിലുള്ള കാലാകാലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തര കലഹങ്ങളെയും അധികാരികളുടെ ഭാഗത്ത് നിന്നുള്ള പ്രകൃതി ചൂഷണത്തെയും ധീരജ് ബഹുമുഖ കലകളിലൂടെ പുറം ലോകത്തേക്ക് എത്തിക്കുന്നു. ഭീകാന്തരീക്ഷത്തിൽ ഓരോ കമ്മ്യൂണിറ്റികളെയും വിഴുങ്ങിയെടുക്കുന്ന മാസഭോജികളായ ചെടികൾ അവക്കിടയിലെ ഒമരേവ ഭേംല്യകൾക്കുള്ളിൽ പ്രതീക്ഷകളോടെ ഒരു കാലത്ത് മാറ്റം ആഗ്രഹിച്ച് ഉൽ

**അനുപം റോയ്, പിനാക് ബാനിക്ക്, തുടങ്ങിയ ആർട്ടിസ്റ്റുകളുടെ മുൻകൈയിൽ 2022 ലെ ലോക മാതൃ ദിനത്തിൽ രൂപപ്പെട്ട പഞ്ചേരി ആർട്ട് യൂണിയൻ കലക്കും കലാ ഇടത്തിനും കാഴ്ചയുടെയും കാഴ്ചപ്പാടിന്റെയും പുതിയ മാനങ്ങൾ നൽകുകയാണ്. ബിനാലെയിലെ ഏറ്റവും വ്യത്യസ്തമായ വേദികളിലൊന്നാണ് ഇത്.**

ഫയിൽ ചേർന്നവരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ/മൃരവശ്മഹ ശാമഴലഭ കളും കലാകാരൻ വളർന്നു വന്ന കാലഘട്ടത്തെയും അനുഭവിച്ച ഭരണകൂട ഭീകരതകളുടെയും തുടർച്ചയായുള്ള ഭരണകൂട നിരീക്ഷണങ്ങളുടെയും (surveillance) അനുഭവസാക്ഷ്യമാണ്.

## ബിരേന്ദർ യാദവ്

ഉത്തർപ്രദേശിലെ ഇഷ്ടിക ചൂളകളിൽ തൊഴിലെടുക്കുന്ന അടിമ തൊഴിലാളികളുടെ ജീവിതവും അവർ അനുഭവിക്കുന്ന തൊഴിൽ ചൂഷണങ്ങളുമാണ് ബിരേന്ദർ യാദവിന്റെ Only the Earth Knows Their Labour (2025) എന്ന പ്രദർശനത്തിൽ. ഒരു ചൂളക്ക് (firing kiln) അകത്തേക്കാണ് അദ്ദേഹം കാണികളെ കൊണ്ടുനിർത്തുന്നത്. അകത്ത് ചുട്ടെടുക്കാൻ നിരത്തിവെച്ചിരിക്കുന്ന കളിമൺ വസ്തുക്കളാണ്. ഇവിടെ കലാകാരൻ തൊഴിലാളികളുടെ പണിയായുധങ്ങളും അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇടങ്ങളിലെ വസ്തുക്കളും അവരുടെ ശരീരവും തന്നെ മോൾഡുകളായി ചുട്ടെടുക്കാനായി അടക്കി വെച്ചിരിക്കുകയുമാണ്. ഈ തൊഴിലാളികളുടെ ജീവിതത്തിന്റെയും അധ്വാനത്തിന്റെയും അവശേഷിക്കുന്ന തെളിവുകളായി മാറിയിരിക്കുകയാണ് അവ. പേരില്ലാത്ത അച്ചുകളെ പാഴ്വസ്തുക്കളായി കണക്കാക്കി ഉപേക്ഷിക്കുന്നുവെങ്കിൽ, പിന്നെ ഒരിക്കലും പേര് എഴുതപ്പെടാത്ത തൊഴിലാളികളുടെ കാര്യമോ? എന്ന പ്രസക്തമായ ചോദ്യവും ബിരേന്ദർ യാദവ് ചോദിക്കുന്നുണ്ട്.

## ഇബ്രാഹിം മഹാമ

നോർത്തേൺ ഘാനയിൽ നിന്നും വരുന്ന ഇബ്രാഹിം മഹാമയുടെ പാ





ർലമെന്റ് ഓഫ് ഗോസ്റ്റ്സ് ബിനാലെയിൽ ഏറ്റവും ചർച്ച ചെയ്യപ്പെട്ട കലാപ്രദർശനമാണ്. ആനന്ദ് വെയർ ഹൗസിൽ ഒരു പാർലമെന്റ് പോലെ നിരത്തി വെച്ചിരിക്കുന്ന റിപ്പയർ ചെയ്ത പഴയ കസേരകളും ചുമരിൽ തുന്നി വെച്ചിരിക്കുന്ന ചാക്കുകളും അഴുകൽ, റിപ്പയർ, റെസ്റ്റോറേഷൻ എന്നിവയിൽ തുടങ്ങി ഘാനയുടെ കൊളോണിയൽ ചരിത്രം, കൊളോണിയൽ ലേബർ, ഘാന-ഇന്ത്യ കടൽ വഴിയുള്ള അടിമ വ്യാപാരം, പിന്നീടുണ്ടായ വാണിജ്യ ബന്ധം തുടങ്ങി അനേകം ദിശകളിലേക്ക് കാണികളെ കൊണ്ടെത്തിക്കുന്നു. കൊളോണിയൽ ചരിത്രത്തിന്റെ ശേഷിപ്പുകളിൽ നിന്നും ഘാനയുടെ ചരിത്രാന്വേഷണങ്ങളെയും സാധ്യതകളെയും പ്രതീക്ഷകളെയും കൂടി പുനർനിർമ്മിച്ചിരിക്കുന്നതായി കാണികൾ തിരിച്ചറിയുന്നു.

## മാളു ജോയ്

എസ് എം എസ് ഹാളിൽ പ്രദർശിപ്പിക്കുന്ന മാളു ജോയിയുടെ പ്രദർശനം വ്യത്യസ്തമാകുന്നത് അവർ വരുന്ന ചുറ്റുപാടുകളിൽ നിന്നാണ്. കന്യാസ്ത്രീ ആയി ജീവിതത്തെ ക്രിസ്തുവിന്റെ കാരുണ്യത്തിലേക്കും സേവകളിലേക്കും സമർപ്പിച്ച സിസ്റ്റർ റോസ്‌വിൻ സി എം സി ബൈബിൾ രംഗങ്ങൾ വരച്ചുകൊണ്ടാണ് കലാലോകത്തേക്ക് വരുന്നത്. ആർ എൽ വി ഫൈൻ ആർട്സ് കോളേജിലേക്ക് പ്രതിസന്ധികളെ വെല്ലുവിളിച്ച് പഠിക്കാൻ തുടങ്ങുന്നതോടെ അവരുടെ ജീവിതത്തിൽ കല വലിയ സാധ്യതകൾ തുറന്നു കൊടുക്കുകയായിരുന്നു. ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ കാണാവുന്ന സ്ഥിരം വർക്കുകളിൽ നിന്നും വ്യത്യസ്ഥമായി മാളുവിന്റെ വർക്കുകൾ പുതിയൊരു കാഴ്ചയാണ് നൽകുന്നത്. അനു കെ ആന്റണി മുന്നോട്ട് വെക്കുന്ന സ്പിരിചൽ ലേബറിന്റെ നേർക്കാഴ്ചയാണ് സിസ്റ്ററുടെ ചിത്രങ്ങളിൽ തെളിയുന്നത്. പലപ്പോഴും കമ്മ്യൂണിറ്റിയുടെ പുറത്തു നിന്ന് മാത്രം വരയ്ക്കപ്പെടുന്ന ക്രിസ്തുവിന്റെ മണവാട്ടികളിൽ നിന്നും മാറി മാളുവിന്റെ ചിത്രങ്ങൾ അവരുടെ ജീവിത യാഥാർഥ്യങ്ങളിലേക്കും സങ്കീർണ്ണതകളിലേക്കും കാഴ്ചക്കാരെ കൊണ്ടെത്തിക്കുന്നു.

**എഡ്രിയാൻ വില്യാ റോയറുടെ റീഷമെന്റോ സീരീസിൽ വരുന്ന untitled sculpture മനുഷ്യന്റെ അത്യാർത്തിയെയും മുതലാളിത്ത സ്വഭാവത്തെയും മനുഷ്യന്റെ നിയന്ത്രണത്തിനപ്പുറം നിൽക്കുന്ന പ്രകൃതിയെയും വെളിപ്പെടുത്തുന്നു. ഡോക്യുമെന്റ, വെനീസ് വേദികളിലെല്ലാം തന്നെ അദ്ദേഹം ശ്രദ്ധിക്കപ്പെട്ട കലാകാരനാണ്.**

## സ്റ്റുഡന്റ്സ് ബിനാലെ

വിദ്യാർത്ഥികൾക്കായുള്ള ബിനാലെ ഇത്തവണ വളരെ ശ്രദ്ധിക്കപ്പെട്ട ഒന്നായി മാറിയിരിക്കുന്നത് അവ ഉൾക്കൊള്ളിച്ച വർക്കുകളുടെ വൈവിധ്യത്തിൽ നിന്നാണ്.

5 വേദികളിലായി 24 ഓളം ക്യൂറേറ്റർസ് അവതരിപ്പിക്കുന്ന നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തിരിക്കുന്ന 2025-26 സ്റ്റുഡന്റ്സ് ബിനാലെ 10 പ്രൊജക്റ്റുകൾ വീതമുള്ള 7 സോ

ണുകളായാണ് ഒരുക്കിയിരിക്കുന്നത്. ഏഴ് സോണുകളും ഇന്ത്യയുടെ വിവിധ ഭൂപ്രദേശങ്ങളായി വിഭാവനം ചെയ്തിരിക്കുന്നു. ഇന്ത്യയുടെ വ്യത്യസ്തങ്ങളായ ദേശ- സംസ്കാരങ്ങളിൽനിന്നുരിത്തിരിഞ്ഞ കാഴ്ചപ്പാടുകളെയും കലാ ചിന്തകളെയും ഒന്നിച്ചുചേർത്തുക്കൊണ്ട് ഒരു പൊതു ഇടം ഒരുക്കിയിരിക്കുകയാണ്. ഇന്ത്യയിലെ വിദ്യാർഥികളോട് അടുത്ത് നിൽക്കുന്ന ഗാഭ, അംഗ ആർട്ട് കലകൂീവ്, സുധീഷ് കോട്ടേമ്പ്രം, ശീതൾ സി പി, സുകന്യ ദേവ് തുടങ്ങിയ ചെറുപ്പക്കാരായ ക്യുറേട്ടേഴ്സിനു വേദി നൽകുന്ന അതേ പ്രാധാന്യത്തോടെ പഠിച്ചിറങ്ങിയ - പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ വ്യത്യസ്ത ചിന്താഗതികളെ കൂടി അടയാളപ്പെടുത്താൻ വിദ്യാർത്ഥികൾക്കായുള്ള ബിനാലേക്ക് കഴിഞ്ഞു എന്നത് യാഥാർഥ്യമാണ്.

**ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ കാണാവുന്ന സ്ഥിരം വർക്കുകളിൽ നിന്നും വ്യത്യസ്ഥമായി മാളുവിന്റെ വർക്കുകൾ പുതിയൊരു കാഴ്ചയാണ് നൽകുന്നത്. അനു കെ ആന്റണി മുന്നോട്ട് വെക്കുന്ന സ്പിരിച്വൽ ലേബറിന്റെ നേർക്കാഴ്ചയാണ് സിസ്റ്ററുടെ ചിത്രങ്ങളിൽ തെളിയുന്നത്. പലപ്പോഴും കമ്മ്യൂണിറ്റിയുടെ പുറത്തു നിന്ന് മാത്രം വരയ്ക്കപ്പെടുന്ന ക്രിസ്തുവിന്റെ മണവാട്ടികളിൽ നിന്നും മാറി മാളുവിന്റെ ചിത്രങ്ങൾ അവരുടെ ജീവിത യാഥാർഥ്യങ്ങളിലേക്കും സങ്കീർണ്ണതകളിലേക്കും കാഴ്ചക്കാരെ കൊണ്ടെത്തിക്കുന്നു.**

ആറു എഡിഷനോടു കൂടി ബിനാലെ കേരളീയരുടെ കാഴ്ചാനുഭവത്തിലും ചിന്തയിലും വലിയ മാറ്റം സൃഷ്ടിച്ചു എന്നതിൽ സംശയമില്ല .പല ദ്വീപുകളും കായലുകളും പാലങ്ങളും പാടശേഖരങ്ങളും നിറഞ്ഞ ഒരു ഭൂപ്രദേശം പ്രകൃതിയുടെ വൈവിധ്യമാർന്ന നിറക്കൂട്ടാണ്.ആ ലോകത്ത് വിധ ലോകങ്ങളുടെ സമസ്യകൾ അവതരിപ്പിക്കുന്ന കലാകാരന്മാർ ഒത്തു ചേരുന്നു .ഇവിടെ കുട്ടികൾ കൂടി ഇതിന്റെ ഭാഗം ആകുന്നതോടെ അതിൻറെ മാസ്മരികത വർദ്ധിക്കുന്നു .നൈരന്തര്യം ഇത് ഉറപ്പാക്കുന്നു . അവസാനിക്കാത്ത കലാനുഭവമാണ് ഇവിടെ എല്ലാവരെയും കാത്തിരിക്കുന്നത് .




JOSCO TOURS & TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL & ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

● മുഖലേഖനം

ഇമലയാളി ആഗോള ചെറുകഥ
അവാർഡ് 2025 – 26



സക്കറിയയുടെ ശൈലിയിൽ എങ്ങനെ എഴുതണം എന്ന് പ്രോമ്പ്റ്റ് ചെയ്തു കൊടുത്താൽ അതുപോലെ സക്കറിയുടെ ശൈലി ആവിഷ്ക്കരിക്കാൻ ഇന്ന് ചാറ്റ് ജി പിടിക്കു കഴിയും. അസാധാരണമായ മാർഗങ്ങളാണ് ഇനി സാഹിത്യരംഗത്ത് വരാൻ പോകുന്നത്. അധ്യക്ഷ പ്രസംഗത്തിൽനിന്ന് ...

# ആമസോണിന്റെയും ചാറ്റ് ജി പി ടി യുടെയും കാലത്തെ
# മലയാളി എഴുത്തുകാർ...

ഡോ എം വി പിള്ള

കഥയോ കവിതയോ നിരൂപണമോ എഴുതിയില്ലെങ്കിലും ഞാൻ എങ്ങനെ സാഹിത്യ സമ്മേളനത്തിൽ അദ്ധ്യക്ഷനായി. എനിക്ക് ചെറിയൊരു യോഗ്യതയുണ്ട്. ഞാനൊരു ഓണാട്ടുകരക്കാരനാണ്. ഓണാട്ടുക്കരക്കാരെ കുറിച്ചുള്ള ക്രെഡിറ്റബിൽ അച്ചീവ്മെന്റ് എന്നുവച്ചാൽ ഇവിടെ ഇടവിളയായി നെൽകൃഷി ചെയ്യുന്നു. മീനം മേടം മാസങ്ങളിൽ എള്ള് കൃഷി ചെയ്യുന്നു. എള്ള് കൃഷികൊണ്ടുള്ള ഗുണം അത് നെൽകൃഷിക്ക് ഫലഭൂയിഷ്ഠമായ ഇടം ഒരുക്കികൊടുക്കുകയാണ്. അതു പോലെ ഞാൻ ഇടയ്ക്ക് സാഹിത്യകാര്യങ്ങളിൽ ഇടപെടാറുണ്ട്. ഇത് കൂടുതൽ ഊർജം തരുന്നു. അതിൽ കവിഞ്ഞ് പ്രത്യേകിച്ച് സാഹിത്യ സാംസ്കാരിക അവബോധം ഒന്നും എനിക്കില്ല. മലയാള സാഹിത്യത്തിന് ഇമലയാളി ചെയ്യുന്ന സേവനം അംഗീകരിക്കേണ്ടതാണ്. സമകാലികനായ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ശങ്കേഴ്സ് വീക്കിലി കാർട്ടൂൺ ഇന്റർനാഷ്ണൽ എക്സിബിഷന് നെഹ്റുവിന്റെ പിന്തുണ കിട്ടിയതുകൊണ്ടാണ് കാർട്ടൂണിസ്റ്റ് ശങ്കർ ഇന്ത്യക്ക് ഇത്രയും പ്രസിദ്ധി നേടിതന്നത്.

**ലോകം മുഴുവനുമുള്ള പുതിയ അഭിരുചികളെ കണ്ടെത്തി പുതിയ ആഖ്യാനത്തിന്റെ അതിരുകൾ കണ്ടെത്തിയ വളർത്തിയെടുത്ത ഒരു ചെറുകഥാ പ്രസ്ഥാനമാണ് ഇമലയാളിയുടേത്.**

അതുപോലെ മലയാളസാഹിത്യത്തിനും മലയാള സംസ്ക്കാരത്തിനും ഏറെ പിന്തുണ നല്കുന്ന അമേരിക്കയിലെ ഒരു സ്ഥാപനമാണ് ഇമലയാ




ളി. ഇതിന്റെ സാംസ്കാരിക പ്രസക്തി നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. അത്യപൂർവ്വമാണ് ഇത് . ധനസമ്പാദനത്തിന് ധാരാളം വാതായനങ്ങൾ തുറന്നു കിടക്കുന്ന രാജ്യത്ത് പത്ത് മുപ്പത് കൊല്ലമായി ഒരുപറ്റം മലയാളികൾ ,അവർക്ക് ഈ പത്രത്തിൽ നിന്ന് വലിയ ആദായമൊന്നും കിട്ടുന്നില്ല. ആത്മസംപ്തൃതി ലഭിക്കുന്നുണ്ടായിരിക്കും . ആത്മാവിഷ്കാരത്തിൽ നിന്നും ലഭിക്കുന്ന ആഹ്ലാദമുണ്ടാകാം . മലയാളപത്രം, ഇമലയാളി, ജനനി, കേരള എക്സ്പ്രസ് എന്നിങ്ങനെ നിരവധി പ്രസിദ്ധീകരണങ്ങൾ അവിടെ ഉണ്ട് . ഓരോ മാസവും ഓരോ ദിവസവും ഇമലയാളി വായിക്കുന്നവരുണ്ട്, കേരള എക്സ്പ്രസ് വായിക്കുന്നവരുണ്ട്. ജനനി വായിക്കുന്നവരുണ്ട്, ഇവരൊക്കെ എന്തുമാത്രം സമയമാണ് ചെവഴിക്കുന്നത്.

എന്തിനാണ് ഇത്രയധികം സമയം ചെവഴിക്കുന്നത്. അമേരിക്കയിൽ ധനസമ്പാദത്തിന് അനേകം മാർഗങ്ങൾ ഉള്ളപ്പോൾ അവർ എന്തിനാണ് ഇത്രയധികം സമയം ഇതിനു വേണ്ടി ചെലവഴിക്കുന്നത്. ഓരോ മണിക്കൂറും ഡോളറുകളാക്കി മാറ്റാവുന്ന അനേകം ഉപാധികളുണ്ട്. അതിലേക്കൊന്നും കണ്ണയയ്ക്കാതെ അക്ഷരങ്ങളുടെ ഈ ലോകത്ത് ഇവരെല്ലാം ഉത്തമസാധാരണക്കാരാണ്. ഇവരെല്ലാം കോട്ടയത്തുകാരാണ്. കോട്ടയത്തുനിന്നുള്ളവരാണ്.

**ഇന്റർനെറ്റ് വന്നതോടു കൂടി ലോക സാഹിത്യത്തിന്റെ നാനാശാഖയിലേക്ക് നേരിട്ട് കടന്നു ചെല്ലാൻ മലയാളിക്ക് കഴിഞ്ഞു. അതുകൊണ്ടാണ് ഇമലയാളിയുടെ ഈ അതീവ അഭിനന്ദനാർഹവും, അതീവ ഗൗരവകരവുമായ ഈ സാംസ്കാരിക ഉദ്യമത്തിന്റെ പ്രസക്തി. ഈ ഇന്റർനെറ്റ് വഴി കിട്ടിയ അറിവും, നരേഷനും, സ്റ്റൈലും ഇൻസ്പിരേഷനും അവരെ പുതിയ സാഹിത്യവിഭാഗമാക്കി മാറ്റിയിരിക്കുന്നു. ഈ ഇന്റർനെറ്റ് വഴി കിട്ടിയ അറിവും, നരേഷനും, സ്റ്റൈലും ഇൻസ്പിരേഷനും അവരെ പുതിയ സാഹിത്യവിഭാഗമാക്കി മാറ്റിയിരിക്കുന്നു. ഇവരുടെ പല ചെറുകഥകളും എനിക്ക് പരിശോധനയ്ക്ക് അയച്ചിരുന്നു. അവ മനോഹരമായിരുന്നു. ഓട്ടോ ടൈപ്പിൽ നിന്ന് മാറി സ്വതന്ത്ര ചിന്തയിലേക്ക് പുതിയ ചെറുകഥയെ വാർത്തെടുക്കുന്ന യുവ എഴുത്തുകാരെ കണ്ടെത്തിയത്. ഒരു ചെറിയ കാര്യമല്ല. ലോകം മുഴുവനുമുള്ള പുതിയ അഭിരുചികളെ കണ്ടെത്തി പുതിയ ആഖ്യാനത്തിന്റെ അതിരുകൾ കണ്ടെത്തിയ വളർത്തിയെടുത്ത ഒരു ചെറുകഥാ പ്രസ്ഥാനമാണ് ഇമലയാളിയുടേത്.**

കോട്ടയത്തിന്റെ പരിസരത്തു നിന്ന് ഇത്രയധികം മലയാളാഭാഷാസ്നേഹികൾ സാംസ്കാരിക പ്രവർത്തകർ എന്ത് കൊണ്ടു വന്നു എന്ന് . ഞാൻ കണ്ടത് കഴിഞ്ഞ ആഴ്ചയാണ്. എന്റെ കൊച്ചുമക്കളെയും കൊണ്ട് ഞാൻ കെ. കെ. റോഡ് വഴി കുമിളി വരെ പോയിരുന്നു. അടുത്തു കാണുന്ന സ്ഥലങ്ങളെല്ലാം പേരുകൾ എഴുത്തുകാരുടെയാണ്. സി.എം.എസ്. കോളേജിൽ നിന്ന് വന്നവരാണ് ഇവരെല്ലാം. കാരൂർ, പൊൻകുന്നമുണ്ട്. കട്ടപ്പനയുണ്ട്. ഇവരുടെ പേരുകൾ സ്ഥലപേരുകളിലൂടെയാണ് അറിയപ്പെടുന്നുത് പാമ്പാടി, തടാകത്തിന്റെയും റബ്ബറിന്റെയും, മദ്യത്തിന്റെയും അക്ഷരങ്ങളുടെയും നഗരിയായിട്ടാണ് കോട്ടയം അറിയപ്പെടുന്നത്. കോട്ടയം കാരാണോ അവരുടെ പ്രതിബദ്ധത അക്ഷരങ്ങളോടാണ്. അക്ഷരങ്ങളെ സ്നേഹിക്കുന്ന ഒരു പറ്റം ആൾക്കാർ അമേരിക്കയിൽ ഉള്ളതുകൊണ്ടാണ് മലയാളികളുടെ മനോനില അചഞ്ചലമായി നിൽക്കുന്നത്. ഓരോ ആഴ്ചയും ഓരോ ദിവസവും ഇമലയാളി വായിക്കുന്നവരുണ്ട്, കേരള എക്സ്പ്രസ് വായിക്കുന്നവരുണ്ട്. ജനനി വായിക്കുന്നവരുണ്ട്, മലയാളപത്രത്തിന്റെ പ്രബുല്ലരായിട്ടുള്ളവരുണ്ട്. അമേരിക്കയിലെ പ്രവാസജീവിതത്തിന്റെ കാഠിന്യം കുറയ്ക്കാൻ ഇക്കൂട്ടർ ചെയ്യുന്ന സേവനം അങ്ങേയറ്റം സ്തുത്യർഹമാണ്.അമേരിക്കയിലെ എഴുത്തുകാരെ ഇകഴ്ത്താൻ ഒരു നീക്കമുണ്ടായിരുന്നു. അതിനെ പുച്ഛിച്ചുകണ്ടിരുന്ന സാഹിത്യ പണ്ഡിതൻമാരുടെ

ഒരു സംഘം ഇവിടെയുണ്ടായിരുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരെ ന്നു പറഞ്ഞാൽ പൈങ്കിളി കഥകളെഴു തുന്ന ഒരു പറ്റം ആൾക്കാർ എന്നായി രുന്നു ആക്ഷേപം . അതിൽ നിന്നെല്ലാം മാറി .

മലയാള സാഹിത്യത്തിന്റെ പ്രബലമായ ശാഖ ചെറുകഥയാണെ ന്ന് നിങ്ങളെല്ലാം സമ്മതിക്കുന്നു.1891 ൽ വാസനാ വികൃതി എഴുതിയ വേങ്ങേൽ കുഞ്ഞിരാമൻനായർ തുട ങ്ങിവച്ച മലയാള ചെറുകഥാ പ്രസ്ഥാ നം. നോവൽ മരിക്കുന്നു എന്നു കേട്ടി ട്ടുണ്ട്. കവിതയുടെ ബൂമറിങ്ങും നാം കണ്ടു. ഉപന്യാസങ്ങളൊക്കെ അപൂർ വമായിരുന്നു. അതൊക്കെ ഇംഗ്ലീഷിൽ നിന്നു വന്നിട്ടുള്ള വിവർത്തനങ്ങളാണ്. ഇംഗ്ലീഷ് വായിക്കുന്ന അമേരിക്കയിൽ ഉള്ളവർക്ക് മലയാളത്തിലെ പ്രസിദ്ധീ കരണങ്ങളിലെ വിവർത്തനം വായി ച്ചതുകൊണ്ട് പ്രത്യേകിച്ചും ഒന്നും കിട്ടാനില്ല. ഇംഗ്ലീഷ് ഭാഷയിൽ വായിച്ച് ആർജ്ജിക്കുന്ന ഉപബോധം മലയാള വിവർത്തനങ്ങളിൽ എങ്ങനെയോ നഷ്ടപ്പെട്ടു പോകുന്നു. ഇത് പലതിലും കിട്ടാനില്ല. .മലയാള പ്രസിദ്ധീകരണ ങ്ങൾ തർജ്ജമ പാണ്ഡിത്യപ്രകടനത്തി നുള്ള ഉപാധിയായി ഉപയോഗിക്കുന്നു. ഇതിന്റെയൊന്നും ആവശ്യമില്ല.

മലയാള സാഹിത്യത്തിലെ ചെ റുകഥാ പ്രസ്ഥാനത്തെക്കുറിച്ച് പല കാലഘട്ടങ്ങളെ കുറിച്ച് നമുക്കറിയാം. വേങ്ങയിൽ കുഞ്ഞിരാമൻ നായരു ടെ കാലത്ത് ആരംഭിച്ച് പൊൻകുന്നം വർക്കിയും, കേശവദേവ്, തകഴിയും മൊക്കെ ഉണ്ടാക്കിയ സോഷ്യലിസ്റ്റ് റി യലിസത്തിന്റെ കാലഘട്ടം. അതു കഴി ഞ്ഞ് ആധുനികതയുടെ വരവ്. എം.ടി. യും,മുകുന്ദനും, സക്കറിയുംമൊക്കെ. പിന്നെ ഉത്തരാധുനികതയുടെ വരവ് വിജയനും കാക്കനാടനും അവിടെയും സക്കറിയയുണ്ട്.

കേരളത്തിൽ നിന്ന് ന്യൂഡൽഹി യിൽ താമസമാക്കിയവരാണ് മല യാളത്തിലെ ചെറുകഥയുടെ രണ്ടാം ഘട്ടത്തെ ധന്യമാക്കി തീർത്തത്. ഓ.വി.വിജയൻ, മുകുന്ദൻ, പിന്നെ ഞാനും . ഡൽഹിയിലെ താമസം ഒരു പാട് പുതിയ കൃതികളെ പരിചയ പ്പെടാൻ സാധിച്ചു. മലയാള കവിതയു കാൽപനികത അസ്തമിച്ചു നവ കാൽ പനികതയുടെ ആരംഭം ഈ ഡൽ ഹിവാസികളുടെ മലയാള കഥയിൽ കൂടിയാണ്. കാൽപനികത വർണ്ണിച്ച് വർണ്ണിച്ചു കൊണ്ടിരുന്ന ആ ഘട്ടത്തെ മാറ്റി നവകാൽപനികതയുടെ പ്രതീക ങ്ങളായി ബിംബങ്ങളായി മാത്രം കാൽ

**ഇന്ന് കഥകളുടെ ഭാവി തീരുമാനി ക്കുന്നത് ആമസോണാണ്. ഇന്നത്തെ അമേരിക്കയെ സംബന്ധിച്ചടത്തോളം സാഹിത്യവായനക്കാരൻ കൺസ്യൂമ റാണ്. ഉപഭോക്താവ്. കൺസ്യൂമറിസം കൊടികുത്തി വാഴുന്ന അമേരിക്ക യിൽ ബെസ്റ്റ് സെല്ലർ ആകണമെങ്കിൽ സാഹിത്യവായനക്കാരന്റെ അഭിരുചി ക്കനുസരിച്ച് നിന്നേ പറ്റൂ.**

പനിതയെ കണ്ടു. സുഗതകുമാരിയുടെ കൃഷ്ണാ നീ എന്നെ അറിയുന്നു, ചെ റിയാൻ കെ. ചെറിയാന്റെ കാളിയമർദ്ദ നം, ഓ.എൻ.വി. കുറുപ്പിന്റെ സ്വയവരം. ഇക്കൂട്ടരെല്ലാം ഡൽഹി സ്ക്കൂളിൽ നിന്ന് വന്നതാണ് . ആ പു തിയ അറിവിൽകൂടിയാണ് മലയാള സാഹിത്യത്തിന്റെ ആ രണ്ടാം തുടക്കം കുറിച്ചിരിക്കുന്നത്.

ഇന്ന് ഈമലയാളിയുടെ അദ്ധ്യക്ഷ തയിലുള്ള ഈ സാഹിത്യവേദി ലോക മാകെ പടർന്നിരിക്കുകയാണ്. കേര ളത്തിൽ കാലൂന്നി, ന്യൂഡൽഹിയിൽ കാലുകുത്തി, കുതിച്ചു ചാടി ലോകമാ കെ പടർന്നിരിക്കുന്ന സാഹിത്യകാരൻ മാരുടെ നിരയാണ് നമ്മൾ കാണുന്നത്. സാഹിത്യകാരൻ മാരുടെ ഒരു നിര യാണ് ഇവിടെ കാണുന്നത്. ഇവിടെ പ്രസക്തമായി തോന്നുന്നത് ഇന്റർനെ റ്റിന്റെ സ്വാധീനമാണ്. പണ്ടൊക്കെ കാരൂർ, എം.ടി. ഓ.വി.വിജയനെയും, സക്കറിയ, വി.കെ.എന്നിനെയും അനുകരിച്ച് എഴുതിയ ആൾക്കാരുണ്ട്. അവരുടെയെല്ലാം അനുകരണത്തിന് കിട്ടിയ മാർഗങ്ങൾ പരിമിതമായിരുന്നു. ഇന്റർനെറ്റ് വന്നതോടു കൂടി ലോകസാ ഹിത്യത്തിന്റെ നാനാശാഖയിലേക്ക് നേരിട്ട് കടന്നു ചെല്ലാൻ മലയാളിക്ക് കഴിഞ്ഞു. അതുകൊണ്ടാണ് ഇമലയാ ളിയുടെ ഈ അതീവ അഭിനന്ദനാ ർഹവും, അതീവ ഗൗരവകരവുമായ ഈ സാംസ്കാരിക ഉദ്യമത്തിന്റെ പ്ര



സക്തി. ഈ ഇന്റർനെറ്റ് വഴി കിട്ടിയ അറിവും, നരേഷനും, സ്റ്റൈലും ഇൻസ്പിരേഷനും അവരെ പുതിയ സാഹിത്യവിഭാഗമാക്കി മാറ്റിയിരിക്കുന്നു. ഇവരുടെ പല ചെറുകഥകളും എനിക്ക് പരിശോധനയ്ക്ക് അയച്ചിരുന്നു. അവ മനോഹരമായിരുന്നു. ഓട്ടോ ടൈപ്പിൽ നിന്ന് മാറി സ്വതന്ത്രചിന്തയിലേക്ക് പുതിയ ചെറുകഥയെ വാർത്തെടുക്കുന്ന യുവ എഴുത്തുകാരെ കണ്ടെത്തിയത്. ഒരു ചെറിയ കാര്യമല്ല. ലോകം മുഴുവനുമുള്ള പുതിയ അഭിരുചികളെ കണ്ടെത്തി പുതിയ ആഖ്യാനത്തിന്റെ അതിരുകൾ കണ്ടെത്തിയ വളർത്തിയെടുത്ത ഒരു ചെറുകഥാ പ്രസ്ഥാനമാണ് ഈമലയാളിയുടേത്.

ഇന്ന് കഥകളുടെ ഭാവി തീരുമാനിക്കുന്നത് ആമസോണാണ്. ഇന്നത്തെ അമേരിക്കയെ സംബന്ധിച്ചടത്തോളം സാഹിത്യവായനക്കാരൻ കൺസ്യൂമറാണ്. ഉപഭോക്താവ്. കൺസ്യൂമറിസം കൊടികുത്തി വാഴുന്ന അമേരിക്കയിൽ ബെസ്റ്റ് സെല്ലർ ആകണമെങ്കിൽ സാഹിത്യവായനക്കാരന്റെ അഭിരുചിക്കനുസരിച്ച് നിന്നേ പറ്റൂ. ഏറ്റവും നല്ല ഉദാഹരണം ജുംബാലാഹരി. ബംഗാൾ നിവാസിയാണെങ്കിലും വളർന്നത് ഇറ്റലിയിലായിരുന്നു. ആദ്യകാല ചെറുകഥകളൊക്കെ ബംഗാളിനെ ചുറ്റിപ്പറ്റി എഴുതി. ഒരു ഘട്ടം വന്നപ്പോൾ അമേരിക്കയിലെ സാഹിത്യനിരൂപകർ ഇവരെ വിമർശിച്ചു. ഇവർക്ക് ഇതുമാത്രമേ പറയാനുള്ളോ. അമേരിക്കൻ ജീവിതത്തെ പറ്റി ജുബാലഹരി ഒന്നു എഴുതാത്തതെന്തെന്ന് അവർ ചോദിച്ചു. അവർ പ്ലേറ്റ് മാറ്റി. അവർ ബ്രോഡ് അലയന്റിൽ താമസമാക്കി. അവിടെയുള്ള നാട്ടറിവുകളും മിത്തോളജിയെല്ലാം കൂട്ടിയിണക്കി എഴുതി. അപ്പോൾ അതാണ് രാജ്യത്തിന്റെ പ്രശ്നങ്ങൾ ആവിഷ്ക്കരിക്കാൻ ഇന്ത്യയുടെ പശ്ചാത്തലമോ ഇറ്റലിയുടെ പശ്ചാത്തലമോ ഉപയോഗിക്കുന്നതിന് പകരം അമേരിക്കകാർക്ക് റിലേറ്റ് ചെയ്യാവുന്നതും ചിരപരിചിതമായ ബിംബങ്ങളും അവതരിപ്പിച്ചതോടുകൂടി അവരും മുൻ നിരയിലെത്തി. ചെറിയാൻ കെ. ചെറിയാനും സുഗതകുമാരിയും ഒക്കെ എങ്ങനെ നവകാൽപനികത സൃഷ്ടിച്ചോ ചെറുകഥയിൽ ലോകത്തെമ്പാടുമുള്ള വിദേശമലയാളികൾ നവശാഖകൾ തുന്നിചേർക്കുകയാണ് അതിമനോഹരമായി. കൺസ്യൂമർ ഞങ്ങളൊക്കെയാണ് വായനക്കാർ. എഴുത്തുകാരൻ ഒരു സേവനദാതാവായി മാറിയിരിക്കുന്നു. കാരണം സാഹിത്യം ഉൽപന്നമായി മാറിക്കഴിഞ്ഞു. അത് മാർക്കറ്റ് ചെയ്യുന്നത് ആമസോണിന്റെ നേതാവാണ്. ആമ

**ഈ കൺസ്യൂമറിസത്തിൽ ആമസോൺ നിർബന്ധമാക്കുന്ന ഒരു കാര്യം കൂടിയുണ്ട്. ഇൻസ്റ്റന്റ് സാറ്റിഫാക്സഷൻ, ഇൻസന്റ് ഗ്രാന്റിഡ്യൂട് , കാരണം ഇപ്പോൾ സമയമില്ല. മലയാളത്തിൽ ആരാണ് ഇപ്പോൾ മഹാകാവ്യം എഴുതുന്നത്. ആരും വായിക്കില്ല. ഒരു ധനാഢ്യൻ ആകാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആമസോൺ നിർദ്ദേശിക്കുന്ന കൺസ്യൂമറിസത്തിന്റെ ഒരു മാനദണ്ഡം കൂടി ശ്രദ്ധിച്ചുകൊണ്ട് വേണം എഴുതാൻ.**

സോൺ പറയുന്നു നിങ്ങൾ എങ്ങനെ എഴുതിയാൽ കൂടുതൽ വിറ്റു പോകും ഇങ്ങനെ എഴുതിയില്ലെങ്കിൽ നിങ്ങൾക്ക് എഴുത്തുകാരെന്ന ഭാവി ഇല്ലാതാകും. ഈമലയാളി സൃഷ്ടിക്കുന്ന ഈ പുതിയ എഴുത്തുകാരുടെ സംഗമം ഇതുമനസിലാക്കിയിരിക്കണം. ആത്മസംതൃപ്തിക്കുവേണ്ടിയാണ് നിങ്ങൾ എഴുതുന്നതെങ്കിൽ കുഴപ്പമില്ല. ആത്മാവിഷ്കാരത്തിനുള്ള ജനൽ നിങ്ങൾ തുറക്കുകയാണെങ്കിൽ അവിടെയും കുഴപ്പമില്ല. എഴുത്തു ഒരു വരുമാനമാർഗമായി കാണുന്നുവെങ്കിൽ .ആമസോൺ ഡിറ്റേറ്റ്ക്സ്.. ഇന്ന് പ്രസിദ്ധീകരിച്ച ഒരു പുസ്തകം എത്ര വായനക്കാർ വായിച്ചുവെന്ന് ആമസോണിന് അറിയാൻ സാധിക്കും. എഴുത്തുകാരനെന്ന നിലയിൽ നിങ്ങൾ പബ്ലിഷിങിനോ ഒരു പൈസയും കൊടുക്കുന്നില്ല. സർഗാത്മകൃതി അവരെ ഏൽപിക്കുന്നു. അവർ പബ്ലിഷ് ചെയ്യുന്നു. എത്ര പേർ വായിക്കുന്നു എന്നതിനുസരിച്ച് പ്രതിഫലം കിട്ടുന്നു. ഇതാണ് അമേരിക്ക ഇന്ന് മുന്നോട്ടു വയ്ക്കുന്ന കൺസ്യൂമറിസം. ഈ കൺസ്യൂമറിസത്തിൽ ആമസോൺ നിർബന്ധമാക്കുന്ന ഒരു കാര്യം കൂടിയുണ്ട്. ഇൻസ്റ്റന്റ് സാറ്റിഫാക്സഷൻ, ഇൻസന്റ് ഗ്രാന്റിഡ്യൂട് , കാരണം ഇപ്പോൾ സമയമില്ല. മലയാളത്തിൽ ആരാണ് ഇപ്പോൾ മഹാകാവ്യം എഴുതുന്നത്. ആരും വായിക്കില്ല. ഒരു ധനാഢ്യൻ ആകാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആമസോൺ നിർദ്ദേശിക്കുന്ന കൺസ്യൂമറിസത്തിന്റെ ഒരു മാനദണ്ഡം കൂടി ശ്രദ്ധിച്ചുകൊണ്ട് വേണം എഴുതാൻ. ഇൻസന്റ് ഗ്രാകുഞ്ചൻനമ്പ്യാരുടെ വരികൾ കനകം മൂലം കാമിനി മൂലം കലഹം പലവിധം ഉലകിൽ സുലഭം . സ്വർണ്ണം കടത്തിനെ കുറിച്ചുള്ള വിവരങ്ങളും , രാഷ്ട്രീയരംഗത്ത് കാമിനി മാർ വരുത്തീതീർക്കുന്ന വിനകളും ഒക്കെ എഴുതിയാൽ വിറ്കാറഴിയും .കാരണം ജനങ്ങൾക്ക് അതാണ് താൽപര്യം ഇൻസ്റ്റന്റ് ഗ്രാറ്റിഫിക്കേഷൻ നൽകുന്ന രചനകളിലേക്ക് നമ്മളെ വലിച്ചിഴച്ചു കൊണ്ടുപോകുകയാണ്. വിദേശമലയാളികൾ സാഹിത്യപ്രവർത്തനത്തിൽ ഏർപ്പെടുന്നത് അതിൽ നിന്ന വരുമാനമാർഗം ആഗ്രഹിച്ചല്ല. ആത്മാവിഷ്കാരത്തിലൂടെ ലഭിക്കുന്ന നിർവൃതി തേടിയാണ് പോകുന്നത്. അതുപോലെയാണ് ഇമലയാളിയുടെ പ്രവർത്തനം. നെഹ്റുവും ശങ്കറും ചേർന്ന് അന്തർദേശീയ തലത്തിൽ കാർട്ടൂൺ കോമ്പറ്റീഷൻ നടത്തിയതുപോലെ കൊച്ചു കേരളത്തിൽ കോട്ടയത്തു നിന്നും ഒരു പറ്റം ആളുകൾ അമേരിക്കയിൽ എത്തി ആഗോള തലത്തിൽ മലയാള ഭാഷയെ പിടിച്ചു നിർത്തുന്നു. എല്ലാ ഭാവുകങ്ങളും നമ്മൾ അവർക്ക് നേരണം. സക്കറിയയുടെ ശൈലിയിൽ എങ്ങനെ എഴുതണം എന്ന് പ്രോമ്റ്റ് ചെയ്തു കൊടുത്താൽ അതുപോലെ സക്കറിയുടെ ശൈലി ആവിഷ്ക്കരിക്കാൻ ഇന്ന് ചാറ്റ് ജി പിടിക്കു കഴിയും. അസാധാരണമായ മാർഗങ്ങളാണ് ഇനി സാഹിത്യ രംഗത്ത് വരാൻ പോകുന്നത്.

# PLAN FOR PEACE OF MIND

## *Make your choices now*



**SouthPark**

**FUNERAL HOME • CEMETERY**
**CREMATORY**

**Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.**

**With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.**

### Our Complete Services Include:

- Cemetery Burial Spaces
- Funeral & Memorial Services
- Caskets & Outer Burial Containers
- Memorials (Headstones) | Opening & Closing
- Safely Home Protection



**Personal consultation available by appointment.**

**Sunil John Korah**
**Community Relations Director**
1-813-409-9050
1310 North Main St,
Pearland, TX 77581
sunil.korah@nsmg.com



ഇ-മലയാളി
ആഗോള കഥാമത്സരം 2025




സമ്മാനജേതാക്കൾ വേദിയിൽ അതിഥികൾക്കൊപ്പം

# കഥയെഴുത്തിന്റെ ആഘോഷം

## പ്രോട്ടോടൈപ്പിൽ നിന്ന് സ്വതന്ത്ര ചിന്തയിലേയ്ക്ക് വഴിമാറിയ എഴുത്തുകാരെ വാർത്തെടുക്കുന്ന രചനാ മൽസരം മലയാളിയുടെ ആശയും ആശങ്കയും പങ്കുവെയ്ക്കുന്ന വേദിയായി

**എ.എസ് ശ്രീകുമാർ**

മലയാള സാഹിത്യത്തിലെ സർഗ പ്രതിഭകളും എഴുത്തിനെ ഒരു തപസ്യ പോലെ നെഞ്ചേറ്റിയവരും അനുവാചകരും സംഗമിച്ച വേദിയിൽ അമേരിക്കൻ മലയാളികളുടെ ജനപ്രിയ ഓൺലൈൻ പോർട്ടലായ ഇ മലയാളി നടത്തിയ 2025-ലെ ചെറുകഥാ മത്സര വിജയികൾക്കുള്ള പുരസ്കാരങ്ങൾ സമ്മാനിക്കപ്പെട്ടു. കൊച്ചി ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ നടന്ന ലളിതമായ ചടങ്ങിൽ ലോകോത്തര ഓങ്കോളജിസ്റ്റും അമേരിക്കയിൽ മലയാള ഭാഷയുടെ അംബാസിഡറുമായ ഡോ. എം.വി പിള്ളയുടെയും മലയാള സാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ പ്രമുഖ ചെറുകഥാകൃത്തും നോവലിസ്റ്റുമായ സക്കറിയയുടെയും സാന്നിധ്യം അനുഗ്രഹീതമായി.






സന്ധ്യ ഇ




ശ്രീകുമാർ
ഭാസ്കരൻ



സക്കറിയ

**വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ കാലത്ത് ആരംഭിച്ച ചെറുകഥാ പ്രസ്ഥാനം ഇന്നും ശക്തിയാർജിച്ച് നിൽക്കുന്നുവെന്നും ഇന്റർനെറ്റിലൂടെ അത് വിശ്വസാഹിത്യത്തിന്റെ മേച്ചിൽപ്പുറങ്ങളിൽ നിറസാന്നിധ്യമറിയിച്ചിരിക്കുന്നുവെന്നും ഡോ. എം.വി പിള്ള**

പ്രോട്ടോടൈപ്പിൽ നിന്ന് സ്വതന്ത്ര ചിന്തയിലേയ്ക്ക് വഴിമാറിയ എഴുത്തുകാരെ വാർത്തെടുക്കാൻ ഈ രചനാ മൽസരത്തിലൂടെ ഇ മലയാളിക്ക് കഴിഞ്ഞുവെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ഡോ. എം.വി പിള്ള പറഞ്ഞു.

മലയാളത്തിലെ ആദ്യത്തെ ചെറുകഥയായ 'വാസനാവികൃതി' എഴുതിയ പത്രപ്രവർത്തകനും ഉപന്യാസകാരനും നിരൂപകനുമായിരുന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ കാലത്ത് ആരംഭിച്ച ചെറുകഥാ പ്രസ്ഥാനം ഇന്നും ശക്തിയാർജിച്ച് നിൽക്കുന്നുവെന്നും ഇന്റർനെറ്റിലൂടെ അത് വിശ്വസാഹിത്യത്തിന്റെ മേച്ചിൽപ്പുറങ്ങളിൽ നിറസാന്നിധ്യമറിയിച്ചിരിക്കുന്നുവെന്നും ഡോ. എം.വി പിള്ള ചൂണ്ടിക്കാട്ടി.(മുഖ ലേഖനം കാണുക)

## വർഗീയമായ അധഃപതനം ജീവിതം ദുസ്സഹമാക്കുന്നു : സക്കറിയ

എഴുത്തുകാരുടെ ക്രിയേറ്റിവിറ്റി നിയന്ത്രിക്കുന്ന ചാറ്റ്ജിപിറ്റിയുടെ ശിഷ്യനാണ് താനെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത സക്കറിയ പറഞ്ഞു. ജാതീയമായ അടിസ്ഥാനത്തിൽ സാഹിത്യ സംഘടനകൾ രൂപീകരിക്കപ്പെടുന്ന ആധുനിക കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയുള്ള സാംസ്കാരിക കൂട്ടായ്മകളെയാണ് ഇപ്പോൾ കാണുന്നത്. വർഗീയമായ ഈ അധഃപതനം ജീവിതം ദുസ്സഹമാക്കുന്നു. മതസൗഹാർദ്ദത്തിന്റെ അടിത്തറ പൊളിഞ്ഞാൽ കഠിനമായ ഒരു ഭാവിയെയായിരിക്കും അഭിമുഖികരിക്കേണ്ടിവരികയെന്ന് സക്കറിയ അഭിപ്രായപ്പെട്ടു.

ഉത്തരാധുനികത പോലും പഴഞ്ചനായി മാറിയ സാഹചര്യത്തിൽ അതിനിടയിലൂടെ എഴുത്തിന്റെ പുത്തൻ പാത വെട്ടിത്തെളിച്ച പുരസ്ക്കാര ജേതാക്കൾ അഭിനന്ദനം അർഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ന മതവിശ്വാസിയുടെ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കരുത് എന്ന് പറയുന്ന ഈ കാലഘട്ടത്തിൽ മലയാളിയുടെ വ്യക്തിത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. എന്നാൽ ഇ മലയാളിയുടെ സാഹിത്യ സംബന്ധിയായ മുന്നേറ്റങ്ങൾ സ്വന്തം ഭാഷയെ ലോകത്തിന്റെ നിറുകയിലേക്കെത്തിക്കുന്നതാണെന്ന് സക്കറിയ ആശംസിച്ചു.

**വർഗീയമായ അധഃപതനം ജീവിതം ദുസ്സഹമാക്കുന്നു. മതസൗഹാർദ്ദത്തിന്റെ അടിത്തറ പൊളിഞ്ഞാൽ കഠിനമായ ഒരു ഭാവിയെയായിരിക്കും അഭിമുഖികരിക്കേണ്ടിവരികയെന്ന് സക്കറിയ**

## നാടിന്റെ നാവാണ് എഴുത്ത് : ദലീമ ജോജോ എം.എൽ.എ

ഇമലയാളി അവാർഡ് നൈറ്റിൽ അതിഥിയായി എത്തിയ പ്രശസ്ത ഗായികയും എം.എൽ.എ.യുമായ ഡലിമ ജോജോ മലയാള സാഹിത്യത്തെ തെയും ജന്മനാടിനെയും സ്നേഹിക്കുന്നവരാണ് വിദേശ മലയാളികളെന്നും എഴുത്തുകാരെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഇമലയാളിയുടെ പ്രവർത്തനം അഭിനന്ദനാർഹമാണെന്നും അവർ വ്യക്തമാക്കി.

ഒരു നാടിന്റെ നാവാണ് എഴുത്ത്. അതിനെ സ്നേഹിക്കുവാനും കരുതുവാനുമുള്ള മനസ്സാണ് ഇമലയാളിയുടെ ഈ പ്രോഗ്രാമിലൂടെ തനിക്ക് തിരിച്ചറിയുവാൻ സാധിക്കുന്നുണ്ടെന്നും അവർ വ്യക്തമാക്കി..എന്തു ചെയ്യണം എന്നറിയാത്ത അവസ്ഥയിലാണ് ഞാൻ രാഷ്ട്രീയത്തിലേക്ക് വന്നത്.



**രാജേശ്വരി ജി നായർ**

കാരണം ചുറ്റുമുള്ള ഒരു പാടു പേരുടെ സങ്കടങ്ങൾ കേൾക്കുന്നു. അങ്ങനെയുള്ള സന്ദർഭത്തിലാണ് തോമസ് ജേക്കബ് കടന്നുവരുന്നത്. അത് ഒരു ദൈവീകമായ ഇടപെടലായിട്ടാണ് കാണുന്നത്. ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു പറ്റം ആളുകളുടെ അടുത്താണ് ഞാനിരിക്കുന്നത്. നമ്മുടെ നാടിന് ഒത്തിരി നന്മകളുണ്ട്. അത് നഷ്ടപ്പെടുന്ന കാലത്താണ് നാം ഉള്ളത്. പലരും സ്വാർത്ഥരായി ജീവിക്കുന്നു. അല്ലെങ്കിൽ മതപരമായി മാത്രം സഹായങ്ങൾ ചെയ്യുന്ന ഒരു കാലത്താണ് നമ്മൾ ഉള്ളത്. ജാതിമതഭേദമെന്യേ ഒറ്റക്കെട്ടായി മുന്നോട്ടു പോകുന്ന ഒരു സംവിധാനമാണ് നമുക്കുള്ളത്. ഓണം നമുക്ക് സ്വന്തമായിട്ടുള്ളതാണ്. ഓണത്തിന്റെ മഹത്വവും അതുതന്നെയാണ്.

എഴുത്ത് തനിക്ക് ഇഷ്ടമാണെന്നും പണ്ട് എഴുത്തിന് തുടക്കം കുറിക്കാൻ ശ്രമിച്ചതാണെന്നും അവർ വ്യക്തമാക്കി. ഒരു കഥയെഴുതണമെന്ന് ആഗ്രഹിച്ചിരുന്നു. പാട്ടുമാത്രമല്ല എഴുത്തും എനിക്ക് ഇഷ്ടമാണ്. എന്റെ അച്ഛന്റെ അനുജനൊക്കെ എഴുത്തുകാരായിരുന്നു. നല്ലൊരു ഗായകനുമായിരുന്നു. അവരൊക്കെ കവിതയായിരുന്നു എഴുതിയിരുന്നത്. പണ്ട് കഥകളൊക്കെ ഒത്തിരി വായിക്കുമായിരുന്നു. എഴുത്തുകാരെ വളരെയധികം സ്നേഹിക്കുന്നയാളാണ് ഞാൻ. അതുപോലെ തന്നെ പാട്ടും. പാടുമ്പോൾ അതിലെ എഴുത്തിലൂടെ സഞ്ചരിച്ചാൽ മാത്രമേ അത് പൂർണ്ണമാകുകയുള്ളൂ. ഇപ്പോൾ കവിത പാടുന്നവർ അതിലെ എഴുത്ത് ശ്രദ്ധിക്കാതെയാണ് പാടുന്നത്. അങ്ങനെ വരുമ്പോൾ അതിന്റെ ഫീൽ ലഭിക്കില്ല. പാട്ടിലെ എഴുത്തിലൂടെ സഞ്ചരിക്കുമ്പോഴാണ് അത് പൂർണ്ണമാകുന്നതെന്നാണ് എന്റെ വിശ്വാസം. ഇനി പറയാനുള്ളത് ചാരിറ്റിയെകുറിച്ചാണ് രാഷ്ട്രീയത്തിലേക്ക് വന്നതുകൊണ്ടു മാത്രമല്ല, പണ്ടുമുതലേ ഇത് ഉള്ളിൽ



**രാഷ്ട്രീയജീവിതത്തിലേക്ക് വന്നപ്പോൾ ഒരു കോടി വ്യഥകളുടെ നടുവിൽ നിൽക്കുകയാണ്. ആ വ്യഥകളിലൊക്കെ സഹായമനസുമായി വരുന്ന ഒരുപാടുപേർ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ദലീമ ജോജോ എം എൽ എ**

തിങ്ങിനിറഞ്ഞു നിൽക്കുന്നതാണ്. എരിയുന്ന മാനവദുഃഖങ്ങളിൽ തട്ടി പതിയെ ഞാൻ പതനത്തിൻ പടി.കയറി.. ഒടുവിലെൻ അരികിൽ മരിക്കുന്ന ഒരു കോടി വ്യഥകളിൽ ഞാൻ ഉലയുന്നു. എന്നൊക്കെ വർഷങ്ങൾക്ക് മുമ്പേ എഴുതി എഴുതി വച്ചിട്ടുള്ളതാണ്.

ഈ രാഷ്ട്രീയജീവിതത്തിലേക്ക് വന്നപ്പോൾ ഒരു കോടി വ്യഥകളുടെ നടുവിൽ നിൽക്കുകയാണ്. ആ വ്യഥകളിലൊക്കെ സഹായമനസുമായി വരുന്ന ഒരുപാടുപേർ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. സാഹിത്യകൃതികളെ വളർത്തുന്നതിനുള്ള ഒരു സംരംഭമാണ് ഇവിടെ നടക്കുന്നത്. അത് നന്നായി നടക്കട്ടെ, അതൊടൊപ്പം തന്നെ നിങ്ങൾ സമൂഹത്തിന് ചെയ്യുന്ന നല്ലകാര്യങ്ങൾ. നമ്മളെല്ലാം മനുഷ്യരാണ്. പഠനങ്ങൾ പറയുന്നത് വനത്തിൽ നിന്നും കാട്ടിൽ നിന്നുമൊക്കെ ജനിച്ചുവന്നരാണ് നമ്മൾ. മഹത്വം പറയുമ്പോൾ ചിലർ പറയും ഞാൻ ഉന്നത കുലജാതനാണ്. അടുത്ത ജന്മത്തിൽ ഉന്നതകുലജാതനായി ജനിക്കണമെന്ന് പറയുന്നവരൊക്കെയുണ്ട്. അതെല്ലാം തെറ്റിദ്ധാരണകൾ മാത്രമാണ്. നമ്മളെല്ലാം മനുഷ്യർ മാത്രമാണ്. കുറച്ചു പേർ വെളുത്തു ജീവിക്കുന്നു. കുറച്ചു പേർ കറുത്തു ജീവിക്കുന്നു. ദൈവം ചിലരെ ഭാഗ്യം കൊണ്ട് അനുഗ്രഹിക്കും. ദൈവം തന്ന സമ്പാദ്യങ്ങളൊക്കെ നമുക്കുണ്ടാകും. പക്ഷെ കടന്നു പോകുമ്പോൾ എല്ലാം ക്ഷണികമാണ്. അത്



ദീപ കെ എൻ

സത്യമാണെന്ന് വിശ്വസിച്ചുകൊണ്ട് നന്മകൾ ചെയതു പോകാൻ എല്ലാവർക്കും സാധിക്കണം

**പ്രത്യാശയുടെ സുവിശേഷം : പ്രൊഫ. ബാബു എബ്രഹാം**

എഴുത്തിലേക്ക് പുതിയ വഴി വെട്ടിത്തെളിച്ചു വന്നവരെ അഭിനന്ദിക്കുന്നുവെന്നും പ്രവാസത്തിന്റെ ഗൃഹാതുരത്വത്തിൽ നിന്നാണോ എഴുത്തിലേക്ക് താൻ കടന്നു വന്നത് എന്നറിയില്ലെന്നും 'കമ്പിളികണ്ടത്തെ കൽഭരണികൾ' എന്ന ശ്രദ്ധേയമായ പുസ്തകമെഴുതിയ പ്രമുഖ എഴുത്തുകാരനും ചരിത്രകാരനുമായ പ്രൊഫ. ബാബു എബ്രഹാം പറഞ്ഞു. മനുഷ്യനെ നിർവചിക്കുന്നത് ഒരിക്കലും മതങ്ങൾ ആവരുത്. മതങ്ങൾ വരച്ചിട്ടിരിക്കുന്ന ചതുരക്കളങ്ങൾ വിട്ട് മറ്റൊരു കളത്തിലേക്ക് മാറിപ്പോയി ചേർത്തു പിടിക്കാൻ കഴിയുമ്പോഴാണ് മനുഷ്യനാവുന്നത്. കമ്പിളികണ്ടത്തെ കൽഭരണികളിൽ ഇല്ലായ്മകളുടെ വാചാലത ഇല്ല. പക്ഷേ, പ്രത്യാശയുടെ സുവിശേഷമുണ്ടെന്ന് പ്രൊഫ. ബാബു എബ്രഹാം വ്യക്തമാക്കുന്നു.

പ്രവാസജീവിതത്തിന്റെ സങ്കീർണതകളും മതജാതി അതിർവരമ്പുകൾക്കപ്പുറമുള്ള മനുഷ്യസ്നേഹത്തിന്റെ രാഷ്ട്രീയം കൂടി ആഴത്തിൽ തുറന്നുകാട്ടിയ പ്രഭാഷണമാണ് പ്രൊഫ.ബാബു എബ്രഹാം നടത്തിയത്. തന്റെ കൃതിയായ കമ്പിളിക്കണ്ടത്തിലെ കൽഭരണികളെ ആസ്പദമാക്കി സംസാരിച്ച അദ്ദേഹം, കുടിയേറ്റം ഒരു 'പുഴ'യാണെന്നും അതിന് ഒരുപോലെ ഒറ്റയ്ക്കും കൂട്ടായും ഒഴുകുന്ന സ്വഭാവമുണ്ടെന്നും അഭിപ്രായപ്പെട്ടു.

കുടിയേറ്റത്തിന്റെ ഒഴുക്കിൽ മതവും ജാതിയും സമുദായവും വരച്ചിടുന്ന അതിർവരമ്പുകൾ മറികടന്ന് സ്നേഹിക്കാനും കരുതൽ നൽകാനും പഠിപ്പിക്കുന്ന അനുഭവരേഖയാണ് തന്റെ പുസ്തകത്തിന്റെ ഉള്ളടക്കമെന്നും എന്ന് അദ്ദേഹം വ്യക്തമാക്കി. ''നമ്മൾ ഒറ്റയ്ക്ക് ഒഴുകുന്ന പുഴയാണോ, അല്ലെങ്കിൽ അടുത്ത തലമുറയുടെ ഒഴുക്കിനൊപ്പം ചേർന്ന് ഒഴുകുന്നുണ്ടോ എന്നത് ആത്മപരിശോധന ആവശ്യപ്പെടുന്ന ചോദ്യമാണ്,'' എന്നും അദ്ദേഹം പറഞ്ഞു.



ഇല്ലായ്മകളുടെയും സങ്കടങ്ങളുടെയും സാക്ഷ്യങ്ങളാണ് നമ്മളെ നമ്മളാക്കുന്നതെന്നും, ഇന്നത്തെ വേദനകളെ മാത്രം മഹത്വവൽക്കരിക്കാതെ ഭൂതകാലത്തെ ഓർത്താൽ ഇന്നത്തെ പ്രശ്നങ്ങളെ ചിരിയോടെ നേരിടാൻ കഴിയുമെന്നും ബാബു എബ്രഹാം

സ്വയം 'എഴുത്തുകാരൻ' എന്ന അവകാശവാദം ഉന്നയിക്കാതെ, പ്രവാസജീവിതത്തിലെ ദുഃഖാനുഭവങ്ങളാണ് എഴുത്തിലേക്ക് നയിച്ചതെന്ന് പറഞ്ഞ ബാബു എബ്രഹാം, മതം മനുഷ്യനെ നിർവചിക്കരുതെന്നും, മനുഷ്യനെ കൂടുതൽ നല്ല മനുഷ്യനാക്കാൻ സഹായിക്കുന്നിടത്തോളം മാത്രമേ മതങ്ങൾക്ക് മൂല്യമുണ്ടാവൂ എന്നും അഭിപ്രായപ്പെട്ടു. ഒരു മനുഷ്യനെ മതപരമായ പേരു കേട്ട് വിധിക്കുന്ന മനോഭാവം തന്നെ ആത്മീയ പരാജയമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മതചിന്തകളെ വിമർശിക്കുന്നത് സ്നേഹത്തിൽ നിന്നുള്ള സ്വാഭാവിക പ്രതികരണമാണെന്നും, വിമർശനത്തെ ഭയപ്പെടേണ്ടതില്ലെന്നും പ്രഭാഷണം ഓർമ്മിപ്പിച്ചു. ''സ്നേഹിക്കാത്തതും കരുതൽ നൽകാത്തതും നല്ലതല്ല. മനുഷ്യനെ സ്നേഹിക്കാൻ പഠിപ്പിക്കുന്നിടത്താണ് മതത്തിന്റെ യഥാർത്ഥ പ്രസക്തി,''

കൃതി ദാരിദ്ര്യത്തെ മഹത്വവൽക്കരിക്കുന്നതല്ല, മറിച്ച് പ്രത്യാശയുടെ സുവിശേഷമാണെന്നും അദ്ദേഹം പറഞ്ഞു. ഇല്ലായ്മകളുടെയും സങ്കടങ്ങളുടെയും സാക്ഷ്യങ്ങളാണ് നമ്മ



മേഘനാഥൻ

ളെ നമ്മളാക്കുന്നതെന്നും, ഇന്നത്തെ വേദനകളെ മാത്രം മഹത്വവൽക്കരിക്കാതെ ഭൂതകാലത്തെ ഓർത്താൽ ഇന്നത്തെ പ്രശ്നങ്ങളെ ചിരിയോടെ നേരിടാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുസ്തകം സ്വീകരിക്കപ്പെട്ടത് വിപണിവിജയത്തിന്റെ പേരിലല്ല, വായനക്കാർക്ക് സ്വന്തം ജീവിതത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ അതിലെ താളുകളിൽ കണ്ടതുകൊണ്ടാണ് .

താൻ എഴുതിയ'അന്നമ്മ മേരിയുടെ കഥ ' ഒരാളുടെ മാത്രം കഥയല്ല; മക്കൾക്കായി ത്യാഗം സഹിച്ച എല്ലാ വിലാസിനിമാരുടെയും മറിയാമ്മമാരുടെയും ഫാത്തിമമാരുടെയും പ്രതീകമാണതെന്നും, അതിൽ മതപരമായ വേർതിരിവുകളില്ലെന്നും അദ്ദേഹം പറഞ്ഞു. തന്റെ 26-ാം വയസുവരെ നീളുന്ന ജീവിതാനുഭവങ്ങളാണ് കൽഭരണികളിലെ അടിസ്ഥാനം; ഇല്ലായ്മയിൽ നിന്ന് കരകയറാൻ പഠിപ്പിച്ച ഒരു സ്ത്രീയുടെ ചരിത്രമാണ് അത് .

പ്രവാസികളായ മാതാപിതാക്കളുടെ ആശങ്കകളിലേക്കും അദ്ദേഹം ശ്രദ്ധ തിരിച്ചു. കുട്ടികളുടെ വിദ്യാഭ്യാസവും സാമ്പത്തികവിജയവും മാത്രമല്ല, അവരുടെ വ്യക്തിജീവിത തീരുമാനങ്ങളോടുള്ള തുറന്ന സമീപനവും ആവശ്യമാണ് എന്ന് പറഞ്ഞ അദ്ദേഹം, ''നമ്മൾ സൃഷ്ടിക്കുന്ന സുരക്ഷിത മതിലുകൾ പലപ്പോഴും നമ്മുടെ തന്നെ ഭയങ്ങളിൽ നിന്നാണ്,'' . സത്യസന്ധതയും പരദർശിതയുമാണ് പുതിയ തലമുറ മാതാപിതാക്കളിൽ നിന്ന് ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കമ്പിളിക്കണ്ടത്തിലെ കൽഭരണികൾ ഒരു സ്തോത്രഗീതവും കൃതജ്ഞതാരാധനയുമാണെന്ന് രചയിതാവ് വ്യക്തമാക്കി.

തുടർന്ന് ഇ മലയാളിയുടെ 2025-ലെ ആഗോള ചെറുകഥ മത്സര വിജയിക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യപ്പെട്ടു. 50,000 രൂപയുടെ ഒന്നാം സമ്മാനം രണ്ടു പേർ പങ്കിട്ടു. ഇ സന്ധ്യ (വയലറ്റ് നിറമുള്ള പാമ്പുകൾ), ശ്രീകുമാർ ഭാസ്കരൻ (ലാസ്റ്റ് സപ്പർ) എന്നിവർക്ക് ഡോ. എം.വി പിള്ള പുരസ്കാരം നൽകി. 25,000 രൂപയുടെ രണ്ടാം സമ്മാനത്തിന് രാ



ഷജിബുദീൻ ബി



ജോർജ് ജോസഫ് ഫോമ നേതാക്കൾക്കൊപ്പം



**റഹിമ ബി**

ജേശ്വരി ജിയുടെ 'മരിയയുടെ ചില സങ്കടങ്ങൾ' അർഹമായി. 15000 രൂപയുടെ കാഷ് അവാർഡ് ഉള്ള മൂന്നാം സമ്മാനം ഷജിബുദീൻ ബി സ്വീകരിച്ചു .പതിനൊന്നു പേർക്ക് ജൂറി സമ്മാനവും മൂന്ന് പേർക്ക് സ്പെഷ്യൽ ജൂറി അവാർഡും ലഭിച്ചു.

ജൂറി സമ്മാനം: റഹിമാബി മൊയ്ദീൻ (അകം പുറം), അനീഷ് ചാക്കോ (ഷാർക്ക് ഗെയിംസ്), ജെസി ജിജി (കാലം തെറ്റി പൂത്ത കണിക്കൊന്നകൾ), ജോൺ വേറ്റം (അയൽക്കാരന്റെ സ്നേഹം), രമ പിഷാരടി (പക്ഷിക്കൂട്ടം), മേഘനാഥൻ (ഭാഗ്യതെരുവ്), ദീപ നാരായണൻ (വൃദ്ധാലയം), ശ്രീലേഖ എൽ. കെ. (തഹസിൽദാരുടെ ഭാര്യ), ആൻസി സാജൻ (കാസയും പിലാസയും), കെ.ബി. പവിത്രൻ (താക്കോൽ ദ്വാരത്തിലെ റോസാപ്പൂവ്), ഗിരീഷ് രാജ സി (മെർ



ജെർസ് & അക്വിസിഷൻസ്). സ്പെഷൽ ജൂറി സമ്മാനം: സുദർശൻ കോടത്ത് (അൻസിദ ഗിൽബറ്റി), രമ്യ രതീഷ് (ബെൽ), ചിഞ്ചു തോമസ് (മണിമലയാർ)

കർമഭൂമിയിലും ജന്മഭൂമിയിലും മലയാള ഭാഷയെ നെഞ്ചോടു ചേർത്തു നിർത്താനുള്ള ഉൾക്കടമായ ആഗ്രഹത്തിന്റെയും കടമയുടെയും ഭാഗമായാണ് ആഗോള മലയാളികൾക്കായി ഇ മലയാളി വർഷം തോറും ചെറുകഥാ മത്സരം സംഘടിപ്പിക്കുന്നത്. ചടങ്ങിൽ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ഐ.പി.സി.എൻ.എ നാഷണൽ പ്രസിഡന്റ് രാജു പള്ളത്ത് തുടങ്ങിയവർ ആശംസകൾ നേർന്നു. ഇ മലയാളി എഡിറ്റർ ഇൻ ചീഫ് ജോർജ് ജോസഫ് സ്വാഗതം ആശംസിച്ചു. സാമൂഹിക പ്രവർത്തകനും സംഘാടകനുമായ മാത്യു വർഗീസ് ആയിരുന്നു മാസ്റ്റർ ഓഫ് സെറിമണി.



**രമ്യ രതീഷ്**



‘Making Memorials all over the USA, Canada and India’
MUKKUT
MONUMENTS INC.
Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com

● ചെറുകഥ





◉ സിന്ധു തോമസ്

*വര:*
**പി ആർ രാജൻ**

# വർക്കിയുടെ സുവിശേഷം അവസാന അദ്ധ്യായം

‘പൊട്ടുപിടിച്ച ഈ ചെക്കനേം കൊണ്ട് വർക്കി മാപ്ല ഇനി എന്നാ ചെയ്യും? അയാൾക്കടെ കമ്മ്യൂണിസവും സിന്ദാബാദ് വിളിയും പോലല്ല പത്തിരുപത്തഞ്ച് വയസ്സായ ചെറുക്കന്റെ കാര്യങ്ങളാ‘ ... മരണ വീടിന്റെ ഓരം ചേർന്ന് നിന്ന് പലരും ഇക്കാര്യം സ്വയം ചോദിക്കുകയും ചിലരെങ്കിലും ഈ ആശങ്ക മറ്റുള്ളവരോട് പങ്കുവയ്ക്കുകയും ചെയ്തു .വർക്കിടെ ഭാര്യ ഏലമ്മ തനിക്കായി മാത്രം തയ്യാർ ചെയ്ത പന്തലിൽ പ്രിയപ്പെട്ടവർക്ക് നടുവിലായി കണ്ണുകൾ എന്നെന്നേക്കുമായി അടച്ചു കിടന്നു.

മാർക്സും ലെനിനും സ്റ്റാലിനും ഒക്കെയായിരുന്നു അയാളുടെ ദൈവങ്ങൾ. വർക്കി എങ്ങനെയാണ് കമ്മ്യൂണിസ്റ്റായതെന്ന് ചോദിച്ചാൽ അതിന് പറയത്തക്ക കാര്യകാരണങ്ങൾ ഒന്നുമില്ല .ഒരിക്കൽ കവലയിലൂടെ

കടന്നുപോയ ഒരു ജാഥയിൽ ചേർന്നു കൊണ്ട് വർക്കി ഇഎംഎസിനും എകെജിക്കും ഗൗരിയമ്മയ്ക്കും സിന്ദാബാദ് വിളിച്ചു .ജാഥ കഴിഞ്ഞ് ഒരു ചായ കുടിക്കാൻ ചെന്നപ്പോൾ ചായ ക്കടയിൽ ഇതാണ് ചർച്ച .

'ചങ്ങാതീ ...ഗൗരിയമ്മ ഇപ്പോൾ നിങ്ങളുടെ പാർട്ടിയിൽ ഇല്ലല്ലോ, പിന്നെന്തിനാ അവർക്ക് സിന്ദാബാദ് വിളിക്കുന്നെ?'

വർക്കി ഒന്നും മിണ്ടാതെ ചായകുടി വേണ്ടെന്നുവച്ച് ഗൗരവത്തിൽ പുറത്തേക്ക് നടന്നു .ഇ.എം.എസ് സിന്ദാബാദ് ,എ.കെ.ജി സിന്ദാബാദ് ,ഗൗരിയമ്മ സിന്ദാബാദ് ..... അറുപത്തിനാലിലെ പിളർപ്പ് ഇതുവരെ സഹിക്കാൻ പറ്റിയിട്ടില്ല അന്നേരമാ.. '

മഴ മേഘങ്ങൾ നേർത്ത ജലകണങ്ങളായി മണ്ണിനെ കുതിർത്തു.വർക്കി കറുത്ത മാനത്തേക്ക് മിഴികളയച്ച് ഭിത്തിയോട് ചേർന്നിരുന്നു.

വർക്കിയുടെയും ഏലമ്മയുടെയും മക്കളിൽ പന്ത്രണ്ടാമനാണ് ജോസുകുട്ടി,ജന്മനാ ബുദ്ധിമാന്ദ്യം.ബാക്കി പതിനൊന്ന് മക്കൾ കുടുംബമായി പല സ്ഥലങ്ങളിലായി വല്യ കുഴപ്പമില്ലാതെ കഴിഞ്ഞു കൂടുന്നു.ആവുന്ന കാലമെല്ലാം കഷ്ടപ്പെട്ട് പണിയെടുത്ത് പട്ടിണിയില്ലാതെ പിള്ളേരെ വളർത്തി. പഠിപ്പിച്ചു. കല്യാണങ്ങളും നടത്തി . എല്ലാവർക്കും കൊടുക്കാനുള്ള തൊക്കെ കൊടുത്തു. കുറേയേറെ ബാദ്ധ്യതയുണ്ടെങ്കിലും ഇനിയുള്ള മണ്ണും വീടും ജോസുകുട്ടിക്കുള്ളതാണ്.

ജോസൂട്ടി ഒന്നും മനസ്സിലാകാതെ ആൾക്കൂട്ടത്തിന് നേരെ തുറിച്ചുനോക്കി .അവന്റെ കണ്ണുകൾ ഏലമ്മയുടെ മുഖത്ത് കുറച്ചു സമയം തങ്ങിനിന്നു.പിന്നെ ,മെല്ലെ ഒരു ചിരി അവന്റെ മുഖത്ത് വിടർന്നു .അമ്മച്ചിയുടെ കിടപ്പിൽ കളിയാക്കും പോലെ !

വർക്കിയിലെ കമ്മ്യൂണിസ്റ്റ് പ്രാർത്ഥനകളിൽ ലയിക്കാതെ നിന്നു. ഒന്നിനും വേണ്ടിയല്ലാത്ത ഒരു രാഷ്ട്രീയം. മുൻകാലങ്ങളിൽ അതിന്റെ

**'ചങ്ങാതീ ... ഗൗരിയമ്മ ഇപ്പോൾ നിങ്ങളുടെ പാർട്ടിയിൽ ഇല്ലല്ലോ, പിന്നെന്തിനാ അവർക്ക് സിന്ദാബാദ് വിളിക്കുന്നെ?' വർക്കി ഒന്നും മിണ്ടാതെ ചായകുടി വേണ്ടെന്നുവച്ച് ഗൗരവത്തിൽ പുറത്തേക്ക് നടന്നു . ഇ. എം. എസ് സിന്ദാബാദ് ,എ. കെ. ജി സിന്ദാബാദ് ,ഗൗരിയമ്മ സിന്ദാബാദ് ..... അറുപത്തിനാലിലെ പിളർപ്പ് ഇതുവരെ സഹിക്കാൻ പറ്റിയിട്ടില്ല അന്നേരമാ.. '**

പേരിൽ പലതും കേൾക്കേണ്ടി വന്നിട്ടുണ്ട്.പലതും നഷ്ടപ്പെട്ടിട്ടുണ്ട്.ബന്ധങ്ങൾ അകന്നുപോയിട്ടുണ്ട്.,,

' നിങ്ങടെ ജീവിതം തെമ്മാടിക്കുഴിയിൽ ഒടുങ്ങത്തേയൊള്ളൂ' പലരും അയാളെ ശുണ്ഠി പിടിപ്പിക്കും

'അതെന്നാന്നാ ചത്തു കഴീമ്പം ചീയുന്നേന് മുൻപ് പിള്ളേര് ചെയ്തോളും ' വർക്കി തിരിച്ചടിക്കും.

പെൺമക്കളിൽ മൂത്തവളെ സഭയ്ക്ക് കൊടുക്കണമെന്ന നിർബന്ധം ഏലമ്മക്കായിരുന്നു.ആലീസിനും സമ്മതമായിരുന്നു. അമ്മയും മകളും ചേർന്ന് നിർബന്ധിച്ചപ്പോൾ വർക്കിയിലെ കമ്മ്യൂണിസ്റ്റ് പ്രഖ്യാപിച്ചു .

'ഞാൻ ഒരു വിശ്വാസത്തിനും എതിരല്ല '

പക്ഷെ,മഠത്തിൽ പോയ ആലീസിനെ കുറച്ചു നാൾ കഴിഞ്ഞ് മഠത്തിൽ നിന്ന് പറഞ്ഞു വിട്ടു. അപ്പന്റെ കമ്മ്യൂണിസവും മകളുടെ സന്യാസവും ഒരുമിച്ചു പോകില്ലെന്ന്! നിറകണ്ണുകളോടെ മുന്നിൽ വന്നു നിന്ന മകളെ ചേർത്തുപിടിച്ച് വർക്കി ഇങ്ങനെ പറഞ്ഞു

' അപ്പച്ചന്റെ സുന്ദരിക്കുട്ടി അങ്ങനെ മഠത്തിൽ പോയി ജീവിതം കളയേണ്ടവളല്ല .' ഇത് പറയുമ്പോൾ വർക്കിയുടെ മുഖം സന്തോഷം നിറഞ്ഞതായിരുന്നു. കൂട്ടം തെറ്റിയ ആട്ടിൻകുട്ടിയെ തിരിച്ചു കിട്ടിയ ഇടയന്റെ മനസ്സ് .

ഇ.എം.എസ്സ്, എ.കെ.ജി.ഗൗരിയമ്മ സിന്ദാബാദ് ..

കൂട്ടിലുണ്ടായിരുന്നതിൽ വച്ച് ഏറ്റവും വലിയ പൂവൻകോഴിയെ കൊന്ന് കറി വച്ച് അയാൾ തന്നെ സദ്യയൊരുക്കി ഭാര്യക്കും മക്കൾക്കും വിളമ്പി. ഏലമ്മക്കപ്പോൾ കർത്താവിനോട് മൗനമായി വിലപിക്കാനേ കഴിഞ്ഞിരുന്നുള്ളു.

സന്ധ്യ കറുത്തതോടുകൂടി ഓരോരുത്തരായി പിരിഞ്ഞു പോയിത്തുടങ്ങി. അയൽപക്കത്തു നിന്നും കൊണ്ടുവന്ന കട്ടൻകാപ്പി ഒരു ഗ്ലാസ് കൊടുത്തിട്ടും വർക്കി വാങ്ങാൻ കൂട്ടാക്കിയില്ല .

'ചേച്ചീ.,,വിശക്കുവാ.... വിശക്കുവാ...' ജോസുകുട്ടി കാപ്പിയുമായി വന്നവർക്കൊപ്പം അവരുടെ വീട്ടിലേക്ക് നടന്നു. വർക്കി അവൻ പോയ വഴിയിലേക്ക് നോക്കിയിരുന്നു .

മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നു . പന്തലിന്മേൽ മഴത്തുള്ളികൾ പതിക്കുന്ന ശബ്ദം.മഴയിൽ കറുത്ത രാത്രിയിലെ, ഇടയ്ക്കിടെ വീശുന്ന കാറ്റിൽ വൃക്ഷത്തലപ്പുകൾ ആടിയുലഞ്ഞു. കുറച്ചകലെ ,റോഡിലൂടെ പോകുന്ന വാഹനങ്ങളിൽ നിന്നുള്ള വണ്ടിവെളിച്ചം അൽപ്പായുസ്സുകളായ നനഞ്ഞ നിഴൽ ചിത്രങ്ങൾ വരച്ചു.

വർക്കി നേതാവൊന്നുമല്ല, പാർട്ടി കൂറുള്ളൊരു കറ തീർന്ന സഖാവ്. മറ്റ് പാർട്ടിയിലെ കുറെയേറെ സുഹൃത്തുക്കളുണ്ട് അയാൾക്ക്.അവർ വർക്കിയെ ചൂടാക്കാൻ എന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ടിരിക്കും. അയാളുടെ വിശുദ്ധ നാടായിരുന്ന സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റു തകർച്ചയും, പിന്നെ കാലങ്ങൾക്ക് ശേഷം പശ്ചിമബംഗാളിലെ തോൽവിയുമൊക്കെ പറഞ്ഞ് അവർ വിമർശിക്കുമ്പോൾ വർക്കിക്ക് കൃത്യവും ത്വാതികവുമായ മറുപടിയുണ്ട് .

'തിരിച്ചടികൾ താൽക്കാലികമാണ്. കമ്മ്യൂണിസത്തിന്റേതല്ല കുഴപ്പം . അതിന്റെ പ്രയോഗത്തിലുണ്ടായ പാളിച്ചയാണ്.മനുഷ്യർക്കിടയിൽ അസ

മത്വം ഉള്ളടത്തോളം കമ്മ്യൂണിസം ഉണ്ടാകും.'

രാത്രിയിൽ ഏലമ്മയ്ക്കൊപ്പം മക്കളും മരുമക്കളും അടുത്ത ബന്ധുക്കളും മാത്രമായി. അവർ വരാന്തയിലും പന്തലിലും ഒക്കെയായി ഇരുന്നു. ഇടയ്ക്കിടെ ചിലരെല്ലാം ഉറങ്ങുന്നതിനായി പോകുന്നുണ്ടായിരുന്നു. വിശപ്പ് തീർത്ത് തിരികെയെത്തിയ ജോസുകുട്ടി വർക്കിക്കരികിലായി ശാന്തമായി ഉറങ്ങി. മഴ നനഞ്ഞാണ് അവൻ തിരികെ വന്നത് .മഴയൊടുങ്ങിയ രാത്രിയുടെ നിശബ്ദതയിലേക്ക് സ്പീക്കറിൽ നിന്നുള്ള പതിഞ്ഞ ശബ്ദത്തിലുള്ള ഒപ്പീസ് ഒഴുകി പരന്നു .

നേരം വെളുത്തുതോടെ വീടിനു ചുറ്റും ഒരാൾക്കൂട്ടം രൂപപ്പെട്ടുവന്നു . വികാരിയച്ചനും കപ്യാരുീ എത്തി. അന്ത്യ ശുശ്രൂഷകൾ ആരംഭിച്ചു . വർക്കിയെ ചിലർ കയ്യിൽ പിടിച്ച് ഏലമ്മയ്ക്ക് അരികിലേക്ക് കൊണ്ടുവന്നു . ജോസുകുട്ടി നിസ്സംഗനായി പിന്നിലുണ്ട്. അന്ത്യ ചുംബനം നൽകിയപ്പോൾ വർക്കി വാവിട്ട് നിലവിളിച്ചു . വിലാപയാത്ര ആരംഭിക്കുകയാണ്. അടുത്തുള്ള പള്ളിയിലേക്ക് വർക്കിച്ചനും മക്കളും ചേർന്ന് ഏലമ്മയെ കിടത്തിയ പെട്ടി ചുമലിലേറ്റി.

അയാൾ ചുറ്റും നോക്കി. കാറ്റ് നിലച്ചത് പോലെ! സസ്യലതാദികളും വൃക്ഷത്തലപ്പുകളുമെല്ലാം ചലനമറ്റു നിൽക്കുന്നു . മുറ്റം വിട്ടിറങ്ങിയ അയാൾ ഒന്ന് തിരിഞ്ഞു നോക്കി .വീട് നിലവിളിക്കും പോലെ! ഇരുവരും ഒരുമിച്ചുള്ള പള്ളിയിൽ പോക്ക് അവൾക്ക് വലിയ ആഗ്രഹമായിരുന്നു. സാധിച്ചു കൊടുത്തിട്ടില്ല. അവളുടെ അന്ത്യായാത്രയിലെങ്കിലും ....

ഏറെ കാലങ്ങൾക്ക് ശേഷം പള്ളിയിലേക്ക് കയറിയ വർക്കിച്ചന്റെ കണ്ണുകൾ അൾത്താരയിലെ ക്രൂശിത രൂപത്തിൽ തറച്ചു. അയാൾ അറിയാതെ മിഴികളടച്ചു.ഏലമ്മയ്ക്ക് വർക്കി കമ്യൂണിസ്റ്റ് ആയതിൽ ഒരു കുഴപ്പവും ഇല്ലായിരുന്നു .അതിന്റെ പേരിൽ ഒരിക്കൽ മാത്രമേ അവൾ ഇത്തിരി നേരം പിണങ്ങിയിരുന്നിട്ടുള്ളു. അത് കർത്താവിൻറെ പേരിലാണ് .

ഒരു വൈകുന്നേരം പുറകുവശത്തെ ചായ്പ്പിൽ ഇളം കാറ്റേറ്റിരിക്കുമ്പോളാണ് ഏലമ്മ കർത്താവിനെ പറ്റിയും പള്ളിയിൽ പോകേണ്ടതിന്റെ ആവശ്യത്തെപ്പറ്റിയും വീണ്ടും ഓർമിപ്പിച്ചത്.അത് സ്ഥിരം പല്ലവിയാണ് . അന്ന് പക്ഷേ, പതിവിന് വിപരീതമായി വർക്കിച്ചൻ ഇത്രയും പറഞ്ഞു പോയി .

'കർത്താവ് ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ നല്ല ഒന്നാന്തരം കമ്മ്യൂണിസ്റ്റ് ആയിരുന്നേനേ, അങ്ങേരെപ്പോലെ കറ തീർന്ന വിപ്ലവകാരി വേറെ ആരാ?'

' ആഹാ... കർത്താവിനെ കമ്മ്യൂണിസ്റ്റ് ആക്കാൻ മാത്രം നിങ്ങളായോ? ദൈവദോഷം വരുത്തി വയ്ക്കരുത് ' എലമ്മയുടെ മുഖം നിലാവില്ലാത്ത രാത്രി പോലെ കറുത്തു.

പള്ളിയിൽ നിന്നിറങ്ങുകയാണ്. പല വലിപ്പമുള്ള കല്ലറകൾക്കിടയിലൂടെ മെല്ലെ നടക്കുമ്പോൾ വർക്കിച്ചൻ ചുറ്റും നോക്കി.

എവിടെയാണ് തെമ്മാടികുഴി ? സെമിത്തേരിയുടെ പടിഞ്ഞാറു ഭാഗത്തെ പൊന്തക്കാടുകൾ ശ്രദ്ധിച്ചു.

അതിനിടയിൽ കമ്മ്യൂണിസ്റ്റ് പള്ളകളുണ്ടാകുമോ???

**'അപ്പച്ചന്റെ സുന്ദരിക്കുട്ടി അങ്ങനെ മഠത്തിൽ പോയി ജീവിതം കളയേണ്ടവ ളല്ല .' ഇത് പറയുമ്പോൾ വർക്കിയുടെ മുഖം സന്തോഷം നിറഞ്ഞതായിരുന്നു. കൂട്ടം തെറ്റിയ ആട്ടിൻകുട്ടിയെ തിരിച്ചു കിട്ടിയ ഇടയന്റെ മനസ്സ് . ഇ.എം.എസ്സ്, എ.കെ.ജി. ഗൗരിയമ്മ സിന്ദാബാദ് .. കൂട്ടിലുണ്ടായിരുന്നതിൽ വച്ച് ഏറ്റവും വലിയ പൂവൻകോഴിയെ കൊന്ന് കറി വച്ച് അയാൾ തന്നെ സദ്യയൊരുക്കി ഭാര്യക്കും മക്കൾക്കും വിളമ്പി. ഏലമ്മക്കപ്പോൾ കർത്താവിനോട് മൗനമായി വിലപിക്കാനേ കഴിഞ്ഞിരുന്നുള്ളു.**

തന്റെ സ്വപ്നമായ സമത്വ സുന്ദര ലോകം സെമിത്തേരിയിൽ പോലും കാണാനില്ലല്ലോ എന്ന് അയാൾ ചിന്തിച്ചു .കല്ലറ കണ്ടാൽ അറിയാം വർഗ്ഗവ്യത്യാസം .മക്കൾ ചേർന്ന് മരണാനന്തരം വലിയ കല്ലറക്കുള്ളിലാക്കി ഏലമ്മയെ ഒരു ബൂർഷ്വാസി ആക്കിയേക്കുമെന്ന ചിന്ത വർക്കിയുടെ മുഖത്ത് ഒരു പരിഹാസ ഭാവം പടർത്തി. മാർബിൾ കൊട്ടാരം പോലുള്ളത് മുതൽ പുല്ലു പടർന്ന മൺകൂനകൾ വരെ അസമത്വം വിളിച്ചോതി അയാളുടെ കാഴ്ചകളെ അസ്വസ്ഥമാക്കി.

ഏലമ്മ എന്നെന്നേക്കുമായി കണ്ണിൽ നിന്ന് മറയുകയാണ്. കുഴിയിലേക്ക് ഒരു പിടി മണ്ണിട്ട് തിരികെ നടക്കുമ്പോൾ അയാളിൽ കൊടിയ ശൂന്യത വന്നു നിറഞ്ഞു.

അമ്മച്ചിയെ കൂട്ടാതെ മടങ്ങിപോകുന്നതെന്താണെന്ന് മനസ്സിലാകാതെ ജോസുകുട്ടി കുഴിമാടത്തിലേക്ക് കൈ ചൂണ്ടി കൊച്ചുകുട്ടിയെപ്പോലെ ചിണുങ്ങി.

തിരികെയെത്തിയിട്ടും ഏറെ നേരം വർക്കിച്ചൻ മുറ്റത്തുതന്നെ നിന്നു. ഏലമ്മയില്ലാത്ത വീട്!മെല്ലെ കിടപ്പുമുറിയിൽ എത്തി കട്ടിലിലേക്ക് ചാഞ്ഞു. അയൽക്കാരിൽ ആരോ വീടും പരിസരവും അടിച്ചുവാരി വൃത്തിയാക്കിയിരുന്നു. ഒരു വലിയ പാത്രത്തിൽ ചോറും കറികളും ചൂടുവെള്ളവുമെല്ലാം നടുവിലത്തെ മുറിയിൽ കൊണ്ടുവന്ന് വച്ചിട്ടുണ്ട്.

'ആർത്തിപ്പണ്ടാരം .... കൈ കഴുകുക പോലും ചെയ്യാതെയാ എല്ലാത്തിലും കൈയ്യിട്ടുവാരുന്നത് 'ആരുടെയൊക്കെയോ ശബ്ദമുയരുന്നു . ജോസൂട്ടിയുടെ വിശപ്പിനെയാണ് ശകാരിക്കുന്നതെന്ന് വർക്കിച്ചന് മനസിലായി . ഏലമ്മയുടെ വേർപാടുണ്ടാക്കിയ ശൂന്യത പ്രകടമായിക്കഴിഞ്ഞു.

ഒരുമാത്ര പ്രിയപ്പെട്ടവളെ ഒരു നോക്ക് വീണ്ടും കാണാൻ കണ്ണുകൾ കൊതിച്ചു. അവളുടെ ഗന്ധം അപ്പോഴും വിട്ടു പോകാതെ തന്നെ ചുറ്റിപ്പറ്റി നിൽക്കുന്നത് അയാൾ അനുഭവിച്ച

റിഞ്ഞു. ഭക്ഷണം കഴിക്കുന്നതിന്റെ ബഹളങ്ങൾക്കിടയിൽ നിന്ന് ഇളയ മകൾ അയാളെ ആഹാരം കഴിക്കാൻ വിളിച്ചു.

ഇപ്പോൾ വേണ്ടത് ഒരു ഗ്ലാസ് കട്ടൻ ചായയാണ്, അയാളുടെ ശരീരം ഒന്നാകെ ഒരു കട്ടൻ ചായ ആവശ്യപ്പെട്ടു.

ഇന്നലെ രാവിലെ വർക്കിക്ക് കട്ടൻ ചായയുണ്ടാക്കാൻ അടുക്കളയിൽ കയറിയതാണ്.അവിടെ കുഴഞ്ഞ് വീഴുകയായിരുന്നു. വർക്കിക്ക് ഇടയ്ക്കിടയ്ക്ക് കട്ടൻ ചായ വേണം. ദിനേശ് ബീഡിയും.

' സഖാവിന് ഒരു പരിപ്പുവട കൂടി കിട്ടിയാൽ സന്തോഷമാകും..ല്ലേ.. ' സ്നേഹം പൊതിഞ്ഞ ഒരു പരിഹാസം അയാൾ ഓർത്തു.

കട്ടൻചായ
പരിപ്പുവട
ദിനേശ് ബീഡി .

എന്തൊക്കെയോ ഓർമ്മകൾ ചുമന്നുകൊണ്ടയാൾ അടുക്കളയോട് ചേർന്നുള്ള ചായ്പ്പിലേക്ക് നടന്നു . ഏലമ്മയുടെ മുഷിഞ്ഞ ചട്ടയും മുണ്ടും അയയിൽ കിടക്കുന്നു. അയാൾ അത് കയ്യിലെടുത്തു .അതിലേക്ക് നോക്കിനിൽക്കവേ കണ്ണുകൾ നിറഞ്ഞു. മൂലയോട് ചേർന്ന് ഏലമ്മയുടെ സന്തതസചാരിയായ ചൂരൽവടി ചാരി വച്ചിരിക്കുന്നു .വർക്കിച്ചൻ ചൂരൽ വടി കയ്യിലെടുത്ത് അതിൻമേൽ അമർത്തി ചുംബിച്ചു.

' ഇഴജന്തുക്കൾ ധാരാളമുള്ള പറമ്പാന്നേ ചുറ്റും... ഒരു വടി കയ്യിലുള്ളത് എന്തിനുീ നല്ലതാ...ഏലമ്മ മുറ്റത്തും തൊടിയിലുമെല്ലാം നടക്കുമ്പോൾ എപ്പോഴും കൂടെ കരുതാറുള്ള ആ ചൂരൽ വടിയും എടുത്ത് വർക്കിച്ചൻ മുൻവശത്തെ വരാന്തയിലേക്ക് നടന്നു.

വടി അരികിൽ വച്ച് തറയിലിരുന്ന് , മടിയിൽ നിന്ന് ഒരു ബീഡിയെടുത്ത് കൊളുത്തി വലിച്ചു. പുകച്ചുരുളുകൾ അന്തരീക്ഷത്തിൽ അവ്യക്ത ചിത്രങ്ങൾ വരച്ചു.''

ദിവസങ്ങൾ ഓരോന്നായി കൊ



**തന്റെ സ്വപ്നമായ സമത്വ സുന്ദര ലോകം സെമിത്തേരിയിൽ പോലും കാണാനില്ലല്ലോ എന്ന് അയാൾ ചിന്തിച്ചു . കല്ലറ കണ്ടാൽ അറിയാം വർഗ്ഗവ്യത്യാസം . മക്കൾ ചേർന്ന് മരണാനന്തരം വലിയ കല്ലറക്കുള്ളിലാക്കി ഏലമ്മയെ ഒരു ബൂർഷ്വാസി ആക്കിയേക്കുമെന്ന ചിന്ത വർക്കിയുടെ മുഖത്ത് ഒരു പരിഹാസ ഭാവം പടർത്തി. മാർബിൾ കൊട്ടാരം പോലുള്ളത് മുതൽ പുല്ലു പടർന്ന മൺകൂനകൾ വരെ അസമത്വം വിളിച്ചോതി അയാളുടെ കാഴ്ചകളെ അസ്വസ്ഥമാക്കി.**

ഴിഞ്ഞു വീഴുന്നു.പതിനൊന്നിന്റെ ചടങ്ങുകളെല്ലാം കഴിഞ്ഞ് ഭക്ഷണം കഴിച്ച് ഓരോരുത്തരായി പോകാൻ ഒരുങ്ങുന്നത് വർക്കിച്ചൻ ശ്രദ്ധിച്ചു. അയാൾ എല്ലാവരോടുമായി പറഞ്ഞു

''അമ്മച്ചി ഉണ്ടായിരുന്നപ്പം ആരും ഒന്നും അറിഞ്ഞിട്ടില്ല. ഇനിയിപ്പോൾ ഞാനും ജോസൂട്ടിയും മാത്രം. എനിക്കും വയ്യാണ്ടായിരിക്കുന്നു. അവന്റെ കാര്യം എല്ലാവരും കൂടി ചേർന്ന് ഒന്ന് തീരുമാനിച്ചിട്ട് പോകണം.

' അപ്പച്ചനെ ഞങ്ങൾ കൊണ്ടുപോയി കൊള്ളാം. പക്ഷേ അവനെ എങ്ങനെയാ... നമുക്ക് ഏതെങ്കിലും അഗതി മന്ദിരത്തിൽ ആക്കിയാലോ ?മൂത്ത മകനാണത് തുടങ്ങിവച്ചത് .

'ഞങ്ങളും കുടുംബവും കുട്ടികളും ഒക്കെയായി ജീവിക്കുകയല്ലേ? അവനെപ്പോലെ ഒരുത്തനെ കൊണ്ടുപോയാൽ ഞങ്ങളുടെ കുടുംബത്തെ ബാധിക്കും' പെൺമക്കളിൽ മൂത്തവൾ .

പിന്നെ അവിടെ പറഞ്ഞതൊന്നും വർക്കി കേട്ടില്ല.

'മക്കളേ... അവനും നിങ്ങളുടെ ചോര തന്നെയാണ് .എന്നെ മാത്രമായി ആരും ഏറ്റെടുക്കേണ്ട. ഞാൻ ഉള്ള കാലം ഞങ്ങൾ എങ്ങനെയെങ്കിലും കഴിയും.അത് കഴിയുമ്പോൾ അവനെ കൊന്നു കളയാതെയും വഴിയിൽ കളയാതെയും എവിടേലും ആക്കിയേക്കണേ..' വർക്കിടെ അപേക്ഷ പിടി ഇല്ലാത്ത അരിവാൾ തല പോലെ അന്തരീക്ഷത്തിൽ തൂങ്ങി നിന്നു.

വർക്കിച്ചൻ ഏലമ്മയുടെ മരണത്തോടെ ശാരീരികവും മാനസികവുമായി തളർന്നിരുന്നു .ഏലമ്മയുടെ വടി താങ്ങായി എപ്പോഴും കൈയിൽ കാണും . മുൻപൊക്കെ രണ്ടുനേരം കവലയിലെ ചായക്കടയിൽ ചെന്നിരുന്ന്ചായയും കുടിച്ച് രാഷ്ട്രീയവും പറഞ്ഞ് തിരികെ പോരുക പതിവായിരുന്നു. അത് ഇപ്പോൾ വൈകിട്ട് മാത്രമായി ചുരുങ്ങി .സംസാരവും തീരെ കുറഞ്ഞു .

പറമ്പിലൊന്നും ഇറങ്ങിനടക്കാൻ വയ്യ. വരുമാനങ്ങൾ നിലച്ചു. വർക്കിച്ചന് ചില പുതിയ ശീലങ്ങൾ ഉണ്ടായി. കമ്മ്യൂണിസ്റ്റ് ചെടിയുടെ തൈകൾ എവിടെയെങ്കിലും കിട്ടിയാൽ പറിച്ചു കൊണ്ടുവന്ന് പറമ്പിലും മുറ്റത്തും നട്ടുവളർത്തും ഇടവഴികളിലോ പറമ്പുകളിലോ ചാണകം കണ്ടാൽ എടുത്തുകൊണ്ടുവന്ന് കലക്കി കമ്മ്യൂണിസ്റ്റ് ചെടികൾക്ക് ചുവട്ടിലൊഴിക്കും.മുറിവ് ഉണക്കാൻ ഇതിലും നല്ല മരുന്നില്ല, അയാൾ സ്വയം പറയും.മനസ്സ് പിടി വിടുമ്പോൾ പറമ്പിലും വഴിയരികിലുമെല്ലാമുള്ള കാടുകൾ അയാൾ വടികൊണ്ട് തല്ലിചതക്കും. അറിയാതെ പോലും ഒരു കമ്മ്യൂണിസ്റ്റ് തലപ്പിൽ ആ വടി കൊള്ളാറില്ല.

വടി സന്തത സഹചാരിയായതോടെ വർക്കിച്ചന് അത് സ്വന്തം ശരീരത്തിലെ ഒരു അവയവം പോലെയായി.

വർക്കിച്ചൻ മനസ്സിൻമേൽ നിയന്ത്രണം വിട്ടയാളെപ്പോലെ വടി ചുഴറ്റി നടക്കുന്ന ശീലം ആരംഭിച്ചു.ചിലപ്പോഴെല്ലാം തന്റെ കൈയിലിരിക്കുന്ന വടി ഒരു വാരി കുന്തം ആണെന്നയാൾക്ക്

**പറമ്പിലൊന്നും ഇറങ്ങിനടക്കാൻ വയ്യ. വരുമാനങ്ങൾ നിലച്ചു. വർക്കിച്ചന് ചില പുതിയ ശീലങ്ങൾ ഉണ്ടായി. കമ്മ്യൂണിസ്റ്റ് ചെടിയുടെ തൈകൾ എവിടെയെങ്കിലും കിട്ടിയാൽ പറിച്ചു കൊണ്ടുവന്ന് പറമ്പിലും മുറ്റത്തും നട്ടുവളർത്തും ഇടവഴികളിലോ പറമ്പുകളിലോ ചാണകം കണ്ടാൽ എടുത്തുകൊണ്ടുവന്ന് കലക്കി കമ്മ്യൂണിസ്റ്റ് ചെടികൾക്ക് ചുവട്ടിലൊഴിക്കും. മുറിവ് ഉണക്കാൻ ഇതിലും നല്ല മരുന്നില്ല, അയാൾ സ്വയം പറയും. മനസ്സ് പിടി വിടുമ്പോൾ പറമ്പിലും വഴിയരികിലുമെല്ലാമുള്ള കാടുകൾ അയാൾ വടികൊണ്ട് തല്ലിചതക്കും. അറിയാതെ പോലും ഒരു കമ്മ്യൂണിസ്റ്റ് തലപ്പിൽ ആ വടി കൊള്ളാറില്ല.**

തോന്നും. അപ്പോഴെല്ലാം വർക്കിച്ചന്റെ പഴയ മനസ്സിൽ ഒരു പുതിയ പുന്നപ്രവയലാർ ഇരമ്പും.

കാലി ചായ കുടിച്ച് ജോസുട്ടിക്കുള്ള ബോണ്ടയോ, പരിപ്പുവടയോ പൊതിഞ്ഞു വാങ്ങി ചായക്കടയിൽ നിന്നിറങ്ങുമ്പോൾ അയാളിലെ അഭിമാനി പറ്റു ബുക്കിനോടായി പറയും എല്ലാം കുറിച്ചു വച്ചോ, ഇന്ന് കടം.... നാളെ? 'ഒരുകാലത്ത് നാടിന്റെ തെരുവുകളിൽ ഇടിമുഴക്കം പോലെ ഇങ്കിലാബ് മുഴക്കിയിരുന്ന ശബ്ദം അപ്പോൾ നേർത്ത് ദൈന്യം നിറഞ്ഞതാകു്.

ഘോരമായ ഒറ്റപ്പെടലിന്റെ മരുപ്പറമ്പിൽപ്പെട്ട് വല്ലാതെ പൊള്ളുമ്പോൾ അയാൾക്ക് പഴയ സഖാക്കളെയൊക്കെ കാണണമെന്ന് തോന്നാറുണ്ട് .മിക്കവാറും പേർ സമത്വസുന്ദര ലോകം എന്ന സ്വപ്നം ബാക്കി വച്ച് കാലത്തിന്റെ അതിർവരമ്പുകൾ കടന്ന് പോയി കഴിഞ്ഞിരുന്നു. സ്വർഗ്ഗവും നരകവും എല്ലാം ഭൂമിയിൽ മാത്രമെന്ന് വിശ്വസിച്ചിരുന്നവർ !സ്വർഗം പണിയാൻ വിയർപ്പൊഴുക്കിയിരുന്നവർ! ജീവിച്ചിരിക്കുന്നവരിൽ ചിലരെല്ലാം പാർട്ടിയെ തള്ളിപ്പറഞ്ഞ് മറ്റു പാർട്ടികളിൽ ചേക്കേറിയിരിക്കുന്നു. അവരെക്കുറിച്ച് ഓർക്കുമ്പോൾ അയാൾക്ക് ശരീരം ചൂടാവും .വടികുത്തി ഇടറിയ പാദങ്ങളിൽ നടക്കുമ്പോഴും വർക്കിയുടെ ചുണ്ടിൽ മുദ്രാവാക്യങ്ങൾ പുനർജനിക്കും

ഇ എം എസ് ,എകെജി, ഗൗരിയമ്മ സിന്ദാബാദ്...

വാരിക്കുന്തം കൈയ്യിലേന്തി തോക്കിന് മുന്നിലേക്ക് മാർച്ച് ചെയ്തവരുടെ ചോരമണക്കുന്ന ചുവന്ന ഓർമ്മയിൽ അയാൾ ആവേശഭരിതനാകും.

രണ്ടു പേരുടെ ആഹാര കാര്യങ്ങൾക്ക് പോലും ബുദ്ധിമുട്ടായി.മക്കൾ ഇടയ്ക്കൊക്കെ വിളിക്കും, കാര്യങ്ങൾ തിരക്കും എന്നൊക്കെയാണ് കരുതിയിരുന്നത്. അങ്ങനെയുണ്ടായില്ല. ജോസുകുട്ടിയുടെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടി വരുമോ എന്ന ഭയമായിരിക്കും.

ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരനും സഖാവും ആയിരുന്ന ജോണിന്റെ മകളുടെ കല്യാണമാണ്. സഖാവ് നേരത്തെ മരിച്ചുപോയി .പാർട്ടിക്കു വേണ്ടി രാപ്പകൽ പണിയെടുത്തയാൾ. ജീവിതത്തിൽ ഒന്നും നേടാത്ത, മരിക്കും വരെ പ്രത്യയശാസ്ത്രം കൈവിടാത്ത സഖാവ് . അമ്മയും മകളും കൂടിയാണ് കല്യാണം വിളിക്കാൻ വന്നത്. അവന്റെ കൊച്ചിന്റെ കല്യാണത്തിന് ഞാൻ എന്തെങ്കിലും കൊടുക്കണ്ടേ ? വർക്കി ധർമ്മസങ്കടത്തിലായി.

കല്യാണത്തലേന്ന്,തിളയ്ക്കുന്ന മീന ചൂടിനെ വകഞ്ഞു മാറ്റി വെളുത്ത മുണ്ടും ഷർട്ടും ധരിച്ച് വർക്കി കല്യാണ വീട്ടിലേക്ക് വടിയും കുത്തിആവുന്നത്ര വേഗത്തിൽ നടന്നു. നിശ്ചയദാർഢ്യത്തോടെയുള്ള നടപ്പ് നാട്ടുകാർക്ക് ഒരു പുതിയ കാഴ്ചയായിരുന്നു. വീട്ടിലെത്തിയശേഷം ആരെയും കൂസാതെ വീടിനകത്തേക്ക് കയറി.

മോളെ..... വർക്കിയെ കിതയ്ക്കുന്നുണ്ടായിരുന്നു. വർക്കി അവളെ ചേർത്ത് നിർത്തി മുടിയിൽ തലോടി. അയാൾ കയ്യിലിരുന്ന ഒരു പഴയ പൗഡർ ടിന്ന് അവളുടെ കൈകളിൽ

പിടിപ്പിച്ചു. അയാളുടെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. കൈകളുടെ ചലനത്തിനനുസരിച്ച് ടിന്നിൽ നിന്നും കിലുക്കം കേൾക്കാം .അതിനുള്ളിൽ ഏലാമ്മയുടെ സമ്പാദ്യമായ നാണയത്തുട്ടുകളായിരുന്നു. ജോണും താനുമൊരുമിച്ച് താണ്ടിയ ദൂരങ്ങൾ അയാൾക്കോർമ്മവന്നു. മധ്യാഹ്നത്തിന്റെ ചൂടിൽ വിയർത്തു നനഞ്ഞ് വീടിനോടടുത്തപ്പോൾ വീട്ടു മുറ്റത്ത് അപരിചിതരായ ചിലർ!

വീടിനെടുത്ത വായ്പയുടെ അടവ് മുടങ്ങിയിട്ട് ഏറെക്കാലമായി .പല നോട്ടീസുകൾ വന്നിട്ടും കാശില്ലാത്തതിനാൽ വർക്കി കാര്യമാക്കിയില്ല. ജപ്തിക്ക് വന്ന ബാങ്ക് ഉദ്യോഗസ്ഥന്മാരാണ്. പണമടച്ചില്ലെങ്കിൽ വീട്ടിൽ നിന്നിറങ്ങേണ്ടി വരുമെന്ന് അവർ ഭീഷണിപ്പെടുത്തി. അവർക്ക് നേരെ അന്നാദ്യമായി വർക്കിച്ചൻ വടി ചുഴറ്റി. അവർ ഒഴിഞ്ഞു മാറിയത് കൊണ്ട് മാത്രമാണ് തല്ലു കിട്ടാതിരുന്നത്.

' ഇപ്പം താൻ തല്ലിക്കോ.. വൈകാതെ ഒരു ദിവസം പോലീസിനെയും കൂട്ടി വരാം ... വാടോ... വല്ല മണ്ണെണ്ണേമൊഴിച്ച് തീവച്ചാ പിന്നെ അതിനും സമാധാനം നമ്മൾ പറയണം...' മാനേജർ വേഗം മുന്നിൽ നടന്നു .

അവർ നടന്നു നീങ്ങുന്നതു നോക്കി വർക്കി നിശബ്ദനായി നിന്നു . എന്ത് ചെയ്യൂീ.... ഒരെത്തും പിടി കിട്ടുന്നില്ലല്ലോ? അയാൾക്ക് ഒരു കാലി ചായ കുടിക്കാൻ തോന്നി. വർക്കിച്ചൻ ചായക്കടയിൽ എത്തി ഒരു ചായ മാത്രം കുടിച്ച് ഒന്നും മിണ്ടാതെ പുറത്തേക്ക് നടന്നു .ചായക്കടക്കാരൻ പുറകിൽ നിന്ന് വിളിച്ചു ജോസുകുട്ടിക്കുള്ള പലഹാരം പൊതിഞ്ഞു കയ്യിൽ കൊണ്ട് ചെന്നു കൊടുത്തു . യാതൊരു ഭാവഭേദവുമില്ലാതെ വർക്കി അയാളെ കുറച്ചുനേരം നോക്കി നിന്നു. തിരിച്ചയാൾ കടയിൽ കയറും വരെ ആ നോട്ടം നീണ്ടു നിന്നു.

ജോസൂട്ടി വീട്ടിൽ വർക്കിച്ചൻ വരുന്നതും കാത്തിരിപ്പുണ്ടായിരുന്നു. പലഹാര പൊതി ഏൽപ്പിച്ച് വീട്ടിലേക്ക് കയറിയ വർക്കിച്ചൻ മക്കളെയെല്ലാം മാറിമാറി പഴയ ലാൻഡ് ഫോണിൽ വിളിച്ചു .'കിടപ്പാടം കൂടി ഇല്ലാതായാൽ ഞാൻ അവനെയും കൊണ്ട് എവിടെ പോകും?'

' അപ്പച്ചാ ഇച്ചായന്റെ കച്ചവടം ഒക്കെ ഇപ്പോൾ പൊളിവാണ് '

''റാണി മോൾക്ക് കല്യാണാലോചനകൾ വരുന്ന കാര്യം അപ്പച്ചന് അറിയാല്ലോ'

**വർക്കിച്ചൻ പൊട്ടിക്കരഞ്ഞു . കറുത്ത മാനം മണ്ണിലേക്ക് പെയ്തിറങ്ങി . അപ്പച്ചന്റെ കരച്ചിൽ കണ്ട് ജോസൂട്ടി പൊട്ടിച്ചിരിച്ചു. അതു കണ്ട് അയാളും ചിരിക്കാൻ തുടങ്ങി. ജോസുകുട്ടി ഒരു പ്രത്യേക താളത്തിൽ കൈകൊട്ടി ചുവടുകൾ വച്ചു . വർക്കിയുടെ കാലുകളും മഴവെള്ളത്തിൽ മെല്ലെ ചുവടു വെച്ച് തുടങ്ങി. വടി കൊണ്ട് അയാൾ സ്വന്തം തലയിൽ താളമടിച്ചു. അയാൾ തന്റെ ശരീരമാസകലം വടികൊണ്ട് മേളം മുറുക്കി. ഇടിമിന്നലിന്റെ വെളിച്ചത്തിൽ ചോരയിൽ കുളിച്ച് വാരിക്കുന്തമേന്തി നിൽക്കുന്ന അയാളുടെ കാഴ്ച ,ചരിത്ര പുസ്തകത്തിൽ നിന്നിറങ്ങി വന്ന പേരില്ലാത്ത ഒരാളുടേത് പോലെ തോന്നിച്ചു .**

' ആ സ്ഥലം വിറ്റ് കിട്ടുന്നതു കൊണ്ട് ബാങ്കിൽ അടക്ക് ' എന്നിട്ട് അവനെ എവിടെയെങ്കിലും കൊണ്ടാക്ക് .'

' അപ്പച്ചന്റെ പാർട്ടിക്കാർ നോക്കിയാൽ ജപ്തി ഒഴിവാക്കിക്കിട്ടില്ലേ?'

മക്കൾ പറഞ്ഞ മറുപടികൾ അയാളുടെ തലച്ചോറിനുള്ളിലൂടെ മൂളിപ്പറന്നു. അസഹനീയമായ അസ്വസ്ഥതയോടെ അയാൾ പുറത്തേക്കിറങ്ങി. പകൽ മെല്ലെ ഇരുളിനെ പെറ്റു തുടങ്ങുന്നു.മഴ ചാറുന്നുണ്ട് .അവിടെ കണ്ട കാഴ്ചയാളെ ഒരു ഭ്രാന്തനാക്കി മാറ്റി.

തന്റെ പ്രിയപ്പെട്ട വടിയെടുത്ത് മുറ്റത്തും തൊടിയിലുമുള്ള കമ്മ്യൂണിസ്റ്റ് ചെടികൾ ജോസുകുട്ടി അടിച്ചുതകർത്തിരിക്കുന്നു. വർക്കിച്ചൻ ഓടിച്ചെന്ന് അവന്റെ കയ്യിൽ നിന്നും വടി ബലം പ്രയോഗിച്ച് പിടിച്ചു വാങ്ങി .അപ്പച്ചൻ തന്നെ തല്ലുമെന്ന ഭയത്താൽ അവൻ കുറച്ചു ദൂരത്തേക്ക് ഓടി മാറിനിന്നു. അവൻ ഉറക്കെ ചിരിച്ചു .

വർക്കിച്ചൻ പൊട്ടിക്കരഞ്ഞു .കറുത്ത മാനം മണ്ണിലേക്ക് പെയ്തിറങ്ങി .അപ്പച്ചന്റെ കരച്ചിൽ കണ്ട് ജോസൂട്ടി പൊട്ടിച്ചിരിച്ചു. അതു കണ്ട് അയാളും ചിരിക്കാൻ തുടങ്ങി. ജോസുകുട്ടി ഒരു പ്രത്യേക താളത്തിൽ കൈകൊട്ടി ചുവടുകൾ വച്ചു .വർക്കിയുടെ കാലുകളും മഴവെള്ളത്തിൽ മെല്ലെ ചുവടു വെച്ച് തുടങ്ങി.വടി കൊണ്ട് അയാൾ സ്വന്തം തലയിൽ താളമടിച്ചു. അതുകണ്ട് അവന്റെ ഉത്സാഹം കൂടി .അവൻ ആഞ്ഞാഞ്ഞ് കൈകൊട്ടി. വർക്കിച്ചന്റെ ചുവടുകൾക്ക് അതനുസരിച്ച് വേഗം കൂടി.

ഒരു പഞ്ചാരിമേളം കൊട്ടിക്കയറുന്ന താളം അയാളുടെ കാതുകളിൽ ഇരമ്പി .അയാൾ തന്റെ ശരീരമാസകലം വടികൊണ്ട് മേളം മുറുക്കി. ഇടിമിന്നലിന്റെ വെളിച്ചത്തിൽ ചോരയിൽ കുളിച്ച് വാരിക്കുന്തമേന്തി നിൽക്കുന്ന അയാളുടെ കാഴ്ച ,ചരിത്ര പുസ്തകത്തിൽ നിന്നിറങ്ങി വന്ന പേരില്ലാത്ത ഒരാളുടേത് പോലെ തോന്നിച്ചു .

ജോസൂട്ടിയെ ഇത്ര സന്തോഷവാനായി ഇതിനു മുൻപ് അയാൾ കണ്ടിട്ടില്ല.

പുരുഷാരത്തെ ആവേശത്തേരിലേറ്റി പഞ്ചാരിമേളം ഉച്ചസ്ഥായിയിലായി. പിന്നെ മെല്ലെ താഴ്ന്നു നിലച്ചു. വർക്കിച്ചൻ മണ്ണിനെ ചുംബിച്ച് കമിഴ്ന്നു കിടന്നു.

ശക്തമായ കാറ്റിൽ കമ്മ്യൂണിസ്റ്റുപച്ചകൾ അപ്പോഴും അവിടേക്ക് പതിക്കുന്നുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് ചെടികളുടെ പച്ച നിറവും രക്തത്തിന്റെ ചുവപ്പുനിറവും മഴവെള്ളവുമായി ചേർന്ന് മണ്ണിൽ ലയിച്ചു.ഒരു ഒറ്റ ചെണ്ടമേളം അപ്പോഴും തുടരുന്നുണ്ടായിരുന്നു.




# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

പ്രത്യേക അഭിമുഖം



# യാത്ര

# കാഴ്ചയും കണ്ടെത്തലും

## അകലങ്ങൾ, അപരിചിതങ്ങൾ, അപ്രതീക്ഷിതങ്ങൾ

നന്ദിനി മേനോൻ /പ്രദീപ് പനങ്ങാട്

നന്ദിനി മേനോന് ഓരോ യാത്രയും അന്വേഷണത്തിന്റെ സാഹസികതയാണ്.അപരിചിതമായ ജനപദങ്ങളിലൂടെ നിരന്തരം സഞ്ചരിക്കുന്നു. വിഭിന്ന ജീവിത സംസ്ക്കാരത്തിന്റെ രുചി ഭേദങ്ങൾ കണ്ടെത്തുന്നു.പ്രകൃതി ലാവണ്യത്തിനപുറത്ത്, മനുഷ്യ ജീവിതവുമായി ലയിക്കുന്ന അസാധാരണ സന്ദർഭങ്ങൾ ആവിഷ്ക്കരിക്കുന്നു. യാത്രയിലെ ക്ലേശങ്ങളും അനുഭവത്തിന്റെ തീഷ്ണ തകളും കണ്ടുമുട്ടിയ മനുഷ്യരുടെ ജീവിത വിതാനങ്ങളും മനോഹരമായി പകർത്തി വെക്കുന്നുണ്ട്.പച്ച മണമുള്ള വഴികൾ, ആംചൊബസ്തർ, ഭൂട്ടാൻ വിശുദ്ധ ഭ്രാന്തന്റെ വഴിത്താരകൾ എന്നീ സഞ്ചാര കൃതികൾ മലയാള വായനയിലെ സവിശേഷ അനുഭവങ്ങളാണ്. മികച്ച യാത്രാ രചനയ്ക്കുള്ള 2023 ലെ കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചു.നന്ദിനി മേനോനുമായുള്ള സംഭാഷണത്തിൽ നിന്ന്.

**ചോദ്യം:നിരന്തരമായ യാത്രകളിൽ നിന്ന് ലഭിക്കുന്ന സാഫല്യം എന്താണ് ?**

ഉത്തരം : യാത്ര എന്റെ ഹോബിയല്ല, അത് ഒഴിവുകാലത്ത് ചെയ്യുന്ന വിനോദമല്ല. അതെനിക്ക് പരിശ്രമമോ വിശ്രമമോ അല്ല. യാത്ര എന്റെ സ്വാഭാവമാണ്.

എന്റെ വഴികളിൽ കാഴ്ച്ചകൾ കുറവാണ്, പലപ്പോഴും ഇല്ല എന്നു തന്നെ പറയാം. അനുഭവങ്ങൾ മാത്രമാണ്




ഹിമാലയം

എന്നെ സംബന്ധിച്ചിടത്തോളം യാത്ര. ഒരു മനുഷ്യനെപ്പോലും കാണാതെ , ഒരക്ഷരം മിണ്ടാതെ , ഒരു ചിത്രം പോലെ എടുക്കാതെ ,മണിക്കൂറുകളോളം ഞാൻ നടന്നിട്ടുണ്ട്.അതിനിടയിൽ തീർത്തും അപ്രതീക്ഷിതമായി കണ്ടുമുട്ടുന്ന അപരിചിതർ , അവരുമായി പങ്കിടുന്ന നിമിഷങ്ങൾ , അതിലൂടെ വഴി തിരിഞ്ഞു പോകുന്ന പാതകൾ , ഞാനെത്തുന്ന അവരുടെ ലോകങ്ങൾ, അവിടെ കാത്തിരിക്കുന്ന അത്ഭുതങ്ങൾ തിരിച്ചറിവുകൾ പൊളിച്ചെഴുത്തുകൾ , അവിടെ നിന്നു തുടങ്ങുന്ന പുത്തൻ അന്വേഷണങ്ങൾ.... ഇതാണെന്റെ യാത്രയുടെ വഴികൾ.

യാത്ര യാത്രികയെ നിരന്തരം പുതുക്കുകയും തിരുത്തുകയും ചെയ്തു കൊണ്ടിരിക്കുന്നു. സഞ്ചാരി എന്നും സമകാലികയായിരിക്കുന്നു. അവളെ കടുംപിടുത്തങ്ങളോ മുൻവിധികളോ ബാധിക്കുന്നില്ല. അവളൊരു തരത്തിലുമുള്ള ന്യായീകരണത്തിനോ തീർപ്പുകല്പിക്കലിനോ തയ്യാറാവുന്നില്ല. സഞ്ചാരത്തിൽ ഭൂതവും ഭാവിയുമില്ല , വർത്തമാനം മാത്രമാണ്.

എന്നും എന്തും സ്വീകരിക്കുവാൻ തക്കവണ്ണം അത്യന്തം ഉർവരമായി മനസും ചിന്തയും നിലനിർത്തുവാൻ കഴിയുന്നു എന്നതാണ് യാത്രിക എന്ന നിലയിൽ എന്റെ സാഫല്യം.

**എന്റെ വഴികളിൽ കാഴ്ച്ചകൾ കുറവാണ്, പലപ്പോഴും ഇല്ല എന്നു തന്നെ പറയാം. അനുഭവങ്ങൾ മാത്രമാണ് എന്നെ സംബന്ധിച്ചിടത്തോളം യാത്ര. ഒരു മനുഷ്യനെപ്പോലും കാണാതെ , ഒരക്ഷരം മിണ്ടാതെ , ഒരു ചിത്രം പോലെ എടുക്കാതെ ,മണിക്കൂറുകളോളം ഞാൻ നടന്നിട്ടുണ്ട്. അതിനിടയിൽ തീർത്തും അപ്രതീക്ഷിതമായി കണ്ടുമുട്ടുന്ന അപരിചിതർ , അവരുമായി പങ്കിടുന്ന നിമിഷങ്ങൾ , അതിലൂടെ വഴി തിരിഞ്ഞു പോകുന്ന പാതകൾ , ഞാനെത്തുന്ന അവരുടെ ലോകങ്ങൾ , അവിടെ കാത്തിരിക്കുന്ന അത്ഭുതങ്ങൾ തിരിച്ചറിവുകൾ പൊളിച്ചെഴുത്തുകൾ , അവിടെ നിന്നു തുടങ്ങുന്ന പുത്തൻ അന്വേഷണങ്ങൾ.... ഇതാണെന്റെ യാത്രയുടെ വഴികൾ.**

### ? യാത്ര ഒരു അഭിനിവേശമായി മാറിയത് എപ്പോൾ ?

ഉത്തരം : അച്ഛൻ യാത്രകൾ ഏറെ ഇഷ്ടപ്പെട്ടിരുന്ന വ്യക്തിയായിരുന്നു. പാലക്കാട്ടെ ഒരു കർഷകന്റെ ചെറിയ ജീവിതത്തിൽ നിന്നും ഏറെ ഉയരെ ചിന്തിച്ചിരുന്ന മനുഷ്യനും വിദ്യാസമ്പന്നനുമായിരുന്നു. ലോകം വീടിനു പുറത്താണെന്നും , ലോകത്തേക്കുള്ള വഴികളെല്ലാം വീട്ടിൽ നിന്നു പുറത്തേക്കാണെന്നും അദ്ദേഹം പറയാതെ പറഞ്ഞു. കുടുംബമൊന്നിച്ച് അദ്ദേഹം നടത്തിയ യാത്രകളാണ് ആദ്യാനുഭവങ്ങൾ.പക്ഷെ അതെല്ലാം കാഴ്ച്ചകളിലേക്കുള്ള യാത്രകളായിരുന്നു. പലരും പറഞ്ഞു പറഞ്ഞ് വലുതായ കാഴ്ച്ചകൾ മക്കൾക്ക് കാണിച്ചു കൊടുക്കുക എന്ന ഒരച്ഛന്റെ ആഗ്രഹം. ഞാനാഗ്രഹിക്കുന്ന യാത്രകൾ അതല്ലെന്നും , എനിക്കു നടക്കേണ്ട വഴികൾ ഇതല്ലെന്നും തിരിച്ചറിയാൻ തുടങ്ങിയത് പിന്നീടേറെ കഴിഞ്ഞാണ്.അതിന് വിവാഹവും പ്രവാസവും പലതരത്തിൽ കാരണമായി. സാമ്പത്തിക

**ലോകം വീടിനു പുറത്താണെന്നും , ലോകത്തേക്കുള്ള വഴികളെല്ലാം വീട്ടിൽ നിന്നു പുറത്തേക്കാണെന്നും അച്ഛൻ പറയാതെ പറഞ്ഞു. കുടുംബ മൊന്നിച്ച് അദ്ദേഹം നടത്തിയ യാത്ര കളാണ് ആദ്യാനുഭവങ്ങൾ.പക്ഷെ അതെല്ലാം കാഴ്ച്ചകളിലേക്കുള്ള യാത്രകളായിരുന്നു. പലരും പറഞ്ഞു പറഞ്ഞ് വലുതായ കാഴ്ച്ചകൾ മക്കൾ ക്ക് കാണിച്ചു കൊടുക്കുക എന്ന ഒര ച്ഛന്റെ ആഗ്രഹം. ഞാനാഗ്രഹിക്കുന്ന യാത്രകൾ അതല്ലെന്നും , എനിക്കു നടക്കേണ്ട വഴികൾ ഇതല്ലെന്നും തി രിച്ചറിയാൻ തുടങ്ങിയത് പിന്നീടേറെ കഴിഞ്ഞാണ്.**

സ്വാതന്ത്ര്യം , വ്യക്തി സ്വാതന്ത്ര്യം , ഭാഷാപ്രാവീണ്യം , അഭിരുചികൾ പങ്കിടുന്ന പങ്കാളി , അതിരുകളില്ലാത്ത വിശാലലോകം , ഇവയെല്ലാം തരുന്ന ആത്മവിശ്വാസം, എല്ലാം കാരണങ്ങൾ തന്നെയാണ്.

പൊതുവെ അപരിചിത പ്രദേശങ്ങ ളിലൂടെ അപരിചിത മനുഷ്യർക്കൊപ്പം നടക്കുവാൻ ഇഷ്ടപ്പെടുന്ന എനിക്ക് , പരിചിത പരിചയ വൃത്തങ്ങളിൽ നിന്നും വേറിട്ട പ്രവാസ ജീവിതം ഏറെ വഴികൾ തുറന്നു തന്നു എന്നു തന്നെ പറയാം.

**? നിരവധി പ്രദേശങ്ങളിലൂടെ യാത്ര ചെയ്തു. ഓരോ യാത്രയി ലും അന്വേഷിക്കുന്നത് എന്താണ് ?**

ഉത്തരം : ഞാനാദ്യം തന്നെ പറ ഞ്ഞു , അപ്രതീക്ഷിത കണ്ടുമുട്ടലുക ളും വഴിത്തിരിവുകളും അനുഭവങ്ങ ളും ആണ് എന്റെ യാത്രകൾ എന്ന്. ഇവിടെ കാലേക്കൂട്ടി നിശ്ചയിക്കുവാൻ ഒന്നുമില്ല. വീട്ടുമുറ്റത്തിരുന്ന് ഉലയൂ തുന്ന ശില്പിക്ക് കൂട്ടിരുന്നപ്പോഴാണ് , ലോക പ്രശസ്ത റോമിയോ ജൂലിയറ്റ് ലൈല മജ്നു പ്രണയങ്ങളേക്കാൾ തീവ്രമായ ജിട്കു മിട്കി പ്രണയകഥ



കസോളിലെ ഗ്രാമീണർ



**ഖോമ ,കിഷുതാര പട്ടിന്റെ ഗ്രാമം**

കേട്ടു കരഞ്ഞത്. ദസറ തെരുവിൽ അലയുന്ന വൃദ്ധനായ ഠാക്കുറിന്റെ വിചാരണകൾക്കും അധികാരപ്രകടനങ്ങൾക്കും വിധേയയായി ഒപ്പം നടന്നപ്പോഴാണ് , വലിയൊരു രാജകീയ രഹസ്യം കേട്ടു ഞെട്ടിയത്. ബസ്തറിലെ അതിനിബിഡ വനത്തിനകത്തുള്ള കാട്ടു ഗ്രാമങ്ങളിലൂടെ മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകർന്നു നടന്നിട്ടാണ് അവരെന്നെ ദീദീ എന്ന് സ്വീകരിക്കാൻ തുടങ്ങിയത്.

എന്തെങ്കിലും പ്രത്യേകിച്ച് ഒന്നിനെ അന്വേഷിച്ചു നടന്നിരുന്നെങ്കിൽ , ഞാനൊരിക്കലും കൈലാസ് നാഗിന്റെ മന്ത്രവാദപ്പുരയിലേക്കോ , അജ്ഞാതമായ എന്തോ ഒന്നിനോട് മണിക്കൂറുകളോളം തർക്കിച്ചു കൊണ്ടേയിരുന്നിരുന്ന ബേർട്ടിയിലെ വയോവൃദ്ധയിലേക്കോ , ജംബുദ്വീപിലേക്ക് കളിത്തോണിയൊഴുക്കി വിടാൻ ബ്രഹ്മപുത്രയുടെ കരയിലെത്തിയ മദം കൊണ്ട പുരുഷൻമാരുടെ അരികിലേക്കോ , കൈത്തണ്ടയിൽ വിരൽ കൊണ്ടമർത്തി മുഖത്തേക്ക് പൂനിലാവു പരത്തി  ഉരുകുന്ന വെണ്ണ പോലെ അറിയാത്ത ഭാഷയിൽ  എന്നോടു മിണ്ടിക്കൊണ്ടിരുന്ന വൃദ്ധസന്യാസിയിലേക്കോ എത്തുമായിരുന്നില്ല.

എനിക്കായി അന്നക്കുമ്പിളുകൾ നിറച്ചവരും ,  മദ്യഭരണികൾ തുറന്നവരും , പുത്തൻ ചാക്ക്  വിരിച്ചവരും , കണ്ണീരോടെ ചേർത്തു പിടിച്ചവരും , പ്രാർത്ഥിച്ചവരും , അനുഗ്രഹിച്ചവരും, പാടിയവരും ആടിയവരും ആരും , എന്നെ കാത്തു നിന്നവരല്ല , ഞാൻ തേടി പോയവരല്ല.

'അകലങ്ങൾ അപരിചിതങ്ങൾ അപ്രതീക്ഷിതങ്ങൾ ,' എന്നാണ് ഞാനെന്റെ നടത്തങ്ങൾക്ക് കൊടുത്തേക്കാവുന്ന പേര്.

**വീട്ടുമുറ്റത്തിരുന്ന് ഉലയൂതുന്ന ശില്പിക്ക് കൂട്ടിരുന്നപ്പോഴാണ് , ലോക പ്രശസ്ത റോമിയോ ജൂലിയറ്റ് ലൈല മജ്നു പ്രണയങ്ങളേക്കാൾ തീവ്രമായ ജിട്കു മിട്കി പ്രണയകഥ കേട്ടു കരഞ്ഞത്. ദസറ തെരുവിൽ അലയുന്ന വൃദ്ധനായ ഠാക്കുറിന്റെ വിചാരണകൾക്കും അധികാരപ്രകടനങ്ങൾക്കും വിധേയയായി ഒപ്പം നടന്നപ്പോഴാണ് , വലിയൊരു രാജകീയ രഹസ്യം കേട്ടു ഞെട്ടിയത്.**

**? താങ്കൾ പലപ്പോഴും യാത്ര നടത്തുന്നത് പലതരത്തിലുള്ള അപകടങ്ങൾ പതിയിരിക്കുന്ന മേഖലകളിലൂടെയാണ്. ആ സങ്കീർണ സന്ദർഭങ്ങൾ നേരിടുന്നത് എങ്ങനെയാണ് ?**

ഉത്തരം :അപകടങ്ങൾ ഉള്ള പ്രദേശങ്ങൾ , ഇല്ലാത്ത ദേശങ്ങൾ എന്ന വേർതിരിവിന് വലിയ അർത്ഥമൊന്നുമില്ല. ചില സ്ഥലങ്ങളിലെ പ്രത്യേക രാഷ്ട്രീയ സാമൂഹിക കാലാവസ്ഥ , അവിടം കലാപഭൂമിയാണെന്ന് അടയാളപ്പെടുവാൻ കാരണമായിട്ടുണ്ട്. ബസ്തർ അത്തരം ഒരിടമാണ്.ചില പ്രദേശങ്ങളിലെ ഇനിയും ലോകത്തിന്  പങ്കുവെക്കപ്പെട്ടിട്ടില്ലാത്ത ജീവിത ശൈലികൾ , നിഗൂഢവും അരക്ഷിതവുമായി തോന്നാറുണ്ട് . കിഴക്കൻ ഭൂട്ടാൻ അത്തരമൊരു ഇടമാണ്.വിശാഖപട്ടണത്ത് ജീവിക്കുമ്പോൾ ബസ്തർ കൊതിപ്പിക്കുന്ന പ്രദേശമല്ല . അവിടത്തെ സാഹചര്യങ്ങളെക്കുറിച്ച് അറിവുണ്ട്. ജോലി സംബന്ധമായി നിരന്തരം ബസ്തർ സന്ദർശിക്കുന്ന പങ്കാളിക്കൊപ്പം അവിടെയെത്തുമ്പോൾ എനിക്കതൊന്നും അവിചാരിതമായിരുന്നില്ല.

എന്തെങ്കിലും അന്വേഷിക്കാനോ പഠിക്കാനോ ഗവേഷണം ചെയ്യാനോ ഞാൻ മുതിർന്നതേയില്ല. മുൻവിധിയും പക്ഷപാതവും ഇല്ലേയില്ല. ഞാൻ അവിടത്തെ മനുഷ്യരുടെ സൗഹൃദം



**കോഴിപ്പോര് , ബസ്തർ**

ഒത്തുനടത്തം മിണ്ടിപ്പറയൽ മാത്രം ആഗ്രഹിച്ചു , അതിനായി ഗ്രാമങ്ങളുടെ, വീടുകളുടെ വാതിൽക്കൽ കാത്തു നിന്നു. ഒന്നര വർഷം കാത്തു നില്ക്കേണ്ടി വന്നു വാതിൽ തുറന്നു കിട്ടാൻ . ആ കാലത്തിനിടക്ക് നായാട്ടിനു പോകുന്നവർ , കർഷകർ , ആദിവാസി പ്രവർത്തകർ , രാഷ്ട്രീയ പ്രവർത്തകർ, പ്രതിരോധസേനയിലെ ഉദ്യോഗസ്ഥർ, സ്ത്രീകൾ , വിദ്യാർത്ഥികൾ , ശില്പികൾ തുടങ്ങി പലരുമായും പരിചയത്തിലായി. അവരെന്നെ സ്വീകരിച്ചു.

ബസ്തറിന്റെ നിഗൂഢവും വന്യവും ഇരുണ്ടതുമായ ഉള്ളറകളിലേക്ക് നാലര വർഷക്കാലം അവർക്കൊപ്പം നടന്നു. അവരുടെ വിശ്വാസം ഞാനൊരിക്കലും മുതലെടുത്തില്ല . അതിനാൽത്തന്നെ ഏതു പരിതസ്ഥിതിയിലും എന്റെ പ്രിയപ്പെട്ടവരായി അവർ ഒപ്പം നിന്നു.

ഇനിയൊന്നിനോട് കലർന്ന് വേറൊന്നാവാതെ , കെട്ടിക്കിടക്കുന്നതരം ചില ജീവിതവ്യാപാരങ്ങൾ അതിവിദൂര ദുർഗമ കിഴക്കൻ ഭൂട്ടാനിലുണ്ട്. വളരെ നീണ്ട യാത്രയായിരുന്നു അത്. അവരുടെ സാമൂഹിക ജീവിതത്തെ പരിപൂർണമായും ഉൾക്കൊണ്ടു കൊണ്ട് , അനാവശ്യ താരതമ്യങ്ങളോ അപഹാസ്യമോ ഒഴിവാക്കി ഒപ്പം നടക്കുക മാത്രമാണ് ഞാൻ ചെയ്തത്.

**എനിക്കായി അന്നക്കുമ്പിളുകൾ നിറച്ചവരും , മദ്യഭരണികൾ തുറന്ന വരും , പുത്തൻ ചാക്ക് വിരിച്ചവരും , കണ്ണീരോടെ ചേർത്തു പിടിച്ചവരും , പ്രാർത്ഥിച്ചവരും , അനുഗ്രഹിച്ചവരും, പാടിയവരും ആടിയവരും ആരും , എന്നെ കാത്തു നിന്നവരല്ല , ഞാൻ തേടി പോയവരല്ല.**

കൂട്ടത്തിലൊരാളായി മാറാൻ പെട്ടെന്നു കഴിയാറുണ്ട്.

എന്നിട്ടും , തീർത്തും അപ്രതീക്ഷിതമായി നമ്മളകപ്പെട്ടു പോകുന്ന ഗുരുതര സാഹചര്യങ്ങളിൽ , സമചിത്തത കൈവിടാതെ , ചോദ്യം ചെയ്യാതെ , എത്രയും പെട്ടെന്ന് നിഷ്ക്രമിക്കുക എന്നതു മാത്രമാണ് വഴി. ബസ്തറിൽ പ്രാദേശികരായ സുഹൃത്തുക്കളുടെ മുന്നറിയിപ്പുകൾ ഞാനൊരിക്കലും അവഗണിച്ചിട്ടില്ല. ഞാനവർക്കു മുന്നിൽ കാരുണ്യത്തിന്റെ സൈദ്ധാന്തികത്തിന്റെ സാമൂഹ്യനായകത്വത്തിന്റെ ആൾരൂപമായി അഭിനയിച്ചിട്ടില്ല.

പിന്നെ സ്ത്രീയെന്ന നിലയിലുള്ള അപകടങ്ങളെക്കുറിച്ചാണെങ്കിൽ , സമൂഹത്തിനകത്ത് , വിദ്യാലയങ്ങൾക്കകത്ത് , ജോലിയിടങ്ങളിൽ , പൊതുവഴിയിലും ഗതാഗതങ്ങളിലും , എന്തിന് സ്വന്തം വീടകങ്ങളിൽ പോലും , ഒരുവൾ നിത്യേന നേരിടുന്ന അരക്ഷിതാവസ്ഥയിൽ കവിഞ്ഞൊരു അപകടവും ഞാൻ യാത്രാവഴികളിൽ കണ്ടില്ല. രക്തബന്ധങ്ങളിൽ സൗഹൃദങ്ങളിൽ പ്രണയങ്ങളിൽ വിശ്വാസങ്ങളിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ മാത്രമെ അപരിചിതരിലും കണ്ടുള്ളു. അനുനിമിഷം അതിനെയൊക്കെ പ്രതിരോധിച്ച് മുന്നേറുന്ന പെൺചേതന തന്നെ ധാരാളം മതി യാത്രയുടെ വിശാല ലോകത്തും.

### ? യാത്രക്കു വേണ്ടിയുള്ള പ്രദേശങ്ങൾ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണ് ?

ഉത്തരം : പ്രദേശങ്ങളെക്കാൾ , അവിടെ ഞാനിറങ്ങി നടക്കുന്ന വഴികളാണ് എനിക്ക് പ്രധാനം. പൊതുവെ നടന്നു തേഞ്ഞ വഴികൾ , പറഞ്ഞ് വലുതാക്കിയ കാഴ്ച്ചകൾ , നിർമ്മിക്കപ്പെട്ട ചരിത്രങ്ങൾ , പർവ്വതീകരിക്കപ്പെട്ട സൗകുമാര്യങ്ങൾ , എന്നെ ആകർഷിക്കാറേയില്ല. ലോകം മുഴുവൻ പുകഴ്ത്തിപ്പാടുന്ന ദൃശ്യചാരുതകളിൽ അഭിരമിക്കാറില്ല. എവിടേയും, തെളിയാത്ത ഒരു പാത , കാണാത്ത ഒരു കാഴ്ച്ച , ആരും പറഞ്ഞിട്ടില്ലാത്ത ഒരു കഥ ഉണ്ട് എന്നതാണ് നടക്കാൻ പ്രേരിപ്പിക്കുന്നത്

ഒറ്റക്കാഴ്ച്ചയിലൊന്നുമൊതു



ചട്ണി ഉണ്ടാക്കുന്നു

ങ്ങാത്ത കൂറ്റൻ നിർമ്മിതികളുടെ വടക്കുപുറത്ത് , ഒറ്റ നിമിഷം കണ്ണിൽ തങ്ങുന്ന ചില ജീവിത മുഹൂർത്തങ്ങളുണ്ട്. വാരണാസിയിലെ ചുടല ജീവനക്കാരനുമൊത്ത് , നൂറ്റാണ്ടുകൾ മണക്കുന്ന ഇരുണ്ട ഗലികളിലൂടെ, ഗുസ്തിക്കളരികളുടെ മണൽമുറ്റങ്ങളിലൂടെ , മരണത്തേക്കാൾ തണുത്തുറഞ്ഞ അനാഥ വാർദ്ധക്യങ്ങളുടെ ഇരുട്ടറകളിലൂടെ , ആരോ മറന്നു വെച്ചു പോയ കാലത്തിന്റെ തുരുമ്പിച്ച പഴുതുകളിലൂടെ അലഞ്ഞുനടന്ന് , അതിമനോഹരമായ സിംഫണി പോലെ അരങ്ങേറുന്ന ഗംഗ ആരതി കാണാൻ മറന്നിട്ടുണ്ട്.

അതിപ്രതാപവാനായ ചക്രവർത്തിയുടെ അമൂല്യ പ്രണയം വിറ്റു കാശാക്കി അന്നന്നത്തെ അന്നത്തിനു വക തേടുന്നവരുടെ തെരുവിലൂടെ താജ്മഹലിനു ചുറ്റും നടന്നിട്ടുണ്ട്.

ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നത് , കുല്ലു താഴ്‌വരയിലൊരു കാട്ടുഗ്രാമത്തിൽ ഒറ്റമുറി മരവീട് എടുത്ത് ഒരു മാസം താമസിച്ചതിനെക്കുറിച്ചാണ്. അവിടെയുള്ള ഹരിറാംജിയുടെ കടയിൽ എടുത്തുകൊടുപ്പുകാരിയായിരുന്നു ഞാൻ. മറയൂരിൽ ശെൽവന്റെ ചായക്കടയിൽ വന്നിറങ്ങുന്ന യാത്രാഗ്രൂപ്പുകൾക്ക് ചൂടുള്ള ഊത്തപ്പം ചുട്ടുകൊടുത്തു കൊണ്ടും , അരക്കു താഴ്‌വരയിലെ ബാംബു ചിക്കനുണ്ടാക്കുന്ന മൺകുടിലിലേക്ക് സഞ്ചാരികളെ വിളിച്ചു കയറ്റിക്കൊണ്ടും ഞാൻ യാത്രകൾ ആഘോഷിക്കാറുണ്ട്.

**എന്തെങ്കിലും അന്വേഷിക്കാനോ പഠിക്കാനോ ഗവേഷണം ചെയ്യാനോ ഞാൻ മുതിർന്നതേയില്ല. മുൻവിധിയും പക്ഷപാതവും ഇല്ലേയില്ല. ഞാൻ അവിടത്തെ മനുഷ്യരുടെ സൗഹൃദം ഒത്തുനടത്തം മിണ്ടിപ്പറയൽ മാത്രം ആഗ്രഹിച്ചു , അതിനായി ഗ്രാമങ്ങളുടെ, വീടുകളുടെ വാതിൽക്കൽ കാത്തു നിന്നു. ഒന്നര വർഷം കാത്തു നില്ക്കേണ്ടി വന്നു വാതിൽ തുറന്നു കിട്ടാൻ .**

സത്യത്തിൽ വഴികളാണ് എന്നെ വിളിക്കുന്നത്. വഴികൾക്കു ചുറ്റും പ്രദേശങ്ങളുമുണ്ടാവാറുണ്ട് എന്നു മാത്രം....

### ? സഞ്ചാരത്തിൽ നിന്നും സഞ്ചാര രചനയിലേക്ക് എത്തുന്നത് എപ്പോഴാണ് ?

ഉത്തരം : വളരെ കുറച്ചു മാത്രമെ എഴുതിയിട്ടുള്ളു. ഞാൻ തീർച്ചയായും പറയേണ്ടത് , ഞാൻ മാത്രം പറയേണ്ടത് , എനിക്കു മാത്രം പങ്കുവെക്കുവാൻ കഴിയുന്നത് , അങ്ങനെ തോന്നിയതു മാത്രം. ഏറിയ പങ്കും തീർത്തും വ്യക്തിപരമായ അനുഭൂതികളും ആഘാതങ്ങളും അർമാദങ്ങളും അനുഭവങ്ങളുമാണ് . ഇത് വേറൊരാൾക്ക് ഇഷ്ടപ്പെടുമോ , എന്റത്രയും തീവ്രമായി അവരത് ഉൾക്കൊള്ളുമോ എന്നൊക്കെയുള്ള സംശയങ്ങളുണ്ടായിരുന്നു.

പിന്നീട് എന്റെ തന്നെ ഓർമ്മക്കായി എന്ന നിലയിൽ ഞാനെഴുതിത്തുടങ്ങി. അതേറെ വായനക്കാർ


**സ്ത്രീയെന്ന നിലയിലുള്ള അപകടങ്ങളെക്കുറിച്ചാണെങ്കിൽ , സമൂഹത്തിനകത്ത് , വിദ്യാലയങ്ങൾക്കകത്ത് , ജോലിയിടങ്ങളിൽ , പൊതു വഴിയിലും ഗതാഗതങ്ങളിലും , എന്തിന് സ്വന്തം വീടകങ്ങളിൽ പോലും , ഒരുവൾ നിത്യേന നേരിടുന്ന അരക്ഷിതാവസ്ഥയിൽ കവിഞ്ഞൊരു അപകടവും ഞാൻ യാത്രാവഴികളിൽ കണ്ടില്ല. രക്തബന്ധങ്ങളിൽ സൗഹൃദങ്ങളിൽ പ്രണയങ്ങളിൽ വിശ്വാസങ്ങളിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ മാത്രമെ അപരിചിതരിലും കണ്ടുള്ളൂ.**

കൗതുകപൂർവ്വം വായിച്ചു തുടങ്ങി. സമാനരുചിയുള്ളവരുമായുള്ള പങ്കുവെക്കലുകൾ പ്രോത്സാഹനമായി. കുഞ്ഞു കുഞ്ഞു കാര്യങ്ങളിലെ കൗതുകം , ഏറെ പേർക്കുണ്ടെന്നു മനസിലായി. ചലിക്കുന്ന ചിത്രങ്ങൾ പോലെ എനിക്കെഴുതാനാവുമെന്നൊരു ധൈര്യം കൈവന്നപ്പോൾ , ഞാനെന്റെ നടത്തങ്ങളിൽ അക്ഷരങ്ങളെയും ഒപ്പം കൂട്ടി.

**? യാത്ര എഴുത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളി എന്താണ് ?**

ഉത്തരം : സത്യസന്ധത പാലിക്കുക എന്നതാണ്. എഴുത്തിൽ മാത്രമല്ല , നമ്മുടെ കാഴ്ച്ചപ്പാട് ,നിലപാട്, സാമൂഹിക പ്രതിബദ്ധത തുടങ്ങിയ ജീവിതവ്യവഹാരങ്ങളിൽ കഴിയുന്നത്ര വെള്ളം ചേർക്കാതിരിക്കുക എന്നത് സഞ്ചാരിയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. കാരണം , യാത്ര എഴുത്ത് ഫിക്ഷൻ അല്ല , അത് വർത്തമാന കാലത്തിന്റെ അടയാളപ്പെടലാണ്.

നാലു പേർ ഒന്നിച്ചു ഒരിടത്തിലൂടെ സഞ്ചരിക്കുമ്പോൾ നാലുതരം കാഴ്ച്ചകളും അനുഭവങ്ങളുമാണ്. അത് ആ വ്യക്തിയുടെ സാമൂഹിക സാംസ്കാരിക സമീപനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അതിൽ അസ്വാഭാവികത,



കുല്ലു രാജകുമാരൻ , ദാനവേന്ദർ ജി

തെറ്റിദ്ധാരണ , അമാനുഷികത , വ്യാജ രാഷ്ട്രീയ ശരികൾ കുത്തിച്ചേർത്തുന്നത് , ആ പ്രദേശത്തോടും ജനതയോടും സംസ്കാരത്തോടും ചെയ്യുന്ന അനീതിയായി തോന്നാറുണ്ട്. നമ്മുടെ ശരി തെറ്റുകൾ ഏറ്റു വാങ്ങാൻ വിധിക്കപ്പെട്ടവരല്ല അകലങ്ങളിലെ മനുഷ്യർ. നമ്മുടെ നിഗമനങ്ങളിൽ ഒതുക്കേണ്ടതല്ല അവരുടെ ജീവിതം. എഴുത്താളിന്റെ പരിമിതികൾ ഒരു ജനത എന്തിനു സഹിക്കണം?!

യാത്രാവിവരണമടക്കമുള്ള രചനകളാൽ , എഴുത്തടക്കമുള്ള മാദ്ധ്യമങ്ങളാൽ തെറ്റിദ്ധരിപ്പിക്കപ്പെടുകയും , പൊലിപ്പിക്കപ്പെടുകയും ചെയ്ത ഇടങ്ങളുണ്ട്. ബസ്തർ ആദ്യ ഗണത്തിലും , ഭൂട്ടാൻ രണ്ടാം ഗണത്തിലും വരുന്നുണ്ടെന്ന് ഞാൻ പറയും. അപകട മേഖല എന്ന ടാഗും , സന്തോഷ സാമ്രാജ്യം എന്ന കവാടകമാനവും ബോധപൂർവ്വം വളർത്തിക്കൊണ്ടു വന്നതാണ്. സഞ്ചാരി എഴുതുമ്പോൾ ഇത്തരം കൈചൂണ്ടികൾ ഒഴിവാക്കണം. അല്ലെങ്കിൽ , പുതുതായി ഒന്നും പങ്കിടാനില്ലാത്ത , ചരിത്ര ഭൂമിശാസ്ത്ര പാഠപുസ്തകങ്ങൾ പോലെയാവും എഴുത്തുകൾ.

സഞ്ചാരി ഗവേഷണമോ പഠനമോ



**ചക്രധാരിയുടെ ഗ്രാമം**

ഒന്നും നടത്താൻ പ്രാപ്തയല്ല. അവൾക്കതിനുള്ള സമയമോ സാവകാശമാ ഒന്നും ആഴ്ച്ചകളും മാസങ്ങളും നീളുന്ന യാത്രയിൽ ലഭിക്കുന്നില്ല. അപരിചിത പ്രദേശങ്ങളിലൂടെയും മനുഷ്യരിലൂടെയും കടന്നു പോവുക മാത്രമാണ് അവൾ ചെയ്യുന്നത്. ആ സമയത്തെ കാലാവസ്ഥയിൽ നിന്നു തുടങ്ങി മനുഷ്യരുടെ മൂഡ് വരെ അനുഭവങ്ങളെ ബാധിക്കുന്നുണ്ട്. യാത്രാവഴികളിൽ ഒന്നും സ്ഥായിയല്ല , ആപേക്ഷികമാണ് എന്ന തിരിച്ചറിവ് എഴുത്തിലും ജീവിതത്തിലും കൈക്കൊള്ളുക എന്നത് വെല്ലുവിളി തന്നെയാണ്.

നിങ്ങൾക്ക് നിർമ്മിക്കണമെങ്കിൽ ഫിക്ഷൻ എഴുതുക , യാത്രാനുഭവങ്ങളിൽ സ്വയ നിർമ്മിതികൾ ഒഴിവാക്കുക.

**? യാത്രയിൽ നിരവധി കാഴ്ചകൾ കാണുന്നു. യാത്ര എഴുതുമ്പോൾ അതിന്റെ തിരഞ്ഞെടുപ്പ് എങ്ങനെയാണ് ?**

ഉത്തരം : നേരത്തെ തന്നെ സൂചിപ്പിച്ചിരുന്നു , ഒരക്ഷരം എഴുതാതെ ഞാനെത്രയോ യാത്രകൾ ചെയ്തിട്ടുണ്ട് എന്ന്. വളരെ കുറച്ചു മാത്രമെ എഴുതിയിട്ടുമുള്ളു.കാഴ്ച്ചകൾ അനുഭവങ്ങൾ അനുഭൂതികൾ, അതിലൂടെ ഊറി വരുന്ന ഓർമ്മകൾ, അതിനോട് ചേർന്നു നില്ക്കുന്ന മനുഷ്യർ ,കേട്ടു രസിച്ചിരുന്ന കവിതകൾ സിനിമാഗാ

**ഒറ്റക്കാഴ്ച്ചയിലൊന്നുമൊതുങ്ങാത്ത കൂറ്റൻ നിർമ്മിതികളുടെ വടക്കുപുറത്ത് , ഒറ്റ നിമിഷം കണ്ണിൽ തങ്ങുന്ന ചില ജീവിത മുഹൂർത്തങ്ങളുണ്ട്. വാരണാസിയിലെ ചുടല ജീവനക്കാരനുമൊത്ത് , നൂറ്റാണ്ടുകൾ മണക്കുന്ന ഇരുണ്ട ഗലികളിലൂടെ, ഗുസ്തിക്കളരികളുടെ മണൽമുറ്റങ്ങളിലൂടെ , മരണത്തേക്കാൾ തണുത്തുറഞ്ഞ അനാഥ വാർദ്ധക്യങ്ങളുടെ ഇരുട്ടറകളിലൂടെ , ആരോ മറന്നു വെച്ചു പോയ കാലത്തിന്റെ തുരുമ്പിച്ച പഴുതുകളിലൂടെ അലഞ്ഞുനടന്ന് , അതിമനോഹരമായ സിംഫണി പോലെ അരങ്ങേറുന്ന ഗംഗ ആരതി കാണാൻ മറന്നിട്ടുണ്ട്.**

നങ്ങൾ കഥകൾ ഒക്കെ എന്റെ യാത്ര എഴുത്തിൽ വരാറുണ്ട്.വായനക്കാർക്ക് രസിക്കുമോ , അവരെ ആകർഷിക്കുമോ അത്ഭുതപ്പെടുത്തുമോ എന്നതിലൊക്കെ ഉപരി , ആ നിമിഷം എന്നിലുണ്ടാക്കിയത് ഉണർത്തിയത് എന്ത് എന്നെഴുതാനാണിഷ്ടം.

തിളക്കുന്ന വെയിലിൽ നിന്നൊരല്പം തണലിനായി ഞാനൊരു മാവിൻചുവടു തേടി. ആ കർഷകഭവനം അന്നു ചില അതിഥികളെ പ്രതീക്ഷിക്കുന്നുണ്ട്. പഞ്ചസാരയും പാലും മൈദയും കൽക്കണ്ടവും വാങ്ങിക്കൊണ്ടു വരാതെ മാഞ്ചോട്ടിലെ കയറുകട്ടിലിൽ കിടക്കുന്ന വീട്ടുകാരനെക്കുറിച്ച് വീട്ടമ്മ എന്നോട് പരാതി പറയുകയാണ്. നീയവർക്ക് വെള്ളവും ചായയും കൊടുക്ക് , പരാതി പറയാതിരിക്ക് എന്നയാൾ സ്നേഹപൂർവ്വം ശാസിക്കുകയാണ് . വെറും അര മണിക്കൂർ , ഞാനാ വീട്ടിലെ അംഗമാവുകയാണ് , ഇരുവരെയും ആശ്വസിപ്പിക്കുകയാണ്. യാത്ര പറയുമ്പോൾ , അന്ന് ആറോ ഏഴോ വയസുണ്ടായിരുന്ന എന്റെ മകനും സമപ്രായക്കാരനായ അവരു

ടെ മകനും കെട്ടിപ്പിടിച്ചു യാത്ര പറയുകയാണ്. അത്രയും നേരം അവർ രണ്ടു പേരും തണലിൽ കിടക്കുന്ന കാളകൾക്കു ചുറ്റും ഓടിക്കളിക്കുകയും വൈക്കോൽ തീറ്റിക്കുകയുമായിരുന്നു.

ഒരു പകൽ മുഴുവനെടുത്ത് കണ്ടുതീർത്ത ചരിത്ര ബാദ്ധ്യതകളായ കോട്ട കൊട്ടാര കെട്ടുകഥകൾ മാറ്റി വെച്ച് ഞാനിതെഴുതും.

വഴിവക്കിൽ വിശ്രമിക്കുന്ന എനിക്ക് ഇടക്കിടെ പഴുത്ത തക്കാളികൾ കൊണ്ടുവന്നു തന്നു കൊണ്ടിരുന്ന കിഴക്കൻ ഭൂട്ടാനിലെ വൃദ്ധയായ വില്പനക്കാരി , ഭക്ഷണം തയ്യാറാകുന്നതുവരെ നമുക്ക് പാട്ടുപാടി കളിക്കാം എന്നു കൈപിടിച്ചുച്ചേർത്തിയ സോയൽ ഗ്രാമത്തിലെ സുന്ദരി അമ്മൂമ്മ, ഓടിവന്നെന്റെ മടിയിൽ വീണ് കുഞ്ഞു കയ്യിലെ രുദ്രാക്ഷമാല നെറുകയിൽ വെച്ചനുഗ്രഹിച്ച ബാലസന്യാസി , ശീതനിദ്രയിലാണ്ടു പോയ ജീവന്റെ പൊടിപ്പുകളെ വിളിച്ചുണർത്തി ആകാശത്താകെ സ്വർണമുരുക്കിയൊഴിച്ച വാസന്തപഞ്ചമി, വന്യമായ ഗന്ധവും സാമീപ്യവും നോട്ടവും കൊണ്ട് ഞൊടിയിടയിൽ എന്നെ പ്രണയപരവശയാക്കിയ യതിയുടെ പർവതഗ്രാമത്തിലെ മരം വെട്ടുകാരൻ....

പക്ഷെ ആംചൊ ബസ്തർ പോലുള്ളൊരു പുസ്തകം ഞാനെഴുതാൻ കാരണമായത് , ഇത് ഇപ്പോൾ പറഞ്ഞില്ലെങ്കിൽ ഇനിയൊരിക്കലും പറയാനാവില്ല എന്ന തോന്നലിൽ നിന്നാണ്. പല സന്ദർഭങ്ങളിലും ഞാനതിന് നിയോഗിക്കപ്പെട്ടതു പോലെയും തോന്നിയിരുന്നു. പോളാവരം ജലവൈദ്യുതപദ്ധതി നടപ്പിലാവുമ്പോൾ മുങ്ങിപ്പോകാനിരിക്കുന്ന കൊണ്ട എന്ന അതിവിശാല കാർഷിക ഗ്രാമത്തിലിരുന്ന് , ആ ഗോത്ര നേതാവ് പലതരം സ്വപ്ന പദ്ധതികളെക്കുറിച്ച് ആശയോടെ സംസാരിക്കുമ്പോൾ , അതു രേഖപ്പെടുത്തേണ്ടത് എന്റെ ദൗത്യമാണെന്ന തോന്നലാണുണ്ടായിരുന്നത്.

എന്റെ തിരഞ്ഞെടുപ്പുകൾ, മറക്കാനും മറയ്ക്കാനുമാവാത്ത അനുഭവങ്ങളിൽ നിന്നും അനുഭൂതികളിൽ നിന്നും നിയോഗങ്ങളിൽ നിന്നുമാണ്. അതൊരു പക്ഷെ അന്ന് അപ്പോൾ ആ പ്രദേശത്ത് നടന്നതാവണമെന്നു പോലുമില്ല. എന്നോ ഒരിക്കൽ നടന്നതിനെ ഓർമ്മിച്ചതു പോലുമാവാം.

**എന്റെ തന്നെ ഓർമ്മക്കായി എന്ന നിലയിൽ ഞാനെഴുതിത്തുടങ്ങി. അതേറെ വായനക്കാർ കൗതുകപൂർവ്വം വായിച്ചു തുടങ്ങി. സമാനരുചിയുള്ളവരുമായുള്ള പങ്കുവെക്കലുകൾ പ്രോത്സാഹനമായി. കുഞ്ഞു കുഞ്ഞു കാര്യങ്ങളിലെ കൗതുകം , ഏറെ പേർക്കുണ്ടെന്നു മനസിലായി. ചലിക്കുന്ന ചിത്രങ്ങൾ പോലെ എനിക്കെഴുതാനാവുമെന്നൊരു ധൈര്യം കൈവന്നപ്പോൾ , ഞാനെന്റെ നടത്തങ്ങളിൽ അക്ഷരങ്ങളെയും ഒപ്പം കൂട്ടി.**

**? ഒരു സഞ്ചാരിയുടെ ജീവിതം തിരഞ്ഞെടുക്കുമ്പോൾ അതിലെ പ്രതിസന്ധികളെ കുറിച്ച് മനസിലാക്കിയിരുന്നോ ?**

ഉത്തരം : അതിന് ഞാനിത് തിരഞ്ഞെടുത്തതല്ലല്ലോ, ഇതെന്റെ സ്വഭാവമല്ലേ..

അതിനാൽ തന്നെ പ്രതിസന്ധികളും വെല്ലുവിളികളും സ്വഭാവത്തിന്റെ ഭാഗമായി മാറുകയല്ലേ. അതെല്ലാം ഒഴിവാക്കണമെങ്കിൽ ഞാനെന്റെ സ്വാഭാവികത വെടിയേണ്ടി വരും . അപ്പോഴത് ഒരു നിർമ്മിതബുദ്ധിക്ക് ചെയ്യാനാവുന്നതിലും അധികം ഒന്നുമാവാതെ പോകും.

പക്ഷെ മനപൂർവ്വം ശീലിപ്പിച്ചെടുക്കുവാൻ നിരന്തരം ശ്രമിച്ചു കൊണ്ടേയിരിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്.

ഒന്ന് , ഒരു ജീവനും ജീവിതവും ജീവിതാവസ്ഥയും ഒരിക്കലും ഒരിടത്തും ഒരുപോലെയല്ല . പ്രിവിലേജുകളുടെ സുരക്ഷിതത്വത്തിൽ നിന്നു കൊണ്ട് മറ്റു ജീവിതങ്ങളെ അളക്കുവാൻ തുനിയരുത് എന്നാണ്.

രണ്ട് , ഗൃഹാതുരത്വത്തിന്റെയും ദേശഭാഷപ്രേമത്തിന്റെയും അനാവശ്യ ഭാണ്ഡങ്ങൾ ചുമലിലെടുക്കരുത് എന്നാണ്.ഇതു രണ്ടും എളുപ്പമല്ല. പക്ഷെ അവസാന യാത്ര വരെയും ഞാനിതിന് ശ്രമിച്ചു കൊണ്ടേയിരിക്കണം എന്നതാണ്....

**? ഭാവനാ ഭൂപടത്തിലെ സഞ്ചാര ദേശങ്ങൾ ഏതെല്ലാമാണ് ?**

ഉത്തരം : തെളിയാത്ത വഴികളും കാണാത്ത മനുഷ്യരും അറിയാത്ത ജീവിതങ്ങളും പകരാത്ത അനുഭവങ്ങളും ഉള്ള എല്ലാ ദേശങ്ങളും....



പി ഡബ്ല്യു ജി കമാൻഡർ ഭദ്രണ്ണ രാമ


the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
The Cotillion is Guaranteed to be a Great Dine Experience
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300

ചെറുകഥ



ശ്രീകുമാർ ഭാസ്കരൻ

വര:
ദിനേഷ് പി ജി

# അമ്പിൻതുമ്പിൽ കൊരുത്തത്

വളരെ ആയാസപ്പെട്ട് ഭാരിച്ച പെട്ടിയെടുത്ത് സൈക്കിൾ റിക്ഷയിൽ വെച്ച് തിരിയുമ്പോൾ പിന്നിൽ നിന്നും അവൻ കൈ നീട്ടി.

''മാത്യു, കെമിസ്ട്രി.''

ഞാനും സൗഹാർദ്ദപൂർവ്വം കൈ നീട്ടി.

''ശ്രീരാജ്, സുവോളജി.''

അങ്ങനെ ഞങ്ങൾ അവിടെ വച്ച് പരിചയപ്പെട്ടു. നാട്ടിൽ നിന്നും മൂന്ന് ദിവസം ഒരേ ട്രെയിനിൽ യാത്ര ചെയ്തിട്ടും ഞങ്ങൾ പരസ്പരം കാണുന്നത് കാൺപൂർ റെയിൽവേ സ്റ്റേഷനിൽ വച്ചാണ്. കാരണം ഞങ്ങൾ രണ്ടും രണ്ട് കമ്പാർട്ട്മെന്റിൽ ആയിരുന്നു.

എനിക്ക് പിന്നിൽ വിശാലമായ കാൺപൂർ റെയിൽവേ സ്റ്റേഷൻ. അതിൻറെ ഒന്നാമത്തെ പ്ലാറ്റ്ഫോമിൽ നിന്നും ഫ്ലൈഓവറിൽ പതിനാറ് പ്ലാറ്റ്ഫോം കടന്ന് പുറത്ത് എത്തുമ്പോൾ അരകിലോമീറ്ററോളം നടക്കേണ്ടി വന്നു.

എൻറെ കൈവശം വളരെ ഭാരിച്ച ഒരു പെട്ടിയാണ് ഉണ്ടായിരുന്നു. പി. ജി പഠിക്കാൻ തുടങ്ങുകയാണ്. അതിനാവശ്യമായ ബുക്കുകൾ പിന്നെ ചമ്മന്തിപ്പൊടി മുതൽ അവലേസു പൊടി വരെയുള്ള തീറ്റവിഭവങ്ങൾ വേറെയും. എല്ലാം കുത്തിനിറച്ച ഒരു വലിയ പെട്ടി. വളരെ ആയാസപ്പെട്ട് അതുമായിട്ട് ഞാൻ പുറത്തു വന്നു. പുറത്ത് ആദ്യം കണ്ട സൈക്കിൾ റിക്ഷയിൽ ഭാരിച്ച പെട്ടിയെടുത്തുവച്ചു തിരിയുമ്പോഴാണ് മാത്യുവിനെ പരിചയപ്പെടുത്തുന്നത്. മാത്യുവിനും ചെറുതല്ലാത്ത ഒരു പെട്ടിയുണ്ടായിരുന്നു.

ഞങ്ങൾ രണ്ടുപേരും രണ്ടു വശങ്ങളിലായി റിക്ഷയിൽ കയറിയിരുന്നു. സൈക്കിൾ റിക്ഷ സാവകാശം ആയാസപ്പെട്ട് ബഡാചൗരയിലേക്ക് നീങ്ങി. ബഡാചൗര കാൺപൂർ നഗരത്തിന്റെ ഹൃദയഭാഗമാണ്

മാത്യു ബഡാചൗരയിലെ സിവിൽ ലൈനിൽ താമസം തുടങ്ങി. നിയമ വിദ്യാർത്ഥികളായ മലയാളികളുടെ കൂടെ.  മാത്യുവിന്റെ പ്രവർത്തനങ്ങൾക്ക് അതായിരുന്നു സൌകര്യം.

ഞാൻ നഗരത്തിൽ നിന്നും പതിനഞ്ചുകിലോമീറ്റർ അകലെ ഐ. ഐ. ടി ക്യാമ്പസിനോട് ചേർന്നുള്ള ഒരു വീട്ടിലും. അവിടെ എൻറെ സീനിയർ ഒരു വീട് എടുത്ത് താമസിച്ചിരുന്നു. ഞാൻ  അദ്ദേഹത്തിൻറെ കൂടെക്കൂടി.

ഞങ്ങൾ കോളേജിൽ പോയിത്തുടങ്ങി. ഞാൻ മിക്കവാറും മാത്യുവിനെ കോളേജിൽ വെച്ച് കാണും.

ആദ്യ വർഷം കാര്യമായ സംഭവങ്ങൾ ഇല്ലാതെ കടന്നുപോയി. എന്നാൽ രണ്ടാം വർഷം മാത്യു സജീവമായി രാഷ്ട്രീയത്തിൽ ഇറങ്ങി. കോളേജ് രാഷ്ട്രീയം. അത് പിന്നീട് സംഭവബഹുലമായി.

മാത്യുവിന് നന്നായിട്ട് ഹിന്ദി അറിയാം. മുൻപ് മാത്യു നാഗാലാൻഡിൽ ആർമി ടീച്ചർ ആയിരുന്നു. അതുകൊണ്ട് ഭാഷാപരമായി പിടിപാട് വളരെ നന്നായിട്ടുണ്ട്.

ആദ്യ വർഷത്തിൽ നിന്നും വ്യത്യസ്തമായിരുന്നു രണ്ടാം വർഷം മാത്യു സജീവമായി രാഷ്ട്രീയത്തിൽ ഇറങ്ങി. കാരണം മാത്യുവിന്റെ അയൽവാസിയായ വിവേക് അവസ്തിയായിരുന്നു കോളേജിലെ ചെയർമാൻ സ്ഥാനത്തേക്ക് മത്സരിച്ചിരുന്നത്.   ഡി. എ. വി. കോളേജിന്റെ ചെയർമാനാണ് മിക്കവാറും കാൺപൂർ സർവ്വകലാശാലയുടെ വിദ്യാർഥി മഹാമന്ത്രി ആവുക. അതൊരു വലിയ പദവിയാണ്.  ആ പദവിക്കു വേണ്ടി മത്സരിക്കുന്ന ഒരു പാട് പേർ ഉണ്ട്.

വിദ്യാർഥി മഹാമന്ത്രി പദവി ഒരു വലിയ ചവിട്ടുപടിയാണ്. സാമാജിക രാഷ്ട്രീയത്തിലേക്കുള്ള ചവിട്ടുപടി.

കാൺപൂരിലെ വിദ്യാർഥിരാഷ്ട്രീയം വളരെ മോശമാണ്. തനി ഗുണ്ടായിസം. ഗാവുകൾ കേന്ദ്രീകരിച്ചുള്ള ലോക്കൽ ദാദമാരാണ് രാഷ്ട്രീയം കൈകാര്യം ചെയ്യുന്നത്.

ഇവരിൽ ആരും തന്നെ സ്ഥിരമായി കോളേജിൽ വരാറില്ല. കോളേജ് ഇലക്ഷൻ ഒരു ചവിട്ടുപടിയാണ്. പ്രാദേശിക രാഷ്ട്രീയത്തിൽ ഉയരാനുള്ള ചവിട്ടുപടി. കാരണം അവർ പിന്നീട് നിയമസഭാ സ്ഥാനാർത്ഥിയായും ലോകസഭാ സ്ഥാനാർഥിയായും മാറും.

**ഞങ്ങൾ രണ്ടുപേരും രണ്ടു വശങ്ങളിലായി റിക്ഷയിൽ കയറിയിരുന്നു. സൈക്കിൾ റിക്ഷ സാവകാശം ആയാസപ്പെട്ട് ബഡാചൗരയിലേക്ക് നീങ്ങി. ബഡാചൗര കാൺപൂർ നഗരത്തിന്റെ ഹൃദയഭാഗമാണ്. മാത്യു ബഡാചൗരയിലെ സിവിൽലൈനിൽ താമസം തുടങ്ങി. നിയമ വിദ്യാർത്ഥികളായ മലയാളികളുടെ കൂടെ.  മാത്യുവിന്റെ പ്രവർത്തനങ്ങൾക്ക് അതായിരുന്നു സൌകര്യം. ഞാൻ നഗരത്തിൽ നിന്നും പതിനഞ്ചുകിലോമീറ്റർ അകലെ ഐ. ഐ. ടി ക്യാമ്പസിനോട് ചേർന്നുള്ള ഒരു വീട്ടിലും. അവിടെ എൻറെ സീനിയർ ഒരു വീട് എടുത്ത് താമസിച്ചിരുന്നു. ഞാൻ  അദ്ദേഹത്തിൻറെ കൂടെക്കൂടി.**

ആര്യസമാജത്തിന്റെ കീഴിലുള്ളതാണ് ഡി. എ. വി. കോളേജ്. അവിടെ ഇലക്ഷൻ പക്കാ സെക്യൂരിറ്റിയിൽ ആണ് നടക്കുന്നത്. പോലീസ് സന്നാഹത്തോടെ നടക്കുന്ന ഒരു വലിയ മാമാങ്കം ആണ് തെരഞ്ഞെടുപ്പ്. കാരണം ഡി. എ. വി. യിലെ ചെയർമാൻ ആണ് കാൺപൂർ യൂണിവേഴ്സിറ്റി ചെയർമാൻ അഥവാ വിദ്യാർത്ഥി മഹാമന്ത്രി ആവുക.

വിദ്യാർത്ഥി മഹാമന്ത്രി സർവ്വകലാശാല ഭരണത്തിൽ ഒരു നിർണായക ശക്തിയാണ്. വിദ്യാർത്ഥി മഹാമന്ത്രിയുടെ അഭിപ്രായം മിക്കവാറും സിൻഡിക്കേറ്റ് എന്ന ഭരണസമിതി അംഗീകരിച്ചു നടപ്പാക്കുകയാണ് പതിവ്. കൂടാതെ ഒരു വിദ്യാർത്ഥി മഹാമന്ത്രിക്ക് ഓഫീസ്, വാഹനം, സെക്യൂരിറ്റി എന്നിവയുമുണ്ട്. അതുകൊണ്ടുതന്നെ വിദ്യാർത്ഥി മഹാമന്ത്രി പദവി കളർഫുൾ ആണ്.

പൊതുവേ ആരും ഡി. എ. വി. യിൽ ഇലക്ഷന് വോട്ട് ചെയ്യാൻ പോകാറില്ല. ഭയം തന്നെ കാരണം. എപ്പോൾ വേണമെങ്കിലും നാടൻ ബോംബ് പൊട്ടാം.

ഡി. എ. വി. യിൽ പഠിക്കാൻ വരുന്ന മലയാളികൾ തെരഞ്ഞെടുപ്പിന് ഒരു മുതൽക്കൂട്ടാണ്. കാരണം അവർ വോട്ട് ചെയ്യും. ആ സ്ഥാനാർഥി മിക്കവാറും ജയിക്കും.


ചെയർമാൻ സ്ഥാനത്തേക്ക് മത്സരിക്കുന്ന വിവേക് അവസ്തിക്കു വേണ്ടി മാത്യു രംഗത്തിറങ്ങി. ഏറെക്കുറെ വിവേകിന്റെ ജയം ഉറപ്പായിരുന്നു. എങ്കിലും സാധാരണപോലെ നോട്ടീസ്, പോസ്റ്റർ എന്നിവയുണ്ടായിരുന്നു. ഇതൊന്നും ആയിരുന്നില്ല പ്രധാന ഐറ്റം. അത് റോഡ് ഷോ ആണ്.

മത്സരാർത്ഥി നടത്തുന്ന റോഡ് ഷോയുടെ ശക്തിയും വലിപ്പവും ആണ് പലപ്പോഴും ജയപരാജയം തീരുമാനിക്കുന്നത്. വിവേക് നിരന്തരം വൈകുന്നേരങ്ങളിൽ റോഡ് ഷോ നടത്തി. അതിൻറെ അമരക്കാരൻ മാത്യു ആയിരുന്നു.

റോഡ് ഷോ എന്ന് പറഞ്ഞാൽ, മെയിൻ റോഡ് നിറഞ്ഞ് രണ്ടു വരിയായി ബൈക്കുകൾ, അതിൽ കൂട്ടമായി ഹൈഡ്രജൻ നിറച്ച ബലൂണുകൾ. ബൈക്കിൽ രണ്ടുപേർ വീതം. അവർ ദേഹം മൊത്തം ചായം തേച്ച് അല്ലെങ്കിൽ കടുത്ത നിറമുള്ള ഡ്രസ്സ് ധരിച്ച് ഹോൺ അടിച്ച് ലൈറ്റ് ഇട്ടുപോകും. അതിനു പിന്നിൽ തുറന്ന ജീപ്പുകൾ. അതിൻറെ ആദ്യ ജീപ്പിൽ മത്സരാർത്ഥി. പിന്നാലെ മറ്റ് ജീപ്പുകൾ. ജീപ്പിൽ ഏറ്റവും ലേറ്റസ്റ്റ് അടിപൊളി ഹിന്ദി ഗാനം കാതടപ്പിക്കുന്ന ശബ്ദത്തിൽ വച്ചിരിക്കും. അതനുസരിച്ച് ജീപ്പിലും അതിനു പുറകിലുമായി ഡാൻസ് കളിക്കാൻ യുവനിര. അങ്ങനെ കുറഞ്ഞത് ഒരു ഡസൻ  ജീപ്പുകൾ. ഇതാണ് റോഡ് ഷോ.

ഈ കലാപരിപാടി വൻ സാമ്പത്തിക ചെലവുള്ളതാണ്. അതുകൊണ്ടു തന്നെ നല്ല പണമുള്ളവൻ മാത്രമേ മത്സരാർത്ഥി ആവൂ.

വിവേക് അവസ്തിയുടെ കൂടെ തു




റന്ന ജീപ്പിൽ എപ്പോഴും മാത്യുവുണ്ടാകും. ഒരു ബോഡിഗാർഡ് പോലെ. അങ്ങനെ മാത്യു, അവൻ അറിയാതെ പലർക്കും ശത്രുവായി. ഒരു നോട്ടപ്പുള്ളിയുമായി.

ഇലക്ഷൻ കഴിഞ്ഞു. വിവേക് ജയിച്ചു. അതുകൊണ്ട് ഞങ്ങൾ മല്ലുസിന് ഒരുപാട് ഗുണങ്ങൾ ഉണ്ടായിരുന്നു.

മാസങ്ങൾ കടന്നുപോയി. പരീക്ഷാക്കാലമായി.

കാൺപൂർ സർവ്വകലാശാലയുടെ രീതിയനുസരിച്ച് പി. ജി ഒന്നാം വർഷ പരീക്ഷ എഴുതി ജയിച്ചെങ്കിലേ രണ്ടാം വർഷം ഇരിക്കാൻ പറ്റു. ഒന്നാം വർഷം എന്നപോലെ രണ്ടാം വർഷവും പുതിയതായി അഡ്മിഷൻ എടുക്കണം. ഒന്നിച്ച് ആദ്യം തന്നെ ഫീസ് അടയ്ക്കുകയും വേണം. ഏതെങ്കിലും കാരണവശാൽ ഒന്നാം വർഷം ജയിച്ചില്ലെങ്കിൽ വീണ്ടും ഒന്നാം വർഷപരീക്ഷ വർഷാവസാനം എഴുതി ജയിക്കണം. എങ്കിലേ രണ്ടാം വർഷം അഡ്മിഷൻ എടുക്കാൻ പറ്റു. ചുരുക്കത്തിൽ ഒന്നാം വർഷം തോറ്റാൽ ഒരു വർഷം പോകും.

ഞാനും മാത്യുവും ആ കടമ്പ കടന്നതാണ്. ഇത് രണ്ടാം വർഷമാണ്. ഫൈനൽ എക്സാം.

കാൺപൂർ സർവ്വകലാശാല പരീക്ഷ വളരെ കാര്യക്ഷമതയോടെയാണ് നടത്തുന്നത്. സർവ്വകലാശാലയിലെ പരീക്ഷാരീതി, പരീക്ഷാദിനങ്ങളിൽ കോളേജിന്റെ പ്രധാന കവാടം മുതൽ പോലീസ് ഇരുവശത്തുമായി നില ഉറപ്പിക്കും. അവരുടെ മുന്നിൽ കൂടി വേണം പരീക്ഷാ ഹാളിലേക്ക് പോകേണ്ടത്. പോകുമ്പോൾ ഓരോ പോലീസുകാരനും ശരീര പരിശോധന നടത്തി കടത്തിവിടും. അതാണ് രീതി. ക്യാമ്പസിന്റെ അകത്ത് പരീക്ഷാ ദിനങ്ങളിൽ ഒരു ചെറിയ പേപ്പർ കഷ്ണം പോലും എവിടെയും കിടപ്പുണ്ടാകില്ല. അത്ര ക്ലീൻ ആയിരിക്കും ക്യാമ്പസ്.

എൻറെ ആദ്യ രണ്ടു പരീക്ഷ കഴിഞ്ഞു. ഒരു ശനിയാഴ്ച രാവിലെ റൂമിൽ വെറുതെ ഇരിക്കുമ്പോൾ മാത്യു

**പൊതുവേ ആരും ഡി. എ. വി. യിൽ ഇലക്ഷന് വോട്ട് ചെയ്യാൻ പോകാറില്ല. ഭയം തന്നെ കാരണം. എപ്പോൾ വേണമെങ്കിലും നാടൻ ബോംബ് പൊട്ടാം. ഡി. എ. വി. യിൽ പഠിക്കാൻ വരുന്ന മലയാളികൾ തെരഞ്ഞെടുപ്പിന് ഒരു മുതൽക്കൂട്ടാണ്. കാരണം അവർ വോട്ട് ചെയ്യും. ആ സ്ഥാനാർഥി മിക്കവാറും ജയിക്കും. ചെയർമാൻ സ്ഥാനത്തേക്ക് മത്സരിക്കുന്ന വിവേക് അവസ്തിക്കു വേണ്ടി മാത്യു രംഗത്തിറങ്ങി. ഏറെക്കുറെ വിവേകിന്റെ ജയം ഉറപ്പായിരുന്നു. എങ്കിലും സാധാരണപോലെ നോട്ടീസ്, പോസ്റ്റർ എന്നിവയുണ്ടായിരുന്നു. ഇതൊന്നും ആയിരുന്നില്ല പ്രധാന ഐറ്റം. അത് റോഡ് ഷോ ആണ്.**

പരിഭ്രമത്തോടെ കയറി വന്നു. വന്നത് അമ്പരപ്പിക്കുന്ന ഒരു വാർത്തയുമായാണ്. മാത്യുവിന്റെ സഹമുറിയനെ വെളുപ്പിനെ ആരോ വെട്ടി. അവൻ വെളുപ്പിന് മൂത്രമൊഴിക്കാൻ പുറത്തെ കാനയ്ക്ക് അരികിലെത്തി നിൽക്കുമ്പോഴാണ് സംഭവം.

വെട്ടേറ്റവൻ ഒരു പരീക്ഷ എഴുതിയതായിരുന്നു. പിന്നിൽ നിന്നും ആരോ ആഞ്ഞു വെട്ടുകയായിരുന്നു. കഴുത്ത് ലക്ഷ്യമാക്കി. എന്തോ ഒരു നിഴൽ പിന്നിൽ ഉയരുന്നത് കണ്ട് അവൻ കൈയ്യെടുത്ത് തടഞ്ഞപ്പോൾ കൈക്കാണ് വെട്ടേറ്റത്. കൈ നെടുകെ പിളർന്നു പോയി. എങ്കിലും ജീവൻ രക്ഷപ്പെട്ടു. ഉടൻതന്നെ അവനെ ഹോസ്പിറ്റലിൽ എത്തിച്ചു. കൈക്ക് പതിനേഴു സ്റ്റിച്ച് വേണ്ടിവന്നു. അവനെ ഡ്രസ്സ് ചെയ്ത് റൂമിൽ ആക്കിയിട്ടു വരികയാണ് മാത്യു.

മാത്യു ആകെ പരിഭ്രമിച്ചിട്ടുണ്ട്. കാരണം ആ വെട്ട് മാറിക്കൊണ്ടതാണെന്ന് അവനറിയാം. അത് അവനുള്ള സമ്മാനമായിരുന്നു. പ്രാദേശിക രാഷ്ട്രീയ ഗുണ്ടായിസത്തിന്റെ പക പോക്കൽ. വെട്ടുകിട്ടിയത് ആകട്ടെ പഠിത്തം മാത്രം ശ്രദ്ധിക്കുന്ന ഒരു പാവത്താനും.

കാര്യങ്ങൾ അവിടെ നിൽക്കില്ല എന്ന് മാത്യുവിന് നന്നായി അറിയാമായിരുന്നു. കാരണം ലക്ഷ്യം മാത്യുവാണ്. വെട്ടിയവന് ആളു മാറിപ്പോയതാണ്.എന്തെങ്കിലും ചെയ്തേ പറ്റൂ. ഒളിച്ചോടാൻ പറ്റില്ല. വേറെ എങ്ങോട്ടും മാറാനും പറ്റില്ല. പരീക്ഷാക്കാലമാണ്. അതിലുപരി അഭിമാനത്തിന്റെ പ്രശ്നമാണ്.

വളരെ കൂടിയാലോചനക്ക് ശേഷം പ്രശ്നം നിയമപരമായി കൈകാര്യം ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു. അതിൻ പ്രകാരം ഹിന്ദിയിൽ തയ്യാറാക്കിയ ഒരു പരാതിയുമായി ഞങ്ങൾ പോലീസ് സ്റ്റേഷനിൽ എത്തി.

ഞങ്ങൾ പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തുമ്പോൾ അവിടെ ഇൻസ്പെക്ടർ ഉണ്ടായിരുന്നില്ല. സമയം രാത്രി എട്ടുമണി ആയിട്ടുണ്ട്. സബ്ഇൻസ്പെക്ടർ ഒരു

**വെട്ടേറ്റവൻ ഒരു പരീക്ഷ എഴുതിയതായിരുന്നു. പിന്നിൽ നിന്നും ആരോ ആഞ്ഞു വെട്ടുകയായിരുന്നു. കഴുത്ത് ലക്ഷ്യമാക്കി. എന്തോ ഒരു നിഴൽ പിന്നിൽ ഉയരുന്നത് കണ്ട് അവൻ കൈയ്യെടുത്ത് തടഞ്ഞപ്പോൾ കൈക്കാണ് വെട്ടേറ്റത്. കൈ നെടുകെ പിളർന്നു പോയി. എങ്കിലും ജീവൻ രക്ഷപ്പെട്ടു. ഉടൻതന്നെ അവനെ ഹോസ്പിറ്റലിൽ എത്തിച്ചു. കൈക്ക് പതിനേഴു സ്റ്റിച്ച് വേണ്ടിവന്നു. അവനെ ഡ്രസ്സ് ചെയ്ത് റൂമിൽ ആക്കിയിട്ടു വരികയാണ് മാത്യു.**

കേസിന്റെ ആവശ്യത്തിന് പുറത്തു പോയിരിക്കുകയാണെന്ന് ഒരു പോലീസുകാരൻ പറഞ്ഞു. പിന്നീട് അദ്ദേഹം ഞങ്ങളുടെ പരാതി വായിച്ചുനോക്കി. പ്രത്യേക ഭാവമാറ്റം ഒന്നുമില്ലാതെ എസ്.ഐ. ക്ക് കൊടുക്കാം എന്ന് പറഞ്ഞ് ഞങ്ങളെ യാത്രയാക്കി. പുറത്തിറങ്ങുമ്പോൾ ഞങ്ങൾക്ക് ഒരു കാര്യം മനസ്സിലായി. ഈ പരാതി കാര്യമായി പരിഗണിക്കപ്പെടുകയില്ല. കാരണം പലപ്പോഴും വർഗീയ കലാപങ്ങളും കൊലപാതകങ്ങളും ആക്സിഡന്റുകളും നടക്കുന്ന, അങ്ങനെ ഒരുപാട് പേർ മരിക്കുന്ന, നഗരമാണ് കാൺപൂർ. അവിടുത്തെ പോലീസിന് മരണം, ആക്രമണം ഇതൊന്നും ഒരു പു



തുമയല്ല. വധിക്കപ്പെട്ടവരുടെ എണ്ണം നിരവധിയാണ്. അതിൻറെ ഇടയിൽ കേവലം ഒരു വെട്ടുകേസ്. അതും മദ്രാസികളായ വിദ്യാർത്ഥികൾക്ക് നേരെ. അതിനത്ര പ്രാധാന്യമുള്ളതായി ആരെങ്കിലും കണക്കാക്കുമെന്ന് ഞങ്ങൾ കരുതിയില്ല. പിന്നെ ഔപചാരികമായി ഒരു പരാതി കൊടുക്കാം. അതല്ലാതെ ഞങ്ങൾക്ക് എന്ത് ചെയ്യാൻ പറ്റും?. ഒരു കാര്യം വ്യക്തമാണ്. ഞങ്ങളിൽ ഒരാളുടെ ജീവൻ അപകടത്തിലാണ്.

പോലീസ് സ്റ്റേഷനിൽ നിന്നും തിരികെ വരുമ്പോൾ ഞാനും മാത്യുവും കൂടി ഒരു തീരുമാനമെടുത്തു. എന്തുവന്നാലും ഭീരുക്കളെപ്പോലെ മാളത്തിൽ ഒളിക്കരുത്. അത് പ്രതിയോഗികൾക്ക് ഊർജ്ജം പകരും. ഞങ്ങൾ പേടിച്ചിട്ടില്ല എന്ന് കാണിക്കേണ്ടതായിട്ടുണ്ട്.

അതുകൊണ്ട് അന്നുമുതൽ എല്ലാവരും ഉറങ്ങുമ്പോൾ ഞാനും മാത്യുവും വെളുപ്പിനെ മൂന്നുമണി വരെ സിവിൽ ലൈനിലെ പ്രധാന വഴികളിലൂടെയും ഗലികളിലെ ഇടുങ്ങിയ വഴികളിലൂടെയും നടക്കാൻ തീരുമാനിച്ചു.

ആഹാരം കഴിച്ച് പത്തുമണിയോടെ സിവിൽ ലൈനിൽ ഞാനും മാത്യുവും നടക്കാൻ ഇറങ്ങി. ഞങ്ങൾ പരാതി കൊടുത്ത് പോലീസ് സ്റ്റേഷനിൽ നിന്നിറങ്ങുമ്പോൾ ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ആ പരാതി സബ്ഇൻസ്പെക്ടർ കാണാൻ സാധ്യതയുണ്ടോ എന്ന് തന്നെ സംശയം. അതിനാൽ ഞങ്ങൾ ആ പരാതിയിൽ പ്രതീക്ഷ വെച്ചു പുലർത്തിയില്ല. ഞങ്ങൾ ഞങ്ങളുടെ പ്ലാനുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു. അതിൻ പ്രകാരമാണ് അന്ന് രാത്രി പത്ത് മണിക്ക് ഞങ്ങൾ നഗരപ്രദക്ഷിണം തുടങ്ങിയത്.

ആദ്യ റൗണ്ട് നടത്തം കഴിഞ്ഞ് ഞങ്ങൾ റൂമിനടുത്തെത്തി. എല്ലാവരും റൂമിൽ ഉണർന്നിരിക്കുകയാണ്. ഞങ്ങൾ എല്ലാവരോടും കുശലം പറഞ്ഞ് രണ്ടാം റൗണ്ട് നടത്തത്തിനിറങ്ങി. രണ്ടാം നഗരപ്രദക്ഷിണം കഴിഞ്ഞ് റൂമിനടുത്തേക്ക് വരുമ്പോൾ ദൂരെ നിന്നേ കണ്ടു, ഒരു എൻഫീൽഡ് ബൈക്ക് റോഡിൻറെ ഒത്ത നടുക്ക് ക്രോസ് ചെയ്തു വച്ചിരിക്കുന്നു. റോഡ് വളരെ വീതിയുള്ളതാണ്. രാത്രിയിലും വാഹനങ്ങൾ ചീറിപ്പാഞ്ഞു പോകുന്നുണ്ട്. രാത്രിയിലും കാൺപൂർ നഗരം ഉറങ്ങാറില്ല. അവിടെയാണ് സിവിൽ ലൈൻ റോഡിൻറെ നടുക്ക് ക്രോസ് ചെയ്തനിലയിൽ ഒരു ബൈക്ക്. ഞങ്ങളുടെ റൂമിന്റെ മുന്നിൽ. ദൂരെ നിന്നേ ഞങ്ങൾ അത് കണ്ടു.

''ഒരു വില്ലൻ രംഗത്ത് വന്നിട്ടുണ്ട്''. മാത്യു പിറുപിറുത്തു.

സമയം രാത്രി ഒന്നര. ഞങ്ങൾ ധൃതിയിൽ റൂമിലെത്തി. റൂമിനകത്ത് സുമുഖനായ ഒരു സബ് ഇൻസ്പെക്ടർ ഇരിക്കുന്നു. ഞങ്ങൾ റൂമിനകത്ത് കയറി അദ്ദേഹത്തെ വിഷ് ചെയ്തു. അദ്ദേഹം തിരിച്ച് ഞങ്ങളെയും വിഷ് ചെയ്തു. മാത്യുവിനു നന്നായി ഹിന്ദി അറിയാം. വിവരങ്ങൾ എല്ലാം മാത്യു പറഞ്ഞു. ശത്രു ആരെന്നറിയില്ല. ആരെയും സംശയമില്ല. പക്ഷേ ഞങ്ങൾക്ക് ജീവന് ഭീഷണിയുണ്ട്.

മുറിവേറ്റവന്റെ കൈ എസ്. ഐ പിടിച്ചുനോക്കി. എന്നിട്ട് അദ്ദേഹം പറഞ്ഞു.

''ഞാൻ ഇപ്പോഴാണ് സ്റ്റേഷനിൽ എത്തിയത്. ഒരു അന്വേഷണത്തിന് പോയിരിക്കുകയായിരുന്നു. നിങ്ങളുടെ പരാതി കണ്ടു. ഞാൻ വേണ്ടത് ചെയ്യാം. ഞാൻ നാളെയും വരാം.'' എന്ന് പറഞ്ഞ് സൗഹാർദ്ദപൂർവ്വം പുറത്തിറങ്ങി എസ്. ഐ. പോയി.

പോകാൻ നേരം 'നാളെ വരാം' എന്ന് പറഞ്ഞാണ് എസ്. ഐ പോയത്. നാളെ വരാം എന്ന ആ പറച്ചിലിൽ ഞങ്ങൾ ഒരു താൽപര്യം കണ്ടെത്തി. ഞങ്ങളിൽ നിന്നും ഒരു കൈക്കൂലി എസ്. ഐ പ്രതീക്ഷിക്കുന്നു.

അന്ന് കേവലം രണ്ട് രൂപ വരെ കൈക്കൂലി വാങ്ങുന്ന പോലീസിനെ ഞാൻ കാൺപൂരിൽ കണ്ടിട്ടുണ്ട്. 'ഒരു അമ്പതു രൂപയെങ്കിലും കൊടുക്കേണ്ടേ'. ഞങ്ങൾ കൂടിയാലോചിച്ചു. 'വേണ്ടിവരും. പക്ഷേ എങ്ങനെ'. അതായിപിന്നെ ചിന്ത. ഉണ്ടായിരുന്ന തുക മുഴുവൻ കൊടുത്താണ് വെട്ടേറ്റവനെ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ചെയ്തു കൊണ്ടുവന്നത്. എസ്. ഐ എന്തായാലും നാളെ വരും. ഉറപ്പ്. കൈക്കൂലിയാണ് ലക്ഷ്യം. കൈക്കൂലിക്ക് യാതൊരു നീതികരണവും കാൺപൂരിൽ ഇല്ല. അത് ഏത് പദവിയിലിരിക്കുന്നവരും നടപ്പാക്കും.

ഈ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഒരു സബ് ഇൻസ്പെക്ടർ 'നാളെ വരാം' എന്ന് പറഞ്ഞാൽ അതിൻറെ അർത്ഥം മനസ്സിലാക്കാൻ പ്രശ്നം വെച്ച് നോക്കേണ്ട കാര്യമില്ല. കാര്യം കൈക്കൂലി തന്നെ. എന്തായാലും പോലീസ് അല്ലേ. പക്ഷേ അമ്പതു രൂപ അതെങ്ങനെ. ഞങ്ങൾ ആകെ കാലിയായി ഇരിക്കുന്ന സമയം. പ്രശ്നത്തിനു ഒരു താൽക്കാലിക പരിഹാരം കണ്ടത് മാത്യു തന്നെ.

''പണം വേണ്ട. തൽക്കാലം ഒരു സോഫ്റ്റ് ഡ്രിങ്കിൽ ഒതുക്കാം. അപ്പോൾ അറിയാം എസ്.ഐ. യുടെ നിലപാട്. പണത്തിന് അദ്ദേഹം ശാഠ്യം പിടിച്ചാൽ അടുത്തദിവസം കൊണ്ടുക്കൊടുക്കാം.''

അവസാനം അങ്ങനെ ഒരു തീരുമാനത്തിൽ ഞങ്ങളെത്തി.

അടുത്ത ദിവസം വൈകിട്ട് ഞങ്ങൾ ഒരു കോളയുമായി കാത്തി

**"ഞാൻ പി. ജി. ചെയ്തത് മദ്രാസിലാണ്." എസ്. ഐ സംസാരിച്ചു തുടങ്ങി. "അന്ന് സാമ്പത്തികമായി വളരെ ഞെരുക്കത്തിൽ ആയിരുന്ന എനിക്ക് പണം തന്നു സഹായിച്ചത് അവിടുത്തെ എൻറെ കൂട്ടുകാരാണ്. അത് കടമായിരുന്നില്ല. വാങ്ങിയത് ഒന്നും തിരിച്ചു കൊടുക്കാൻ എനിക്ക് പറ്റിയിട്ടുമില്ല. അവരൊക്കെ ഇപ്പോൾ എവിടെയാണെന്ന് പോലും എനിക്കറിയില്ല." ഒരു നിമിഷം ആ മനുഷ്യൻ തല കുനിച്ചിരുന്നു. പിന്നെ മാത്യുവിനെ നോക്കി ഉറച്ച ശബ്ദത്തിൽ പറഞ്ഞു. "ഇതെൻറെ കടമയാണ്. സൗത്ത് ഇന്ത്യയിൽ നിന്ന് വന്ന നിങ്ങളുടെ സംരക്ഷണം എൻറെ കടമയാണ്."**

രുന്നു. സമയം പാതിരാത്രി കഴിഞ്ഞപ്പോൾ, പ്രതീക്ഷിച്ചപോലെ എസ്. ഐ. എത്തി. വിവരങ്ങൾ അന്വേഷിച്ചു. 'ഇനി പേടിക്കേണ്ടതില്ല' എന്ന് ആശ്വസിപ്പിച്ചു. അദ്ദേഹം സംസാരം നിർത്തിയ ഇടവേളയിൽ മാത്യു കോള എസ്. ഐ. യ്ക്ക് നീട്ടി.

ഒരു നിമിഷം ആ മനുഷ്യൻറെ മുഖത്ത് പുച്ഛം പടർന്നു. അദ്ദേഹം മാത്യുവിനെ രൂക്ഷമായി നോക്കി എന്നിട്ട് ചോദിച്ചു.

''കൈക്കൂലി ആണല്ലേ''.

ഒരു എസ്. ഐക്ക് കൊടുത്ത കൈക്കൂലിയുടെ തുച്ഛതയിൽ ലജ്ജിച്ചു മാത്യു നിശബ്ദനായി. ആരും ഒന്നും മിണ്ടിയില്ല.

''ഞാൻ പി. ജി. ചെയ്തത് മദ്രാസിലാണ്.'' എസ്. ഐ സംസാരിച്ചു തുടങ്ങി.

''അന്ന് സാമ്പത്തികമായി വളരെ ഞെരുക്കത്തിൽ ആയിരുന്ന എനിക്ക് പണം തന്നു സഹായിച്ചത് അവിടുത്തെ എൻറെ കൂട്ടുകാരാണ്. അത് കടമായിരുന്നില്ല. വാങ്ങിയത് ഒന്നും തിരിച്ചു കൊടുക്കാൻ എനിക്ക് പറ്റിയിട്ടുമില്ല. അവരൊക്കെ ഇപ്പോൾ എവിടെയാണെന്ന് പോലും എനിക്കറിയില്ല.''

ഒരു നിമിഷം ആ മനുഷ്യൻ തലകുനിച്ചിരുന്നു. പിന്നെ മാത്യുവിനെ നോക്കി ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

''ഇതെൻറെ കടമയാണ്. സൗത്ത് ഇന്ത്യയിൽ നിന്ന് വന്ന നിങ്ങളുടെ സംരക്ഷണം എൻറെ കടമയാണ്.''

പിന്നെ അദ്ദേഹം കൂട്ടിച്ചേർത്തു. ''ഞാൻ കൈക്കൂലി വാങ്ങുന്നവരുടെ കൂട്ടത്തിൽ അല്ല. കൈക്കൂലി വാങ്ങാത്ത പോലീസുകാരുടെ കൂട്ടത്തിൽപ്പെട്ട ഒരാളാണ്.''

മാത്യുവിന്റെ മുഖം വിവർണ്ണമായി. ഞങ്ങളുടെ നാവ് ചലനമറ്റുപോയി. കുറ്റബോധം, നാണക്കേട്, അങ്ങനെ എന്തെല്ലാമോ ഞങ്ങളെ ഭരിച്ചു.

ഒരു നിമിഷത്തെ ഇടവേളക്കുശേഷം മാത്യുവിന്റെ കയ്യിൽ നിന്നും കോള വാങ്ങി പൊട്ടിച്ച് എസ്. ഐ. മാത്യുവിന് തന്നെ കൊടുത്തു. മാത്യു ഒരു കവിൾ കോള കുടിച്ചു അടുത്ത ആളിന് കോള കൈമാറി. അവസാനം എസ്. ഐ.യ്യും ഒരു കവിൾ കോള കുടിച്ചു. പിന്നെ സന്തോഷത്തോടെ ഞങ്ങളുടെ തോളിൽ തട്ടി 'ഒന്നും പേടിക്കേണ്ട' എന്ന് പറഞ്ഞു യാത്ര പറഞ്ഞു. പിന്നെ തുടർന്നുള്ള ദിവസങ്ങളിൽ വിശേഷിച്ച് ഒന്നും സംഭവിച്ചില്ല.

**ഇപ്രാവശ്യം ഞാൻ ശരിക്കും ഞെട്ടി. കാരണം സിവിൽ ലൈനിൽ സെന്റിന് കോടികൾ വിലപറയുന്ന സ്ഥലത്ത് ഏതാണ്ട് നാലായിരത്തിലധികം ചതുരശ്ര അടി വലിപ്പമുള്ള ഒരു വലിയ മൂന്നുനില കെട്ടിടത്തിന്റെ ഉടമയാണ് മുഷിഞ്ഞ പൈജാമ ഇട്ടു അല്പംമുമ്പ് ആ മുറിയിൽ നിന്നും ഇറങ്ങിപ്പോയത് എന്ന സത്യം എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു കളഞ്ഞു. ഒരു ദിവസം കുറഞ്ഞത് പത്ത് പ്രാവശ്യമെങ്കിലും അദ്ദേഹം ആ മുറിയിൽ വരും. ഞങ്ങളുടെ പ്രായക്കാരെ അയാൾക്ക് വലിയ ഇഷ്ടമായിരുന്നു. പിന്നീട് പലപ്പോഴും ആ മനുഷ്യനെ ഞാൻ ആ മുറിയിൽ കണ്ടിട്ടുണ്ട്. നല്ല മനുഷ്യൻ. വാടകക്കാര്യത്തിൽ ഒരു കാലതാമസവും അനുവദിക്കാത്ത നല്ല തങ്കപ്പെട്ട മനുഷ്യൻ.**

എനിക്ക് സമാധാനമായി. പരീക്ഷയാണ്, പിന്നെ എല്ലാം മറന്നു ഞാൻ പഠനത്തിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു. വെട്ടേറ്റവനെ നാട്ടിലേക്ക് പറഞ്ഞു വിട്ടു. അവന് പരീക്ഷയെഴുതാൻ പറ്റുമായിരുന്നില്ല.

ഒരു വെട്ടിൽ എല്ലാം തീർന്നു കാണും എന്ന് ഞങ്ങൾ കരുതി. മറഞ്ഞിരിക്കുന്ന ശത്രു ഞങ്ങളുടെ ദുരിതം കണ്ട് തൃപ്തനായിക്കാണും എന്നും ഞങ്ങൾ കരുതി. പക്ഷേ ഞങ്ങൾക്ക് തെറ്റി. കാര്യങ്ങൾ അവിടെ അവസാനിച്ചില്ല.

ഒരു മാസത്തെ കാലയളവിൽ പരീക്ഷ കഴിഞ്ഞു. മാത്യുവിന്റെ വിഷയം കെമിസ്ട്രി ആയിരുന്നു. മാത്യുവിന്റെ പരീക്ഷയും പ്രാക്ടിക്കലും വേഗം തീർന്നു. മാത്യു രണ്ടു ദിവസം കഴിഞ്ഞ് നാട്ടിലേക്ക് പോകാൻ തീരുമാനിച്ചു.


അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. വൈകിട്ട് ചായ കുടിക്കാൻ ഇറങ്ങിയ മാത്യു ചായക്കടയുടെ മുന്നിൽ വെച്ച് ചോട്ടുവിനെ കണ്ടു. ചോട്ടു 'മാലിക്കി'ന്റെ ഇളയ സന്തതിയാണ്.

'മാലിക്ക്' സിവിൽലൈൻ റൂമിൽ വച്ച് ഞാൻ ഒരു പ്രത്യേക സാഹചര്യത്തിൽ പരിചയപ്പെട്ട വ്യക്തിയാണ്. ആ മനുഷ്യൻറെ യഥാർത്ഥ പേരെന്തെന്ന് എനിക്കിപ്പോഴും അറിയില്ല. ഞങ്ങൾ അയാളെ 'മാലിക്' എന്നാണ് സംബോധനം ചെയ്യുന്നത്. അയാളുടെ ഇളയ സന്തതിയാണ് ചോട്ടു.

അവൻറെ ശരിക്കും ഉള്ള പേര് പവൻകുമാർ ത്രിപാഠി എന്നാണ്. ചോട്ടു എന്ന് എല്ലാവരും വിളിക്കും. 'മാലിക്കി'ന്റെ യൌവ്വനത്തിന്റെ അവസാന പാദത്തിൽ ഉണ്ടായ മകൻ. ഒരേ ഒരു മകൻ. പിന്നെയുള്ളത് ഒരു മകൾ ആണ്.

ചോട്ടുവിനെ എനിക്ക് കാര്യമായി പരിചയമില്ല. ചില അവസരങ്ങളിൽ മാത്യുവിന്റെ മുറിയിൽ വെച്ച് കണ്ടതൊഴിച്ചാൽ. കോളേജിൽ പോകുന്ന മിക്കവാറും എല്ലാ ദിവസവും ഞാൻ എൻറെ സുഹൃത്തുക്കളെ കാണാൻ സിവിൽ ലൈനിൽ പോകുമായിരുന്നു. കോളേജിൽ നിന്നും നട്ടുച്ചയ്ക്ക് ഒരു കിലോമീറ്റർ നടന്ന് സിവിൽ ലൈനിൽ എത്തുന്നത് അത്ര സുഖകരമല്ല. പ്രശ്നം ഒരു കിലോമീറ്റർ ദൂരമല്ല. ചൂടാണ്. ഏപ്രിൽ ആകുമ്പോഴേക്കും ചൂട് നാല്പത്തിയാറു ഡിഗ്രി സെൽഷ്യസ് ആവും. ആ ചൂടിലാണ് കുടയില്ലാതെ സിവിൽ ലൈനിലേക്കുള്ള യാത്ര. അവിടെ അല്പസമയം ചിലവഴിക്കും.

സിവിൽ ലൈനിലെ മുറിയിൽ, നിന്നുതിരിയാൻ ഇടമില്ല. ഒരു കുടുസ്സു മുറി. അവിടെ ആകെ ഉണ്ടായിരുന്നത് ഒരു സിംഗിൾ പ്ലാസ്റ്റിക് കട്ടിലും, ഒരു തടിക്കസേരയും, ഒരു ചെറിയ തടിമേശയുമായിരുന്നു. അവിടെയാണ് അഞ്ചുപേർ ചിലപ്പോൾ ഏഴുപേർ സസുഖം രാജകീയമായി ജീവിച്ചിരുന്നത്. അതിൽ എൻറെ സീനിയേഴ്സും മാത്യുവും പിന്നെ ചില ജൂനിയേ




ഴ്സും പെടും. ആ മുറി ഒരിക്കലും പൂട്ടാറില്ല. തുറന്നിട്ടിരിക്കും.

ഒരിക്കൽ ഞാൻ ആ മുറിയിൽ എത്തുമ്പോൾ ആരും ആ മുറിയിൽ ഇല്ല. പതിവുപോലെ മുറി തുറന്നു കിടക്കുന്നു. ഞാൻ മുറിയിൽ കയറിയിരുന്നു. ആരെങ്കിലും വരുന്നതും കാത്ത്. പക്ഷേ ഒരു പ്രായമായ മനുഷ്യനാണ് അപ്പോൾ മുറിയിലേക്ക് വന്നത്. ഏതാണ്ട് എഴുപതിനടുത്ത് പ്രായം മതിക്കും. ഒരു മുഷിഞ്ഞ പൈജാമ മാത്രമാണ് വേഷം. അഴുക്കുകൊണ്ട് ഇരുണ്ടു പോയ ഒരു പൈജാമ.

അദ്ദേഹം എന്നെ ആദ്യമായി കാണുകയാണ്. എന്നിട്ടും ചിരപരിചിതനെ കണ്ടതുപോലെ നിറഞ്ഞ ചിരിയുമായി അയാൾ മുറിയിലേക്ക് കയറിവന്നു. അദ്ദേഹം ആടുന്ന പഴയ തടിക്കസേരയിലിരുന്നു. കസേര ഒടിഞ്ഞു വീഴില്ല എന്ന് ഉറപ്പാണ്. കാരണം ആ മാന്യനെ പെട്ടിത്രാസ്സിൽ വച്ച് തൂക്കി നോക്കിയാൽ കഷ്ടിച്ച് ഇരുപത്തിയെട്ടു  കിലോയെ കാണു. ഏറിയാൽ മുപ്പത്. അതിനപ്പുറം ഇല്ല. അത് താങ്ങാനുള്ള കരുത്ത് ആ കസേരയ്ക്ക് ഉണ്ട്. ഞാൻ പ്ലാസ്റ്റിക് കട്ടിലിൽ ഇരിക്കുകയാണ്.

**ഇലക്ഷനിൽ തോറ്റതിന്റെ പ്രതികാര നടപടി ആയിരിക്കണം ചോട്ടുവിനു നേരെ ഉണ്ടായത്. മാത്യുവും ചോട്ടുവും സംസാരിച്ചു കൊണ്ട് നിന്നപ്പോൾ നിറയൊഴിച്ചത്. ലക്ഷ്യം മാത്യുവായിരിക്കണം.  കാരണം വരുത്തനായ മാത്യുവിനോട് തോന്നുന്ന വിരോധം സ്ഥലവാസിയായ ചോട്ടുവിനോട് തോന്നേണ്ട കാര്യമില്ല. പക്ഷെ ഉന്നം തെറ്റി ചോട്ടുവാണ് ഇരയായത്. ആ സംഭവത്തിനുശേഷം ഞാൻ സിവിൽ ലൈനിലെ മുറിയിലേക്ക് പോയില്ല. കാരണം അവിടെ ആ മനുഷ്യനുണ്ട്. 'മാലിക്.' അയാളെ അഭിമുഖീകരിക്കാൻ വയ്യ. ഞാൻ സിവിൽ ലൈൻ വിട്ടു. എന്നെന്നേക്കുമായി.**

ഞാൻ ആ മനുഷ്യനെ രൂക്ഷമായി നോക്കി. ആ നോട്ടത്തിൽ ഒരു പാട് ചോദ്യങ്ങളുണ്ട്. അപ്പോൾ ഏറെക്കുറെ പല്ലെല്ലാം പോയ മോണ കാട്ടി അദ്ദേഹം നിറഞ്ഞ ചിരിയോടെ പറഞ്ഞു

''മാലിക്''.

ഞാൻ ഒട്ടും മയമില്ലാതെ പറഞ്ഞു. ''ശ്രീരാജ്''.

''ഓ. ടീക്ഹെ  ടീക്ഹെ.'' അപ്പോഴും അദ്ദേഹത്തിന് നിറഞ്ഞ ചിരി

തന്നെ. ആ മനുഷ്യൻ എന്തൊക്കെയോ വളരെ ലോഹ്യത്തിൽ എന്നോട് പറഞ്ഞുകൊണ്ടിരുന്നു. എനിക്കൊന്നും മനസ്സിലായില്ല. കാരണം അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നത് ഹിന്ദിയിലാണ്. നല്ല ഒന്നാന്തരം പ്രൗഢമായ ഹിന്ദിയിൽ. ഞാൻ ഒട്ടും താഴാൻ പോയില്ല. വലിയ ബുദ്ധിമാനാണ് ഞാൻ എന്ന ഭാവത്തിൽ അങ്ങനെ ഇരുന്നു.

ഞാൻ അപ്പോൾ ഡോക്ടർ ഓസ്ലറെ ഓർത്തു. വൈദ്യബിരുദം നേടി ഹിപ്പൊക്രാറ്റെഴ്സ് പ്രതിജ്ഞയുമെടുത്ത് പുറത്തേക്ക് പോകുന്ന കൊച്ചു ഡോക്ടർമാർക്ക് അദ്ദേഹം കൊടുക്കുന്ന അവസാന ഉപദേശം, അറിവില്ലായ്മ പുറത്ത് കാണിക്കരുത് എന്നാണ്. ഒരു രോഗിയെ കാണുമ്പോൾ, രോഗി പറയുന്ന ലക്ഷണങ്ങൾ വെച്ച് രോഗം തിരിച്ചറിയാൻ പറ്റുന്നില്ലെങ്കിൽ, അതൊരിക്കലും രോഗിയെയോ കൂടെ നിൽക്കുന്നവരെയോ അറിയിക്കരുത്. ഗൗരവത്തിൽ മൗനം ദീക്ഷിക്കുക. കാരണം രോഗിക്ക് നിങ്ങളിലുള്ള വിശ്വാസം, രക്ഷപ്പെടുമെന്നുള്ള വിശ്വാസം, തകർക്കരുത്. ഇത് വൈദ്യശാസ്ത്രത്തിലെ ഒരു പ്രായോഗിക മാർഗ്ഗം. ഞാനും അതുതന്നെ സ്വീകരിച്ചു.

എനിക്ക് ഹിന്ദി അറിയില്ല എന്നും 'ധന്യാത്മൻ താങ്കൾ പറയുന്നതൊന്നും എനിക്ക് മനസ്സിലാവുന്നില്ല' എന്നും ഞാൻ പറഞ്ഞില്ല. കാരണം അത് പറയാനുള്ള ഹിന്ദി പോലും എൻറെ കൈവശം ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഓസ്ലറിന്റെ ഉപദേശം ഞാൻ നടപ്പിലാക്കി.

വളരെ ഗൗരവത്തിൽ അദ്ദേഹം പറഞ്ഞു നിർത്തുന്ന ഗ്യാപ്പിൽ ഞാൻ മൂളും. എല്ലാം മനസ്സിലായി എന്ന ഭാവത്തിൽ. അപ്പോഴും ഞാൻ പ്രാർത്ഥിക്കുകയായിരുന്നു. ഈശ്വരാ സീനിയേഴ്സ് ആരെങ്കിലും വരണേ. കുറഞ്ഞപക്ഷം മാത്യുവെങ്കിലും. കാരണം മാത്യുവിന് നന്നായി ഹിന്ദി അറിയാം.

ആരും വന്നില്ലെങ്കിൽ ഞാൻ പൊളിയും. കാരണം ആ മനുഷ്യൻ ഇത്രയും നേരം സംസാരിച്ച സ്ഥിതിക്ക്, കൂടുതൽ അടുത്ത സ്ഥിതിക്ക്, എന്നെ പ്പറ്റി അറിയാൻ എന്തെങ്കിലും ചോദിച്ചാൽ, ഞാൻ പൊളിയും. ഉറപ്പായും പൊളിയും. പക്ഷേ അത് സംഭവിച്ചില്ല.

പെട്ടെന്ന് ആ മനുഷ്യൻ സഹജമായ ചിരി ഒന്നുകൂടി വിശാലമാക്കി ചിരിച്ചുകൊണ്ട് മുറിയിൽ നിന്നും ഇറങ്ങിപ്പോയി. ഞാൻ അവിടെയിരുന്നു. അന്ന് ഞാൻ പരിചയപ്പെട്ട 'മാലിക്' എന്ന ആ മനുഷ്യനെ ഓർത്തുകൊണ്ട്.

**"മുറിയിൽ നിന്നും പെട്ടിയും എടുത്ത് ഞാൻ ഇറങ്ങാൻ തുടങ്ങുമ്പോഴാണ് അയാൾ വന്നത്". അവൻ നിർത്തി. പിന്നെപ്പറഞ്ഞു. "നിൻറെ മാലിക്. ചോട്ടുവിന്റെ..." അവൻ വികാരാധീനനായി. "താങ്ങാൻ പറ്റിയില്ല. അയാൾ എൻറെ നെഞ്ചിലേക്ക് ചാരി നിന്ന് മുഖംപൊത്തി വിങ്ങിക്കരഞ്ഞു. താങ്ങാൻ പറ്റിയില്ല." ഞാനൊന്നും മിണ്ടിയില്ല. ശൂന്യതയിലേക്ക് നോക്കി നിന്നു. എൻറെ തൊണ്ട അടഞ്ഞു പോയിരുന്നു. ഒരു ചെറിയ നിശബ്ദത. പിന്നെ മുറിഞ്ഞ വാക്കുകളിൽ ചിലമ്പിച്ച ശബ്ദത്തിൽ അവൻ പറഞ്ഞു. "ചില സമയത്ത് കണ്ണുനീരിന് തണുപ്പില്ല. ചൂടാണ്. ചുട്ടുപൊള്ളുന്ന ചൂട്. എന്റെ നെഞ്ച് നീറിപ്പോയി."**

അല്പസമയത്തിനുള്ളിൽ സീനിയേഴ്സിൽ ഒരാൾ എത്തി. പതിവുപോലെ ലോഹ്യം പറഞ്ഞു. പറയുന്ന കൂട്ടത്തിൽ പ്രായം കൂടിയ 'മാലിക്' എന്ന പേരുകാരനെ പരിചയപ്പെട്ട കാര്യം ഞാൻ പറഞ്ഞു. പറഞ്ഞുതീരും മുമ്പ് സീനിയർ പൊട്ടിച്ചിരിച്ചു. എന്നിട്ട് എന്നോട് പറഞ്ഞു.

''ശ്രീ, മാലിക് എന്നത് അയാളുടെ പേരല്ല. 'മാലിക്' എന്ന് പറഞ്ഞാൽ, ഉടമസ്ഥൻ എന്നാണ്.'' സീനിയർ തുടർന്നു.

''പിച്ചക്കാരനെ പോലെ ഇരിക്കുന്ന ആ മനുഷ്യനാണ് ഈ ബിൽഡിങ്ങിന്റെ ഉടമസ്ഥൻ''.

ഇപ്രാവശ്യം ഞാൻ ശരിക്കും ഞെട്ടി. കാരണം സിവിൽ ലൈനിൽ സെന്റിന് കോടികൾ വിലപറയുന്ന സ്ഥലത്ത് ഏതാണ്ട് നാലായിരത്തിലധികം ചതുരശ്ര അടി വലിപ്പമുള്ള ഒരു വലിയ മൂന്നുനില കെട്ടിടത്തിന്റെ ഉടമയാണ് മുഷിഞ്ഞ പൈജാമ ഇട്ടു അല്പംമുമ്പ് ആ മുറിയിൽ നിന്നും ഇറങ്ങിപ്പോയത് എന്ന സത്യം എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു കളഞ്ഞു. ആ ബിൽഡിങ്ങിൽ തന്നെയാണ് ആ മനുഷ്യനും കുടുംബവും താമസിക്കുന്നത്. റോഡിന് അഭിമുഖമായിട്ടുള്ള ഭാഗം പൂർണമായും നിരയായ കടകളാണ്. അതിൻറെ എല്ലാം ഉടമസ്ഥൻ അയാളാണ്. മാസം ലക്ഷങ്ങൾ വാടക വാങ്ങുന്ന വ്യക്തി. ഒരു ദിവസം കുറഞ്ഞത് പത്ത് പ്രാവശ്യമെങ്കിലും അദ്ദേഹം ആ മുറിയിൽ വരും. ഞങ്ങളുടെ പ്രായക്കാരെ അയാൾക്ക് വലിയ ഇഷ്ടമായിരുന്നു. പിന്നീട് പലപ്പോഴും ആ മനുഷ്യനെ ഞാൻ ആ മുറിയിൽ കണ്ടിട്ടുണ്ട്. നല്ല മനുഷ്യൻ. വാടകക്കാര്യത്തിൽ ഒരു കാലതാമസവും അനുവദിക്കാത്ത നല്ല തങ്കപ്പെട്ട മനുഷ്യൻ.

'മാലിക്കി'ന്റെ യൌവ്വനത്തിന്റെ അവസാന പാദത്തിൽ ഉണ്ടായ മകനാണ് ചോട്ടുവെന്ന പവൻകുമാർ ത്രിപാഠി.

ചോട്ടുവിന് ഇരുപത്തിയഞ്ച് വയസ്സു വരും. പക്ഷേ കണ്ടാൽ പതിനെട്ടേ തോന്നിക്കൂ. തികഞ്ഞ സസ്യഭുക്ക്. കൃശഗാത്രൻ. വട്ടമുഖക്കാരൻ. പക്ഷേ കയ്യിലിരിപ്പ് ചന്ദ്രശേഖര ആസാദിന്റേതാണ്. അവന്റെ ആരാധനാവിഗ്രഹവും ചന്ദ്രശേഖര ആസാദാണ്. ചെറുമീശ ഇടം കൈകൊണ്ട് പിരിച്ചു നിൽക്കുന്ന സുമുഖനായ ചന്ദ്രശേഖര ആസാദ്.

ചോട്ടു ഒരു ചൂടൻ ആണ്. പെട്ടെന്ന് കോപിക്കും. പക്ഷെ കേരൾവാലകളായ ഞങ്ങളോട് അവനു വലിയ താല്പര്യമായിരുന്നു. പ്രത്യേകിച്ച് മാത്യുവിനോട്. അവൻ താമസിക്കുന്ന

വലിയ കെട്ടിടത്തിലെ ഒരു ചെറിയ മുറിയിലാണ് മാത്യുവും കൂട്ടരും താമസിച്ചിരുന്നത്. സമയം കിട്ടുമ്പോഴെല്ലാം അവൻ ആ മുറിയിൽ വന്നിരിക്കും.

ചോട്ടു പ്രാദേശിക രാഷ്ട്രീയത്തിൽ സജീവം. അവൻ ഡി. എ. വി. കോളേജിലെ പൂർവ്വവിദ്യാർത്ഥി ആയിരുന്നു. അതുകൊണ്ട് വിവേക് അവസ്തിയ്ക്ക് വേണ്ടി മാത്യുവിനൊപ്പം സജീവമായി അവനും രംഗത്ത് ഉണ്ടായിരുന്നു. കോളേജിന് പുറത്ത് ഗാവുകളിൽ പോയി വോട്ട് ക്യാൻവാസ് ചെയ്തിരുന്നത് മാത്യുവും ചോട്ടുവും നയിച്ചിരുന്ന ഗ്യാങ്ങാണ്. ഗാവുകളിൽ പോയി വോട്ട് ക്യാൻവാസ് ചെയ്യുക എന്നത് ഒരു അപകടം പിടിച്ച പണിയാണ്.

എല്ലാ ഗാവുകൾക്കും ഒരു മാടമ്പി ഉണ്ടായിരിക്കും. ഒരു ദാദ. അയാൾ എന്തിനും പോന്ന ഒരു നല്ല ഒന്നാന്തരം ഗുണ്ടയായിരിക്കും. ഉത്തരേന്ത്യൻ രാഷ്ട്രീയം ഗാവ് രാഷ്ട്രീയമാണ്. ഒരു ഗാവ് ഒരു വ്യക്തിയുടെ നിയന്ത്രണത്തിൽ ആയിരിക്കും. ആ വ്യക്തി പറയുന്നിടത്ത് അവിടുത്തെ ആളുകൾ വോട്ടു കുത്തും. അതുകൊണ്ട് രാഷ്ട്രീയക്കാർ ആ വ്യക്തിയെ സോപ്പിട്ടെടുക്കും. പ്രധാനം പണം തന്നെ. വൻ തുക കൊടുക്കും. അത് ഗാവിലെ ജനസംഖ്യ നോക്കിയിട്ടാണ്. അങ്ങനെ ഒരു ധാരണ ഗാവ് ദാദയുമായി ആയാൽ പിന്നെ വോട്ടു പിടിക്കാൻ അങ്ങോട്ട് പോകണ്ട. എല്ലാം ദാദ നോക്കിക്കോളും. അങ്ങനെയുള്ള സ്ഥലത്ത്, പുറത്ത് നിന്നും ആരെയും അനുവദിക്കില്ല. അഥവാ പുറത്ത് നിന്നാരെങ്കിലും വന്നാൽ അവൻ വന്നപോലെ തിരിച്ചു പോകില്ല. അതാണ് ഗാവ് രാഷ്ട്രീയം.

അവിടെയാണ് മാത്യുവും ചോട്ടുവും കേറിക്കളിച്ചത്. അവസ്തിക്ക് വേണ്ടി. ചോട്ടുവും മാത്യുവും ലക്ഷ്യമിട്ടിരുന്നതും പ്രവർത്തിച്ചിരുന്നതും സമീപമുള്ള കല്യാൺപൂർ ഗാവിലാണ്. അവിടെ നിന്നും ഒരുപാട് കുട്ടികൾ ഡി. എ. വി. യിൽ പഠിക്കുന്നുണ്ട്.

കല്യാൺപൂർ ഗാവിൻറെ ദാദ ലോകേഷ് ആണ്. അവൻ എൻറെ ക്ലാസ്സ്മേറ്റ് ആയിരുന്നു. എങ്കിലും ഒരു ദിവസം മാത്രമേ ഞാൻ അവനെ ക്ലാസ്സിൽ കണ്ടിട്ടുള്ളു. ലോകേഷ്, വിവേക് അവസ്തിക്കെതിരെ മത്സരിച്ചിരുന്നു.

ഞാൻ വോട്ടു ചെയ്യാൻ ക്യു നിൽക്കുമ്പോൾ ലോകേഷ് വന്ന് എന്നെ ക്യുവിൽ നിന്നും വിളിച്ചുകൊണ്ടുപോയി നേരെ ബൂത്തിലെത്തിച്ചു. എനിക്കൊരു വി. ഐ. പി. പരിഗണന തന്നു. ഞാൻ അത് സ്വീകരിച്ചു. ഇലക്ഷനിൽ ലോകേഷിനെതിരെ മത്സരിച്ച അവസ്തിക്ക് ഞാൻ വോട്ടു ചെയ്തു. ഇലക്ഷൻ റിസൾട്ട് വന്നപ്പോൾ ലോകേഷ് മാന്യമായി പൊട്ടി. വിവേക് ജയിച്ചു.

പരാജയത്തിൽ ലോകേഷിന് ശക്തമായ അമർഷം മാത്യുവിനെതിരെ ഉണ്ടായിട്ടുണ്ടാവണം. അവനൊരു വരുത്തനാണല്ലോ. 'മദ്രാസ്സി'.

ലോകേഷിന്റെ രാഷ്ട്രീയഭാവിയാണ് ഇല്ലാതായത്. കൂടാതെ വലിയൊരു സാമ്പത്തികച്ചിലവും.

സ്വാഭാവികമായും വരുത്തനായ മാത്യുവിനോട് ലോകേഷിനും കൂട്ടാളികൾക്കും ശത്രുത ഉണ്ടായിട്ടുണ്ടാവും. അവരത് സൗകര്യപ്രദമായി തീർക്കാനും തയ്യാറെടുത്തിട്ടുണ്ടാവണം. അതിൻറെ ഫലം ഉടൻ ഉണ്ടായി.

അതാണ് മാത്യു ചോട്ടുവിനോട് സംസാരിച്ചുകൊണ്ട് നിന്നപ്പോൾ സംഭവിച്ചത്.

ആ വെള്ളിയാഴ്ച വൈകിട്ട് മാത്യു, ചോട്ടുവിനോട് സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ ഒരു വെടി ശബ്ദം കേട്ടു. ശബ്ദം കേട്ട ഭാഗത്തേക്ക് മാത്യു നോക്കുമ്പോൾ മുന്നിൽ നിന്ന ചോട്ടു പിന്നിലേക്ക് മറിഞ്ഞു വീണു.

ചോട്ടുവിന് വെടിയേറ്റു. നെറ്റിയുടെ വശത്ത് ചെന്നിയിലാണ് വെടിയേറ്റത്.

ചോട്ടുവിനെ പെട്ടെന്ന് ഹോസ്പിറ്റലിൽ എത്തിച്ചുവെങ്കിലും കാര്യമുണ്ടായില്ല. ചോട്ടു അന്ന് വൈകിട്ട് തന്നെ വിട പറഞ്ഞു.

മരണം, കൊലപാതകം ഇതൊന്നും ആ മഹാനഗരത്തിൽ ഒരു പുതുമ ആയിരുന്നില്ല.

അതും മാത്യുവിനെ ലക്ഷ്യം വെച്ചുള്ളതായിരുന്നു. നാടൻ തോക്കിന്റെ ഗുണനിലവാരം കൊണ്ടോ വെടിവച്ചവന്റെ കഴിവുകേട് കോണ്ടോ ഇപ്രാവശ്യവും മാത്യു രക്ഷപ്പെട്ടു. പകരം പാവം ചോട്ടു പോയി. അന്നും അതിനടുത്ത ദിവസവും മാത്യു ഞങ്ങൾക്കൊപ്പം ഐ.ഐ.ടി.യിൽക്കൂടി.

ശത്രു പ്രബലനാണ്. ആരാണെങ്കിലും. മാത്രമല്ല അവർ തീരുമാനിച്ചുറപ്പിച്ച് കളത്തിൽ ഇറങ്ങിയിരിക്കുകയാണ്. ഇപ്രാവശ്യം ചോട്ടു ബലിയാടായി എന്നു മാത്രം.

ഇലക്ഷനിൽ തോറ്റതിന്റെ പ്രതികാര നടപടി ആയിരിക്കണം ചോട്ടുവിനു നേരെ ഉണ്ടായത്. മാത്യുവും ചോട്ടുവും സംസാരിച്ചു കൊണ്ട് നിന്നപ്പോൾ നിറയൊഴിച്ചത്. ലക്ഷ്യം മാത്യുവായിരിക്കണം. കാരണം വരുത്തനായ മാത്യുവിനോട് തോന്നുന്ന വിരോധം സ്ഥലവാസിയായ ചോട്ടുവിനോട് തോന്നേണ്ട കാര്യമില്ല. പക്ഷെ ഉന്നം തെറ്റി ചോട്ടുവാണ് ഇരയായത്.

ആ സംഭവത്തിനുശേഷം ഞാൻ സിവിൽ ലൈനിലെ മുറിയിലേക്ക് പോയില്ല. കാരണം അവിടെ ആ മനുഷ്യനുണ്ട്. 'മാലിക്.' അയാളെ അഭിമുഖീകരിക്കാൻ വയ്യ. ഞാൻ സിവിൽ ലൈൻ വിട്ടു. എന്നെന്നേക്കുമായി.

പരീക്ഷ കഴിഞ്ഞ് മാത്യു നാട്ടിലേക്ക് പോരുമ്പോൾ അവനെ റെയിൽവേ സ്റ്റേഷനിൽ പോയി കണ്ടു യാത്രയാക്കി. അവനൊപ്പം അപ്പോൾ വിവേക് ഉൾപ്പെടെ ഒരു വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. റെയിൽവേ സ്റ്റേഷനിൽ ലോകേഷിന്റെ ആളുകൾ മാത്യുവിനെ ആക്രമിക്കാനുള്ള സാധ്യത എല്ലാവരും കണക്കുകൂട്ടിയിരുന്നു. പക്ഷേ ഒന്നുമുണ്ടായില്ല.

എൻറെ ഭയം അവൻ യാത്ര ചെയ്യുന്ന ട്രെയിനിൽ പണി വരുമോ എന്നായിരുന്നു. കാരണം ട്രെയിൻ കാൺപൂരിൽ നിന്നും ഝാൻസി വരെ ഏറെക്കുറെ ഒഴിഞ്ഞ കമ്പാർട്ട്മെന്റുക

ളുമായാണ് സഞ്ചരിക്കുന്നത്. ഏതാണ്ട് മൂന്ന് മണിക്കൂർ. ഝാൻസി ആവുമ്പോൾ കമ്പാർട്ട്മെന്റുകൾ നിറയും.

ആ മൂന്നു മണിക്കൂർ എന്തെങ്കിലും സംഭവിക്കുമോ എന്ന് ഞാൻ ഭയന്നു. ഞാൻ അത് മാത്യുവിനോട് പറഞ്ഞില്ല.

അവനു ഭയം ഉണ്ടാക്കേണ്ട എന്ന് കരുതി. പക്ഷേ ഞാൻ ഭയപ്പെട്ട പോലെ ഒന്നും സംഭവിച്ചില്ല.

മാത്യു പോയിക്കഴിഞ്ഞ് ദിവസങ്ങൾ കഴിഞ്ഞാണ് ഞാൻ നാട്ടിലേക്ക് തിരിച്ചത്. എനിക്ക് പ്രാക്ടിക്കൽ പരീക്ഷ താമസിച്ചാണ് നടന്നത്.

ഞാൻ നാട്ടിൽ വന്നപാടെ മാത്യുവിനെ വിളിച്ചു വിവരങ്ങൾ അന്വേഷിച്ചു. അവൻ സുഖമായി നാട്ടിലെത്തിയിരുന്നു. പിന്നെ ഒരു മാസം കഴിഞ്ഞ് ഞാൻ മാത്യുവിനെ അവന്റെ വീട്ടിൽ പ്പോയിക്കണ്ടു. പത്തു മണിക്കൂർ യാത്ര ചെയ്ത്.

അവനൊപ്പം ഉച്ചഭക്ഷണം കഴിച്ചു. കുറെ സമയം ചിലവഴിച്ചു. പഴയ കാര്യങ്ങൾ പലതും പറഞ്ഞു. പക്ഷേ അപ്പോഴൊക്കെ ഞങ്ങൾ രണ്ടുപേരും ചോട്ടുവിനെ പരാമർശിച്ചില്ല. വൈകിട്ട് തിരിച്ചു പോരുന്നതിനു മുമ്പ് ബസ് സ്റ്റാൻഡിന് അരികിലുള്ള തട്ടുകടയിൽ നിന്ന് ഞങ്ങൾ ചായ കഴിച്ചു.

ബസ് വരാൻ ഇനിയും സമയമുണ്ട്. പെട്ടെന്ന് മാത്യു പറഞ്ഞു.

''എന്നെ യാത്രയാക്കാൻ നീ റൂമിൽ വരാഞ്ഞത് നന്നായി.''

ഞാൻ അവനെ നോക്കി. എന്താണ് അവൻ ഉദ്ദേശിച്ചതെന്ന് എനിക്ക് മനസ്സിലായില്ല. അവൻ തുടർന്നു.

''മുറിയിൽ നിന്നും പെട്ടിയും എടുത്ത് ഞാൻ ഇറങ്ങാൻ തുടങ്ങുമ്പോഴാണ് അയാൾ വന്നത്''. അവൻ നിർത്തി. പിന്നെപ്പറഞ്ഞു. ''നിൻറെ മാലിക്. ചോട്ടുവിന്റെ...''

അവൻ വികാരാധീനനായി.

''താങ്ങാൻ പറ്റിയില്ല. അയാൾ എൻറെ നെഞ്ചിലേക്ക് ചാരി നിന്ന് മുഖംപൊത്തി വിങ്ങിക്കരഞ്ഞു. താങ്ങാൻ പറ്റിയില്ല.''

ഞാനൊന്നും മിണ്ടിയില്ല. ശൂന്യ




തയിലേക്ക് നോക്കി നിന്നു. എൻറെ തൊണ്ട അടഞ്ഞു പോയിരുന്നു. ഒരു ചെറിയ നിശബ്ദത. പിന്നെ മുറിഞ്ഞ വാക്കുകളിൽ ചിലമ്പിച്ച ശബ്ദത്തിൽ അവൻ പറഞ്ഞു.

''ചില സമയത്ത് കണ്ണുനീരിന് തണുപ്പല്ല. ചൂടാണ്. ചുട്ടുപൊള്ളുന്ന ചൂട്. എന്റെ നെഞ്ച് നീറിപ്പോയി.''

പകുതി ഒഴിഞ്ഞ ഗ്ലാസ്സിലെ ചായയും പിടിച്ചുകൊണ്ട് ഞാൻ നിന്നു. ഞാൻ അവനെ നോക്കിയില്ല. അവൻ എന്നെയും. ഞങ്ങൾ രണ്ടുപേരും ശൂന്യതയിലേക്ക് തന്നെ നോക്കി നിന്നു. ഏറെ നേരം.

എനിക്കുള്ള ബസ് എത്തി.

ബസ്സിൽ കയറുമ്പോൾ ഞാൻ സൈഡ്സീറ്റ് നോക്കിയിരുന്നു. പുറത്തേക്ക് നോക്കിയിരിക്കാം. മറ്റുള്ളവർ മുഖം കാണുകയില്ല. ബസ്സ് ഇളകിയപ്പോൾ മാത്യു കൈവീശി യാത്ര പറഞ്ഞു.

അപ്പോൾ, ഞാൻ ബസ്സിൽ കയറുന്നതിനു മുമ്പ്, വിദൂരതയിലേക്ക് നോക്കിക്കൊണ്ട് മാത്യു പറഞ്ഞത് എൻറെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു.

''എനിക്ക് പകരമാണ് ചോട്ടു പോയത്. എനിക്ക് വെച്ചിരുന്നതാണ് അവൻ...... വിധി എന്നല്ലാതെ എന്തു പറയാൻ.''

അതെ. വിധി. അല്ലാതെന്തു പറയാൻ. ഞാൻ കണ്ണുകൾ പതുക്കെ അടച്ചു. പിന്നെ മുൻസീറ്റിന്റെ പിന്നിലേക്ക് സാവധാനം ചാരി.

dr.sreekumarbhaskaran@gmail.com

● ചെറുകഥ



● ട്രീസ കെ. വി

# ഡിസംബർ 34




വര: മറിയം ജാസ്മിൻ

ഉറക്കമില്ലാതെ കിടക്കുമ്പോൾ ഞാനോർക്കുകയായിരുന്നു. ഒരു മനുഷ്യൻ ജീവിതത്തെ സംക്ഷേപിച്ച്, സ്വരങ്ങൾ മാത്രമായി വിവർത്തനം ചെയ്യുവാൻ സാധിക്കുമോ?

ആഗ്രഹത്തിന്റെ പുറത്ത് ആഗ്രഹം കേറ്റി ഭാരത്തെ ചുമക്കുന്ന മനസ്സ്' പ്രതീക്ഷ ഒന്ന് കൊണ്ടു മാത്രം ജീവിക്കുകയാണ്.

ഈ ഒരവസരം കൂടെ നഷ്ടമായാൽ പിന്നെയെന്തെന്ന ചോദ്യം പല്ലിളിക്കും.ഈ ഓഡിഷനെങ്കിലും വിജയം കൈ വരിച്ചില്ലേൽ പിന്നെ സിനിമയെന്ന സ്വപ്നം തകർന്നടിയും. വീണ്ടും ഇഷ്ടമില്ലാത്ത ജോലി ചെയ്തു ജീവിതമിങ്ങനെ..

ചിന്തയുടെ ഭാരം അത്രയുമായപ്പോൾ ഞാനൊരു കാര്യം തിരിച്ചറിഞ്ഞു. എന്റെ മുറിയൊരു ശവമുറിപോലെ അല്ലെങ്കിൽ നിശബ്ദത വെട്ടിയെടുത്തു സൂക്ഷിച്ച ഒരു മനുഷ്യനെ പോലെ 'എന്നെ മാത്രം തുറിച്ചു നോക്കുന്നു. ഏറണാകുളം വണ്ടി ഇറങ്ങിയപ്പോൾ, വില കുറഞ്ഞ മുറി തേടി ഞാനെത്തിയത് ആൾ പാർപ്പ് കുറഞ്ഞ ഒരു കെട്ടിടത്തിന് മുന്നിലാണ്.

സമയം 7.30കഴിഞ്ഞതിനാൽ ഇനി ഒരുപാട് തേടാൻ സമയമില്ല. തൊട്ട് മുന്നിൽ നല്ലൊരു ഫ്ലാറ്റുണ്ട്. ആ ഒറ്റൊരെണ്ണം അവിടെയെങ്ങനെയെന്നത് ചോദ്യം മാത്രമായി അവശേഷിക്കുന്നു.


**ചിന്തയുടെ ഭാരം അത്രയുമായപ്പോൾ ഞാനൊരു കാര്യം തിരിച്ചറിഞ്ഞു. എന്റെ മുറിയൊരു ശവമുറിപോലെ അല്ലെങ്കിൽ നിശബ്ദത വെട്ടിയെടുത്തു സൂക്ഷിച്ച ഒരു മനുഷ്യനെ പോലെ 'എന്നെ മാത്രം തുറിച്ചു നോക്കുന്നു. ഏറണാകുളം വണ്ടി ഇറങ്ങിയപ്പോൾ, വില കുറഞ്ഞ മുറി തേടി ഞാനെത്തിയത് ആൾ പാർപ്പ് കുറഞ്ഞ ഒരു കെട്ടിടത്തിന് മുന്നിലാണ്. സമയം 7.30കഴിഞ്ഞതിനാൽ ഇനി ഒരുപാട് തേടാൻ സമയമില്ല.**


തലമുടി തീർത്തും നരച്ച കുറ്റി താടി രോമങ്ങളുള്ള ഒരു വൃദ്ധനാണ് എന്നെ അവിടെ എത്തിച്ചത്. ഇടയ്ക്കെപ്പോഴോ ചുണ്ടിൽ വിരിഞ്ഞ ചിരിയുടെ ഇടയിൽ തെളിഞ്ഞ പല്ലുകളുടെ തിളക്കം എന്നെ തെല്ലൊന്ന് ഭയപ്പെടുത്തി. മുറി തന്ന ശേഷം വൃദ്ധൻ തന്നെയാണ് മുറി കാ

**പെട്ടന്നാണെന്റെ ശ്രദ്ധ പല്ലിയുടെ വായയിൽ അകപ്പെട്ട ഒരു പാറ്റയിലേക്കെത്തിച്ചത്. അതെ ഒരു മരണത്തിന്റെ തൊട്ട് മുന്നിലാണ് ഞാനിപ്പോൾ, ആന്തരാവയവങ്ങളെ വിറപ്പിക്കുന്ന സ്വരം എവിടെ നിന്നോ എന്റെ ചെവിയിലേക്ക് അടിച്ചു കേറിയതും എന്റെ ശ്രദ്ധ തൊട്ടടുത്ത റോഡിലേക്ക് നീണ്ടു.**

ണിച്ചു തന്നത്. മൊത്തം വെള്ളമയം. ഒരു മരണത്തിന്റെ പ്രതീതി എന്ത് കൊണ്ടെനിക്കവിടെ ചിന്തിപ്പിച്ചുവെന്നറിയില്ല.

പെട്ടന്നാണെന്റെ ശ്രദ്ധ പല്ലിയുടെ വായയിൽ അകപ്പെട്ട ഒരു പാറ്റയിലേക്കെത്തിച്ചത്.അതെ ഒരു മരണത്തിന്റെ തൊട്ട് മുന്നിലാണ് ഞാനിപ്പോൾ, ആന്തരാവയവങ്ങളെ വിറപ്പിക്കുന്ന സ്വരം എവിടെ നിന്നോ എന്റെ ചെവിയിലേക്ക് അടിച്ചു കേറിയതും എന്റെ ശ്രദ്ധ തൊട്ടടുത്ത റോഡിലേക്ക് നീണ്ടു..

ജനലുകൾ തുറന്നു ഞാൻ പുറത്തേക്ക് എത്തി നോക്കി. പ്രത്യേകിച്ച് ഒന്നും തന്നെ ഞാൻ കണ്ടില്ല.തൊട്ടപ്പുറത്തെ ബിൽഡിംഗിന്റെ

മുൻപിൽ നിൽക്കുന്ന വാച്ചുമാൻ മാത്രമവിടെ അങ്ങോട്ടു മിങ്ങോട്ടും നടക്കുന്നു.എന്റെ ശ്രദ്ധപോയത് അയാളുടെ ഇൻ ചെയ്തു വെച്ച പാന്റിലേക്കാണ്, എന്തിനാണ് പാകമില്ലാത്ത ആരുടെയോ' എന്ന് തോന്നിപ്പിക്കുന്ന പാന്റ് അയാൾ ബെൽറ്റ് കൊണ്ട് നിർത്തിയിരിക്കുന്നത് അതാണേ ഇടയ്ക്കിടെ വലിച്ചു കേറ്റിയാണ് അയാൾ നടക്കുന്നത്.പക്ഷെ ഇവിടേക്ക് വരുമ്പോൾ ഞാനയാളെ കണ്ടില്ലെന്നോർത്തു.

അയാളെ നോക്കുമ്പോൾ മാത്രം തന്റെ കാഴ്ച ശക്തി കൂടിയതായി എനിക്കാനുഭവപ്പെട്ടു.എന്റെനോട്ടം അയാളെങ്ങനെ കണ്ടെന്നെനിക്ക് നിശ്ചയമില്ല, അയാളുടെ ടോർച്ചിന്റെ വെളിച്ചം എന്നെ പിടിച്ചു വിഴുങ്ങി.

ദൂരെ നിന്നയാളെന്നെ ചുവന്ന വെളിച്ചെമുള്ള കണ്ണുകൾ കൊണ്ടാണ് നോക്കുന്നതെന്ന തോന്നലിൽ എന്റെ നാവുകൾ സ്വയമിറങ്ങി അണ്ണാക്കിലേക്ക് വലിഞ്ഞു കേറി.ജനലുകളടച്ചു ഞാനെന്റെ ചുണ്ടുകൾ വിടർത്തി ഒരിറ്റ് വെള്ളം കൊണ്ട് നാക്ക് നനച്ചു. ഈ വെള്ളം തനിക്ക് തന്നെ എടുത്തു വെച്ചതായിരിക്കുമോ? അതോ പഴക്കമുള്ളതാകുമോ? ചോദ്യം തല്ക്കാലം ഞാനെന്നിൽ തന്നെ കുഴിച്ചിട്ടു. വീണ്ടും എന്റെ കണ്ണുകളറിയാതെ പല്ലിയെ തിരഞ്ഞു. അത് വിശപ്പടക്കി അതിന്റെ വഴിക്ക് പോയിരിക്കുന്നു.

കൈയിലെ വാച്ചിന്റെ സൂചിയിൽ കണ്ണ് നട്ടു, സമയം 1.30 ത് 'ഇനിയും എത്ര സമയം ഓഡിഷനിലേക്ക്, ഉറക്കം കണ്ണുകളെ മാടി വിളിച്ചിരുന്നെങ്കിലെന്ന് അതിയായി ആശിച്ചു.പെട്ടന്നാണൊരു ശബ്ദം  വീണ്ടും അടുത്ത മുറിയിൽലേക്ക് കൊണ്ട് പോയി.

'രക്ഷിക്കണേ ..'

വീണ്ടും വീണ്ടും ദയനീയ ശബ്ദം എന്നെ വിളിച്ചു കൊണ്ടേയിരിക്കുന്നു.

എന്ത് കൊണ്ടോ വാതിൽ തുറക്കാൻ ഞാൻ ഭയപ്പെട്ടു. പകരം വാതിൽ പഴുതിലൂടെ മെല്ലെ ആ മുറിയിലേക്ക് നോക്കാൻ പരിശ്രമിച്ചു നോക്കി. ഒന്നും തന്നെ കാണുന്നില്ല. 'തോന്നിയതാണ്, എന്റെ ഭയം എന്നെ ട്രാപ്പ് ചെയ്തിരിക്കുന്നു. എന്റെ തോന്നലിനെ മുറിച്ചു കൊണ്ട് റോഡിൽ നിന്ന് വീണ്ടും ആ ശബ്ദം കേട്ടു.രണ്ടും കല്പിച്ചു ഡോർ തുറന്നു പുറത്തെ ബാൽക്കണിയിലേക്ക് വന്നു നിന്നു.ഒന്നും തന്നെ സംശയമായി കണ്ടില്ല. അടുത്ത ഫ്ലാറ്റിലെ വാച്ചുമാൻ കസേരയിൽ കിടന്നുറങ്ങുകയാണ്.

ഞാനെന്റെ മുറിയിലേക്ക് വീ

**വീണ്ടും വീണ്ടും ദയനീയ ശബ്ദം എന്നെ വിളിച്ചു കൊണ്ടേയിരിക്കുന്നു. എന്ത് കൊണ്ടോ വാതിൽ തുറക്കാൻ ഞാൻ ഭയപ്പെട്ടു. പകരം വാതിൽ പഴുതിലൂടെ മെല്ലെ ആ മുറിയിലേക്ക് നോക്കാൻ പരിശ്രമിച്ചു നോക്കി. ഒന്നും തന്നെ കാണുന്നില്ല. 'തോന്നിയതാണ്, എന്റെ ഭയം എന്നെ ട്രാപ്പ് ചെയ്തിരിക്കുന്നു. എന്റെ തോന്നലിനെ മുറിച്ചു കൊണ്ട് റോഡിൽ നിന്ന് വീണ്ടും ആ ശബ്ദം കേട്ടു**



**പുറത്ത് ആരുടെയോ കാൽ പെരുമാറ്റം. വാതിലിൽ ഒരു കൊട്ട് കേട്ടതും ഞാൻ വീണ്ടും ഭയന്നു. പക്ഷെ രണ്ടും കല്പിച്ചു വാതിൽ തുറന്നു. നേരത്തെ കണ്ട അടുത്ത ബിൽഡിംഗിലെ വാർഡനും വയസ്സായ സ്ത്രീയും, പിന്നെ അടുത്ത മുറിയിലെയെന്ന് തോന്നിച്ച രണ്ടു മുതിർന്ന മനുഷ്യരും, വലിയ പ്രത്യേകത നേരത്തെ കണ്ടതിലുപരി ആർക്കുമില്ല.**



ണ്ടും വരുന്ന വഴി അടുത്ത മുറി തുറന്നു.65 വയസ്സുള്ള സ്ത്രീ ഇറങ്ങി വന്നു.ചുരിദാറാണ് വേഷം,വെളുത്തു മെലിഞ്ഞ ശരീരം, വയസ്സിലുപരിയുള്ള മേക്കപ്പ് മാത്രം അവരെ വേറിട്ടു നിർത്തി. എങ്കിലും അവരുടെ എന്നെ നോക്കിയുള്ള ചിരി പുരുഷന്റെ വശ്യതയായി എനിക്കനുഭവപ്പെട്ടു.

ഒരു മുഖഭാവ സ്വീകാര്യതയും ഞാനവർക്ക് കൊടുത്തില്ല. നേരേ മുറിയിലേക്ക് ഞാനെന്നെ നയിച്ചു. ഒരാശ്വാസം മാത്രം, ആ സ്ത്രീയെങ്കിലും അപ്പുറം ഉണ്ടല്ലോ.പിന്നെ ഞാൻ മാത്രമെന്തിന് ഭയക്കുന്നു.

ഉറങ്ങണം.. ഒന്ന് കണ്ണടച്ചില്ലേ ഒരു പക്ഷെ ഞാൻ പിൻ തള്ളപ്പെടും. എന്റെ ശബ്ദം അടഞ്ഞു പോകും.വിശപ്പ് വല്ലാതെ കത്തിക്കേറിയപ്പോഴാണ് ഓർത്തത്.അത്താഴം കഴിച്ചില്ല. ഇനിയൊട്ടും ആരും തരാനും പോകുന്നില്ല.


ബാഗിലുള്ള ആകെയുള്ള ബ്രഡും വെള്ളവും ആർത്തിയോടെ അകത്താക്കി.

പുറത്ത് ആരുടെയോ കാൽ പെരുമാറ്റം.വാതിലിൽ ഒരു കൊട്ട് കേട്ടതും ഞാൻ വീണ്ടും ഭയന്നു. പക്ഷെ രണ്ടും കല്പിച്ചു വാതിൽ തുറന്നു.നേരത്തെ കണ്ട അടുത്ത ബിൽഡിംഗിലെ വാർഡനും വയസ്സായ സ്ത്രീയും, പിന്നെ അടുത്ത മുറിയിലെയെന്ന് തോന്നിച്ച രണ്ടു മുതിർന്ന മനുഷ്യരും,വലിയ പ്രത്യേകത നേരത്തെ കണ്ടതിലുപരി ആർക്കുമില്ല.

അസ്ഥി മടുപ്പിക്കുന്ന ഒരു തരം കാറ്റുകൾ വീശിയടിച്ചു, ഒപ്പം എന്റെ വാതിലുകൾ അടഞ്ഞു. കണ്ണുകൾ ചതിക്കുകയാണ് ഇപ്പോൾ നേരത്തെ കണ്ട ഒരു രൂപവുംഎനിക്ക് മുന്നിലുള്ള മനുഷ്യർക്കില്ലായിരുന്നു.

പിന്നീട് എന്താണ് സംഭവിച്ചതെന്ന് എന്റെ ഓർമ്മയിൽ ഇപ്പോഴുമില്ല. ഞാൻ മുന്നിലുള്ള തെരുവിലൂടെ ഓടുകയായിരുന്നുവെന്നത് ഒഴിച്ചാൽ..

എനിക്കിന്ന് ഡിസംബർ 34ആണ്, എന്റെ ഓർമ്മകൾക്ക് ജനവരി പിറക്കാൻ ഇനിയും ദിവസങ്ങൾ...


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555



● കവിത

മീര കമല


# നിത്യം...

ചേർന്നിരിക്കാൻ ഏന്തീട്ട്
പിന്നെയും
ചേർന്നുചേർന്നിരിക്കാൻ
പച്ചനാറിൽ ചേർന്ന് ഞെങ്ങി
ചിരിക്കും
മുല്ലമൊട്ടുകളിൽ മനം
നിറഞ്ഞുമിഴി
വിടരാൻ – പറന്നുപറന്നു
പോകാതെ, പക്ഷിച്ചുണ്ടുകൾ
മിണ്ടിമിണ്ടി ഒടുവിൽ
മിണ്ടാതാകും തേൻകഥയാകാൻ
– ഉടലുഴിയും ഉൾനാളത്തിൻ
ചെറുതിരിയുടെ ചിരിയിൽ
രാത്രി നക്ഷത്രമാകാൻ
കുളിർപ്പിക്കുകയും അനുഗ്രഹിക്കുകയും
ചെയ്യുന്ന
ഇരുട്ടിന്റെ കറുപ്പാകാൻ –
വാക്കുവിരലുകൾ പരുതുന്ന
കാമുകന്റെ കവിയാവാൻ –
സ്വർണനാവുള്ള പിശാചായി
അവന്ടെ കനൽവേദനകൾക്ക്
മുന്നിൽ മുട്ടുകുത്തി ഇരിക്കുന്ന
രാത്രിയാകാൻ
തുറന്നു കിടക്കുന്ന ജനാലകളുള്ള
കിടപ്പുമുറിയുടെ ചൂടുള്ള സ്വാതന്ത്ര്യമാകാൻ –
ആഗ്രഹങ്ങളുള്ള വെളുത്ത ആനയായ്
ആകാശക്കൊമ്പന് മുമുകളിൽ ഇരിക്കാൻ
മണ്ണിന് മാത്രമായി പെയ്യുന്ന മഴ
നനഞ്ഞു ധ്യനത്തിലാണ്ടിടാൻ
– കാത്തിരിക്കാത്ത പൂവായ്
പുലരിയിൽ പൂജയാവാൻ
വെമ്പൽ

ദൈവത്തിന് ക്ഷമയില്ല,
പക്ഷേ പൂവിന് ക്ഷമയുണ്ട്

മരണം നൽകി കാറ്റിൽ പറത്തി വിടുന്ന
പാട്ടുമുഖമുള്ള പ്രണയത്തിനു
ഒറ്റ നിറമുള്ള
കാമം കടലോളം.

● ചെറുകഥ



ഡോ കിരൺ വിൻസെന്റ്

# ഒറ്റക്ക് തുഴയും തോണി



വര:
പി ആർ രാജൻ

**ജോലിയുടെ ഭാരങ്ങൾ പരിഭവമില്ലാതെ അവർ വണ്ടിക്കാളയെ പോലെചുമന്നു തിരിച്ചെത്തിയപ്പോൾ ആണ് മാനസിക വെല്ലുവിളികൾക്കൊപ്പം അംഗവൈകല്യവും ബാധിച്ച മകനെ കാണ്മാനില്ല എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞത്. ആകുലതയോടൊപ്പം ഉടലെടുത്ത സമ്മർദം അവരിൽ പരിഭ്രാന്തി സൃഷ്ടിച്ചു. അവർ നടുത്തെരുവിൽ മകനുവേണ്ടി പരക്കം പാഞ്ഞു. ചുട്ടുപൊള്ളുന്ന നഗരവീഥിയിലൂടെ അലഞ്ഞതിന്റെ അവശേഷിപ്പുക്കൾ ടാർ ഇട്ട നിരത്തിൽ രക്ത കണികകളായി കാണപ്പെട്ടു.**

കാലത്തേക്കുള്ള പ്രാതൽ ഒരുക്കുന്ന തിരക്കിലായിരുന്നു അമ്മിണിയമ്മ.

ശക്തമായ വേനലിൽ കാറ്റിരച്ചു കയറിയും, മഴയത്തു ചോർന്നൊലിച്ചും കാലാവസ്ഥാവ്യതിയാനങ്ങളിൽ മാറിമറിയുന്ന ജീവിതാന്തരീക്ഷം. മേൽക്കൂരകൾ തകർന്നതും, തേപ്പുക്കൾ വിണ്ടതുമായ ജീർണിച്ച അവസ്ഥാന്തരം. ആ കൂരക്കു കീഴെ അമ്മിണിയമ്മയോടൊപ്പം താമസം അവരുടെ ബുദ്ധിവളർച്ചക്കു വൈകല്യം ബാധിച്ച ഏക മകൻ മാത്രം.

തുണി മില്ലിൽ നിന്നും ദിവസക്കൂലിക്കു ജോലിചെയുന്ന പണം സ്വരൂപിച്ചുകൂട്ടി അന്നന്നത്തെ ആഹാരത്തിനുള്ള വക കണ്ടെത്തുക എന്നതായിരുന്നു ആ വീടിന്റെ ഏക ആശ്രയവും. ഒന്ന് കിടപ്പിലായാൽ, ഒരു ദിവസം പണി ഇല്ലാതെ വന്നാൽ പിന്നീടങ്ങോട്ടുള്ള ദിനങ്ങൾ മുഴു പട്ടിണിയാകുന്ന ജീവിത സാഹചര്യം.

മില്ലിലെ തുണികളിൽ ദിവസേനയുള്ള ചായം മുക്കൽ അവരുടെ



ചുക്കി ചുളിഞ്ഞ ഇരു കൈത്തണ്ടകളിൽ ഇരുണ്ട കരിയായി സുവ്യക്തമായി പ്രതിഫലിക്കപെട്ടു. വിണ്ടു കീറിയ കാല്പാദത്തിലും, ബലം ക്ഷയിച്ചു പൊട്ടിയ നഖങ്ങളിലും അവ കറുത്തിരുണ്ട ചാലുകൾ തീർത്തു. ആ ചാലുകൾക്ക് ഒരു ജീവിത യാത്രയുടെ യാതനകൾ നിറഞ്ഞ അനുഭവ സമ്പത്തുണ്ടായിരുന്നു.

ഇന്ന് പതിവിലും നേരത്തെ ഉണർന്ന് കാര്യങ്ങൾക്ക് സാധാരണയിലും കവിഞ്ഞ വേഗതയാർജ്ജിച്ചത് ദിവസ കൂലിയിൽ നിത്യവും വാങ്ങുന്നതിനേക്കാൾ കാലണയെങ്കിലും അധികം വാങ്ങുവാൻ വേണ്ടി മാത്രമായിരുന്നു. വിശപ്പിന്റെ മുറവിളികൾ, അടുക്കള മുറിയിലെ കലഹരണപെട്ട അടുപ്പിൻ ഭിത്തിമേൽ വിരൂപമായി കാണപ്പെട്ടു.

വൈകാരികമായ എന്തോ ഒന്ന് അടുപ്പിലെ തീ ജ്വാലകളിൽ നിന്നും ഉയരുന്ന കരിയുടെ ചെറുകണങ്ങൾക്ക്, ഉഷ്ണവായുവിനോട് പ്രതിപാദിക്കുന്നതിനും മുന്നോടിയായി വിവരിക്കാൻ ഉള്ളതുകൊണ്ടാവാം അവയെ ആ ഭിത്തിമേൽ രേഖപെടുത്തിയതും.

കോറിയിട്ടവ അതൊരടയാളമായി കാലങ്ങളോളം അവശേഷിക്കട്ടെ ജോലിയുടെ ഭാരങ്ങൾ പരിഭവമില്ലാതെ അവർ വണ്ടിക്കാളയെ പോലെ  ചുമന്നു തിരിച്ചെത്തിയപ്പോൾ ആണ് മാനസിക വെല്ലുവിളികൾക്കൊപ്പം അംഗ വൈകല്യവും ബാധിച്ച മകനെ കാണ്മാനില്ല എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞത്. ആകുലതയോടൊപ്പം ഉടലെടുത്ത സമ്മർദം അവരിൽ പരിഭ്രാന്തി  സൃഷ്ടിച്ചു.അവർ  നടുത്തെരുവിൽ മകനുവേണ്ടി പരക്കം പാഞ്ഞു. ചുട്ടുപൊള്ളുന്ന നഗര വീഥിയിലൂടെ അലഞ്ഞതിന്റെ അവശേഷിപ്പുകൾ ടാർ ഇട്ട നിരത്തിൽ രക്ത കണികകളായി കാണപ്പെട്ടു. വേർപെടുത്താൻ ആവാത്തവിധം അപ്പോഴേക്കും അവ ഉൾപ്രവേശിക്കപ്പെട്ടിരുന്നു. തിരച്ചിലുകൾ വിഫലം ആയപ്പോൾ ഒടുവിൽ അവർ അധികാരികളുടെ മുന്നിൽ തൊഴുകൈകൂപ്പി രാത്രികളെ പകലുകളാക്കി പരക്കം പാഞ്ഞു. വീടുകളും കടകളും, തെരുവുകളും ചെറു വീഥികളിലുമെല്ലാം തിരച്ചിലുകൾ ഊർജിതമായി.

പകൽ താപമേറിയ സൂര്യനിൽ നിന്നും ശീതളമായ ഇരുളിമയിലേക്കടുത്തു. ഇലകൾ മെല്ലെ നിദ്രപൂകുവാനായി കുമ്പിട്ടു. നഗരം വിളക്കുകളിൽ ഉണർന്നിരുന്ന. ഒടുവിൽ തണുത്തു വിറങ്ങലിച്ചാ ആൾരൂപത്തെ വിജനമായ നടപ്പാതയിൽ കണ്ടെത്തി.

മനസ്സും ശരീരവും തളർന്ന് പരസ്പരവിരുദ്ധമായി അവൻ എന്തൊക്കെയോ വിക്രിയകൾ കാട്ടി. ചിരിച്ചു ഒപ്പം ഭയന്നും കാണപ്പെട്ടു. നേരമിരുട്ടിയപ്പോഴും തന്റെ മകനെ നോക്കി അമ്മിണിയമ്മ കട തിണ്ണയിൽ കാൽ നീട്ടി അപ്പോഴും ഇരുന്നിരുന്നു.


കീറിയ മുണ്ടിന്റെ വിടവിൽ കൂടെ പുറത്തെ തണുപ്പ് ഇരച്ചു കയറി. കാലുകൾ കോച്ചിപ്പിടിച്ചു. വിദൂരതയിൽ ഒരു മിന്നായം പോലെ അവർ മകനെ കണ്ട് ഓടിയടുത്തു.

നിറകണ്ണുകളോടെ വാരിപ്പുണർന്നു. തിരികെ പോകവേ മകനെ തിരിച്ചേല്പിച്ചവർക്കായി തന്റെ കൈലിയുടെ മടിയിൽ നിന്നും നൂറിന്റെ നോട്ടവർ  നീട്ടി നിസ്സഹായതയോടെ. മഷിക്കറ തളംകെട്ടിയാ കൈകൾക്കുള്ളിലെ പണത്തിൽ ഒരായുസ്സിലെ വിയർപ്പിന്റെ ഗന്ധവും അദ്ധ്വാനത്തിന്റെ ചെളിയും തങ്ങി നിന്നിരുന്നു

**നേരമിരുട്ടിയപ്പോഴും തന്റെ മകനെ നോക്കി അമ്മിണിയമ്മ കട തിണ്ണയിൽ കാൽ നീട്ടി അപ്പോഴും ഇരുന്നിരുന്നു. കീറിയ മുണ്ടിന്റെ വിടവിൽ കൂടെ പുറത്തെ തണുപ്പ് ഇരച്ചു കയറി. കാലുകൾ കോച്ചിപ്പിടിച്ചു. വിദൂരതയിൽ ഒരു മിന്നായം പോലെ അവർ മകനെ കണ്ട് ഓടിയടുത്തു. നിറകണ്ണുകളോടെ വാരിപ്പുണർന്നു.**


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

ചെറുകഥ



ജെസ്മോൾ ജോസ്



# ഖന്തീശ ആലാഹ

വര:
മറിയം ജാസ്മിൻ

സഖാവ് ദത്തൻ പാർട്ടി അഖിലേന്ത്യ സമ്മേളനത്തിന് മധുരയിലേക്ക് യാത്ര പോയ ഞായറാഴ്ചയാണ് ഭാര്യ സാറാ കുര്യന്റെ ഉള്ളിൽ ഏറെ നാളായി ചുര മാന്തിയിരുന്ന പഴയ നസ്രാണിച്ചി സടകുടഞ്ഞ് എണീറ്റത്.

രാവിലെ ഉണർന്നപ്പോൾ ഏഴര മണിയായി. ഒരു ചൂടൻ കട്ടൻ കാപ്പീടെ അകമ്പടിയോടെ പതിവില്ലാതെ ഓൺലൈൻ മനോരമ പത്രത്തിലെ ഇന്നത്തെ ചിന്താ വിഷയം വായിച്ചു നൊസ്റ്റാൾജിക്കായി.

അപ്പോൾ അടുത്തുള്ള പള്ളിയിൽ രണ്ടാമത്തെ കുർബാനയ്ക്ക് നട മണി അടിക്കുന്നത് സാറ കേട്ടു. അയ്ക്കര കുന്നിലെ തന്റെ പഴയ കാലത്തെന്ന പോലെ സാരി വൺ ലെയർ ഇട്ടുടുത്തു ആ മുന്താണി ഒക്കെ പ്രദർശിപ്പിച്ചു അയലത്തെ ചേടത്തിമാരോടൊക്കെ കുശലം പറഞ്ഞു പള്ളിലോട്ടു ഒന്നു നടക്കാനും കുർബാന കഴിഞ്ഞു സെമിത്തേരിയിൽ മരിച്ചവരെ കണ്ട് ഒന്നും രണ്ടും മിണ്ടി, പരിചയക്കാരോട് ചിരിച്ചും പറഞ്ഞും തിരികെ വന്ന് നല്ല പാലപ്പവും സ്റ്റ്യൂവും ചേർന്ന പ്രാതല് കഴിക്കാനും വല്ലാത്തൊരു വ്യാക്കൂൺ.

ഞായറാഴ്ചയിലെ പള്ളീൽ പോക്കും ഒരു എലൈറ്റ് സോഷ്യലൈസേഷൻ മോഡ് ആണെന്ന് ഒരിക്കൽ ആരോ എഴുതിയിരുന്നത് ഓർത്തു. എത്ര ഒളിപ്പിക്കാൻ ശ്രമിച്ചാലും കൂട്ടിൽ നിന്ന് പുറത്തേക്ക് തലയിടുന്ന കിളി കുഞ്ഞിനേപ്പോലെ ഒന്നു പള്ളിയോളം പോയിട്ട് വന്നാലോ എന്ന ചിന്ത ഉള്ളിൽ തള്ളലുണ്ടാക്കി.

''മരിച്ചവർക്കുള്ളതും ഉയിരവർക്കുള്ളതും വേണ്ടുന്നത് അപ്പപ്പോ

കൊടുക്കണം അതിപ്പോ പ്രാക്ക് ആയാലും നേർച്ച ആയാലും ഒട്ടും താമസം വരുത്തരുത്''

വല്യമ്മച്ചി സാക്ഷാൽ മാമൂട്ടിൽ കുഞ്ഞന്നാമ്മ പറയാറുള്ളത് അവൾ ഓർത്തു. താൻ ജനിക്കുന്നതിനും അര നൂറ്റാണ്ട് മുമ്പ് നാട്ടിലെ പ്രമാണിയുമായി വീട്ടുകാർ ഉറപ്പിച്ച ഒത്തു കല്യാണത്തിന്റന്ന് ' ഇയാടെ കൂടെ പൊറുക്കാൻ എനിക്കു മനസല്ലെന്ന്' പള്ളിയകത്ത് നാട്ടുകാരേം പട്ടക്കാരേം സാക്ഷി നിറുത്തി ഒറച്ചു പറഞ്ഞ് വിപ്ളവമുണ്ടാക്കിയ വല്യമ്മച്ചിയുടെ ഉശിരും ചേലും സാറാക്കുമുണ്ടായിരുന്നു.

''ഒള്ള കാര്യം ഒള്ളത് പോലെ മുഖത്ത് നോക്കി പറയാൻ പറ്റണം.. ശരിയെന്ന് തോന്നണത് വെച്ചു താമസിപ്പിക്കാതെ ചെയ്യണം. ആണായാലും പെണ്ണായാലും'' അതായിരുന്നു വല്ല്യമ്മച്ചിയുടെ വേദവാക്യം.

അത് കൊണ്ടു തന്നെ ദത്തനോട് പ്രേമം തോന്നിയപ്പോൾ അവളത് ആദ്യം ഓതിയത് വല്യമ്മച്ചിയുടെ കാതിലായിരുന്നു.

''ഇരുപതുകളിൽ വിപ്ലവകാരി യാവാത്തവർ മനുഷ്യരല്ലെന്നായിരുന്നു'' ഒരു പൊട്ടിച്ചിരിയോടെ വല്യമ്മച്ചിയുടെ മറുപടി.

പ്രണയവും ഒരു വിപ്ലവമാണല്ലോ! പ്രിയമുള്ളവരുടെ സാമീപ്യത്താൽ മനുഷ്യർ പരിവർത്തനം ചെയ്യപ്പെടുമെന്ന് വൃഥാ തോന്നിക്കുന്ന പ്രക്രിയ.

പല കുന്നുകളുടെ നെറുകയിൽ നിന്നുൽഭവിച്ച് പല കൈവഴിയായൊഴുകിയ പുഴ പോലായിരുന്നു അവരുടെ ജീവിതം. പാറക്കെട്ടുകളിൽ തല്ലിയലച്ചും ചുഴികളിൽ നിറഞ്ഞും പരന്നുമങ്ങനെ കാലം കടന്നു പോയി.

ദത്തനും സാറയും മകൻ ആനന്ദും താമസിച്ചിരുന്ന കൈരളി ഹൗസിങ് കോളനിയിൽ നിന്ന് കഷ്ടിച്ച് ഒരു ഫർലോങ് അപ്പുറമായിരുന്നു ടൗണിലെ സെന്റ് ആന്റണീസ് ഫൊറോന പള്ളി.

യാത്രകളിലൊക്കെ ആ കെട്ടിടത്തിന്റെ ഉയർന്നു നിൽക്കുന്ന മുഖപ്പുകളിലേക്ക് ഒട്ടൊരു കൗതുകത്തോടെ നോക്കുമായിരുന്നെങ്കിലും ഉള്ളിൽ കയറണമെന്ന് അവൾക്ക് തോന്നിയിട്ടേയില്ല.

വർഷങ്ങൾക്കു മുമ്പ് പ്രണയം മൂർഛിച്ച് ദത്തനുമായുള്ള വിവാഹം രജിസ്റ്റർ ആക്കാൻ സാറ വീട്ടിൽ പടവെട്ടിയ കാലം.

''അമ്മച്ചിയാ ഈ പെണ്ണിനെ വളർത്തി വഷളാക്കിയത് ' എന്നായിരുന്നു അപ്പന്റെ പരാതി. മാമൂട്ടിൽ കുഞ്ഞന്നാമ്മയുടെ വീറും വാശിയും അതേപടി പകർന്നു കിട്ടിയ അവളുടെ കടും പിടുത്തത്തിനു മുന്നിൽ വീട്ടാരും ബന്ധുക്കാരും തോറ്റു.

**താൻ ജനിക്കുന്നതിനും അര നൂറ്റാണ്ട് മുമ്പ് നാട്ടിലെ പ്രമാണിയുമായി വീട്ടുകാർ ഉറപ്പിച്ച ഒത്തു കല്യാണത്തിന്റന്ന് ' ഇയാടെ കൂടെ പൊറുക്കാൻ എനിക്കു മനസല്ലെന്ന്' പള്ളിയകത്ത് നാട്ടുകാരേം പട്ടക്കാരേം സാക്ഷി നിറുത്തി ഒറച്ചു പറഞ്ഞ് വിപ്ളവമുണ്ടാക്കിയ വല്യമ്മച്ചിയുടെ ഉശിരും ചേലും സാറാക്കുമുണ്ടായിരുന്നു.**

അവളുടെ എല്ലാ ഇഷ്ടങ്ങൾക്കും ഒപ്പം നിന്ന വല്യമ്മച്ചി കണ്ണു നിറഞ്ഞ് ഒന്നു മാത്രം ചോദിച്ചു

'' ന്റെ സാറ കൊച്ചു മതം മാറുവോ''

''അത് ശരി എമ്പിടി തത്വങ്ങൾ വിളമ്പുമെങ്കിലും കുഞ്ഞന്നാമ്മ അറുപഴഞ്ചനാണല്ലേ?'' സാറ അവരുടെ കവിളിൽ ഒരു മുത്തം കൊടുത്ത് കാതിൽ മന്ത്രിച്ചു.

''കൊച്ചിന് അത് പറഞ്ഞാൽ ഇപ്പോ മനസ്സിലാവുകേല... മരത്തിനു വേരു പോലെയാണ് പലപ്പഴും മനുഷ്യൻമാർക്ക് മതം.. അതൊരു ബലാണ്.. കൂടെ ആരൊക്കെയോ ണ്ടെന്ന തോന്നൽ നിൻ്റെ സഖാവിൻറെ പാർട്ടി പോലെ തന്നെ.. കണ്ണും മനസ്സും തെളിയുന്നത് വരെ നീ പിൻ ചെന്നു പോന്ന ആചാരോം രീതികളുമാ നിന്റെ രുചികളെ ശീലങ്ങളെ മൂല്യങ്ങളെ ഒക്കെ രൂപപ്പെടുത്തിയേ.. ചൊട്ടേലെ ശീലം ചൊടല വരേണ്ടാവും.. അതിപ്പോ എത്ര കാലം കഴിഞ്ഞാലും.. പാർട്ടിക്ക് ആശയം പോലെയാ മതങ്ങൾക്ക് ദൈവങ്ങൾ.. ഇതിന്റൊക്കെ താങ്ങില്ലാണ്ടാവുമ്പോ മനുഷർ വല്ലാണ്ട് തനിച്ചാവും സാറ കൊച്ചേ അപ്പൊ പഴയതെല്ലാം കുറച്ചു നേരത്തേക്കെങ്കിലും തിരിച്ചു പിടിക്കണം ന്ന് തോന്നും.. അങ്ങനെ തോന്നിയാൽ എന്റെ കൊച്ച് അമാന്തിച്ചേക്കരുത് കേട്ടോ...''

പള്ളിയോട് വലിയ മമത യൊന്നും ഇല്ലാതിരുന്ന സാറക്ക് അന്ന് വല്യമ്മച്ചി പറഞ്ഞതിന്റെ പൊരുൾ പിടികിട്ടിയില്ല. എന്നാൽ വർഷങ്ങൾക്കുശേഷം ദത്തനും ആനന്ദും സ്ഥലത്തില്ലാതിരുന്ന ആ ഞായറാഴ്ച സാറ അവളറിയാതെ അയ്ക്കരുന്നിലെ മാമൂട്ടിൽ കുഞ്ഞന്നാമ്മയുടെ കൊച്ചുമോളായി രൂപാന്തരം പ്രാപിച്ചു. വിവാഹശേഷം ഒരിക്കൽപോലും പള്ളിയിലേക്ക് തിരിഞ്ഞു നോക്കാത്ത സാറ, സെന്റ് ആന്റണീസ് ഫൊറോന പള്ളിയിലേക്ക് വണ്ടിയോടിച്ചു. പള്ളിയങ്കണത്തിൽ അരങ്ങൊട്ടിച്ചിരിക്കുന്നു. പുണ്യാളന്റെ പേരിൽ നടത്തുന്ന ഊട്ടു പെരുനാളിന്റെ ഫ്ലക്സ് പള്ളിയുടെ മുമ്പിൽ ഉയർന്നു നിന്നു. അവൾ എത്തുമ്പോഴേക്കും കുർബാന തുടങ്ങിയിരുന്നു. പെട്ടെന്ന് ഉച്ചഭാഷിണിയിലൂടെ ഒഴുകിവന്ന സുറിയാനി കീർത്തനം അവളുടെ കാതുകളിൽ പതിച്ചു.

'ഖന്തീശ ആലാഹ ഖന്തീശ ഹൈൽസാന ഖന്തീശ യാ മായോ സാ എസ്രാഹം അലെയ്ൻ'

''സാറ കുഞ്ഞേ ഇന്ത കന്ദീസ എന്നാക്കും?''

ഇന്നോളം ഉത്തരം തേടാൻ ശ്രമിച്ചിട്ടില്ലാത്ത ആ ചോദ്യം കാലങ്ങൾക്കു മുമ്പ് ഒരു പള്ളി പെരുന്നാൾ ദിവസം, അയ്ക്കരകുന്ന് പള്ളിയുടെ മുറ്റത്ത് വച്ച്, എണ്ണയില്ലാത്ത ചെ




മ്പൻ മുടി രണ്ടായി പകുത്ത് പിന്നിയിട്ട്, തവിട്ട് നിറമുള്ള കണ്ണുകൾ വിടർത്തി വെളുക്കെ ചിരിച്ചുകൊണ്ട് സെൽവി തന്നോട് ചോദിച്ചിരുന്നു എന്ന് അവൾ ഓർത്തു.

കാടും മലയും കയറി നൂറുമേനി വിളയിച്ച ഒരു കൂട്ടം മനുഷ്യരും അവരോട് പറ്റിചേർന്ന കുറെ പക്ഷിമൃഗാദികളുമായിരുന്നു അയ്ക്കരക്കുന്നിലുണ്ടായിരുന്നത്. കണ്ണെത്താ ദൂരത്തോളം പരന്ന പച്ചപ്പ്. അതിനെ ചുറ്റിയൊഴുക്കുന്ന അരുവി.

മനുഷ്യന്റെ ചരിത്രം എടുത്തു നോക്കിയാൽ ആദ്യം അവൻ കണ്ടതെല്ലാം വെട്ടിപ്പിടിക്കും പിന്നെ കയ്യടക്കിയതൊന്നും കൈവിട്ടു പോകാതിരിക്കാൻ പൂണ്ടടക്കം കെട്ടിപ്പിടിക്കും. അപ്പോഴാണവൻ ദൈവങ്ങളുടെ കൂട്ടു തേടുക.

ആദ്യം അയ്ക്കരകുന്നു കയറിയ പഴമക്കാർക്ക് കാട്ടുമൃഗങ്ങളുടെ പല്ലും നഖവും പേമാരിയും നടപ്പു ദീനങ്ങളും താണ്ടാൻ തമ്പുരാന്റെ കൂട്ട് വേണമായിരുന്നു.

അങ്ങനെ അവർ തടിയും പനമ്പും വച്ച് കെട്ടി ഉണ്ടാക്കിയ പള്ളി പലവട്ടം തകർന്നു വീണു. അരമനയിൽ പോയി മെത്രാനച്ചനോട് സങ്കടം ബോധിപ്പിച്ചപ്പോൾ വെഞ്ചിരിച്ച അന്തോണീസ് പുണ്യാളന്റെ തിരുസ്വരൂപം നൽകി തിരിച്ചയച്ചുവത്രെ.

പുണ്യാളൻ കരയിൽ വന്നേപ്പിന്നെ അയ്ക്കര കുന്നുകാർക്ക് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. സർവ്വത്ര ഐശ്വര്യം. അതുകൊണ്ടു തന്നെ പുണ്യാളന്റെ പെരുന്നാൾ കഴിഞ്ഞേ കരക്കാർക്ക് ഏതാഘോഷവും ഉണ്ടായിരുന്നുള്ളൂ.

അതു മോടി പിടിപ്പിക്കാൻ എല്ലാ ദേശങ്ങളിൽ നിന്നും പുത്തൻ ഉപാധികൾ അവർ തേടിപ്പിടിക്കുമായിരുന്നു. ദേശത്ത് നിന്ന് ഒരു കാരണവർ മലബാറിലേക്ക് യാത്ര പോയപ്പോഴാണ് കരിമരുന്ന് പ്രയോഗം എന്ന വിസ്മയം കണ്ടത്. പിറ്റേ ആണ്ടത്തെ പെരുന്നാളിന് ആ അത്ഭുതവും അയ്ക്കര കുന്നിലെത്തി.

പെരുന്നാളിന് പടക്കം ഉണ്ടാക്കാനും വെടിക്കെട്ട് നടത്താനും വന്ന വറീത് പിന്നെ അയ്ക്കര കുന്നു വിട്ടു പോയില്ല. ഒരു അയ്ക്കര കുന്നുകാരിക്ക് മിന്നു ചാർത്തി കരക്കാരുടെ സ്വന്തം പടക്കം വറീതായി അവിടെ കൂടി.

അതാണ് ഈ കരേടെ വർക്കത്ത്. ഇവടെ വന്നോർക്കൊന്നും ഈ കര വിട്ടു പോകാൻ തോന്നൂല.. പുണ്യാളൻ കൈ നെറച്ച് കൊടുക്കുവല്ലേ'' ദേശക്കാർ വറീതിനോട് പറയുമായിരുന്നു.

അപ്പനപ്പൂപ്പൻമാരായിട്ട് ചെയ്ത് പോരണ കൈ തൊഴിലാണ്.. ഈ പടക്കം എന്തിനാ..

**"സാറ കുഞ്ഞേ ഇന്ത കന്ദീസ എന്നാക്കും?" ഇന്നോളം ഉത്തരം തേടാൻ ശ്രമിച്ചിട്ടില്ലാത്ത ആ ചോദ്യം കാലങ്ങൾക്കു മുമ്പ് ഒരു പള്ളി പെരുന്നാൾ ദിവസം, അയ്ക്കരകുന്ന് പള്ളിയുടെ മുറ്റത്ത് വച്ച്, എണ്ണയില്ലാത്ത ചെമ്പൻ മുടി രണ്ടായി പകുത്ത് പിന്നിയിട്ട്, തവിട്ട് നിറമുള്ള കണ്ണുകൾ വിടർത്തി വെളുക്കെ ചിരിച്ചുകൊണ്ട് സെൽവി തന്നോട് ചോദിച്ചിരുന്നു എന്ന് അവൾ ഓർത്തു.**

മോളിലുള്ളോരെ സന്തോഷിപ്പിക്കാൻ.. അപ്പോ പിന്നെ പുണ്യാളൻമാർ കൈ വിടോ'' വറീതിന്റെ വിശ്വാസപ്രമാണം അതായിരുന്നു

പിന്നെയും പെരുനാളുകൾ പലതു കഴിഞ്ഞു. വറീത് അയ്ക്കര കുന്നുകാരനായി. മകൻ പാവുണ്ണിക്ക് പ്രായം പതിനേഴ് തികഞ്ഞതിന്റെ പിറ്റേ ആണ്ടത്തെ പുണ്യാളന്റെ പെരുന്നാളിന് കതനകുറ്റി നിറക്കുമ്പോ ഉണ്ടായ അപകടത്തിലാണ് വറീത് പരലോകം പൂകിയത്. മൂത്ത മകൾ ഏലികുട്ടിയെ നേരത്തെ കെട്ടിച്ചിരുന്നു. പേരിനൊന്ന് ശവമടക്ക് നടത്താൻ പോലും ബാക്കിയില്ലാത്ത വണ്ണം അപ്പൻ ചിന്നി ചിതറിയപ്പോൾ പാവുണ്ണിയുടെ ഉള്ള് തകർന്നു.

അമ്മ മേരിക്കുട്ടിയുടെ കരച്ചിൽ ചീളിനാൽ അവന്റെ ചങ്കിൽ ചോര പൊടിഞ്ഞു. അപ്പനായിട്ട് പഠിപ്പിച്ച തൊഴിൽ, അതും പുണ്യാളന് വേണ്ടി . ഉപേക്ഷിക്കാനും മനസ് വരണില്ല. ഈ പണി കൊണ്ട് ഇനിയൊരു പെണ്ണിൻറെ കണ്ണീര് വീഴ്ത്താൻ താനില്ല എന്ന് തോന്നലിലാണ് കല്യാണം കഴിക്കേണ്ട എന്ന് പാവുണ്ണി തീരുമാനിച്ചത്. കണ്ണടയുവോളം അമ്മയും പിന്നങ്ങോട്ട് പെങ്ങളും ആവർത്തിച്ചു പറഞ്ഞെങ്കിലും പാവുണ്ണിയുടെ തീരുമാനത്തിന് മാറ്റം ഉണ്ടായില്ല. പെരുന്നാളിന്റെയും ക്രിസ്മസിൻറെയും പടക്ക പണി കഴിഞ്ഞാൽ പാവുണ്ണി ദേശാടനത്തിനു പോകും. പല കരകളിലെ പുകൾ പെറ്റ വെടിക്കെട്ട് പ്രയോഗങ്ങൾ കണ്ടു പഠിക്കും. പിറ്റേ കൊല്ലത്തെ പെരുന്നാളിന് ആ വിദ്യകളൊക്കെ അയ്ക്കര കുന്നിലെത്തും. മുകളിൽ പോയി പൂവായി വിടരുന്ന മായാജാലവും, പടക്കം പൊട്ടുമ്പോൾ കുടയും പ്രാവും ഒക്കെ പറക്കുന്ന വിദ്യയും എല്ലാം കാണിച്ച് അയാൾ ഐക്കര കുന്നുകാരുടെ കണ്ണും കാതും നിറച്ചു. ഓരോ ആണ്ടിലും പാവുണ്ണിയുടെ പുത്തൻ കരവിരുതുകൾക്കായി കരക്കാർ കാത്തിരുന്നു പാവുണ്ണി നാൽപത് പിന്നിട്ട കാലം. ഒരു പെരുന്നാളിന് മുന്നേ ഊരു ചുറ്റാൻ പോയ അയാൾ തിരിച്ചു വന്നപ്പോൾ കൂടെ കൈക്കുഞ്ഞുമായൊരു തമിഴത്തി ഉണ്ടായിരുന്നു. കണ്ടോരും കേട്ടോരും മുക്കത്ത് വിരൽ വച്ചു.

**ആ നിലവിളിക്ക് മുൻപിലും പാവുണ്ണിയേട്ടൻ കുലുങ്ങിയില്ല. അയാളുടെ പടക്കം പണിയിൽ കയ്യാളായും വീട്ടുജോലികൾ ചെയ്തും അൻപ് മേരി അയ്ക്കരക്കുന്ന്കാരിയായി.. കാലം ചെന്നപ്പോൾ അവരുടെ പേര് ലോപിച്ച് അമ്പേരിയെന്നായി. വെടിമരുന്ന് നിറയ്ക്കാനും ഗുണ്ട് ഉണ്ടാക്കാനും അസാമാന്യ കൈവഴക്കമായിരുന്നു അമ്പേരിക്ക്. അയ്ക്കരകുന്ന് പുണ്യാളന്റെ പെരുന്നാൾ വെടിക്കെട്ടിന് പാവുണ്ണിയേട്ടന്റെ മുഖ്യ സഹായി അമ്പേരിയായിരുന്നു.**

എന്നാലും പാവുണ്ണി നെനക്കിതിന്റെ വല്ല കാര്യണ്ടോ ഇന്നാട്ടിൽ പിറന്ന നല്ല നസ്രാണി പെണ്ണിനെ കൂടെ പൊറുക്കാൻ കിട്ടൂല്ലേ''

''ഇതാ ഇപ്പ നന്നായേ..നിങ്ങളെ ഇത് എന്തൂട്ട് അറിഞ്ഞിട്ടാ.. അവളെ നല്ല ഒന്നാന്തരം നസ്രാണിയാ.. പേര് അൻപ് മേരി.. മ്മടെ മാതാവിൻറെ പേര്.

എന്റമ്മേടെ പേര്...മോടെ പേര് സെൽവിന്നാ..ആരുല്ലാ പാവങ്ങൾക്ക്..അപ്പ ഞാനങ്ങ് ട് കൂടെ കൂട്ടി..''

ഏഷണിക്കാർ കളി പറഞ്ഞു ചിരിച്ചു''പടക്കക്കാരന് കൂട്ടിന് പറ്റിയ ആളു തന്നെ അവളേതോ വെടിയാ'' വിവരമറിഞ്ഞ് പിറ്റേന്നാൾ ഒട പെറന്നോൾ ഏലിക്കുട്ടി നെഞ്ചത്തടിയും നെലവിളിയുമായി വന്നു.

''എന്നാലും എന്റെ കുഞ്ഞാങ്ങളെ കണ്ണുകാട്ടിയെടുത്തല്ലോടി മഹാപാപി ഈ കൊച്ചിനി ആരുടേതാണെന്ന് ആർക്കറിയാം''

ആ നിലവിളിക്ക് മുൻപിലും പാവുണ്ണിയേട്ടൻ കുലുങ്ങിയില്ല. അയാളുടെ പടക്കം പണിയിൽ കയ്യാളായും വീട്ടുജോലികൾ ചെയ്തും അൻപ് മേരി അയ്ക്കരക്കുന്ന് കാരിയായി.. കാലം ചെന്നപ്പോൾ അവരുടെ പേര് ലോപിച്ച് അമ്പേരിയെന്നായി. വെടിമരുന്ന് നിറയ്ക്കാനും ഗുണ്ട് ഉണ്ടാക്കാനും അസാമാന്യ കൈവഴക്കമായിരുന്നു അമ്പേരിക്ക്. അയ്ക്കരകുന്ന് പുണ്യാളന്റെ പെരുന്നാൾ വെടിക്കെട്ടിന് പാവുണ്ണിയേട്ടന്റെ മുഖ്യ സഹായി അമ്പേരിയായിരുന്നു.

''ജീവൻ വെച്ചുള്ള കളിയാണ് ...നിനക്കെന്തേലും പറ്റിയ സെൽവി കൊച്ച് തനിച്ചായി പോകും'' ആദ്യത്തെ തവണ വെടിക്കെട്ട് നടത്താൻ പള്ളിയിലോട്ട് ഇറങ്ങാൻ നേരം അമ്പേരിയെ പാവുണ്ണിയേട്ടൻ വിലക്കി. ''കടവുൾ കാര്യം മുഖ്യം അയ്യാ.. അവങ്കളെല്ലാം പാർത്തിരിക്കേ' എന്നായിരുന്നു അമ്പേരിയുടെ മറുപടി.

ആ നാട്ടിൽ വന്നതു മുതൽ ഭയഭക്തി ബഹുമാനങ്ങളോടെ ഒരു നേർച്ച നിറവേറ്റുന്നതു പോലെയായിരുന്നു അമ്പേരി ഇടവക പെരുന്നാളിന്റെ വെടിക്കെട്ട് പണിക്ക് പാവുണ്ണിടെ കയ്യാളായി നിന്നിരുന്നത്.

''അതിന്റെ പുണ്യം അയ്യാവുക്കും സെൽവിക്കും കെടക്കുമേ' സാറയുടെ വല്യമ്മച്ചിയോട് അവർ പറയുമായിരുന്നു.

ഒഴുക്കോടെ മലയാളം പറയുമെങ്കിലും അമ്പേരിയുടെയും സെൽവിയുടെയും സംസാരത്തിൽ വഴി തെറ്റി ചില തമിഴ് വാക്കുകൾ കയറിപ്പറ്റുമായിരുന്നു. പാവുണ്ണിയേട്ടന്റെ പടക്കം ഉണ്ടാക്കലും കച്ചോടവും പെരുന്നാളിന് മാത്രമായിരുന്നു.

പണിയില്ലാത്ത സമയത്ത് മാമൂട്ടിൽ തറവാട്ടിൽ അമ്പേരി സഹായത്തിന് വരുമായിരുന്നു. കൂടെ സെൽവിയും. സെൽവിയും സാറയും സമപ്രായക്കാരായിരുന്നതിനാൽ പതിയെ അവർക്കിടയിൽ സൗഹൃദം ദൃഢമായി. അവർ ഒന്നിച്ച് ഇടപഴകാൻ തുടങ്ങുമ്പോൾ മുറുമുറുക്കുന്ന സാറയുടെ അപ്പന്റേയും

അമ്മയുടേയം വായടപ്പിച്ച് വലിയമ്മച്ചി കയർക്കുമായിരുന്നു

''എടാ കുരിയാച്ചാ മനുഷ്യർക്കിടയിൽ രണ്ടു ജാതിയെ ഒള്ളൂ ആണും പെണ്ണും അവളുടെയൊക്കെ കൈകൊണ്ട് കഴുകിയ പാത്രത്തിൽ വക്കുന്നത് നിനക്കൊക്കെ തിന്നാം.. അവള് കഴുകുന്ന തുണിയുടുക്കാം .. പക്ഷങ്കി അവരോട് മിണ്ടാനും പറയാനും ആ കൊച്ചിന്റെ കൂടെ കളിക്കാനും അയിത്തം.. എന്നാ നിന്റെയൊക്കെ ബുദ്ധി തെളിയാ ഓരോ കന്നം തിരിവുകളേ.. നീയൊക്കെ എന്റെ വയറ്റിൽ കുരുത്തത് തന്നാണോ''

ആണ്ടെത്ര കഴിഞ്ഞിട്ടും ഐക്കര കുന്നുകാർ അമ്പേരിയെയും സെൽവിയെയും ഒരു കൈയകലത്തിൽ തന്നെ നിർത്തി.

''പാവുണ്ണി നല്ല കുടുംബത്തി പെറന്നോനാ. തോമാശ്ലീഹാ വെള്ളം തളിച്ച ക്രിസ്ത്യാനി കുടുമത്തി ഉണ്ടായോൻ .എന്നുവച്ച് ആ പെമ്പ്രന്നോരെയും മോളേം ആ കൂട്ടത്തി പെടുത്താൻ പറ്റോ''

തല നരച്ച കാരണവന്മാർ അടക്കം പറഞ്ഞു.

'' അത് ശരിയാ, ആളായാലും ആദർശായാലും പുറത്തുന്ന് എടുക്കുമ്പോ ഒന്ന് സൂക്ഷിക്കണം..എത്ര നാൾ ഒത്ത് പോകൂന്ന് അറില്ലലോ'' വയസിന് മൂത്ത ചേടത്തിമാർ അതുകൊണ്ടുതന്നെ പള്ളിയിൽ അവരുടെ സ്ഥാനം പുറത്തെ വരാന്തയിലേക്ക് ചുരുങ്ങി.

ഏറ്റവും പുറകിലായി നിന്ന് തീഷ്ണമായ ഭക്തിയോടെ തമിഴ്സുവയുള്ള മലയാളത്തിൽ പാട്ടുകളും പ്രാർത്ഥനകളും അമ്പേരിയും സെൽവിയും ഉറക്കെ ഏറ്റു ചൊല്ലുമായിരുന്നു. പള്ളിക്ക് അകത്തു നിൽക്കുന്ന സാറയാവട്ടെ ഇടയ്ക്കിടയ്ക്ക് തിരിഞ്ഞു സെൽവിയെ നോക്കി പുഞ്ചിരി തൂകുമായിരുന്നു.

''നീയെന്താ പള്ളിയകത്ത് കേറാതെ പുറത്ത് മണ്ഡപത്തില് നിക്കണേ?' ഒരിക്കൽ സാറ ചോദിച്ചു.

''എങ്കേന്ന് കൂപ്പിട്ടാലും കടവുൾ കേൾക്കുമേ'' തവിട്ട് നിറമുള്ള കണ്ണുകൾ ചിമ്മി സെൽവി മറുമൊഴി ചൊല്ലി.

സെൽവി പള്ളിക്കൂടത്തിൽ പോകാൻ പ്രായമായപ്പോൾ പാവുണ്ണി അവളെ ഐക്കര കുന്നിലെ സർക്കാർ പള്ളിക്കൂടത്തിൽ ചേർത്തു. മറ്റു കുട്ടികൾ മാറ്റി നിറുത്തിയതിനാലാവാം അവിടെയും അവസാനത്തെ ബെഞ്ചിൽ ആയിരുന്നു അവളുടെ സ്ഥാനം.

പരാതിയേതുമില്ലാതെ സെൽവി അവിടെയും കഴിഞ്ഞു പോന്നു. കന്യാസ്ത്രീകൾ നടത്തുന്ന മഠം വക സ്കൂളിലാണ് സാറ പഠിച്ചിരുന്നത്. ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലും അവർ കണ്ടുമുട്ടുമായിരുന്നു. അമ്പേരി കഴിഞ്ഞാൽ, സാറയും അവളുടെ വല്യമ്മച്ചിയും ആയിരുന്നു സെൽവിയുടെ ലോകം.

സെൽവിയും സാറയും ഒമ്പതാം തരത്തിൽ പഠിക്കുന്ന കാലം. വർഷങ്ങൾക്കു മുമ്പ് ബോംബെയ്ക്ക് നാടു

**''എടാ കുരിയാച്ചാ മനുഷ്യർക്കിടയിൽ രണ്ടു ജാതിയെ ഒള്ളൂ ആണും പെണ്ണും അവളുടെയൊക്കെ കൈകൊണ്ട് കഴുകിയ പാത്രത്തിൽ വക്കുന്നത് നിനക്കൊക്കെ തിന്നാം.. അവള് കഴുകുന്ന തുണിയുടുക്കാം .. പക്ഷങ്കി അവരോട് മിണ്ടാനും പറയാനും ആ കൊച്ചിന്റെ കൂടെ കളിക്കാനും അയിത്തം.. എന്നാ നിന്റെയൊക്കെ ബുദ്ധി തെളിയാ ഓരോ കന്നം തിരിവുകളേ.. നീയൊക്കെ എന്റെ വയറ്റിൽ കുരുത്തത് തന്നാണോ'' ആണ്ടെത്ര കഴിഞ്ഞിട്ടും ഐക്കര കുന്നുകാർ അമ്പേരിയെയും സെൽവിയെയും ഒരു കൈയകലത്തിൽ തന്നെ നിർത്തി.**

വിട്ടു പോയി മുന്തിയ പണക്കാരനായി തിരിച്ചുവന്ന ഇടവകക്കാരനായ കുന്നേൽ ദേവസ്യ പ്രസുദേന്തിയായി ഏറ്റെടുത്ത് നടത്തിയ ആ കൊല്ലത്തെ പുണ്യാളന്റെ പെരുന്നാൾ കെങ്കേമമായിരുന്നു. പതിവില്ലാത്ത വിധം മുന്തിയ വെടിക്കെട്ടിന് കോപ്പൊരുക്കി. ബാൻഡ്സെറ്റും ചെണ്ട മേളവും പെരുന്നാള് കൊഴുപ്പിച്ചു . നാടൊട്ടുക്ക് അരങ്ങൊട്ടിച്ചു. ദീപാലങ്കാരം വേറെ. പാവുണ്ണിയേട്ടനും അമ്പേരിക്കും പിടിപ്പത് പണിയുണ്ടായിരുന്നു സഹായികളായി ഒന്നുരണ്ടു പേരെ കൂടെ കൂട്ടി. സെൽവി പറഞ്ഞ് സാറ വിശേഷങ്ങൾ അപ്പപ്പോൾ അറിയുന്നുണ്ടായിരുന്നു. തിരുനാളിന് കൊഴുപ്പു കൂട്ടാൻ അക്കൊല്ലം പള്ളിയിൽ സുറിയാനി കുർബാന നടത്താനും പള്ളിയോഗം തീരുമാനിച്ചു. ആ കുർബാന

കഴിഞ്ഞപ്പോഴാണ് സെൽവി ആ ചോദ്യം സാറയോട് ചോദിച്ചത് .

സാറ കുഞ്ഞേ ഇന്ത കന്തീസ എന്നാക്കും?''

അങ്ങനെയൊരു പാട്ട് പള്ളിയിൽ പാടിയത് പോലും സാറ ശ്രദ്ധിച്ചിട്ടില്ലായിരുന്നു.

''അത് നമുക്ക് വല്യമ്മച്ചിയോട് ചോദിക്കാം നീ ബാ നമുക്ക് പെട്ടിക്കടയിൽ നല്ല വളയും ചാന്തും വന്നിട്ടുണ്ടോ എന്ന് നോക്കാം ' എന്ന് പറഞ്ഞ് അവൾ തടി തപ്പി. അന്ന് വൈകിട്ട് വാദ്യമേളങ്ങളുടയും വർണ്ണ കുടകളുടെയും അകമ്പടിയോടെ പെരുനാൾ പ്രദക്ഷിണം പള്ളിയിൽ കയറി. വെടിക്കെട്ട് തുടങ്ങാനായി പാവുണ്ണിയേട്ടനും അമ്പേരിയും സഹായികളും ഓടിനടന്ന് കതനക്കുറ്റി നിറക്കാൻ ഉത്സാഹിച്ചു. ഓലപ്പടക്കത്തിന്റെ നീണ്ടനിര തൂക്കി കഴിഞ്ഞു നൂറ് ഓലപ്പടക്കം കഴിഞ്ഞാൽ ഒരു ഗുണ്ട് അതാണ് കണക്ക്. തിരുസ്വരൂപങ്ങൾ പള്ളിയകത്തെത്തി. ഇനിയാണ് വെടിക്കെട്ട്. വെടിക്കെട്ടിൽ എന്ത് മാന്ത്രിക വിദ്യയാണ് ഇക്കൊല്ലം പാവുണ്ണി കാണിക്കുക എന്ന് അടക്കം പറഞ്ഞ് പുരുഷാരം കാത്തുനിന്നു. പെട്ടെന്ന് പടക്കപ്പുരയിൽ നിന്ന് ഒരു പൊട്ടിത്തെറി ശബ്ദം കേട്ടു ആളുകൾ ചിതറി ഓടി. തീ ആളിപ്പടർന്നു അലമുറകൾ കരച്ചിലുകൾ മാംസം വേവുന്ന

ഗന്ധം. ഭീതി നിറഞ്ഞ നിമിഷങ്ങൾ. പള്ളി വരാന്തയിൽ എന്ത് ചെയ്യണമെന്നറിയാത സെൽവി വിറങ്ങലിച്ചു നിന്നു.

തീ ഒതുങ്ങി പുകയടങ്ങിയപ്പോൾ തിരിച്ചറിയാനാവാത്ത വിധം വെന്ത് ചിതറിയ കുറേ മാംസ തുണ്ടുകൾ മാത്രം ബാക്കിയായി. പോലീസ് വന്നു. ആരുടേതെന്നറിയാതെ പെറുക്കി കൂട്ടിയ അവശിഷ്ടങ്ങൾ തെമ്മാടിക്കുഴിയിൽ അടക്കാമെന്ന് പള്ളിയോഗം തീരുമാനിച്ചു.

''ഹും അവരുടെ അധ്വാനം കൊണ്ട് ഒണ്ടാക്കുന്ന പടക്കം വേണം അവനൊക്കെ പെരുന്നാൾ നടത്താനും ആഘോഷിക്കാനും.എന്നിട്ടിപ്പോ സ്ഥാനം തെമ്മാടിക്കുഴിയിലും. പാവം പാവുണ്ണി'' വല്യമ്മച്ചിയുടെ അമർഷവും സങ്കടവും പതഞ്ഞ് സാറയുടെ മനസ്സിലേക്കു മെത്തി.

അമ്പേരിയും സെൽവിയും പാവുണ്ണിയേട്ടന്റെ വീട്ടിലേക്ക് കയറിയപ്പോൾ കെറുവിച്ച് ഇറങ്ങിപ്പോയ ഏലിക്കുട്ടി കൂടപിറപ്പിന്റെ മരണ വാർത്ത അറിഞ്ഞു ഓടിയെത്തി. കരഞ്ഞു മൂക്ക് പിഴിഞ്ഞും പതം പറഞ്ഞും പ്രാകിയും മരിച്ചടക്കം കൂടി. വല്യമ്മച്ചിയുടെ കൈപിടിച്ച് നിന്നു കൊണ്ട് സാറ കരഞ്ഞു തളർന്ന സെൽവിയെ നോക്കി നിന്നു. അടക്ക് കഴിഞ്ഞു തിരിച്ചു പോയ ഏലിക്കുട്ടി സെൽവിയെയും കൊണ്ടുപോയി.

''അവക്ക് കാശു ചെലവില്ലാതെ വീട്ടുജോലിക്ക് ഒരു പണിക്കാരിയെ കിട്ടി. അതിനു മര്യാദയ്ക്ക് തീറ്റ കൊടുത്താ മതിയായിരുന്നു. അല്ലെങ്കിൽ ചിലപ്പോ വല്ല അനാഥശാലേലും ആക്കി കാണും.. ചെലപ്പോ ഏതെങ്കിലും വല്യ വീട്ടിൽ പണിക്ക് നിർത്തിക്കാണും''

''തമിഴത്തി കൊച്ചല്ലേ.. വല്ല പിച്ചക്കാർക്കും വിറ്റു കാണും. ഏലികുട്ടി ആരാ മോള്..ആ തമിഴത്തിയും കൊച്ചും വന്നേപ്പിന്നെ ഇങ്ങോട്ട് തിരിഞ്ഞു നോക്കാത്തോള് ഇപ്പൊ വെറുതെ കേറി വന്നതാവില്ല''

നാട്ടിലെ പെണ്ണുങ്ങൾ സെൽവിയെ പറ്റി പലതും പറയുന്നത് കേൾക്കേ സാറയുടെ ഉള്ളു വിങ്ങി.

കൈ നിറയെ നെല്ലിക്ക പുളിയും ലൂബിക്കയും മാങ്ങയും ചാമ്പക്കയും തന്റെ നേരെ നീട്ടാറുണ്ടായിരുന്ന ചെമ്പൻ മുടിക്കാരിയെ ഓർത്ത്

**വല്യമ്മച്ചി മരിച്ചപ്പോഴാണ് സാറ ഒടുക്കം അയ്ക്കരക്കുന്ന് പള്ളി കണ്ടത്. അവൾ തീഷ്ണമായി ആഗ്രഹിച്ച വഴികളിലൂടെ ജീവിതം അവളെ കൈപിടിച്ച് നടത്തിയപ്പോൾ മറവിയിലേക്ക് പോയവരുടെ കൂട്ടത്തിൽ സെൽവിയും ഉണ്ടായിരുന്നു. ഇന്ന് പതിവില്ലാതെ കാലങ്ങൾക്കു ശേഷം സെൽവിയുടെ ചോദ്യം അവൾക്കു മുൻപിൽ എഴുന്നു നിന്നു. അതിന്റെ ഉത്തരം അവൾ എന്നെങ്കിലും കണ്ടെത്തിയിരിക്കുമോ എന്ന ചിന്തയിൽ, ഒരു വീട്ടാകടത്തിന്റെ ഓർമയിൽ സാറയുടെ കണ്ണ് നിറഞ്ഞു**

പിന്നീടുള്ള അവധി ദിവസങ്ങളിൽ സാറ സങ്കടപ്പെട്ടു. പള്ളിയകത്ത് നിൽക്കുമ്പോൾ അറിയാതെ അവൾ പിന്തിരിഞ്ഞു നോക്കുമായിരുന്നു. അപ്പോഴൊക്കെ തവിട്ടു നിറമുള്ള വലിയ രണ്ടു കണ്ണുകൾ മനസിൽ തെളിഞ്ഞു.

''നമ്മൾ ഇനി സെൽവിയെ കാണുമോ വല്യമ്മച്ചി?'' അവൾ ഒരു ദിവസം ചോദിച്ചു

''മനുഷ്യൻ തീഷ്ണതയോടെ അന്വേഷിപ്പതെന്തും ലഭിക്കും. സെൽവിയെ കാണണോന്ന് നിനക്ക് അത്രേം ആശേണ്ടെങ്കിൽ തീർച്ചയായും നിയവളെ കാണും എന്നെങ്കിലും'' വല്യമ്മച്ചി സാറയോട് പറയുമായിരുന്നു.

പിന്നീടൊരിക്കലും പുണ്യാളന്റെ പെരുനാൾ ദിവസം സാറ പള്ളിയിൽ പോയില്ല. ഒരു വെടിക്കെട്ടും കാണാനുള്ള ത്രാണിയും അവൾക്കുണ്ടായിരുന്നില്ല.

വല്യമ്മച്ചി മരിച്ചപ്പോഴാണ് സാറ ഒടുക്കം അയ്ക്കരക്കുന്ന് പള്ളി കണ്ടത്.

അവൾ തീഷ്ണമായി ആഗ്രഹിച്ച വഴികളിലൂടെ ജീവിതം അവളെ കൈപിടിച്ച് നടത്തിയപ്പോൾ മറവിയിലേക്ക് പോയവരുടെ കൂട്ടത്തിൽ സെൽവിയും ഉണ്ടായിരുന്നു. ഇന്ന് പതിവില്ലാതെ കാലങ്ങൾക്കു ശേഷം സെൽവിയുടെ ചോദ്യം അവൾക്കു മുൻപിൽ എഴുന്നു നിന്നു. അതിന്റെ ഉത്തരം അവൾ എന്നെങ്കിലും കണ്ടെത്തിയിരിക്കുമോ എന്ന ചിന്തയിൽ, ഒരു വീട്ടാകടത്തിന്റെ ഓർമയിൽ സാറയുടെ കണ്ണ് നിറഞ്ഞു. അവൾ സാവധാനം പള്ളിയുടെ ആനവാതിലിനടുത്തേക്ക് നടന്നു. കുർബാന മുക്കാൽ ഭാഗമായിരുന്നു. അകത്തേക്ക് കയറാൻ തോന്നിയില്ല പണ്ട് അമ്പേരിയും സെൽവിയും നിൽക്കാറുള്ളതുപോലെ പുറത്തെ വരാന്തയിൽ നിന്നു. കുർബാന സ്വീകരണത്തിനുള്ള സമയമാണ്. പള്ളിച്ചട്ടങ്ങളിൽ ചില മാറ്റങ്ങൾ വന്നതൊക്കെ സാറ അറിഞ്ഞിരുന്നു.

ഇപ്പോൾ കന്യാസ്ത്രീകളും കുർബാന നൽകുമത്രേ.

പെട്ടെന്ന് സെമിത്തേരിക്കടുത്തുള്ള പള്ളിയുടെ വെളിമ്പറമ്പിലേക്ക് സാറയുടെ കണ്ണേറ് വീണു. കൃത്യമായ അകലത്തിൽ നിറച്ച കതനകുറ്റികൾ. കണ്ണെത്താ ദൂരത്തോളം മാല പടക്കത്തിന്റെ നിര! സാറ നടുങ്ങി. അവൾ അകത്തേക്കു നോക്കി.

അൾത്താരയിൽ പുരോഹിതനൊപ്പം വെളുത്ത വസ്ത്രം ധരിച്ച ഒരു കന്യാസ്ത്രീ കാസ നെഞ്ചോട് അടുക്കി, തൃപ്പാഥേയവും കൊണ്ട് നിൽക്കുന്നത് സാറ കണ്ടു. മുഖാമുഖം നിൽക്കുന്ന വിശ്വാസികൾക്ക് കുർബാന നൽകുവാനായി ആ സന്യാസിനി പടികൾ ഇറങ്ങി വന്നു. ഒരു ദിവ്യ സ്മിതത്തോടെ അവർ അടുത്തേക്ക് അണയവേ പണ്ടേ പരിചിതമായ തവിട്ടു നിറമുള്ള കണ്ണുകൾ കണ്ട് സാറ ഞെട്ടി . പെട്ടെന്ന് കാതടപ്പിക്കുന്ന ശബ്ദത്തിൽ പടക്കം പൊട്ടാൻ തുടങ്ങി.

# ഒരു കമ്മ്യൂണിസ്റ്റുകാരന്റെ ധർമ്മസങ്കടങ്ങൾ

## അച്യുത മേനോന്റെ ജീവിതവും കാലവും പുനലൂർ രാജന്റെ ചിത്രങ്ങളിൽ , മാങ്ങാട് രത്നാകരന്റെ വരികളിൽ

*ഫോട്ടോ:* പുനലൂർ രാജൻ
*എഴുത്ത്:* മാങ്ങാട് രത്നാകരൻ



അച്യുതമേനോൻ ജനങ്ങൾക്കിടയിൽ

ഒക്ടോബർ വിപ്ലവത്തിന്റെ നാട്ടിൽ കമ്യൂണിസം, സ്റ്റാലിൻ എന്ന 'മഹാമേരു'വിന്റെ സമഗ്രാധിപത്യത്തിനു കീഴിലമരുകയും സോവിയറ്റ് യൂണിയൻ സാമ്രാജ്യത്വശക്തികളെപ്പോലെ അധിനിവേശകരാവുകയും ചെയ്ത വിപര്യയം, സി.അച്യുതമേനോന്റെ വിശ്വാസപ്രമാണങ്ങളിലുണ്ടാക്കിയ സംഘർഷങ്ങളെക്കുറിച്ച് ഈ പംക്തിയിൽ എഴുതിയിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് അതൊരു ആദർശത്തിന്റെയും സ്വപ്നത്തിന്റെയും തകർച്ചയായിരുന്നു. പാർട്ടിയിൽ നിന്ന് രാജിവയ്ക്കുന്നതിനെക്കുറിച്ചുപോലും അച്യുതമേനോൻ ആലോചിച്ചിരുന്നു. കേരളത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യപഥികരിൽ ഒരാളായ കെ.ദാമോദരനാണ് അച്യുതമേനോനെ അനുനയിപ്പിച്ച് പാർട്ടിയിൽത്തന്നെ പിടിച്ചുനിർത്തിയത്.

അക്കാലത്തെ കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ച് പാർട്ടി അച്ചടക്കം ജീവശ്വാസം പോലെ പരമപ്രധാനമായിരുന്നു. അഭിപ്രായഭിന്നതകൾ പാർട്ടിക്കകത്തുമാത്രമേ ചർച്ച ചെയ്യാനാവുമായിരുന്നുള്ളൂ, അതല്ലെങ്കിൽ ശത്രുവിനെ ആയുധമണിയിക്കലാവും ആത്യന്തിക ഫലം. അതുകൊണ്ടുതന്നെ പാർട്ടി പ്രസിദ്ധീകരണങ്ങളിൽ അവർ ശുഭാപ്തി വിശ്വാസത്തോടെ മാത്രം എഴുതി, അച്യുതമേനോനും അപവാദമല്ല.

പക്ഷേ സ്വകാര്യ കത്തുകളിൽ അച്യുതമേനോൻ തന്റെ വിശ്വാസത്തകർച്ചയെക്കുറിച്ച് വിശദമായിത്തന്നെ എഴുതിയിട്ടുണ്ട്. സമകാലീന ആഗോളസംഭവവികാ

സങ്ങളെക്കുറിച്ചുള്ള നിശിതമായ അഭിപ്രായങ്ങളും രേഖപ്പെടുത്തി. അച്യുതമേനോൻ പ്രിയ സുഹൃത്തായ കെ.വി.കെ.വാര്യർക്ക് എഴുതിയ കത്തുകൾ അതിനാൽത്തന്നെ വിലപ്പെട്ട ഒരു രാഷ്ട്രീയ-ജീവചരിത്രരേഖയാണ്. 1943 മുതൽ പാർട്ടിയിലെ പിളർപ്പുവരെ (1964) കമ്യൂണിസ്റ്റ് പാർട്ടി അംഗവും, ഒരുവട്ടം നിയമസഭാംഗവും (1952), 1980മുതൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിഭാഗത്തിന്റെ പ്രവർത്തകനുമായിരുന്നു കെ.വി.കെ.വാര്യർ. വാര്യർക്ക് അച്യുതമേനോൻ എഴുതിയ കത്തുകളിൽ നിന്നും തെരഞ്ഞെടുത്തവ അച്യുതമേനോന്റെ 33 കത്തുകൾ എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. (ഡി.സി.ബുക്സ്, 1991) ഈ പുസ്തകത്തിന്റെ ആധികാരികതയെയും സാംഗത്യത്തെയും ചൊല്ലി പ്രസിദ്ധീകൃതമായ വേളയിൽ വിവാദമുയർന്നിരുന്നു എന്ന വസ്തുതയും മറക്കാവുന്നതല്ല. അച്യുതമേനോൻ മരിച്ച് മൂന്നുമാസം കഴിഞ്ഞപ്പോഴാണ് പുസ്തകം വരുന്നത്.

ഈ കത്തുകളിൽ വ്യക്തിപരമായ കാര്യങ്ങളെക്കാൾ മുന്നിൽ വരുന്നത് രാഷ്ട്രീയമാണ്. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണം തുടങ്ങിക്കഴിഞ്ഞിരുന്നു. കിഴക്കൻ യൂറോപ്പിൽ, ബെർലിൻ മതിൽ കിഴക്കൻ ജർമ്മനിയിലെ ഇരുമ്പുമറ ഭേദിച്ച്, സ്വാതന്ത്ര്യമോഹികളായ ജനത കല്ലിന്മേൽ കല്ലവശേഷിക്കാതെ തകർത്തിരുന്നു. ഹംഗറി, പോളണ്ട് ചെക്കോസ്ലോവാക്യ തുടങ്ങിയ രാജ്യങ്ങളെല്ലാം കമ്മ്യൂണിസത്തെ കൈയൊഴിഞ്ഞ് സോഷ്യൽ ഡെമോക്രസിയെയും മറ്റു ജനാധിപത്യ സംവിധാനങ്ങളെയും സ്വീകരിച്ചിരുന്നു. ഈ ഘട്ടത്തിലാണ് (198991) അച്യുതമേനോൻ സുഹൃത്തിന്റെ കത്തുകൾക്ക് മറുപടിയെഴുതുന്നത്. രാഷ്ട്രീയചിന്തകൻ കൂടിയായിരുന്ന അച്യുതമേനോൻ പഴയതുപോലെ ന്യായീകരണത്തിനോ ശുഭാപ്തിവിശ്വാസം പ്രകടിപ്പിക്കാനോ മുതിരാതെ തന്റെ അഭിപ്രായങ്ങൾ മറയില്ലാതെ രേഖപ്പെടുത്തുകയാണ്:



പുനലൂർ രാജൻ മഞ്ഞു തൊപ്പിയുമായി

**സ്വകാര്യ കത്തുകളിൽ അച്യുതമേനോൻ തന്റെ വിശ്വാസത്തകർച്ചയെക്കുറിച്ച് വിശദമായിത്തന്നെ എഴുതിയിട്ടുണ്ട്. സമകാലീന ആഗോളസംഭവവികാസങ്ങളെക്കുറിച്ചുള്ള നിശിതമായ അഭിപ്രായങ്ങളും രേഖപ്പെടുത്തി. അച്യുതമേനോൻ പ്രിയ സുഹൃത്തായ കെ. വി. കെ. വാര്യർക്ക് എഴുതിയ കത്തുകൾ അതിനാൽത്തന്നെ വിലപ്പെട്ട ഒരു രാഷ്ട്രീയ – ജീവചരിത്രരേഖയാണ്. 1943 മുതൽ പാർട്ടിയിലെ പിളർപ്പുവരെ (1964) കമ്യൂണിസ്റ്റ് പാർട്ടി അംഗവും, ഒരുവട്ടം നിയമസഭാംഗവും (1952), 1980മുതൽ മാർക്സിസ്റ്റ് – ലെനിനിസ്റ്റ് വിഭാഗത്തിന്റെ പ്രവർത്തകനുമായിരുന്നു കെ. വി. കെ. വാര്യർ. വാര്യർക്ക് അച്യുതമേനോൻ എഴുതിയ കത്തുകളിൽ നിന്നും തെരഞ്ഞെടുത്തവ അച്യുതമേനോന്റെ 33 കത്തുകൾ എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.**

''നാമെല്ലാവരും ഒരു കാലത്ത് താലോലിച്ചുവളർത്തിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതി ഇന്നെന്താണ്? സോവിയറ്റ് പാർട്ടി കഷ്ടിച്ചു നിലനിൽക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു-ഗോർബച്ചേവിന്റെ നേതൃത്വം നിമിത്തം-എന്നാൽ ചൈനയിലും ജി.ഡി.ആറിലും നിലനിൽക്കുമോ? പോളണ്ടിലും ഹംഗറിയിലും ഇപ്പോൾതന്നെ സ്വയം പിരിഞ്ഞുപോകുന്ന നിലയിലെത്തി. ഇന്ത്യയിലോ? ഒരു കാലത്തും ഗുണംപിടിക്കാത്ത നിലയിലാണ്... നിങ്ങൾ പണ്ടൊരു കാലത്ത് ഞാൻ ദൽഹിയിൽ ആയിരുന്ന കാലത്ത് എനിക്കെഴുതിയതായി ഓർക്കുന്നു. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും നേതൃത്വമാണ് നമുക്ക് പറ്റിയത്, മാർക്സിന്റെയും ലെനിന്റേതുമല്ലെന്ന്. ഇന്നു ഞാനും അങ്ങനെ കരുതുന്ന ഒരാളാണ്. ഇന്ന് അതൊന്നും പറഞ്ഞിട്ടു കാര്യമില്ല.'' (1210 1989).

''താത്ത്വികമായി ഞാൻ മാർക്സിസത്തിന്റെ ശക്തിപ്രയോഗസിദ്ധാന്തത്തിൽ വിശ്വസിക്കുകതന്നെ ചെയ്തു... പക്ഷേ ഇന്നു ഞാൻ അപ്രകാരം വിശ്വസിക്കാത്ത ഒരാ

ളാണ്. മറ്റു രാജ്യങ്ങളിൽ സ്ഥിതി എന്തുതന്നെയായാലും നമ്മുടെ രാജ്യമായ ഇന്ത്യയിൽ ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തമാണ് സാമൂഹിക പരിവർത്തനത്തിനുള്ള ഏറ്റവും നല്ല ഉപാധി.'' (26589)

''കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇനിയും പ്രസക്തിയുണ്ടെന്ന വിശ്വാസം നിങ്ങൾക്ക് ഇന്നുണ്ടെന്നു തോന്നുന്നു. പക്ഷേ അത്രയും ശുഭാപ്തിവിശ്വാസം എനിക്കില്ല. ഞാനിന്നും പാർട്ടി അംഗമാണ്. അപ്പോൾ അങ്ങനെ പറഞ്ഞുകൂടാത്തതാണ്. പക്ഷേ, എന്റെ ഉള്ളിന്റെയുള്ളിൽ തോന്നുന്നതാണു പറഞ്ഞത്. കാരണമെന്തെന്നോ? കമ്മ്യൂണിസ്റ്റ് നേതൃത്വം ഇത്രയൊക്കെയായിട്ടും ഗോർബച്ചേവ് പറയുന്ന ചലം വേശിസശിഴ ഉൾക്കൊള്ളാൻ സന്നദ്ധരല്ല എന്നെനിക്കു തോന്നുന്നു.'' (5690)

''എന്നെ ഗാന്ധിയനെന്നു പറയാമോ എന്നെനിക്കറിഞ്ഞുകൂടാ പേർ എന്തായാലും എന്റെ മനസ്സാക്ഷിക്ക് തൃപ്തികരമായി തോന്നുന്ന ഒരു രാഷ്ട്രീയവിശ്വാസം വേണമെന്നിടത്താണു ഞാൻ.'' (1291)

**അച്യുതമേനോന്റെ ഈ തുറന്നുപറച്ചിലിൽ, അതെത്രമാത്രം സ്വകാര്യമായാലും, വെളിവാകുന്ന ഒരു യാഥാർത്ഥ്യമുണ്ട്. അംഗീകരിച്ചാലും ഇല്ലെങ്കിലും ഇന്ത്യൻ മനസ്സിൽ ഗാന്ധിജിയുടെ സാന്നിധ്യം ഉപ്പുപോലെ അലിഞ്ഞുചേർന്നിരിക്കുന്നു. ആദ്യകാല കമ്യൂണിസ്റ്റുകാരിൽ മിക്കവരും ഗാന്ധിജിയുടെ അഹിംസാദർശനമോ രാഷ്ട്രീയ കാഴ്ചപ്പാടോ സ്വീകരിച്ചിരുന്നില്ലെങ്കിലും ലാളിത്യം, ധാർമ്മികമൂല്യങ്ങൾ തുടങ്ങിയവ സ്വാംശീകരിച്ചിരുന്നു. അച്യുതമേനോൻ പക്ഷേ സൈദ്ധാന്തികമായിത്തന്നെ ഗാന്ധിജിയിലേക്ക് അടുക്കുന്നതാണ് ഈ കത്തുകളിൽ നാം കണ്ടത്.**

അച്യുതമേനോന്റെ ഈ തുറന്നുപറച്ചിലിൽ, അതെത്രമാത്രം സ്വകാര്യമായാലും, വെളിവാകുന്ന ഒരു യാഥാർത്ഥ്യമുണ്ട്. അംഗീകരിച്ചാലും ഇല്ലെങ്കിലും ഇന്ത്യൻ മനസ്സിൽ ഗാന്ധിജിയുടെ സാന്നിധ്യം ഉപ്പുപോലെ അലിഞ്ഞുചേർന്നിരിക്കുന്നു. ആദ്യകാല കമ്യൂണിസ്റ്റുകാരിൽ മിക്കവരും ഗാന്ധിജിയുടെ അഹിംസാദർശനമോ രാഷ്ട്രീയ കാഴ്ചപ്പാടോ സ്വീകരിച്ചിരുന്നില്ലെങ്കിലും ലാളിത്യം, ധാർമ്മികമൂല്യങ്ങൾ തുടങ്ങിയവ സ്വാംശീകരിച്ചിരുന്നു. അച്യുതമേനോൻ പക്ഷേ സൈദ്ധാന്തികമായിത്തന്നെ ഗാന്ധിജിയിലേക്ക് അടുക്കുന്നതാണ് ഈ കത്തുകളിൽ നാം കണ്ടത്.

ഗാന്ധിയൻ കമ്യൂണിസ്റ്റ് എന്ന വിശേഷണം മോരും മുതിരയും പോലെയാണെന്നും അവ ഭിന്ന ദിശകളിലേക്ക് സഞ്ചരിക്കുന്നവയാണെന്നും താത്ത്വികമായി തലനാരിഴകീറി വിശകലനം ചെയ്യാവുന്നതേയുള്ളൂ. പക്ഷേ ഇന്ത്യൻ മനസ്സിനെ സംബന്ധിച്ച് അതൊരു സൂക്ഷ്മയാഥാർത്ഥ്യമാണ്.

ഗാന്ധി-മാർക്സ് ദ്വന്ദ്വം സ്വജീവിതത്തിൽ അനുഭവിച്ച തായാട്ട് ശങ്കരനെ, ഡോ.സുകുമാർ അഴീക്കോട് ഗാന്ധിയൻ കമ്യൂണിസ്റ്റ് എന്നൊരിക്കൽ വിശേഷിപ്പിച്ചിരുന്നു. പിൽക്കാലത്ത്, കയ്യൂർ സമരകാലത്തെ കമ്യൂണിസ്റ്റ് പോരാളിയും സി.പി.ഐ നേതാവും, പതിനഞ്ചാം വയസ്സിൽ കോഴിക്കോട്ടുനിന്നുള്ള ഉപ്പുകുറുക്കൽ യാത്രയിൽ പങ്കുകൊണ്ട ധീരദേശാഭിമാനിയുമായിരുന്ന കെ.മാധവൻ (19152016) ആത്മകഥയ്ക്കു പേരിട്ടത് ഒരു ഗാന്ധിയൻ കമ്യൂണിസ്റ്റിന്റെ ഓർമ്മക്കുറിപ്പുകൾ എന്നാണ്.

അച്യുതമേനോൻ ഈ കത്തുകളെഴുതിയിട്ട് മൂന്നരപ്പതിറ്റാണ്ട് പിന്നിടുന്നു. ഗാന്ധിജി ഇന്ന് കമ്യൂണിസ്റ്റ് പാർട്ടിക്ക് അസ്പൃശ്യരല്ല. വർഗ്ഗീയതയ്ക്കെതിരെയും മതേതരത്വത്തിനുവേണ്ടിയും പോരാടാൻ ഗാന്ധിജിയെയാണ് അവർ വിളിച്ചുണർത്തുന്നത്.

സോവിയറ്റ് കമ്യൂണിസത്തിന്റെ 'ഏകഛത്രാധിപതി'യായിരുന്ന സ്റ്റാലിനെ രണ്ടു കമ്യൂണിസ്റ്റ് പാർട്ടികളുടെയും മഹാസമ്മേളനങ്ങളിൽ ഒരു തപാൽസ്റ്റാമ്പിന്റെ വലിപ്പത്തിലുള്ള ചിത്രമായിപ്പോലും ഇന്നു കാണാനില്ല.




**മാങ്ങാട് രത്നാകരൻ**


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com





**മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ എസ് രാജേന്ദ്ര ബാബു പാട്ടിന്റെ കാലം ഓർക്കുന്നു**

എന്റെ സംഗീത വഴികൾ – 12

# മെല്ലിസൈ കച്ചേരി

നമ്മുടെ ഗാനമേളയാണ് തമിഴിലെ മെല്ലിസൈ കച്ചേരി. തമിഴ്നാട്ടിൽ മെല്ലിസൈ കച്ചേരിക്കുള്ള പ്രാധാന്യം വളരെ വലുതാണ്. പൊതുപരിപാടികൾ, കലോത്സവങ്ങൾ, വിവാഹാഘോഷങ്ങൾ, ആരാധനാലയങ്ങളിൽ നടക്കുന്ന ഉത്സവങ്ങൾ തുടങ്ങി ആഘോഷം എന്തുമാകട്ടെ മെല്ലിസൈ കച്ചേരിയില്ലാതെ അവയൊന്നും പൂർണമാകില്ല. തമിഴ് ഗാനമേളകൾക്ക് അതിൻറെ പ്രാധാന്യത്തോടൊപ്പം വൈവിധ്യവുമേറും. ടിഎം സൗന്ദരരാജൻ, പിബി ശ്രീനിവാസ്, എസ്.പി. ബാലസുബ്രഹ്മണ്യം, യേശുദാസ് തുടങ്ങിയ ഗായകരുടെ അതേ ശബ്ദത്തിൽലാകും മെല്ലിസൈ കച്ചേരികളിൽ അതാതു ഗാനങ്ങൾ ആലപിക്കപ്പെടുക. ഒരു ഗായകനെ പരിചയപ്പെടാനിടയായാൽ, ഏതു ശബ്ദത്തിൽ പാടുന്ന ഗായകൻ എന്നാകും ആദ്യത്തെ ചോദ്യം. അതുകൊണ്ടു തന്നെ ഗാനമേളയിൽ ഗായകരായി നിരവധി



എം ജി ആറും ലതികയും

പേരുണ്ടാകും. എംജിആർ പാടൽ, ശിവാജിപ്പാടൽ, തത്തുവപ്പാടൽ, ഭക്തിപ്പാടൽ, കാതൽപ്പാടൽ എന്നിങ്ങനെ ഗാനങ്ങൾക്ക് തരംതിരിവുകൂടിയുണ്ട്. പരിപാടിയിൽ ഒരു എംജിആർ പാട്ട് പാടിക്കഴിഞ്ഞാൽ അടുത്തത് ശിവാജിപ്പാട്ടാകും; ആകണം- അതു നിർബന്ധമാണ്. സത്യം, നീതി, ധർമ്മം എന്നിവ ഉദ്ഘോഷിക്കുന്ന ഗാനങ്ങളാണ് 'തത്തുവപ്പാടൽ '. എംജിആർ പാട്ടുകൾ പാടുന്ന മിക്കവരും അദ്ദേഹത്തിൻറെ ചലനങ്ങളും സ്റ്റൈലുമൊക്കെ പ്രകടിപ്പിച്ചാകും പാടുക. ശിവാജിപ്പാട്ടുകാരും ഒട്ടും പിന്നിലല്ല. നടനും സംഗീത സംവിധായകനും ഗായകനുമായിരുന്ന രാഘവേന്ദ്ര ശിവാജി ഗണേശനെപ്പോലെ അഭിനയിച്ചു പാടുന്നതിൽ സമർത്ഥനായിരുന്നു. ഭക്തിഗാനമേളകൾ മാത്രം അവതരിപ്പിക്കുന്ന ഗായകരാണ് മറ്റൊരു വിഭാഗം. പുത്തുക്കുടി മുരുകദാസ്, വീരമണി, ബാംഗ്ലൂർ രമണി, എൽ.ആർ. ഈശ്വരി തുടങ്ങിയവരൊക്കെ ഒരുകാലത്ത് ആ രംഗം അടക്കിവാണിരുന്ന ഗായകരായിരുന്നു.

സാമൂഹിക, രാഷ്ട്രീയ സന്ദേശങ്ങൾ നിഴലിക്കുന്ന തമിഴ് ചലച്ചിത്ര ഗാനങ്ങൾ വിശേഷിച്ചും കണ്ണദാസൻ, വാലി തുടങ്ങിയവർ എഴുതി വിശ്വനാഥൻ-രാമമൂർത്തി, കെവി



ട്രിച്ചി ലോക നാഥ്



പി ബി ശ്രീനിവാസും ലതികയും

**തമിഴ് ഗാനമേളകൾക്ക് അതിൻറെ പ്രാധാന്യത്തോടൊപ്പം വൈവിധ്യവുമേറും. ടിഎം സൗന്ദരരാജൻ, പിബി ശ്രീനിവാസ്, എസ്.പി. ബാലസുബ്രഹ്മണ്യം, യേശുദാസ് തുടങ്ങിയ ഗായകരുടെ അതേ ശബ്ദത്തിൽലാകും മെല്ലിസൈ കച്ചേരികളിൽ അതാതു ഗാനങ്ങൾ ആലപിക്കപ്പെടുക. ഒരു ഗായകനെ പരിചയപ്പെടാനിടയായാൽ, ഏതു ശബ്ദത്തിൽ പാടുന്ന ഗായകൻ എന്നാകും ആദ്യത്തെ ചോദ്യം. അതുകൊണ്ടു തന്നെ ഗാനമേളയിൽ ഗായകരായി നിരവധി പേരുണ്ടാകും. എംജിആർ പാടൽ, ശിവാജിപ്പാടൽ, തത്തുവപ്പാടൽ, ഭക്തിപ്പാടൽ, കാതൽ പ്പാടൽ എന്നിങ്ങനെ ഗാനങ്ങൾക്ക് തരംതിരിവുകൂടിയുണ്ട്.**

മഹാദേവൻ തുടങ്ങിയവർ ചിട്ടപ്പെടുത്തിയ ടിഎം സൗന്ദരരാജൻറെ ഗാനങ്ങൾ തമിഴ്നാട് രാഷ്ട്രീയത്തെ കുറച്ചൊന്നുമല്ല സ്വാധീനിക്കുന്നത്. തെരഞ്ഞെടുപ്പ് അടുക്കുന്നതോടെ ഈ ഗാനങ്ങൾ എപ്പോഴും എവിടെയും കേൾക്കാം. 'നാൻ ആണൈയിട്ടാൽ അതു നടന്തുവിട്ടാൽ ', 'തിരുടാതേ പാപ്പാ തിരുടാതേ', 'അതോ അന്ത പറവൈപോല വാഴവേണ്ടും' എന്നു തുടങ്ങി ജനങ്ങൾക്കു പ്രതീക്ഷയും പ്രത്യാശയും പകർന്നു നൽകുന്ന പാട്ടുകളെല്ലാം തെരഞ്ഞെടുപ്പുകാലത്ത് തലങ്ങും വിലങ്ങും കേൾക്കാം. ഈ പാട്ടുകൾ ഉണർത്തുന്ന ആവേശത്തിരയിളക്കത്തിലാവും നേതാക്കൾ പാവങ്ങളുടെ വോട്ട് തട്ടുന്നത്. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പ് നേരിടാൻ പഴയ ഗാനങ്ങൾക്കൊപ്പം സൗജന്യങ്ങളുടെ വാഗ്ദാനപ്പെരുമഴ വർഷിച്ചു കൊണ്ട് കക്ഷികൾ രംഗത്തിറങ്ങിയിട്ടുണ്ട്. സൗജന്യങ്ങളും വാഗ്ദാനങ്ങളും എത്ര കോരിച്ചൊരിഞ്ഞാലും പ്രത്യാശ നിറയുന്ന പഴയ ഗാനങ്ങൾ ഇവയ്ക്കു മീതേ ചിറക് വിടർത്തി പറക്കുമെന്നുറപ്പ്. തെരഞ്ഞെടുപ്പ് കഴിയുന്നതോടെ ഗാനകോലാഹലങ്ങൾ അസ്തമിക്കും. വീണ്ടും എല്ലാം പഴയപടി!

പ്രശസ്തരായ മിക്ക ഗായകരും സംഗീത സംവിധായകരും മെല്ലിസൈ കച്ചേരികൾ അവതരിപ്പിക്കാൻ സ്വന്തം ഓർക്കസ്ട്ര സജ്ജമാക്കിയിട്ടുണ്ട്.

സ്വദേശങ്ങളിലും വിദേശങ്ങളിലുമായി അവരൊക്കെ എപ്പോഴും സംഗീതപരിപാടികളുടെ തിരക്കി

**സാമൂഹിക, രാഷ്ട്രീയ സന്ദേശങ്ങൾ നിഴലിക്കുന്ന തമിഴ് ചലച്ചിത്ര ഗാനങ്ങൾ വിശേഷിച്ചും കണ്ണദാസൻ, വാലി തുടങ്ങിയവർ എഴുതി വിശ്വനാഥൻ – രാമമൂർത്തി, കെവി മഹാദേവൻ തുടങ്ങിയവർ ചിട്ടപ്പെടുത്തിയ ടിഎം സൗന്ദരരാജൻറെ ഗാനങ്ങൾ തമിഴ്നാട് രാഷ്ട്രീയത്തെ കുറച്ചൊന്നുമല്ല സ്വാധീനിക്കുന്നത്. തെരഞ്ഞെടുപ്പ് അടുക്കുന്നതോടെ ഈ ഗാനങ്ങൾ എപ്പോഴും എവിടെയും കേൾക്കാം. 'നാൻ ആണൈയിട്ടാൽ അതു നടന്തുവിട്ടാൽ', 'തിരുടാതേ പാപ്പാ തിരുടാതേ', 'അതോ അന്ത പറവൈ പോല വാഴവേണ്ടും' എന്നു തുടങ്ങി ജനങ്ങൾക്കു പ്രതീക്ഷയും പ്രത്യാശയും പകർന്നു നൽകുന്ന പാട്ടുകളെല്ലാം തെരഞ്ഞെടുപ്പുകാലത്ത് തലങ്ങും വിലങ്ങും കേൾക്കാം. ഈ പാട്ടുകൾ ഉണർത്തുന്ന ആവേശത്തിരയിളക്കത്തിലാവും നേതാക്കൾ പാവങ്ങളുടെ വോട്ട് തട്ടുന്നത്.**

ലായിരിക്കും. തൻറെ പിന്നണിഗാന രംഗപ്രവേശത്തിൻറെ അമ്പതാം വാർഷികാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട എസ്.പി.ബിയുടെ ആഗോള സംഗീത പര്യടനത്തിൽ അദ്ദേഹം വേദിയിൽ അവതരിപ്പിച്ചുവന്ന ഗാനങ്ങളുടെ അവകാശത്തിൻറെ പേരിൽ ഇളയരാജ ഉയർത്തിയ വിവാദം കോളിളക്കങ്ങൾ സൃഷ്ടിച്ചിരുന്നു. ഇളയരാജ ചിട്ടപ്പെടുത്തിയ ഗാനങ്ങൾ അനുവാദം വാങ്ങാതെ വേദിയിൽ അവതരിപ്പിക്കുന്നതിനെതിരെ ആയിരുന്നു അദ്ദേഹത്തിൻറെ പരാതി.

റോയൽറ്റി നൽകിവേണം അനുവാദം വാങ്ങാൻ. അതോടെ ഇളയരാജ ചിട്ടപ്പെടുത്തിയ ഗാനങ്ങൾ മുഴുവൻ ഒഴിവാക്കി മറ്റ് സംഗീതസംവിധായകരുടെ പാട്ടുകൾ അവതരിപ്പിച്ചാണ് എസ്.പി.ബി പ്രതിസന്ധി തരണം ചെയ്തത്. ഒരു ഗാനത്തിൻറെ അവകാശികൾ ആരൊക്കെയാണെന്ന ചർച്ച പൊതുവേദിയിൽ സജീവമായത് അങ്ങനെയാണ്.

ഗായകർക്കൊപ്പം ഗാനരചയിതാവും നിർമ്മാതാവും വാദ്യകലാകാരന്മാരും സൗണ്ട് എഞ്ചനീയറും ഒക്കെ ഗാന സൃഷ്ടിയിൽ പങ്കാളികളാണെന്നിരിക്കെ സംഗീതസംവിധായകൻ മാത്രം എങ്ങനെ ഗാനത്തിൻറെ ഉടമയാകും എന്ന ചോദ്യത്തിന് ഇനിയും ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങളുടെ പേരിൽ വലിയ കലാകാരന്മാർ ഇങ്ങനെ സ്വയം ചെറുതാകുമ്പോൾ മുറിവേൽക്കുന്നത് ആസ്വാദക മനസ്സുകൾക്കാണ്.

മെല്ലിസൈ കച്ചേരികളിൽ ഗായികമാരുടെ ശബ്ദത്തിന് വേർതിരിവൊന്നും ബാധകമല്ല. സുശീല, ജാനകി, വാണിജയറാം തുടങ്ങിയവരുടെ ഏതുപാട്ടും ഏതു ഗായികയ്ക്കും പാടാം. എൺപതുകളിൽ തമിഴ്നാട്ടിലെ സംഗീതവേദികളിൽ ഏറ്റവും തിരക്കുള്ള ഗായികയായിരുന്നു അന്ന് അഡയാർ സംഗീത കോളെജ് വിദ്യാർത്ഥിയായിരുന്ന ലതിക. ടിഎം സൗന്ദരരാജൻ, പിബി ശ്രീനിവാസ്, മലേഷ്യാ വാസുദേവൻ, യേശുദാസ്, പി ജയചന്ദ്രൻ, ബ്രഹ്മാനന്ദൻ, മനോ, എൽആർ ഈശ്വരി, എംഎസ് വിശ്വനാഥൻ, ശങ്കർ ഗണേഷ് തുടങ്ങിയവരുടെയൊക്കെ ഗാനമേളകൾക്ക് ലതിക പങ്കെടുത്തിരുന്നു. തമിഴ് സിനിമയിലെ ആദ്യ പിന്നണിഗായകനായ ട്രിച്ചി ലോകനാഥനോടൊപ്പം



**മലേഷ്യ വാസുദേവനും ലതികയും**

പാടാനും ലതികയ്ക്ക് അവസരം ലഭിച്ചിട്ടുണ്ട്. ബോംബെ അധോലോക നായകൻ വരദരാജ മുതലിയാരുടെ മകളുടെ വിവാഹാഘോഷങ്ങൾ തുടർച്ചയായ പത്തു ദിവസങ്ങളിലായാണ് മദിരാശിപ്പട്ടണത്തിലെ വിവിധ കല്യാണ മണ്ഡപങ്ങളിൽ അരങ്ങേറിയത്. (വരദരാജ മുതലിയാരുടെ ജീവിതം ആസ്പദമാക്കിയുള്ളതാണ് കമലഹാസൻറെ 'നായകൻ' എന്ന ചിത്രം). എല്ലാ ദിവസവും അവതരിപ്പിച്ച മിക്ക ഗാനമേളകളിലും ലതിക പങ്കെടുത്തു. ഇതിൽ ഒടുവിലത്തെ ദിവസം അരങ്ങേറിയ യേശുദാസിൻറെ തമിഴ് ഗാനമേള മറക്കാനാവാത്ത അനുഭവമാണ്. മൈലാപ്പൂരിലെ എവിഎം രാജേശ്വരി കല്യാണ മണ്ഡപത്തിൽ ഒരുക്കിയ സ്വീകരണ ച്ചടങ്ങിൽ മുഖ്യമന്ത്രി എംജി രാമചന്ദ്രൻ, ശിവാജി ഗണേശൻ, എംഎൻ നമ്പ്യാർ, സരോജാദേവി, ജയലളിത, രജനീകാന്ത്, കമലഹാസൻ എന്നിങ്ങനെ പ്രമുഖ ചലച്ചിത്ര താരങ്ങൾ ഉൾപ്പെടെ പ്രശസ്ത സംവിധായകരും ഗാനരചയിതാക്കളും സംഗീത സംവിധായകരും ഒന്നടങ്കം പങ്കെടുത്തു. തലേദിവസം അഡയാർ ഗവണ്മെൻറ് സംഗീത കോളെജിലെ ബിരുദദാനച്ചടങ്ങിൽ താൻ സ്വർണ മെഡലും സർട്ടിഫിക്കറ്റും നൽകിയ ഒന്നാം റാങ്കുകാരി ലതികയെ യേശുദാസിൻറെ വേദിയിൽ കണ്ടപ്പോൾ തിരിച്ചറിഞ്ഞ് മുൻനിരയിലിരുന്ന എം.ജി.ആർ ഒരു ചിരികൊണ്ട് പരിചയം പുതുക്കി.

മറ്റു പ്രമുഖ സംഘങ്ങളും അക്കാലത്ത് തമിഴ്നാട്ടിലെ സംഗീത വേദികളിൽ സജീവമായിരുന്നു. എവി രമണൻ (രമണൻറെ ഭാര്യ ഉമാ രമണൻ പ്രശസ്ത പിന്നണി ഗായികയാണ്), ജോഷ്വാ രാജൻ (ടിഎം സൗന്ദരരാജൻ, പിബി ശ്രീനിവാസ്, പി സുശീല തുടങ്ങിയവരുടെ പരിപാടികൾക്ക് ഓർക്കസ്ട്ര ഒരുക്കിയിരുന്ന കലാകാരൻ), പാവലർ ബ്രദേഴ്സ് (വരദരാജൻ, ഇളയരാജ, ഗംഗൈ അമരൻ സഹോദരന്മാർ), തായമ്പൻ



യേശുദാസും ലതികയും ജയചന്ദ്രനും

(രാഘവൻ മാസ്റ്ററുടെ അസിസ്റ്റൻറ് ആയിരുന്നു), മദൻ ദാമു, സന്തോഷ് മ്യൂസിയാനോ (എആർ റഹ്മാനായിരുന്നു - അന്നത്തെ ദിലീപ് - ഇവിടെ കീബോഡ് വായിച്ചിരുന്നത്.) ദേവാ ആൻറ് പാർട്ടി (ഇവരിൽ ദേവയും സഹോദരങ്ങളായ സബേഷ്-മുരളിയും ദേവയുടെ മകൻ ശ്രീകാന്ത് ദേവയും പ്രശസ്ത സംഗീത സംവിധായകരാണ്). ഇവയിൽ ജോഷ്വാ രാജൻ, തായമ്പൻ,

മദൻ-ദാമു, സന്തോഷ് മ്യൂസിയാനോ, ശിവമണിയുടെ സംഘം തുടങ്ങിയവയിലെ ഗായിക ലതിക ആയിരുന്നു. പൂനമല്ലി ഹൈറോഡിലെ ഒരു വേദിയിൽ ശിവമണിയുടെ സംഗീത പരിപാടി നടക്കുമ്പോൾ പെട്ടെന്നുണ്ടായ കാറ്റിലും മഴയിലും കൂറ്റൻ പന്തൽ തകർന്നു വീണത് ഞെട്ടലോടെയേ ഓർക്കാനാകൂ. മേൽക്കൂരയും ചുറ്റിത്തിരിയുന്ന ഫാനുകളും സാവധാനം നിലംപതിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് വിദ്യുച്ഛക്തിയും നിലച്ചു. ശിവമണി ഉടൻതന്നെ തൻറെ കാറിൻറെ ഹെഡ് ലൈറ്റുകൾ തെളിയിച്ച് തകർന്ന പന്തലിലേക്ക് വെളിച്ചം വീശി. ഓരോരുത്തരും നിലത്തിഴഞ്ഞാണ് നിലംപൊത്തിയ പന്തലിനടിയിൽ നിന്ന് പുറത്തേക്കു കടന്നത്.

1982-ൽ മലേഷ്യാ വാസുദേവനോടൊപ്പം ശ്രീലങ്കൻ പര്യടനത്തിനു പോയത് മറക്കാനാവാത്ത അനുഭവമാണ്. എൽടിടിഇ അവിടെ പ്രബലമായിക്കൊണ്ടിരിക്കുന്ന കാലം. ധനികനായ ഒരു സുഹൃത്ത് തൻറെ വീട്ടിൽ മലേഷ്യാ വാസുദേവനും സംഘത്തിനും ഒരു വിരുന്നൊരുക്കി. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ പുറത്ത് ഒരു അനൗൺസ്മെൻറ് കേട്ടു. 'മലേഷ്യാ വാസുദേവൻറെ സംഗീതപരിപാടി ഉടൻ ആരംഭിക്കുന്നതാണ്.' അധികം അകലെയല്ലാത്ത ഒരു ഗ്രൗണ്ടിൽ ജനങ്ങൾ തിങ്ങിക്കൂടി ഇരിക്കുന്നുണ്ടായിരുന്നു. പക്ഷേ

**ഗായകർക്കൊപ്പം ഗാനരചയിതാവും നിർമ്മാതാവും വാദ്യകലാകാരന്മാരും സൗണ്ട് എഞ്ചിനീയറും ഒക്കെ ഗാനസൃഷ്ടിയിൽ പങ്കാളികളാണെന്നിരിക്കെ സംഗീതസംവിധായകൻ മാത്രം എങ്ങനെ ഗാനത്തിൻറെ ഉടമയാകും എന്ന ചോദ്യത്തിന് ഇനിയും ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങളുടെ പേരിൽ വലിയ കലാകാരന്മാർ ഇങ്ങനെ സ്വയം ചെറുതാകുമ്പോൾ മുറിവേൽക്കുന്നത് ആസ്വാദക മനസ്സുകൾക്കാണ്.**

നടക്കാനിരിക്കുന്ന പരിപാടിയെക്കുറിച്ച് ഒരു സൂചനപോലും ആതിഥേയൻ നൽകിയിരുന്നില്ല.

മുൻകൂട്ടി അറിയിക്കാതിരുന്നതിൻറെ അനൗചിത്യത്തെക്കുറിച്ച് വാസുദേവൻ സംസാരിച്ചപ്പോൾ ആതിഥേയൻ ഒരു മന്ദഹാസത്തോടെ അദ്ദേഹത്തെ അടുത്ത മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി. പെട്ടെന്ന് വാസുദേവൻ പുറത്തു വന്ന് എല്ലാവരോടും പരിപാടിക്കു തയാറാകാൻ ധൃതിയിൽ ആവശ്യപ്പെട്ടു. പ്രതിഫലം കിട്ടിക്കാണുമെന്നാണ് ഞങ്ങൾ ധരിച്ചത്. പക്ഷേ വാസുദേവനു നേരെ തോക്കു ചൂണ്ടിയാണ് ആതിഥേയൻ സമ്മതം വാങ്ങിയതെന്ന സത്യം കേട്ട് ഞങ്ങൾ ഞെട്ടിപ്പോയി!

വാഹിനി സ്റ്റുഡിയോയിലെ ഫ്ളോർ മാനേജരായ നീലകണ്ഠൻറെ മക്കളെല്ലാം ഗായകരാണ്. മകൻ എസ് എൻ സുരേന്ദർ പിന്നണി ഗായകനും ഡബ്ബിംഗ് ആർട്ടിസ്റ്റുമാണ്. ' പാവങ്ങളുടെ കമലഹാസൻ ' എന്നറിയപ്പെട്ടിരുന്ന മോഹൻ എന്ന നടനു സ്ഥിരമായി ശബ്ദം നൽകിയിരുന്നത് സുരേന്ദറാണ്. ഹോളിവുഡ് ഹോട്ടലിൽ പതിവായി ചായ കുടിക്കാൻ വരുന്ന നീലകണ്ഠൻ ഒരിക്കൽ ലതികയെ കൂടി അവരുടെ ഗാനമേളകൾക്ക് പങ്കെടുപ്പിക്കുന്ന കാര്യം എന്നോട് ആലോചിച്ചു. ഞാൻ സമ്മതം മൂളി. ടെലിഫോൺ സൗകര്യമില്ലാത്തതുകൊണ്ട് പരിപാടികളുടെ തീയതികൾ വീട്ടിൽ വന്ന് അറിയിച്ചിരുന്നത് നീലകണ്ഠൻറെ മരുമകനാണ്. നീലകണ്ഠൻറെ കുടുംബത്തോടൊപ്പമുള്ള ആദ്യത്തെ പരിപാടി മറക്കാനാവാത്ത അനുഭവമായിരുന്നു.

കുറ്റാലത്തെ പരിപാടിക്ക് തലേദിവസം തന്നെ ഞങ്ങളെല്ലാം എഗ്മോറിൽ നിന്ന് തെങ്കാശിയിലേക്കുള്ള റോക്ക്ഫോർട്ട് എക്സ്പ്രസിൽ യാത്രയായി.

നീലകണ്ഠൻ, അദ്ദേഹത്തിൻറെ ഭാര്യ, രണ്ടാൺമക്കൾ, രണ്ടു പെൺമക്കൾ, മരുമകൻ എന്നിവരും ഓർക്കസ്ട്രയും സൗണ്ട് സിസ്റ്റവും

**വർഷങ്ങൾ കൊഴിഞ്ഞു. ലതിക പാലക്കാട് ചെമ്പൈ സംഗീത കോളെജിൽ അധ്യാപികയായി മദിരാശി വിട്ടു. ഞാൻ ഇന്ത്യാ ടുഡേയിൽ പത്രപ്രവർത്തകനായി. നീലകണ്ഠൻറെ മരുമകൻ തമിഴിലെ പ്രശസ്ത സംവിധായകൻ എസ്എ ചന്ദ്രശേഖറായി. വികൃതിപ്പയ്യനോ, ദക്ഷിണേന്ത്യൻ ചലച്ചിത്രാസ്വാദകരുടെയെല്ലാം പ്രിയപ്പെട്ട സൂപ്പർ സ്റ്റാർ വിജയ് ആയി.**

അടങ്ങുന്ന വലിയ സംഘത്തിനൊപ്പമാണ് ഞങ്ങളുടെ യാത്ര. നീലകണ്ഠൻറെ വിവാഹിതയായ മകൾ ശോഭയുടെ നാലു വയസ്സുള്ള ആൺകുട്ടി അകാരണമായി കരഞ്ഞുകൊ



ബ്രഹ്മാനന്ദൻ



മലേഷ്യ വാസുദേവൻ

ണ്ടിരുന്നു. എത്ര ആശ്വസിപ്പിച്ചിട്ടും അവൻ അടങ്ങിയില്ല. അടുത്ത ദിവസം രാവിലെ തെങ്കാശിയിലെത്തി.

സമീപത്തുള്ള കുറ്റാലം അരുവിയിലെ കുളിർകോരുന്ന വെള്ളച്ചാട്ടത്തിൽ എല്ലാവരും മതിയാവോളം കുളിച്ചു.

രാത്രിയിലെ സംഗീതപരിപാടി ഗംഭീരമായി അവസാനിച്ചു. അടുത്ത ദിവസം രാവിലെയാണ് മടക്കയാത്ര. തലേദിവസത്തെ പരിപാടിയുടെ നേട്ടങ്ങളും കോട്ടങ്ങളുമായിരുന്നു യാത്രയ്ക്കിടയിലെ പ്രധാന ചർച്ചാവിഷയം. പക്ഷേ നാലു വയസ്സുകാരൻറെ അനുസരണക്കേടും വികൃതിയും ചർച്ചയ്ക്കു തടസ്സമായി. അടക്കിയിരുത്താൻ നടത്തിയ ശ്രമം അവൻറെ നിർബന്ധപൂർവമുള്ള കരച്ചിലിന് ആക്കം കൂട്ടിയതേയുള്ളു. ഓരോരുത്തരും മാറിമാറിയെടുത്തും ആശ്വസിപ്പിച്ചും അവനെ സമാധാനപ്പെടുത്താൻ നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല.

പ്രതിഷേധത്തിൻറെ ഭാഗമായി അവൻ നിക്കറും ബനിയനുമെല്ലാം ഊരിയെറിഞ്ഞു. അരയിൽ ഒരു വെള്ളിയരഞ്ഞാണം മാത്രം. രാവിലെ തുടങ്ങിയ കരച്ചിൽ ഉച്ചവരെ നീണ്ടുനിന്നു. പിന്നെ അവൻ തളർന്നുറങ്ങി. വൈകുന്നേരത്തോടെ ഞങ്ങൾ എഗ്മോറിൽ എത്തി.

തുടർന്നുള്ള പരിപാടികളെല്ലാം നീലകണ്ഠൻറെ മരുമകൻ യഥാസമയം വീട്ടിൽ വന്ന് അറിയിച്ചുകൊണ്ടിരുന്നു. പയ്യൻറെ അനുസരണക്കേടും വികൃതിയും തുടർന്നുള്ള കരച്ചിലുമൊക്കെ അരോചകമായിരുന്നെങ്കിലും പിന്നീട് അതു ശീലമായി. രണ്ടു വർഷത്തോളം നീലകണ്ഠൻറെ കുടുംബ പരിപാടികളിൽ ഞങ്ങൾ പങ്കെടുത്തു. വർഷങ്ങൾ കൊഴിഞ്ഞു. ലതിക പാലക്കാട് ചെമ്പൈ സംഗീത കോളെജിൽ അധ്യാപികയായി മദിരാശി വിട്ടു. ഞാൻ ഇന്ത്യാ ടുഡേയിൽ പത്രപ്രവർത്തകനായി. നീലകണ്ഠൻറെ മരുമകൻ തമിഴിലെ പ്രശസ്ത സംവിധായകൻ എസ്എ ചന്ദ്രശേഖറായി. വികൃതിപ്പയ്യനോ, ദക്ഷിണേന്ത്യൻ ചലച്ചിത്രാസ്വാദകരുടെയെല്ലാം പ്രിയപ്പെട്ട സൂപ്പർ സ്റ്റാർ വിജയ് ആയി.

Blue Ocean
Wealth Solutions

A member of the MassMutual Financial Group

# PHILIPOSE SAMUEL

## 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance
Group Whole Life Insurance
Short-term and Long-term Disability Insurance
Health Insurance*


MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998


**PHILIPOSE SAMUEL (SAM)**
30 Years of Service
Financial Services Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com



Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.





കവിത

നസ്രേത്തിൽ
ജോസ് വർഗ്ഗീസ്

# മഞ്ഞു പൊഴിയുന്ന പ്രഭാതവും തുറക്കാതെകിടക്കുന്ന സ്റ്റേഷനും

ഞാൻ ബെതേഴ്സ്
റെയിൽസ്റ്റേഷനിലെത്തി;
ചൈത്രമാസത്തിലെ കുളിർക്കാറ്റ്
തടിബെഞ്ചിലൊന്നിലേക്കു
എന്നെപിടിച്ചിരുത്തി;
ഹുഡിനിറയെ
സ്വർഗ്ഗംപൊഴിച്ച
വെണ്മുകിൽപൂവുകളെന്റെ
ചൂടേറ്റുമയങ്ങുന്നു,

ഞാനൊന്നുകുടഞ്ഞു
അടർന്നുവീഴാൻകൂട്ടാക്കാതെ
അവരെന്നിലേക്കലിഞ്ഞു
ഞാനറിയാതെ!

ഞാനൊറ്റയ്ക്കല്ല
എതിർബഞ്ചിലേക്കു
മറ്റൊരാൾ,
അവൾ സ്വർണ്ണനിറമുള്ള
ജാക്കറ്റൂരിക്കുടഞ്ഞു
എന്റെ തൊണ്ടക്കുഴിയിലൊരുമിന്നൽ
അവളുടെ
വെള്ള ടീഷർട്ടിനുള്ളിൽനിന്നും
രണ്ടുകണ്ണുകൾ എന്നെത്തന്നെ
കൂർപ്പിച്ചുനോക്കുന്നു!
ജാക്കറ്റുകുടയുന്ന താളത്തിൽ
കുലുങ്ങിച്ചിരിക്കുന്നു

എനിക്കു ടിക്കറ്റില്ല,
അവൾക്കു ടിക്കറ്റുണ്ടു!

ഉന്മാദനിശ്വാസങ്ങൾ
അവളൊരുകൂടയിൽ നിറച്ചു
അതിൽ ചിത്രശലഭങ്ങൾ ചിറകടിച്ചു
അതിൻകടുംവർണ്ണങ്ങളെന്റെ
ചുണ്ടിൽപതിഞ്ഞു
അതുനക്ഷത്രങ്ങളായ് വിടർന്നു
അവളുടെ കണ്ണുകൾപോലെ;
ആ മിഴികളിൽ ഞാനെന്റെ
മുഖം കണ്ടു,
കത്തുന്ന നെയ്ത്തിരിപോലെ,
ഏതുമെയ്മാസക്കാറ്റടിച്ചാണു
ആ നയനങ്ങളിൽ
ഞാനണഞ്ഞതെന്നറിയില്ല

എങ്കിലും
കർക്കിടകരാവിലും
അവളെന്നോടൊപ്പം
ഒരു ധ്രുവനക്ഷത്രമ്പോലെ
ഉദിക്കുന്നു
അപ്പോൾ ഞാനറിയും
ഞാനൊരു പൂർണ്ണാംശുവാണെന്നു
അവളംശിനിയും!



● ശ്രീമദ് ഭഗവത് ഗീത – അദ്ധ്യായം 4

**ധർമ്മം ക്ഷയിക്കുമ്പോൾ ധർമ്മത്തെ പുനഃ'സ്ഥാപിക്കാനും സന്മാർഗ്ഗികളെ രക്ഷിക്കാനും യുഗങ്ങൾതോറും ഭഗവൻ ജന്മമെടുക്കുന്നു. ഭഗവാന്റെ ദിവ്യമായ ജന്മത്തേയും കർമ്മത്തെയും അറിയുന്നവർ പുനർജനിക്കുന്നില്ല' അവർ ഭഗവാനെ പ്രാപിക്കുന്നുവെന്നു ഭഗവൻ പറഞ്ഞു. ഏതെല്ലാം വഴിയിലൂടെ മനുഷ്യർ എന്നെ സമീപിച്ചാലും ഞാനവരെ അനുഗ്രഹിക്കുന്നു. ഏറ്റവും പാപിയായ മനുഷ്യനുപോലും ജ്ഞാനമാകുന്ന വഞ്ചിയിൽ കയറി പാപസമുദ്രം മറികടക്കാൻ സാധിക്കും. ജ്ഞാനം ലഭിക്കുമ്പോൾ പരമമായ ശാന്തി കൈവരുന്നു. അങ്ങനെ ജ്ഞാനമാകുന്ന വാൾ കൊണ്ട് അജ്ഞാനത്തിൽ നിന്നും നിന്റെ ഹൃദയത്തിലുണ്ടായ സംശയത്തെ ഛേദിച്ച് കളഞ്ഞു കർത്തവ്യനിർവഹണത്തിനായി എഴുന്നേൽക്കുക എന്ന് ഭഗവാൻ**

# ജ്ഞാനകർമ്മസന്ന്യാസയോഗം

◉ **സുധീർ പണിക്കവീട്ടിൽ**

ഭക്തനും സുഹൃത്തുമായ അർജുനന് കർമ്മയോഗത്തെപ്പറ്റി കൂടുതലായി ഭഗവൻ ഉദ്ബോധിപ്പിക്കുന്നതാണ് ഈ അധ്യായത്തിൽ . ഈ യോഗത്തെപ്പറ്റി വിവസ്വത്തിനെ (സൂര്യൻ) താൻ ഉപദേശിക്കുകയും അദ്ദേഹത്തിലൂടെ തലമുറകൾ ഇത് കൈമാറിയെങ്കിലും കാലാന്തരത്തിലത് നഷ്ടപ്പെട്ടുപോയ വിവരം ഭഗവൻ അർജുനനെ അറിയിക്കുന്നു. ധർമ്മം ക്ഷയിക്കുമ്പോൾ ധർമ്മത്തെ പുനഃ'സ്ഥാപിക്കാനും സന്മാർഗ്ഗികളെ രക്ഷിക്കാനും യുഗങ്ങൾതോറും ഭഗവൻ ജന്മമെടുക്കുന്നു. ഭഗവാന്റെ ദിവ്യമായ ജന്മത്തേയും കർമ്മത്തെയും അറിയുന്നവർ പുനർജനിക്കുന്നില്ല' അവർ ഭഗവാനെ പ്രാപിക്കുന്നുവെന്നു ഭഗവൻ പറഞ്ഞു. ഏതെല്ലാം വഴിയിലൂടെ മനുഷ്യർ എന്നെ സമീപിച്ചാലും ഞാനവരെ അനുഗ്രഹിക്കുന്നു. കർമ്മങ്ങളുടെയും ഗുണങ്ങളുടെയും (സത്വം, രജസ്സ്, തമസ്സ്) വിഭാഗമനുസരിച്ച് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാല് വർണ്ണങ്ങൾ ഞാൻ സൃഷ്ടിച്ചെങ്കിലും എന്നെ അതിന്റെ അകർത്താവായി കാണുക.പിന്നീട് കർമ്മത്തെയും അകർമ്മത്തെത്തേയും നിഷിദ്ധകർമ്മകർമ്മത്തേയും പറ്റി ഭഗവാൻ വിശദമായി അർജുനനെ ഉപദേശിക്കുന്നു.കർമ്മയജ്ഞങ്ങൾ ലക്ഷ്യങ്ങളല്ല മാർഗ്ഗം മാത്രമാണെന്നും ജ്ഞാനയജ്ഞമാണ് ശ്രേഷ്ഠമെന്നും ഉദാഹരണത്തിലൂടെ ഭഗവൻ വിവരിക്കുന്നു. ദിവ്യമായ ആ ജ്ഞാനലബ്ധി ഒരു ഗുരുവിൽ നിന്നു നേടണമെന്നും അങ്ങനെ ജ്ഞാനാസിദ്ധി നേടിയാൽ സർവ്വചരാചരങ്ങളിലും തന്നെയും, തന്നെ സർവ്വചരാചരങ്ങളിലും ദർശിക്കാൻ കഴിയുമെന്നും അറിയിക്കുന്നു. ഏറ്റവും പാപിയായ മനുഷ്യനുപോലും ജ്ഞാനമാകുന്ന വഞ്ചിയിൽ കയറി പാപസമുദ്രം മറികടക്കാൻ സാധിക്കും. ജ്ഞാനം ലഭിക്കുമ്പോൾ പരമമായ ശാന്തി കൈവരുന്നു. അങ്ങനെ ജ്ഞാനമാകുന്ന വാൾ കൊണ്ട് അജ്ഞാനത്തിൽ നിന്നും നിന്റെ ഹൃദയത്തിലുണ്ടായ സംശയത്തെ ഛേദിച്ച് കളഞ്ഞു കർത്തവ്യനിർവഹണത്തിനായി എഴുന്നേൽക്കുക എന്ന് ഭഗവാൻ അര്

ജുനനോട് അരുളി ചെയ്തു. ഇനി വിശദമായി..

അനശ്വരമായ ഈ പാഠങ്ങൾ ഞാൻ മുമ്പേ വിവസ്വത്തിനു പറഞ്ഞു കൊടുത്തിരുന്നു വിവസ്വത് അത് മനുവിന് പറഞ്ഞുകൊടുത്തു. മനു ഇക്ഷാകുവിനും. അങ്ങനെ തലമുറകളിലൂടെ പകർന്നുകൊടുത്ത ജ്ഞാനം രാജർഷികൾ അറിഞ്ഞു. എന്നാൽ ഓ പരാന്തപ, കാലാന്തരത്തിൽ ഈ അറിവ് മനുഷ്യരിൽ നിന്നും കൈവിട്ടുപോയി. ആ അറിവ് ഞാൻ നിനക്കിന്നു പകർന്നു തരുന്നു. കാരണം നീ എന്റെ ഭക്തനാണ്. സുഹൃത്താണ്, കൂടാതെ ഈ അറിവ് രഹസ്യവും ഉത്തമവുമാകുന്നു.

അർജുനൻ പറഞ്ഞു. വിവസ്വത്തിനുശേഷം ജനിച്ച അംഗ എങ്ങനെയാണ് അദ്ദേഹത്തിന് പറഞ്ഞു കൊടുത്തത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല.

പ്രഭു പറഞ്ഞു നമ്മൾ അനേക ജന്മങ്ങൾ പിന്നിട്ടവരാണ്. എന്നാൽ നിനക്കതെക്കുറിച്ചറിയില്ല. എനിക്ക് എല്ലാമറിയാം. ഞാൻ ജീവികളുടെ ദൈവവും, ജനിക്കാത്തവനും, മരിക്കാത്തവനുമാണെങ്കിലും എന്റെ മായാശക്തികൊണ്ട് എന്റെ സ്വന്തം ഇച്ഛക്കനുസരിച്ച് അവതരിക്കുന്നു.

യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർ ഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം
പവിത്രാണായ സാധുനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ

എപ്പോഴെല്ലാം ധർമ്മം ക്ഷയിക്കുകയും അധർമ്മം വളരുകയും ചെയ്യുന്നുവോ, അപ്പോൾ ഞാൻ അവതരിക്കുന്നു. സന്മാർഗ്ഗികളെ രക്ഷിക്കാനും അധർമ്മികളെ നശിപ്പിക്കാനും ധർമ്മത്തെ നിലനിർത്താനുമായി ഞാൻ യുഗം തോറും ജന്മമെടുക്കുന്നു. എന്റെ ദിവ്യമായ ജന്മവും, കർമ്മങ്ങളും, (സൃഷ്ടി,സ്ഥിതി, സംഹാരം) സത്യമായി അറിയുന്നവർ മരിച്ചാൽ വീണ്ടും ജനിക്കുന്നില്ല അവർ എന്നെ പ്രാപിക്കുന്നു. കാമം, ക്രോധം മോഹം തുടങ്ങിയ പൈശാചിക പ്രേരണകളെ ചെറുത്തുനിന്നും, മനസ്സിൽ മുഴുവനായി എന്നെ പ്രതിഷ്ഠിച്ച് ജ്ഞാനതപോബലത്താൽ അനേകം പേര് ആത്മസാക്ഷാത്കാരം നേടിയിട്ടുണ്ട്. അവർ എപ്രകാരം എന്നെ ഭജിക്കുന്നുവോ, അപ്രകാരം ഞാനവരെ അനുഗ്രഹിക്കുന്നു. (ഏതെല്ലാം വഴിയിലൂടെ മനുഷ്യർ എന്നെ സമീപിച്ചാലും ഞാനവരെ അനുഗ്രഹിക്കുന്നു. )(എല്ലാ വിധത്തി

**അനശ്വരമായ ഈ പാഠങ്ങൾ ഞാൻ മുമ്പേ വിവസ്വത്തിനു പറഞ്ഞു കൊടുത്തിരുന്നു വിവസ്വത് അത് മനുവിന് പറഞ്ഞുകൊടുത്തു. മനു ഇക്ഷാകുവിനും. അങ്ങനെ തലമുറകളിലുടെ പകർന്നുകൊടുത്ത ജ്ഞാനം രാജർഷികൾ അറിഞ്ഞു. എന്നാൽ ഓ പരാന്തപ, കാലാന്തരത്തിൽ ഈ അറിവ് മനുഷ്യരിൽ നിന്നും കൈവിട്ടുപോയി. ആ അറിവ് ഞാൻ നിനക്കിന്നു പകർന്നു തരുന്നു**

ലും മനുഷ്യർ എന്റെ വഴിയിലൂടെ തന്നെ നടക്കുന്നു. എളുപ്പം ഫലം കിട്ടുന്ന പ്രവർത്തിയിൽ മനുഷ്യർ ഏർപ്പെടുന്നു. അവർ അതിനായി ദേവകളെ ഉപാസിക്കുന്നു. എന്തെന്നാൽ മനുഷ്യലോകത്തിൽ കർമ്മങ്ങൾക്കുള്ള ഫലസിദ്ധി വേഗമുണ്ടാകുന്നു.

ചാതുർവർണ്യം മയാ സൃഷ്ടം
ഗുണകർമ്മവിഭാഗശ:
തസ്യകർത്താരമപി മാം:
വിദ്ധ്യകർത്താരമവ്യയം

ചാതുർ വർണ്യങ്ങളെ (ബ്രാഹ്മണർ ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ) ഞാൻ സൃഷ്ടിച്ചത് ഒരാളുടെ കർമ്മവും ഗുണങ്ങളും (സ്വതം രജസ്സ് തമസ്സ്) അനുസരിച്ചാണ്. ഞാൻ അതിന്റെ കർത്താവാണെങ്കിലും അവ്യയനായ എന്നെ അതിന്റെ അകർത്താവായി അറിയുക. ( ഈ ശ്ലോകം പ്രകാരം ജന്മം കൊണ്ട് ഒരാൾ ബ്രാഹ്മണനാകുന്നില്ല, ഒരാളുടെ വർണ്ണം നിശ്ചയിക്കുന്നത് അയാളുടെ ഗുണവും, കർമ്മവും, അനുസരിച്ചാണ്. എന്നാൽ ഈ ശ്ലോകത്തെ ദുർവ്യാഖ്യാനം ചെയ്തു ആർഷഭാരതത്തിൽ ജാതിക്കോമരങ്ങളുടെ പൊടിപൊടിപ്പൻ ആഘോഷം തിമിർത്തിട്ടുണ്ട്. നിർഭാഗ്യവശാൽ ആ കാഴ്ച ഇന്നും തുടരുന്നു. ജ്ഞാനത്തിന്റെ കുറവാണ് അതിനു കാരണം. ഈ അധ്യായത്തിൽ ജ്ഞാനലബ്ധിയെപ്പറ്റി ഭഗവാൻ വിസ്തരിക്കുന്നുണ്ട്.

ന മാം കർമാണി ലിസന്തി
ന മേ കർമ്മ ഫലേ സ് ഹാ
ഇതി മാം യോഭി ജാനാതി
കർമ ദിർ ന സ ബദ്ധ്യതേ

കർമ്മങ്ങൾ എന്നെ സ്പർശിക്കുന്നില്ല. എന്റെ കർമ്മങ്ങൾ ഫലേച്ഛയില്ലാത്തതാണ്. എന്നെ ഇങ്ങനെയറിയുന്നവർ കർമ്മബന്ധങ്ങളിൽപ്പെടുന്നില്ല. പണ്ടുള്ളവർ ഇത് മനസ്സിലാക്കിക്കൊണ്ട് കർമ്മങ്ങൾ ചെയ്തു. നീയും ആ പൂർവികരെ പോലെ നിന്റെ കർമ്മങ്ങൾ ചെയ്യുക. എന്താണ് കർമ്മം, എന്താണ് അകർമ്മം ഈ കാര്യത്തിൽ ബുദ്ധിമാന്മാർ പോലും അന്ധാളിച്ചുപോകുന്നു. അതുകൊണ്ട് കർമ്മം എന്താണെന്നു ഞാൻ നിനക്ക് ഉപദേശിച്ചുതരാം. ആ അറിവുകൊണ്ട് നിനക്ക് തിന്മയിൽ നിന്ന് വിജയം നേടാം. മൂന്നുതരം കർമ്മങ്ങൾ ഉണ്ട്. ഫലേച്ഛയോടുള്ള കർമ്മം, ഫലേച്ഛയില്ലാത്ത കർമ്മം , പിന്നെ നിഷിദ്ധകർമ്മം. ഈ കർമ്മങ്ങളുടെ ഗതിയറിയാൻ പ്രയാസമാണെങ്കിലും ഇവയെപ്പറ്റിയറിയേണ്ടതാണ്. കർമ്മത്തിൽ അകർമ്മത്തേയും അകർമ്മത്തിൽ കർമ്മത്തേയും ആർ കാണുന്നുവോ അയാൾ യോഗിയും അയാളുടെ കർമ്മങ്ങൾ പൂർണ്ണവുമാണ്.ഒരാളുടെ പ്രവർത്തികളിലെല്ലാം സ്വാർത്ഥതാല്പര്യങ്ങളോ, ആഗ്രഹങ്ങളോ ഇല്ലാതെ, കർമ്മങ്ങളെ അറിവിന്റെ അഗ്നിയിൽ ദഹിപ്പിച്ചയാൾ പണ്ഡിതനാണ്. കർമ്മഫല

ങ്ങളെ നിരാകരിച്ച്, സംതൃപ്ത്തനായി ഒന്നിനെയും ആശ്രയിക്കാതെ ദൈവത്തിൽ മാത്രം വിശ്വസിച്ചും ആശ്രയിച്ചും ഒരാൾ ചെയ്യുന്ന പ്രവർത്തികൾക്ക് കാർമ്മിക ബന്ധങ്ങളില്ല. ആഗ്രഹങ്ങളിൽനിന്നും വിമുക്തരായി മനസ്സും ശരീരവും പരിപൂർണ്ണനിയന്ത്രണത്തിലാക്കി ഒന്നിന്റെയു ഉടമാവസ്ഥവകാശം സ്ഥാപിക്കാതെ ശാരീരികാവശ്യത്തിനു മാത്രം കർമ്മം ചെയ്യുന്നവനും പാപത്തെ പ്രാപിക്കുന്നില്ല, ഈശ്വരേച്ഛ പോലെ ലഭിക്കുന്നതിൽ സംതൃപ്തിയടഞ്ഞു അസൂയവിമുക്തനായി,ജയത്തിലും, പരാജയത്തിലും സമാനമനസ്കനായി ചെയ്യുന്നവ കർമ്മബന്ധങ്ങളിൽ പ്പെടുന്നില്ല. കർമ്മബന്ധങ്ങളിൽ നിന്ന് മുക്തരായി, ദൃഢമനസ്സോടെ എല്ലാം ലോകസേവനമായി ചെയ്യുന്നവരുടെ എല്ലാ കർമ്മങ്ങളും ലയിച്ചുപോകുന്നു. അവ ബന്ധകാരണങ്ങളായിത്തീരുന്നില്ലെന്നർത്ഥം.

ബ്രഹ്മാർപ്പണം ബ്രഹ്മ ഹവിർ
ബ്രഹ്മാഗ്നൗ ബ്രഹ്മണാ ഹൃതം
ബ്രഹ്മൈവ തേന ഗന്തവ്യം
ബ്രഹ്മകർമ്മ സമാധിനാ

അർപ്പണവും ഹവിസ്സും ബ്രഹ്മമാകുന്നു. ബ്രഹ്മമാകുന്ന അഗ്നിയിൽ അർപ്പിക്കുന്നതും ബ്രഹ്മമാകുന്നു. പ്രാപിക്കേണ്ടത് ബ്രഹ്മം തന്നെ. ചെയ്യേണ്ട കർമ്മവും ബ്രഹ്മം തന്നെ. ബ്രഹ്മജ്ഞാനം നേടിയവർ എല്ലാം ബ്രഹ്മമായി കാണുന്നു എന്ന് സാരം. (ഭക്ഷണത്തിനുമുമ്പ് ഹിന്ദുക്കൾ ഈ മന്ത്രം ഉച്ചരിക്കാറുണ്ട്). ചില യോഗികൾ ദേവന്മാർക്ക് മാത്രമായി യജ്ഞമനുഷ്ഠിക്കുന്നു. എന്നാൽ ചിലർ സകലതും ബ്രഹ്മമായി കണ്ടു യജ്ഞത്തെ ബ്രഹ്മാഗ്നിയിൽ അർപ്പിക്കുന്നു. ചിലർ സംയമാഗ്നിയിൽ കേഴ്വി തുടങ്ങി മറ്റു ഇന്ദ്രിയങ്ങളെയും മറ്റ് ചിലർ ശബ്ദം തുടങ്ങിയ വിഷയങ്ങളെ ഇന്ദ്രിയാഗ്നിയിൽ ഹോമിക്കുന്നു. മറ്റ് ചിലരാകട്ടെ ജ്ഞാനം കൊണ്ട് ജ്വലിക്കുന്ന സംയമാഗ്നിയിൽ ഇന്ദ്രിയങ്ങളെയും പ്രാണൻ തുടങ്ങിയ വായുക്കളുടെയും വ്യാപാരങ്ങളെ ഹോമിക്കുന്നു. പിന്നെ ചിലർ അവരുടെ സ്വത്ത് തപശ്ചര്യകൾ യോഗാഭ്യാസം തുടങ്ങിയവ യജ്ഞമായി ചെയ്യുന്നു. ദൃഢവൃതന്മാരായ യതികൾ ജ്ഞാനം വർധിപ്പിക്കുന്നതും, ജ്ഞാനം പകരുന്നതും യജ്ഞമായി കരുതുന്നു.ചിലർ പ്രാണായാമത്തിലൂടെ യജ്ഞമർപ്പിക്കുന്നു. ഇത് മൂന്നു തരമുണ്ട്.അവ പൂരക, രേചക, കംഭ എന്നിവയാണ്. ശ്വാസം ഉള്ളിലേക്ക് പിടിക്കുന്നത് പൂരക, പുറത്തോട്ട് തള്ളുന്നത് രേചകം. പൂരക രേചകങ്ങൾക്കിടയിൽ ശ്വാസത്തെ

**ശ്രദ്ധാലുവിനും തല്പരനും ഇന്ദ്രിയസംയമനമുള്ളവാനും പരമോൽമ ജ്ഞാനം ലഭിക്കുന്ന,അതു നേടിയവന് പരമമായ സമാധാനം കിട്ടുന്നു. എപ്പോഴും സംശയമുള്ളവനും ശ്രദ്ധയില്ലാത്തവനും അറിവ് ഇല്ലാത്തവനും നശിച്ചുപോകുന്നു**

അകത്തോ പുറത്തോ നിറുത്തുന്നതു കുംഭം. നിശ്ചിതക്രമത്തിൽ മേല്പറഞ്ഞത്ചെയ്യുന്നതാണ് പ്രാണായാമം. ചിലർ ഉപവസിച്ചുകൊണ്ട് യജ്ഞം ചെയ്യുന്നു. ഇവരെല്ലാം യജ്ഞം എന്താണെന്നറിയുന്നു. അങ്ങനെ യജ്ഞംകൊണ്ട് ജീവിതത്തിന്റെ അശുദ്ധികൾ കഴുകിക്കളയുന്നു. യജ്ഞത്തിന്റെ അവശിഷ്ടം അതായത് അമൃത് ഭക്ഷിക്കുന്നവർ ബ്രഹ്മത്തെ നേടുന്നു. കർമ്മങ്ങൾ യജ്ഞഭാവത്തോടെ ചെയ്യാത്തവന് ഈ ലോകം പോലും കിട്ടുന്നില്ല, പിന്നെങ്ങനെ അടുത്ത ലോകം കിട്ടും. കുരുസത്തമ വേദങ്ങളിൽ അത്തരം അനവധി യജ്ഞങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അതെല്ലാം അറിയുക, അറിയുമ്പോൾ നിനക്കും മോചനമുണ്ടാകും. ദ്രവ്യയജ്ഞത്തേക്കാൾ ജ്ഞാനയജ്ഞമാണ് മഹത്വരമെന്നു ഭഗവൻ പറയുന്നു.

എല്ലാ പ്രവർത്തികളും അതിന്റെ ഫലത്തോടെ അറിവിൽ അവസാനിക്കുന്നു. തത്വജ്ഞാനികൾ സത്യം കണ്ടെത്തിയവർ നിനക്ക് ഈ അറിവുകൾ പകർന്നു തരും.വിനയത്തോടെ, ചോദ്യങ്ങളിലൂടെ, സേവനത്തിലൂടെ നീ അത് നേടിയെടുക്കുക. ഈ അറിവ് നീ നേടുമ്പോൾ ഓ പാണ്ഡവാ നീ തെറ്റിൽ വീഴില്ല. നീ എല്ലാജീവജാലങ്ങളെയും നിന്നിലും എന്നിലും കാണും. ആത്മസാക്ഷാത്കാരം നേടിയവൻ അവനിലും മറ്റുള്ളവനിലും വ്യത്യാസം കാണുന്നില്ല. നീ പാപികളിൽ പാപിയായാലും പാപത്തിന്റെ സമുദ്രം അറിവിന്റെ തോണിയുമുപയോഗിച്ച് മറികടക്കും. തീജ്വാല ഇന്ധന വസ്തുക്കളെ ഭസ്മമാക്കുന്നു. അല്ലയോ, അർജുനാ അതേപോലെ അറിവിന്റെ തീ എല്ലാ കർമ്മങ്ങളെയും ഭസ്മമാക്കുന്നു. അറിവിനെപോലെ ശുദ്ധീകരിക്കാൻ പ്രാപ്തിയുള്ള ഒന്നും ഈ ലോകത്തിലില്ല. യോഗാഭ്യാസത്തിലൂടെ ആ ജ്ഞാനത്തെ നേടിയവർ തന്നിൽ തന്നെ പ്രാപിക്കുന്നു,

ശ്രദ്ധാവാൻ ലഭതേ ജ്ഞാനം
തത്പര:സം യാതേന്ദ്രിയ :
ജ്ഞാനം ലബ്ധ്വാ പരാം ശാന്തി
മചിരേണാധിഗച്ഛതി

ശ്രദ്ധാലുവിനും തല്പരനും ഇന്ദ്രിയസംയമനമുള്ളവാനും പരമോൽമജ്ഞാനം ലഭിക്കുന്ന,അതു നേടിയവന് പരമമായ സമാധാനം കിട്ടുന്നു. എപ്പോഴും സംശയമുള്ളവനും ശ്രദ്ധയില്ലാത്തവനും അറിവ് ഇല്ലാത്തവനും നശിച്ചുപോകുന്നു. ഈ ലോകവും അടുത്ത ലോകവും സന്തോഷവും അവനു നഷ്ടപ്പെടുന്നു. യോഗത്താൽ കർമ്മബന്ധങ്ങളെ ത്യജിച്ച അറിവ്കൊണ്ടു എല്ലാ സംശയങ്ങളെയും ദൂരീകരിച്ച ജ്ഞാനിയെ കർമ്മങ്ങൾ ബന്ധിക്കുന്നില്ല. ഓ ധനഞ്ജയ ആത്മജ്ഞാനമാകുന്ന ഖഡ്ഗം കൊണ്ട് നിന്റെ ഹൃദയത്തിൽ കടന്നു കൂട്ടിയിട്ടുള്ള സംശയത്തെ മാറ്റിക്കളയുക. യജ്ഞഭാവത്താൽ, കർമ്മങ്ങൾ അനുഷ്ഠിക്കുക. അല്ലയോ, അർജ്ജുന എഴുന്നേൽക്കുക.

*നാലാം അധ്യായം സമാപ്തം.*
*അടുത്തതത് ' സംന്യാസയോഗം '*


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy



ദി അഡൽറ്ററി ഓഫ് പോയട്രി ചാപ്റ്റർ 1:
അജ്ഞാതമായ ആനന്ദങ്ങൾ
ഗ്രീൻപെപ്പർ പബ്ളിക്ക

# അതീവ ശക്തമായ ആനന്ദങ്ങൾ

**ആഗയുടെ കവിതകളിൽ മൗനം ഒരു അഭാവമല്ല; മറിച്ച് അതൊരു ഭാഷയാണ്. വാക്കുകൾക്ക് അതീതമായി അനുഭവങ്ങളെ കൈമാറുന്ന ഒരു മാധ്യമമായി മൗനം പ്രവർത്തിക്കുന്നു.**

ഡോ .ആശ പ്രഭാകരൻ

ആഗയുടെ ദി അഡൽറ്ററി ഓഫ് പോയട്രി ചാപ്റ്റർ 1- അജ്ഞാതമായ ആനന്ദങ്ങൾ എന്ന കവിതാ സമാഹാരം ആധുനിക മലയാള കവിതയിൽ ശ്രദ്ധേയമായ ഒരു ഇടപെടലാണ്. ജീവിതത്തിന്റെ സൂക്ഷ്മമായ വികാരതലങ്ങൾ, ബന്ധങ്ങളുടെ അദൃശ്യ ചലനങ്ങൾ, മൗനത്തിന്റെ ഭാഷ, ആന്തരികമായ ആനന്ദവേദനകളുടെ ദ്വന്ദ്വം എന്നിവ ഈ കവിതകളുടെ കേന്ദ്രബിന്ദുവായി വർത്തിക്കുന്നു. കവി, വ്യക്തിപരമായ അനുഭവങ്ങളെ സർവജനീനമായ മാനവിക അനുഭവങ്ങളാക്കി മാറ്റുന്നതിൽ അതീവ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.



"Adultery of Poetry" എന്ന ശീർഷകം തന്നെ പരമ്പരാഗത കാവ്യനീതികളോടുള്ള ഒരു ലംഘനസൂചനയാണ്. കവിത ഇവിടെ സാമൂഹികമായി അംഗീകരിച്ച ശീലങ്ങളിൽ ഒതുങ്ങുന്നില്ല; മറിച്ച്, കവിയുടെ ആന്തരിക സത്യങ്ങളോടുള്ള ‘വഞ്ചനയല്ലാത്ത വഞ്ചന’യായി കവിത പരിവർത്തനം ചെയ്യപ്പെടുന്നു.താൻ കടന്നു പോകുന്ന അനുഭവങ്ങളും തന്നിലൂടെ കടന്നു പോകുന്ന വികാരങ്ങളും തന്റെ ഇന്ദ്രിയാനുഭവങ്ങളും കവി അതീന്ദ്രിയമായ മറ്റൊരു തലത്തിൽ കൊണ്ട് ചെന്നെത്തിക്കുന്നുണ്ട് കവിതയിൽ പലയിടത്തും.

ആനന്ദത്തെ രണ്ടായി ഭാഗിക്കുമ്പോൾ എന്ന കവിതയിൽ കവി നമ്മോട് ചോദിക്കുന്നു

‘നഷ്ടപ്പെടാൻ മാത്രമുള്ള ഒരാനന്ദത്തെ മനുഷ്യർ ഇതയധികം സ്നേഹിക്കുന്നതിന്റെ രഹസ്യമെന്താണ്‘

പുസ്തകത്തിന്റെ തുടക്ക കവിതകളിലൊന്നായ ആദ്യത്തെ കവിത എന്ന കവിതയിൽ

ആത്മാവ് പൂക്കാലങ്ങളിലേക്ക് നടന്ന് പോകുന്നത്
ഞാനേകാകിയായി നോക്കി നിന്നു'

''അജ്ഞാതമായ ആനന്ദങ്ങൾ'' എന്ന ഉപശീർഷകം മനുഷ്യജീവിതത്തിൽ പലപ്പോഴും വാക്കുകളില്ലാതെ അനുഭവപ്പെടുന്ന, എന്നാൽ അതീവ ശക്തമായ ആനന്ദങ്ങളിലേക്കാണ് വായനക്കാരനെ നയിക്കുന്നത്.

'അജ്ഞാതമായ ആനന്ദങ്ങൾ
അത്രതന്നെ മധുരം
വിത്തിൽനിന്ന് വേരിലേക്കുള്ള ദാഹംപോലെ
ഇരുട്ടിനെ സന്ദർശിച്ചെത്തുന്ന
പ്രഭാതത്തിന്റെ വെളിച്ചംപോലെ
പ്രത്യാശയുടെ ചില്ലകളിൽ
മധുരിക്കുന്ന തളിരിലകൾപോലെ '
*(അജ്ഞാതമായ ആനന്ദങ്ങളെന്ന കവിതയിൽ )*

### അജ്ഞാതതയും ആന്തരിക ആനന്ദവും

ഈ സമാഹാരത്തിലെ കവിതകൾ തുറന്ന പ്രഖ്യാപനങ്ങളേക്കാൾ സൂക്ഷ്മ അനുഭവങ്ങളെയാണ് മുൻനിരയിൽ വയ്ക്കുന്നത്. സന്തോഷം, ദുഃഖം, സ്നേഹം, നഷ്ടം എന്നിവ ഇവിടെ വലിയ സംഭവങ്ങളായി അല്ല, മറിച്ച് ഉള്ളിൽ നിസ്സാരമായി പടരുന്ന വികാരങ്ങളായി പ്രത്യക്ഷപ്പെടുന്നു. അജ്ഞാതമായ ആനന്ദം എന്നത് ഒരുപക്ഷേ നൈമിഷികമായ ഒരു ബോധോദയം, ഓർമ്മയുടെ നേർത്ത സ്പർശം, അല്ലെങ്കിൽ മൗനത്തിന്റെ ആശ്വാസം ഒക്കെയാകാം.

'ഏകാകിയായൊരു യുവാവ്
ഹൃദയത്തിൽ വീണ്ടും
ഏകാകിയാവുക
കാറ്റും, പൂക്കളും, കിളികളും
അത് കണ്ടിരിക്കുക
മേഘങ്ങൾ ആ രഹസ്യമറിയാൻ
മണ്ണിലേക്ക് മുട്ടുകുത്തുക'
*(ആ രാത്രിയിൽ എന്ന കവിതയിൽ നിന്ന് )*

### മൗനത്തിന്റെ ഭാഷ...

ആഗയുടെ കവിതകളിൽ മൗനം ഒരു അഭാവമല്ല; മറിച്ച് അതൊരു ഭാഷയാണ്. വാക്കുകൾക്ക് അതീതമായി അനുഭവങ്ങളെ കൈമാറുന്ന ഒരു മാധ്യമമായി മൗനം പ്രവർത്തിക്കുന്നു. പല കവിതകളിലും കവി പറയാൻ എന്തൊക്കെയോ ബാക്കി നിറുത്തി പോയതായി കാണാം. ഓരോ വായനക്കാരിയും അല്ലെങ്കിൽ കാരനും തന്റെ ചിന്ത കൊണ്ട് പൂരിപ്പിക്കാനായി.

'നിനക്കറിയാമോ
നിലനിൽപ്പിന്റെ ആനന്ദമില്ലാത്തവർ
നമ്മെ ദു:ഖിതരാക്കുന്നു
അവരായിരിക്കണം ലോകത്തിൽ
ആദ്യത്തെ ആത്മഹത്യ ചിത്രീകരിച്ചത് '
*( നിലനിൽപ്പിന്റെ ആനന്ദമെന്ന കവിതയിൽ നിന്ന്)*

**ആഗയുടെ ഭാഷ ലളിതവും മൃദുവുമാണ്. വലിയ വാചാലതയോ കൃത്രിമ കാവ്യാഭാസങ്ങളോ ഇല്ലാതെ, സാധാരണ വാക്കുകൾ കൊണ്ട് തന്നെ ആഴമുള്ള അർത്ഥങ്ങൾ സൃഷ്ടിക്കാൻ കവി ശ്രമിക്കുന്നു. സ്വതന്ത്രവൃത്തം ആണ് കവിതകളുടെ മുഖ്യരൂപം. ചുരുങ്ങിയ വരികളിൽ ശക്തമായ വികാരസാന്ദ്രത സൃഷ്ടിക്കുന്നതാണ് ശൈലിയുടെ പ്രത്യേകത. രൂപകങ്ങളും ഉപമകളും സ്വാഭാവികമായി കവിതയിൽ ലയിച്ചിരിക്കുന്നു.**

### ബന്ധങ്ങളും ഏകാന്തതയും..

സ്നേഹബന്ധങ്ങൾ, പ്രണയം, അകലം, വിരഹം എന്നിവ ഈ കവിതകളിൽ ആവർത്തിച്ചു വരുന്ന പ്രമേയങ്ങളാണ്. എന്നാൽ ഇവ പരമ്പരാഗത പ്രണയകവിതകളിലെ ആവേശഭരിതമായ ആവിഷ്കാരങ്ങളല്ല; പകരം, ബന്ധങ്ങളുടെ നിസ്സാര ചലനങ്ങളും അവയോടൊപ്പം വരുന്ന ഏകാന്തതയും കവി അന്വേഷിക്കുന്നു.

'ഒരു പൂവും , ഒരിലയും കൊഴിഞ്ഞിട്ടില്ല
തെന്നൽ ചുംബിച്ചിട്ടല്ലാതെ
നമ്മളെപ്പോലെ വിശുദ്ധപാപികൾ
മറ്റാരുമില്ല!
വിറപൂണ്ട അധരങ്ങൾ തമ്മിലടുത്തതേയില്ല
നീയൊരു നഗരത്തിലേക്കും
ഞാനൊരു ഗ്രാമത്തിലേക്കുമൊഴുകിപ്പോയി'
*(ഒരു പൂവിന്റെ മരണം എന്ന കവിതയിൽ നിന്ന്)*

### പ്രകൃതിയും മനുഷ്യനും

പ്രകൃതിബിംബങ്ങൾമഴ, കാറ്റ്, പുഴ, രാത്രികൾ, നക്ഷത്രങ്ങൾഇവ കവിതകളിൽ അലങ്കാരങ്ങളായി മാത്രമല്ല, മനുഷ്യന്റെ ആന്തരികാവസ്ഥകളുടെ പ്രതീകങ്ങളായി മാറുന്നു.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഒരു ആത്മബന്ധം ഈ കവിതകളിൽ സ്ഥിരമായി പ്രത്യക്ഷപ്പെടുന്നു.

'എന്റെ മുറിവുകളിൽ ഏറ്റവും ഉത്തമമായത് നീതന്നെ
നിന്നോളമാഴത്തിൽ
ഒരു സമുദ്രവും എന്നിൽ നിലനിൽക്കുന്നില്ല
ഒരു പർവ്വതവും നിന്നോളം വേരാഴ്ത്തിയിട്ടില്ല
ഒരു നക്ഷത്രവുമില്ല
ആകാശത്തിങ്ങനെ
ഏതിരുട്ടിലും എനിക്ക് ദിശ കാണിക്കാൻ'
*( ഒറ്റ നക്ഷത്രം എന്ന കവിതയിൽ നിന്ന്)*

**ഭാഷയും ശൈലിയും**

ആഗയുടെ ഭാഷ ലളിതവും മൃദുവുമാണ്. വലിയ വാചാലതയോ കൃത്രിമ കാവ്യാഭാസങ്ങളോ ഇല്ലാതെ, സാധാരണ വാക്കുകൾ കൊണ്ട് തന്നെ ആഴമുള്ള അർത്ഥങ്ങൾ സൃഷ്ടിക്കാൻ കവി ശ്രമിക്കുന്നു.

സ്വതന്ത്രവൃത്തം ആണ് കവിതകളുടെ മുഖ്യരൂപം.

ചുരുങ്ങിയ വരികളിൽ ശക്തമായ വികാരസാന്ദ്രത സൃഷ്ടിക്കുന്നതാണ് ശൈലിയുടെ പ്രത്യേകത.

രൂപകങ്ങളും ഉപമകളും സ്വാഭാവികമായി കവിതയിൽ ലയിച്ചിരിക്കുന്നു.

'ചോദിക്കൂ,<br>
മനുഷ്യരെന്തിന്<br>
പരസ്പരംസന്ദർശിക്കുമ്പോൾ<br>
ദു:ഖത്തെഒരാളിൽനിന്ന്<br>
ഒരാളിലേക്ക് ഉപേക്ഷിച്ച് പോകുന്നു<br>
ചോദിക്കൂ,<br>
മനുഷ്യരെന്തിന്<br>
സ്വന്തം ജീവിതാഭിലാഷങ്ങളിൽ<br>
മറ്റൊരാത്മാവിനെ ബലിയർപ്പിക്കുന്നു.'

*(ചില ചോദ്യങ്ങൾ എന്ന കവിതയിൽ നിന്ന് )*

**ദാർശനിക നിലപാട്**

ഈ കവിതകൾ ഒരു നേരിട്ടുള്ള ദാർശനിക പ്രസ്താവന നടത്തുന്നില്ല. എങ്കിലും ജീവിതത്തെക്കുറിച്ചുള്ള ഒരു ആന്തരിക ദർശനം ഇവയിൽ അടങ്ങിയിരിക്കുന്നു.

മനുഷ്യൻ സ്വയം തിരിച്ചറിയുന്ന നിമിഷങ്ങൾ. സ്നേഹവും വേദനയും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാകുന്ന അവസ്ഥ.

ജീവിതത്തിന്റെ അർത്ഥം വലിയ ആശയങ്ങളിലല്ല, ചെറിയ അനുഭവങ്ങളിലാണെന്ന ബോധം,

ഇവയെല്ലാം ഈ സമാഹാരത്തിന്റെ ദാർശനിക അടിത്തറയായി പ്രവർത്തിക്കുന്നു.

'ഒരേ സത്യംതന്നെ<br>
ഒരേവസ്തുത തന്നെ<br>
ആനന്ദത്തേയുംവേദനയേയും സൃഷ്ടിക്കുന്നു<br>
അയാളുടെ കണ്ണുകളിലെ ആനന്ദവും<br>
എന്റെ കണ്ണുകളിലെ വേദനയും തട്ടിപ്പറിച്ചെടുത്ത്<br>
നഗരമതിന്റെ ഇരുമ്പിന്റെ പകൽ യാത്രതുടരുന്നു,'

*( നമുക്കിടയിലെ വാക്കുകൾ എന്ന കവിതയിൽ നിന്നും)*

ഈ കവിതയുടെ അവസാനം നമുക്കിടയിലെ ദൂരം ദൂരത്തിലേക്ക് സഞ്ചരിക്കുന്നു ദൈവമതിന്റെ കണക്കെടുക്കുന്നു എന്ന വരിയിൽ കവിത അവസാനിക്കുമ്പോൾ പുസ്തകത്തിന്റെ ആമുഖത്തിൽ കവി തന്നെ വായനക്കാരനോട് പറയുന്ന കവിത വൈകാരികമായ ഒരു അനുഭവമായിരിക്കുക എന്നതതിനെ ഒരേസമയം വ്യാജവും സത്യസന്ധവും ആക്കുന്നു എന്ന തിരിച്ചറിവ് വായനയിലേക്ക് മറ നീക്കി പുറത്ത് വരുന്നു

**വായനക്കൊടുവിൽ വായനക്കാരനും നിശ്ശബ്ദനാകുന്ന ആത്മഭാഷണങ്ങളുടെ ഈ 49 കവിതകൾ ഗഹനമായ വായനയും ചിന്തയും നമ്മോട് ആവശ്യപ്പെടുന്നുണ്ട്**

**ആധുനിക മലയാള കവിതയിലെ സ്ഥാനം...**

ആഗയുടെ കവിതകൾ സമകാലിക മലയാള കവിതയിലെ ആത്മാന്വേഷണധാരയുമായി ചേർന്ന് നിൽക്കുന്നു. അതേസമയം, അമിതമായ രാഷ്ട്രീയപ്രഖ്യാപനങ്ങളിൽ നിന്ന് മാറി, വ്യക്തിയുടെ ആന്തരിക ലോകത്തേക്കാണ് ഈ കവിതകൾ കൂടുതൽ ശ്രദ്ധ നൽകുന്നത്.



അതെ ഈ കവിതാ സമാഹാരത്തിന്റെ പുറംചട്ടയിൽ കവിയത് ഹൃദയം കൊണ്ടെഴുതി വെച്ചിരിക്കുന്നു

' എത്ര ചെറിയ ജീവിതമായിരുന്നു എപ്പോഴെങ്കിലും നമുക്കതിനെ സൂക്ഷിക്കാനായോ നമ്മുടെ ചുരുട്ടിപ്പിടിച്ച മുഷ്ഠികളിൽ '

കവിതകളിലൂടെ 2014ൽ നിന്ന് 2021 ൽ സഞ്ചരിച്ചെത്തുമ്പോൾ ഈ കവിതയെന്ന തലക്കെട്ടിലെത്തുമ്പോൾ

'ആരോ വരുന്നുണ്ടെന്നറിവിൽ<br>
വസന്തം അതിനാകുന്നതെല്ലാം<br>
ചെയ്ത് നോക്കുന്നു<br>
വാക്കിന്റെ കവിതയിൽ നിന്ന്<br>
ഞാനെന്റെ ഹൃദയം<br>
നിശ്ശബ്ദമായ ഒരു പാദപതനമാക്കുന്നു<br>
വാക്കിന്റെ ഒരു നുള്ള് കൊണ്ട്<br>
ഞാനവളെ നിശ്ശബ്ദയാക്കുന്നു'

വായനക്കൊടുവിൽ വായനക്കാരനും നിശ്ശബ്ദനാകുന്ന ആത്മഭാഷണങ്ങളുടെ ഈ 49 കവിതകൾ ഗഹനമായ വായനയും ചിന്തയും നമ്മോട് ആവശ്യപ്പെടുന്നുണ്ട്






**രവിമേനോൻ എഴുതിയ 'പാട്ടുപട്ടണം' എന്ന പുസ്തകത്തിൽ നിന്ന്**

# മ്മളെ മ്മളാക്കിയ കോഴിക്കോട്

എത്ര പറഞ്ഞാലും, എഴുതിയാലും മതിയാവില്ല കോഴിക്കോടിനെ കുറിച്ച്. എന്നെ കളിയെഴുത്തുകാരനാക്കിയ നഗരം. പാട്ടിന്റെ വഴികളിലൂടെ സ്നേഹപൂർവ്വം കൈപിടിച്ച് നടത്തിയ നഗരം.

ഓരോ യാത്രയിലും സ്നേഹത്തിൽ പൊതിഞ്ഞ അത്ഭുതങ്ങൾ എനിക്ക് വേണ്ടി കാത്തുവെക്കുന്നു കോഴിക്കോട്. ഓരോ തവണ വന്നിറങ്ങുമ്പോഴും നാളെയോ മറ്റന്നാളോ തിരിച്ചുപോകേണ്ടിവരുമല്ലോ എന്നോർത്തു വേവലാതിപ്പെടുത്തുന്നു. ദുഖത്തോടെ വണ്ടികയറി യാത്രയാകുമ്പോൾ അധികം വൈകാതെ വീണ്ടും ഈ മണ്ണിൽ വന്നിറങ്ങാൻ ഇടയാക്കണേ എന്ന് പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നു.

നമ്മളെ നമ്മളാക്കിയ അതേ കോഴിക്കോടിനെ കുറിച്ചാണ് ഈ പാട്ടുപട്ടണം. മാതൃഭൂമി ബുക്സിന് നന്ദി; കല്ലായിക്കാരനായ ഓട്ടോ ഡ്രൈവർ മൻസൂറിനും. ആരാണീ മൻസൂർ എന്നല്ലേ? അതൊരു കഥയാണ്.

റെയിൽവേ സ്റ്റേഷനിൽ നിന്ന് അളകാപുരിയിലേക്കുള്ള വഴിയിൽ ഓട്ടോറിക്ഷ പാളയത്തെ ട്രാഫിക് ജാമിൽ കുടുങ്ങി നിന്നപ്പോൾ കയ്യിലെ തൂവാലയെടുത്തു വിയർപ്പുതുള്ളികൾ ഒപ്പിമാറ്റിയ ശേഷം തിരിഞ്ഞു നോക്കി ഡ്രൈവർ ചോദിക്കുന്നു:

'ങ്ങള് ആ മേനോനല്ലേ? റഫീനേം മുകേഷിനേം ഒക്കെ പറ്റി എഴുതുന്ന....'

അതേ എന്ന് ഞാൻ. ഇടനെഞ്ചിൽ പാട്ടുമായി ജീവിക്കുന്ന കോഴിക്കോട്ടുകാരിൽ നിന്ന് മുൻപും ഇത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതുകൊണ്ട് അത്ഭുതം തോന്നിയില്ല.

'ങ്ങളെ എഴുത്തൊക്കെ വായ്ക്കാറുണ്ട് നമ്മള്. തരക്കേടില്ല. പക്ഷെ ഒരു കംപ്ലെയിന്റ് ഉണ്ട്. നേരിട്ട് കാണുമ്പോ പറയണംന്ന് വിചാരിച്ചിരുന്നു..'

ചെറിയൊരു ഉൾക്കിടിലം. എന്താണാവോ പരാതി. എഴുതിയ ലേഖനങ്ങളിൽ വല്ല വസ്തുതാപരമായ പിശകും? നമ്മളെക്കാൾ വിവരമുണ്ടല്ലോ നമ്മുടെ വായനക്കാർക്ക്; കോഴിക്കോട്ടെ സംഗീതപ്രേമികളാകു

**സുരേന്ദ്രനാഥ്, ജഗ്മോഹൻ സുർസാഗർ. രണ്ടു പേരും ഹിന്ദിയിലെ ഇഷ്ടഗായകർ. വേറിട്ട ശബ്ദങ്ങളുടെ ഉടമകൾ. നൂർജഹാനൊപ്പം 'അൻമോൽ ഘടി'യിൽ നൗഷാദിന്റെ ഈണത്തിൽ പാടിയ 'ആവാസ് ദേ കഹാം ഹേ' എന്ന പാട്ടിലൂടെയാണ് നടൻ കൂടിയായ സുരേന്ദ്ര മനസ്സിൽ കയറിവന്നത്. ജഗ്മോഹനാകട്ടെ 'ദിൽ ദേകർ ദർദ് ലിയാ' എന്ന പാട്ടിലൂടെയും. എങ്കിലും ഇന്നുവരെ അവരെക്കുറിച്ചു മാത്രമായി എഴുതിയിട്ടില്ല. എഴുതേണ്ടി വന്നിട്ടില്ല എന്നതാണ് സത്യം.**

മ്പോൾ പ്രത്യേകിച്ചും. പാട്ടുകളെക്കുറിച്ചു വല്ല പോഴത്തരവും എഴുതിവച്ചാൽ അവർ പൊറുക്കില്ല.

ഭാഗ്യവശാൽ അതല്ല പ്രശ്നം.

'ങ്ങള് ഇങ്ങനെ മൊഹമ്മദ് റാഫിനെപ്പറ്റീം ലതേനെ പറ്റീം യേശുദാസിനെ പറ്റീം ഒക്കെ പിന്നേം പിന്നേം എഴുതണ്ട. ഓലൊക്കെ ഫേമസ് അല്ലേ? ഇങ്ങളല്ലെങ്കിൽ വേറെ ആരെങ്കിലും ഓലെക്കുറിച്ച് എഴുതിക്കോളും....

പിന്നെ?

'അത്ര ഫേമസ് ആല്ലാത്തോരെ പറ്റീം എഴുതണം. സുരേന്ദ്രേനെ പറ്റീം ജഗ്മോഹനെ പറ്റീം ഇങ്ങള് ഇന്നുവരെ എഴുതിക്കണ്ടിട്ടില്ല. എന്താ ഓരേയൊന്നും ഇങ്ങള് പാട്ടുകാരായി കണ്ടിട്ടില്ലേ?'

സുരേന്ദ്രനാഥ്, ജഗ്മോഹൻ സുർസാഗർ. രണ്ടു പേരും ഹിന്ദിയിലെ ഇഷ്ടഗായകർ. വേറിട്ട ശബ്ദങ്ങളുടെ ഉടമകൾ. നൂർജഹാനൊപ്പം 'അൻമോൽ ഘടി'യിൽ നൗഷാദിന്റെ ഈണത്തിൽ പാടിയ 'ആവാസ് ദേ കഹാം ഹേ' എന്ന പാട്ടിലൂടെയാണ് നടൻ കൂടിയായ സുരേന്ദ്ര മനസ്സിൽ കയറിവന്നത്. ജഗ്മോഹനാകട്ടെ 'ദിൽ ദേകർ ദർദ് ലിയാ' എന്ന പാട്ടിലൂടെയും. എങ്കിലും ഇന്നുവരെ അവരെക്കുറിച്ചു മാത്രമായി എഴുതിയിട്ടില്ല. എഴുതേണ്ടി വന്നിട്ടില്ല എന്നതാണ് സത്യം.

അറിയാം എന്ന് ബോധ്യപ്പെടുത്താൻ വേണ്ടി മാത്രം രണ്ടു പേരുടെയും ഇഷ്ടഗാനങ്ങൾ ഓർമ്മയിൽ നിന്ന് വീണ്ടെടുത്ത് മൂളിയപ്പോൾ മൻസൂർ എന്ന് പേരുള്ള മധ്യവയസ്കനായ ഡ്രൈവർ ചിരിച്ചു. 'ഇതൊക്കെ എല്ലാർക്കും അറിയണ പാട്ടുകളല്ലേ മാഷേ. ഇങ്ങള് ഓരുടെ അത്ര ഫേമസ് അല്ലാത്ത ചെല പാട്ടുകള് കേക്കണം. എമ്മാതിരി കൂറ്റ് ഭായീ. ആ ജാതി ശബ്ദങ്ങള് ഈ ജമ്മത്തില് നമ്മള് കേട്ടിട്ടില്ല ...'

ട്രാഫിക് ബ്ലോക്ക് അപ്പോഴും തീർന്നിരുന്നില്ല. പുറത്ത് സൂര്യൻ കത്തിജ്വലിക്കുന്നു. ജനം ഹോണടിച്ചും ബഹളം വെച്ചും പ്രതിഷേധിക്കുന്നു.

ഒന്നും ശ്രദ്ധിക്കാതെ, പുറത്തെ ശബ്ദ കോലാഹലങ്ങൾക്കൊന്നും കാതു കൊടുക്കാതെ, ഏതോ സ്വപ്ന ലോകത്തേക്ക് ഉൾവലിഞ്ഞുകൊണ്ട് ഇഷ്ടപ്പെട്ട പാട്ടുകൾ ഓരോന്നിന്റേയും പല്ലവി പാടിത്തുടങ്ങുന്നു മൻസൂർ: സുരേന്ദ്രയുടെ ഭൂൽ ജാ ജോ ദേഖ്താ

**'ഇങ്ങള് കോഴിക്കോടിനെ പറ്റി ഒരു ബുക്ക് എഴുതണം. മ്മളെപ്പോലുള്ള പാട്ടുപ്രാന്തമ്മാരെ പറ്റി എഴുതണം. ഫേമസ് ആയോരെ പറ്റി മാത്രല്ല. മരിച്ചുപോയ നജ്മൽ ബാബുക്കേനേം കെ ആർ വേണൂനേം എ കെ സുകുമാരേട്ടനേം സി എ അബൂബക്കറിനേം ഒക്കെ പറ്റി. ഓലെയൊന്നും ഇനിയത്തെ തലമുറ ഓർക്കൂല... 'മൻസൂർ പറഞ്ഞു**

ഹേ, ഏക് ബാർ ഫിർസെ ആജാ, നസർ സേ ജബ് യേ നസർ മിലി ഹേ ...ജഗ് മോഹന്റെ ഉസ് രാഗ് കോ പായൽ മേ ജോ സോയാ ഹേ, മുജേ നാ സപ്നോ സെ ബെഹ്‌ലാവോ, ഓ വർഷാ കെ പെഹ്‌ലെ ബാദൽ....

പലതും അതുവരെ കേട്ടിട്ടില്ലാത്ത, അഥവാ ശ്രദ്ധിച്ചിട്ടില്ലാത്ത പാട്ടുകൾ. എത്ര മനോഹരമായി, ഉച്ചാരണശുദ്ധിയോടെ പാടുന്നു ഈ മനുഷ്യൻ എന്നോർത്തുപോയി അപ്പോൾ.

'സൂപ്പർ. ഇങ്ങള് കോയിക്കോട്ടുകാരെ നമിച്ചു ട്ടോ...' -- ട്രാഫിക് ജാമിലെ മെഹ്ഫിൽ കഴിഞ്ഞു തിരക്കിനിടയിലൂടെ ഓട്ടോ അരിച്ചരിച്ചു മുന്നോട്ട് നീങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു. 'നോർത്ത് ഇന്ത്യേൽ പോലും ഈ പാട്ടൊന്നും ആളോള് ഓർക്കുന്നുണ്ടാവില്ല്യ..' ഇടതുകൈ കൊണ്ട് ഷർട്ടിന്റെ കോളർ ഒന്ന് വലിച്ചു നേരെയാക്കിയ ശേഷം ചിരിച്ചുകൊണ്ട് മൻസൂർ പറഞ്ഞു: 'സമയമില്ലാത്തോണ്ടാ. ഇല്ലെങ്കിൽ അമീർബായി കർണ്ണാടകീന്റേം സൊഹ്റാ ബായി അംബാലാവാലീടേം ഒക്കെ പാട്ട് പാടിത്തരായിരുന്നു. ആ പാട്ടുകാരുടെയൊന്നും പേരെന്നെ കേട്ടിട്ടുള്ളോര് ഉണ്ടാവില്ല ഇപ്പോ... '

വെറുതെ പറയുകയായിരുന്നില്ല മൻസൂർ. ഏതപൂർവഗാനവും ഏതു സമയത്തും ശ്രോതാക്കളുടെ ആവശ്യപ്രകാരം പ്രക്ഷേപണം ചെയ്യാൻ കഴിവുള്ള ഒരു റേഡിയോ നിലയം തന്നെ ഉണ്ടായിരുന്നു അദ്ദേഹത്തിന്റെ ഉള്ളിൽ. കമ്പ്യൂട്ടറിനെ പോലും വെല്ലുന്ന പഴയ പാട്ടുകളുടെ ഡാറ്റാബേസും.

അളകാപുരിയിൽ എന്നെ വിട്ട ശേഷം യാത്ര പറയും മുൻപ് മൻസൂർ ചോദിച്ചു: 'ഒരു റിക്വസ്റ്റ് ണ്ട്. ങ്ങള് കേക്കോ ?'

'പിന്നെന്താ? ഇജ്ജാതി നെയ്യിപ്പൊരിച്ച പാട്ടുകൾ പാടി മ്മളെ ഫ്ളാറ്റാക്കിയ ആളല്ലേ? പറഞ്ഞോളി...' മറുപടി അസ്സൽ കോഴിക്കോടൻ ശൈലിയിൽ തന്നെ.

'ഇത്രേള്ളൂ.. ഇങ്ങള് കോഴിക്കോടിനെ പറ്റി ഒരു ബുക്ക് എഴുതണം. മ്മളെപ്പോലുള്ള പാട്ടുപ്രാന്തമ്മാരെ പറ്റി എഴുതണം. ഫേമസ് ആയോരെ പറ്റി മാത്രല്ല. മരിച്ചുപോയ നജ്മൽ ബാബുക്കേനേം കെ ആർ വേണൂനേം എ കെ സുകുമാരേട്ടനേം സി എ അബൂബക്കറിനേം ഒക്കെ പറ്റി. ഓലെയൊന്നും ഇനിയത്തെ തലമുറ ഓർക്കൂല....'

ഒരു നിമിഷം നിശ്ശബ്ദനാകുന്നു മൻസൂർ. പിന്നെ എന്റെ കൈ പിടിച്ച് മന്ത്രിക്കുന്നു: 'ഓലൊക്കെ കൂടിയാണ് ഒരുകാലത്ത് മ്മളെയൊക്കെ ജീവിപ്പിച്ചുകൊണ്ടോയത്. ഇല്ലെങ്കി പണ്ടേ വണ്ടിക്ക് തലവെച്ചു പോയിട്ടുണ്ടാകും. നയാ പൈസണ്ടായിരുന്നില്ലല്ലോ കയ്യിമ്മല് ....'

അന്തം വിട്ടുനിന്ന എന്നെ നോക്കി കൺനിറയെ ചിരിച്ച് ഓട്ടോ സ്റ്റാർട്ടാക്കുന്നു മൻസൂർ. മനസ്സിലിരുന്ന് ആരോ മന്ത്രിച്ച പോലെ: 'എഴുതണം നീ കോഴിക്കോടിനെ പറ്റി. ഈ മനുഷ്യന് വേണ്ടിയെങ്കിലും.'

*(പാട്ടുപട്ടണം' എന്ന പുസ്തകത്തിന്റെ ആമുഖം)*

● കോളം /റോസി തമ്പി



# സൈക്കിൾ ഒരു വാഹനം മാത്രമല്ല; ഒരു കാലം കൂടിയാണ്



ണ് നി ണ്ണീം ണ്ണ്ണീീ . നിർത്താതെ സൈക്കിൾ ബെൽ കേൾക്കുമ്പോൾ അറിയാം അത് ജോസേട്ടൻ ആണെന്ന്. ജോസേട്ടൻ അമ്മയുടെ ബന്ധുവാണ്. ബാംഗ്ലൂരിൽ ഒരു കമ്പനിയിൽ ജോലി ചെയ്തിരുന്നു. കാലം 70 കളുടെ അവസാനം. അവധിക്കാലത്ത് അമ്മ വീട്ടിൽ ചെല്ലുമ്പോഴാണ് ഈ മണിയടി കേൾക്കുക. ജോസേട്ടന് 25, 26 വയസ്സ് പ്രായം. വിവാഹം കഴിഞ്ഞിട്ടില്ല ചേറൂരിലുള്ള തന്റെ വീട്ടിൽ നിന്ന് ഏകദേശം അഞ്ച് കിലോമീറ്റർ സൈക്കിൾ ചവിട്ടിയാണ് പൊങ്ങണംകാട്, അമ്മയുടെ വീട്ടിലേക്ക് വരുന്നത്.

അവധിക്കാലത്ത് ഞങ്ങൾ അവിടെ ഉണ്ടാകും എന്നതുകൊണ്ട് വരവ് മിക്കവാറും എല്ലാ ദിവസവും ഉണ്ടാകും. എന്നെ കാരിയറിലും അനുജനെ മുന്നിലും ഇരുത്തി ഒരു കറങ്ങാൻ പോക്കുണ്ട്. താണിക്കുടം വഴി പോയി കുറ്റിമുക്ക് വഴി കയറിവരുന്ന ഒരു യാത്ര. പാഠങ്ങളും പറമ്പുകളും ഇടവഴികളും കടന്ന് ഒരു മഹാ യാത്ര കഴിഞ്ഞ് എത്തുന്ന സുഖമാണ് ഞങ്ങൾക്കപ്പോൾ. സൈക്കിൾ അന്ന് അത്ര സാധാരണമല്ല ഞങ്ങളുടെ ബന്ധുവീടുകളിൽ തന്നെ ആകെ ഈ ഒരാൾക്ക് മാത്രമേ സൈക്കിൾ ഉണ്ടായിരുന്നുള്ളൂ. പൊടിമൺ പാതകളിലൂടെ സൈക്കിൾ അങ്ങനെ മുന്നോട്ടു പോകുമ്പോൾ വഴിയിൽ കളിക്കുന്ന കുട്ടികൾ ഞങ്ങളെ

**സൈക്കിൾ അന്ന് അത്ര സാധാരണമല്ല ഞങ്ങളുടെ ബന്ധുവീടുകളിൽ തന്നെ ആകെ ഈ ഒരാൾക്ക് മാത്രമേ സൈക്കിൾ ഉണ്ടായിരുന്നുള്ളൂ. പൊടിമൺ പാതകളിലൂടെ സൈക്കിൾ അങ്ങനെ മുന്നോട്ടു പോകുമ്പോൾ വഴിയിൽ കളിക്കുന്ന കുട്ടികൾ ഞങ്ങളെ കൗതുകത്തോടെ നോക്കും. അവർക്ക് കൈവീശി കാണിക്കുമ്പോൾ വലിയ ഒരു അഭിമാനം തോന്നുമായിരുന്നു.**

കൗതുകത്തോടെ നോക്കും. അവർക്ക് കൈവീശി കാണിക്കുമ്പോൾ വലിയ ഒരു അഭിമാനം തോന്നുമായിരുന്നു.

വലിയ ഹെർക്കുലീസ് സൈക്കിൾ ആയതുകൊണ്ട് സൈക്കിൾ ചവിട്ട് പഠിക്കാൻ ഒന്നും ആ സൈക്കിളിൽ കഴിയുമായിരുന്നില്ല.

എന്നാൽ സൈക്കിൾ ചവിട്ട് പഠിക്കണം എന്ന് വലിയ ആഗ്രഹം ആ സൈക്കിൾ സവാരികൾ ഞങ്ങളിൽ ഉണ്ടാക്കി.

പിന്നെ എങ്ങനെയെങ്കിലും സൈക്കിൾ ചവിട്ട് പഠിക്കണം എന്ന ആഗ്രഹമായി. എങ്ങനെ പഠിക്കും ? ആര് പഠിപ്പിക്കും ഇതൊന്നും ഒരു നിശ്ചയവുമില്ല ആ സമയത്താണ് ഞങ്ങളുടെ ഗ്രാമത്തിൽ ഒരു സൈക്കിൾ യജ്ഞം വരുന്നത് മകരക്കൊയ്ത്ത് കഴിഞ്ഞ സ്കൂളിന് താഴെയുള്ള കണ്ടത്തിൽ ഒരു നാടോടി കുടുംബം സൈക്കിളുമായി എത്തി. വൈകുന്നേരം ആകുന്നതോടെ അവർ കയ്യിലുള്ള തകരപ്പാട്ട കൊട്ടി സൈക്കിൾ യജ്ഞ കലാപരിപാടികളുടെ അറിയിപ്പുകൾ തുടങ്ങും. അത്ര തെളിച്ചമില്ലാത്ത ശബ്ദ മുണ്ടാക്കുന്ന ഒരു കോളാമ്പി മൈക്കും അവർക്കുണ്ട്. 10 പൈസ ടിക്കറ്റ് വച്ചാണ് സൈക്കിൾ യജ്ഞേീ നടക്കുന്നത്.

പഴയ തുണികൾ കൊണ്ട് വലിച്ചു കെട്ടിയ ചെറിയ ഒരു കൂടാരത്തിനുള്ളിലാണ് സൈക്കിൾ യജ്ഞം. മൂന്ന് ചെറിയ കുട്ടികളും അച്ഛനും അമ്മയും അടങ്ങുന്ന ഒരു കുടുംബം. എല്ലാവരും തീരെ മെലിഞ്ഞവരാണ്. അച്ഛനാണ് സൈക്കിൾ കയറി വട്ടത്തിൽ ചവിട്ടി അഭ്യാസങ്ങൾ കാണിക്കുന്നത്. സാവധാനത്തിൽ തുടങ്ങുന്ന സൈക്കിൾ ചവിട്ട് പിന്നീട് വേഗത കൂടുകയും സൈക്കിളിൽ നിന്നും,കിടന്നും , ഒറ്റക്കാലിലും എല്ലാം അയാൾ സൈക്കിൾ ചവിട്ടുമ്പോൾ നെടുവീർപ്പോടെ ശ്വാസമടക്കിപ്പിടിച്ച് അയാൾക്കൊന്നും പറ്റരുത് എന്ന് പ്രാർത്ഥിച്ചു ഉള്ളിൽ. ആ റൗണ്ട് കഴിഞ്ഞാൽ പിന്നീട് കുട്ടികളുടെ ഊഴമാണ്. കുട്ടികൾ ഓരോരുത്തരായി സൈക്കിൾ ചവിട്ടുന്ന അച്ഛന്റെ ചുമലിലേക്ക് ചാടിക്കയറുന്നു. സൈക്കിൾ ചവിട്ടിക്കൊണ്ട് തന്നെ അയാൾ ഒരു അഭ്യാസിയെ പോലെ ഒറ്റക്കൈ കൊണ്ട് കുട്ടികളെ മുകളിലേക്ക് പിടിച്ചു കയറ്റുന്നു അങ്ങനെ മൂന്നു കുട്ടികളും ഒരാൾക്ക് മുകളിൽ ഒരാളായി അയാളുടെ ചുമലിൽ ഇരിക്കുന്നു അങ്ങനെ നാലു പേരുമായി സൈക്കിളിൽ അഭ്യാസപ്രകടനം ഗംഭീരമാണ്. കണ്ടവർ കണ്ടവർ വീണ്ടും വീണ്ടും കാണാൻ വന്നു വേനൽക്കാലം ആയതിനാൽ കുട്ടികൾക്ക് പൈസ ഉണ്ടാക്കാൻ അക്കാലത്ത് നാട്ടിൻപുറത്ത് ഒരു എളുപ്പവഴി ഉണ്ടായിരുന്നു. എന്തെന്നാൽ അക്കാലത്ത് ഗ്രാമ ങ്ങളിൽ വഴിയോരത്തും പറമ്പുകളിലും നിറയെ കശുമാവ് ഉണ്ടായിരുന്നു. കശുമാങ്ങയും കശുവണ്ടിയും ഉണ്ടാകുന്ന കാലമാണല്ലോ വേനൽക്കാലം . മധുരനാരങ്ങ കഴിക്കുന്ന സുഖത്തോടെയാണ് അന്ന് ഗ്രാമത്തിലുള്ളവർ ചുവപ്പും മഞ്ഞയും നിറത്തിലുള്ള തുടുത്ത കശുമാങ്ങകൾ കടിച്ച് ഈമ്പി തിന്നിരുന്നത്. ഏതു വഴിയിലൂടെ പോയാലും ഒരാൾക്ക് 10 അണ്ടിയെങ്കിലും കിട്ടും. ഒരു അണ്ടിക്ക് കടയിൽ കൊടുത്താൽ അന്ന് ഒരു പൈസയാണ് വില. അങ്ങനെ പാല ഐസ് വാങ്ങാനും സൈക്കിൾ ചവിട്ട് കാണാനും ഉള്ള പണം ഉച്ച നേരത്ത് ഇടവഴികളിലൂടെ ഇറങ്ങി നടന്നാൽ ശേഖരിക്കാം. സ്വന്തം വീടുകളിൽ നിന്ന് ചില ചെറിയ കശുവണ്ടി മോഷണവും ഇതിനെ സഹായിക്കും.



അടുത്ത അവധിക്കാലത്താണ് ഗ്രാമത്തിൽ ഒരു സൈക്കിൾ ഷാപ്പ് തുടങ്ങിയത്. സൈക്കിൾ വാടകയ്ക്ക് കൊടുക്കും എന്ന് മരപ്പലകയിൽ ചുണ്ണാമ്പു കൊണ്ട് എഴുതിയ അത്യാവശ്യം വലിയ ബോർഡ് കടയുടെ മുന്നിൽ തൂങ്ങിക്കിടന്നു. കുട്ടികൾക്കും വലിയവർക്കും ഉള്ള സൈക്കിൾ അവിടെ ഉണ്ടായിരുന്നു. ഒരു മണിക്കൂറിന് ഒരു രൂപയാണ് വാടക. സൈക്കിൾ വാടകയ്ക്ക് എടുത്ത് സൈക്കിൾ ചവിട്ടു പഠിക്കാൻ ഞങ്ങളുടെ കുടുവ സംഘം തീരുമാനിച്ചു. ഞങ്ങൾ മൂന്നു പേരുണ്ടായിരുന്നു. എല്ലാവരും ഉച്ചമയക്കത്തിൽ അമരുന്ന് നേരത്ത് ഞങ്ങൾ ഇടവഴികളിലൂടെ അലഞ്ഞു നടന്നു. കശുവണ്ടി പറക്കി,വർക്കിയേട്ടന്റെ കടയിൽ കൊടുത്ത്,. 3 മുതൽ 5 വരെ സൈക്കിൾ വാടകക്കെടുക്കും, അന്ന്. ഗ്രാമങ്ങളിൽ കൃഷിപ്പണി ചെയ്യുന്നവരെല്ലാം ഉച്ചക്കഞ്ഞി കഴിഞ്ഞാൽ അല്പമൊന്നു മയങ്ങും. മുത്താഴം കഴിഞ്ഞാൽ മുള്ളലും കിടക്കണം; അത്താഴം കഴിഞ്ഞാൽ അരക്കാതം നടക്കണം ഇതാണ് രീതി. സാധാരണ ദിവസങ്ങളിൽ ഉച്ചമയക്കം കഴിഞ്ഞ് പണിക്കിറങ്ങിയാൽ നല്ലതുപോലെ വെയിലാറിയിട്ടേ പണി മാറ്റു ഏകദേശം വിളക്കു വെക്കാറാകും. അതാണ് ആ സമയം സൈക്കിൾ ചവിട്ടു പഠിക്കാൻ തെരഞ്ഞെടു

**സാവധാനത്തിൽ തുടങ്ങുന്ന സൈക്കിൾ ചവിട്ട് പിന്നീട് വേഗത കൂടുകയും സൈക്കിളിൽ നിന്നും,കിടന്നും , ഒറ്റക്കാലിലും എല്ലാം അയാൾ സൈക്കിൾ ചവിട്ടുമ്പോൾ നെടുവീർപ്പോടെ ശ്വാസമടക്കിപ്പിടിച്ച് അയാൾക്കൊന്നും പറ്റരുത് എന്ന് പ്രാർത്ഥിച്ചു ഉള്ളിൽ. ആ റൗണ്ട് കഴിഞ്ഞാൽ പിന്നീട് കുട്ടികളുടെ ഊഴമാണ്. കുട്ടികൾ ഓരോരുത്തരായി സൈക്കിൾ ചവിട്ടുന്ന അച്ഛന്റെ ചുമലിലേക്ക് ചാടിക്കയറുന്നു. സൈക്കിൾ ചവിട്ടിക്കൊണ്ട് തന്നെ അയാൾ ഒരു അഭ്യാസിയെ പോലെ ഒറ്റക്കൈ കൊണ്ട് കുട്ടികളെ മുകളിലേക്ക് പിടിച്ചു കയറ്റുന്നു അങ്ങനെ മൂന്നു കുട്ടികളും ഒരാൾക്ക് മുകളിൽ ഒരാളായി അയാളുടെ ചുമലിൽ ഇരിക്കുന്നു അങ്ങനെ നാലു പേരുമായി സൈക്കിളിൽ അഭ്യാസപ്രകടനം ഗംഭീരമാണ്.**

**സാധാരണ ദിവസങ്ങളിൽ ഉച്ചമയക്കം കഴിഞ്ഞ് പണിക്കിറങ്ങിയാൽ നല്ലതുപോലെ വെയിലാറിയിട്ടേ പണി മാറ്റു ഏകദേശം വിളക്കു വെക്കാറാകും. അതാണ് ആ സമയം സൈക്കിൾ ചവിട്ടു പഠിക്കാൻ തെരഞ്ഞെടുത്തത്. വീട്ടുകാർ തന്നെ കാണണം എന്നില്ല. ആരു കണ്ടാലും വീട്ടിലറിയും. അതോടെ സൈക്കിൾ പഠനം അവസാനിക്കും എന്നത് ഉറപ്പാണ്.**

ത്തത്. വീട്ടുകാർ തന്നെ കാണണം എന്നില്ല. ആരു കണ്ടാലും വീട്ടിലറിയും. അതോടെ സൈക്കിൾ പഠനം അവസാനിക്കും എന്നത് ഉറപ്പാണ്.

കാലുകുത്തി ഉന്താൻ പറ്റുന്ന ചെറിയ സൈക്കിളാണ് വാടകക്ക് എടുത്തത്. ചെറിയ വിഴ്ചയും മുട്ടുപൊട്ടലുകളും ഉണ്ടായെങ്കിലും വലിയ പരിക്കുകളില്ലാതെ കൊയ്ത്തു കഴിഞ്ഞ് സെവൻസിന് ഒരുക്കിയിട്ട കണ്ടത്തിൽ ഞങ്ങൾ മൂന്നുപേരും വേഗം സൈക്കിളിൽ ബാലൻസ് ഉള്ളവരായി.

പിന്നെ ഉച്ച സമയങ്ങളിൽ ഞങ്ങൾ സൈക്കിൾ വാടകക്കെടുക്കും അതിരുകളിലെ മരനിഴൽ വീന്നു കിടക്കുന്ന ഇടവഴികളിലൂടെ ഓരോ ദിവസവും വേറേ വേറേ വഴികൾ കണ്ടെത്തി ലോക സഞ്ചാരീ നടത്തി. കൗമാര കാലമായപ്പോൾ പ്രിയമുള്ളൊരാളുടെ സൈക്കിൾ ബല്ലിന് കാതോർക്കുകയായി.

കൃത്യം വൈകീട്ട് അഞ്ചു മണിക്ക് കുളി കഴിഞ്ഞ് മുടി കുരുവിക്കൂടാക്കി പൊടിമീശയും മുണ്ടും ഫുൾകൈ ഷർട്ടുമിട്ടൊരാൾ സൈക്കിൾ ബല്ല് നിർത്താതെ അടിച്ച് പടിക്കലൂടെ തിരിഞ്ഞു നോക്കാതെ സ്ഥിരം കടന്നുപോകുന്നത് എനിക്കു വേണ്ടി മാത്രമാണെന്നറിഞ്ഞിട്ടും കണ്ടിട്ടും കാണാത്ത പോലെ നിന്നു രസം കൊണ്ടത് സൈക്കിൾ ഓർമ്മയിൽ ഇപ്പോഴും സുഖമുള്ള കാര്യമാണ്.

**കൗമാര കാലമായപ്പോൾ പ്രിയമുള്ളൊരാളുടെ സൈക്കിൾ ബല്ലിന് കാതോർക്കുകയായി. കൃത്യം വൈകീട്ട് അഞ്ചു മണിക്ക് കുളി കഴിഞ്ഞ് മുടി കുരുവിക്കൂടാക്കി പൊടിമീശയും മുണ്ടും ഫുൾകൈ ഷർട്ടുമിട്ടൊരാൾ സൈക്കിൾ ബല്ല് നിർത്താതെ അടിച്ച് പടിക്കലൂടെ തിരിഞ്ഞു നോക്കാതെ സ്ഥിരം കടന്നുപോകുന്നത് എനിക്കു വേണ്ടി മാത്രമാണെന്നറിഞ്ഞിട്ടും കണ്ടിട്ടും കാണാത്ത പോലെ നിന്നു രസം കൊണ്ടത് സൈക്കിൾ ഓർമ്മയിൽ ഇപ്പോഴും സുഖമുള്ള കാര്യമാണ്.**

പിന്നീട് സൈക്കിൾ ഒഴിവായി.

മക്കൾ രണ്ടു പെൺകുട്ടികളും സൈക്കിളിൽ സവാരി തുടങ്ങി.

അവരുടെ വളർച്ചക്കൊപ്പം ഇടവഴിയിലെ സൈക്കിൾ ബല്ലുകളുടെ എണ്ണവും കൂടിവന്നു. അതും കടന്നുപോയി



ഇപ്പോൾ പേരക്കുട്ടി സൈക്കിൾ യാത്രികനാണ്.

വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ പോകുന്ന വണ്ടി ഏതാ? ഒരു കടം കഥയായിരുന്നു.സൈക്കിൾ ഒരു വാഹനം മാത്രമല്ല എനിക്ക് ബാല്യ കൗമാരങ്ങളുടെ സ്വപ്ന ഭൂമിയായിരുന്നു. സെക്കിളെടുത്ത് ഒന്നു കറങ്ങി വരുന്നത് ലോകം ചുറ്റി വരുന്നതിന്റെ ആത്മവിശ്വാസമാണ് തന്നിരുന്നത്. പെൺകുട്ടികളുടെ സൈക്കിളിന് എന്തു മനോഹരമായ പേരായിരുന്നു. ലേഡി ബേർഡ് .

ഇപ്പോഴും സൈക്കിളിൽ പോകുന്നവരെ കാണുമ്പോൾ കാമാരം തെളിഞ്ഞു വരും.

യുറോപ്പ്യൻ യാത്രക്കിടയിൽ മിലാനിലും ഫ്രാൻസിലും ധാരാളം സൈക്കിൾ യാത്രക്കാരെ കണ്ടു. അവിടെ പല സ്ഥലങ്ങളിലും സൈക്കിളുകൾ കാണാം. നമക്ക് അത് ഉപയോഗിച്ചു അവശ്യമുള്ള ദൂരം പോകാം. പിന്നെ സൈക്കിൾ

**വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ പോകുന്ന വണ്ടി ഏതാ? ഒരു കടം കഥയായിരുന്നു. സൈക്കിൾ ഒരു വാഹനം മാത്രമല്ല എനിക്ക് ബാല്യ കൗമാരങ്ങളുടെ സ്വപ്ന ഭൂമിയായിരുന്നു. സെക്കിളെടുത്ത് ഒന്നു കറങ്ങി വരുന്നത് ലോകം ചുറ്റി വരുന്നതിന്റെ ആത്മവിശ്വാസമാണ് തന്നിരുന്നത്. പെൺകുട്ടികളുടെ സൈക്കിളിന് എന്തു മനോഹരമായ പേരായിരുന്നു. ലേഡി ബേർഡ് .**

എത്തിയിടത്തു വെക്കാം. അവിടെ പ്രധാന പാതയോടു ചേർന്ന് സൈക്കിൾ യാത്രക്കാർക്ക് ചെറുപാതയുണ്ട്. യാത്രയിൽ കിട്ടിയ ചെറിയ ഇടവേളകളിൽ ഈഫൽ ടവറിനു അരികിലൂടെ സൈക്കിൾ ഓടിച്ചത് ഒരു മനോഹരമായ ഓർമ്മയാണ്. അതു പോലെ കൊടൈക്കനാലിൽ തടാകത്തിനു ചുറ്റും രാത്രി നില, വെളിച്ചത്തിൽ പ്രിയപ്പെട്ടവരോടൊപ്പം സൈക്കിളിൽ അലസമായി കറങ്ങി നടന്നതും ഓർമ്മയിൽ തന്നെ എന്നു സന്തോഷ മാണ് തരുന്നത്.

ഇപ്പോൾ നമ്മുടെ റോഡുകൾ സൈക്കിൾ യാത്രക്ക് സുരക്ഷിത മല്ല. നടപ്പാത പോലെ സൈക്കിൾ പാതയും നമുക്കും വേണം. ഏതു പ്രായത്തിലും മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിന് ഉത്തമമാണ് സൈക്കിൾ യാത്ര . അത് അതിവേഗം പായുന്ന നമ്മുടെ ജീവീതത്തെ അല്പം slow-down ചെയ്യാൻ സഹായിക്കും. കുറച്ചു കൂടി സാവാധാനം ജീവിതം ആസ്വദിക്കാൻ അത് നമ്മെ പ്രാപ്തരാക്കും. സുരക്ഷിതമായൊരു വഴിയുന്നെങ്കിൽ ദിവസവും ഒരു പ്രാവശ്യം പുറത്തിറങ്ങുന്നത് വൈക്കിളിൽ ആയാൽ തന്നെ നമ്മുടെ ജീവീത ശൈലി രോഗങ്ങൾ മാഞ്ഞു തുടങ്ങും.

മ്പോൾ പ്രത്യേകിച്ചും. പാട്ടുകളെക്കുറിച്ചു വല്ല പോഴത്തരവും എഴുതിവച്ചാൽ അവർ പൊറുക്കില്ല.

ഭാഗ്യവശാൽ അതല്ല പ്രശ്നം.

'ങ്ങള് ഇങ്ങനെ മൊഹമ്മദ് റാഫിനെപ്പറ്റീം ലതേനെ പറ്റീം യേശ്വാസിനെ പറ്റീം ഒക്കെ പിന്നേം പിന്നേം എഴുതണ്ട. ഓലൊക്കെ ഫേമസ് അല്ലേ? ഇങ്ങളല്ലെങ്കിൽ വേറെ ആരെങ്കിലും ഓലെക്കുറിച്ച് എഴുതിക്കോളും....

പിന്നെ?

'അത്ര ഫേമസ് ആല്ലാത്തോരെ പറ്റീം എഴുതണം. സുരേന്ദ്രേനെ പറ്റീം ജഗ്‌മോഹനെ പറ്റീം ഇങ്ങള് ഇന്നുവരെ എഴുതിക്കണ്ടിട്ടില്ല. എന്താ ഓരേയൊന്നും ഇങ്ങള് പാട്ടുകാരായി കണ്ടിട്ടില്ലേ?'

സുരേന്ദ്രനാഥ്, ജഗ്‌മോഹൻ സുർസാഗർ. രണ്ടു പേരും ഹിന്ദിയിലെ ഇഷ്ടഗായകർ. വേറിട്ട ശബ്ദങ്ങളുടെ ഉടമകൾ. നൂർജഹാനൊപ്പം 'അൻമോൽ ഘടി'യിൽ നൗഷാദിന്റെ ഈണത്തിൽ പാടിയ 'ആവാസ് ദേ കഹാം ഹേ' എന്ന പാട്ടിലൂടെയാണ് നടൻ കൂടിയായ സുരേന്ദ്ര മനസ്സിൽ കയറിവന്നത്. ജഗ്മോഹനാകട്ടെ 'ദിൽ ദേകർ ദർദ് ലിയാ' എന്ന പാട്ടിലൂടെയും. എങ്കിലും ഇന്നുവരെ അവരെക്കുറിച്ചു മാത്രമായി എഴുതിയിട്ടില്ല. എഴുതേണ്ടി വന്നിട്ടില്ല എന്നതാണ് സത്യം.

അറിയാം എന്ന് ബോധ്യപ്പെടുത്താൻ വേണ്ടി മാത്രം രണ്ടു പേരുടെയും ഇഷ്ടഗാനങ്ങൾ ഓർമ്മയിൽ നിന്ന് വീണ്ടെടുത്ത് മൂളിയപ്പോൾ മൻസൂർ എന്ന് പേരുള്ള മധ്യവയസ്കനായ ഡ്രൈവർ ചിരിച്ചു. 'ഇതൊക്കെ എല്ലാർക്കും അറിയണ പാട്ടുകളല്ലേ മാഷേ. ഇങ്ങള് ഓരുടെ അത്ര ഫേമസ് അല്ലാത്ത ചെല പാട്ടുകള് കേക്കണം. എമ്മാതിരി കൂറ്റ് ഭായീ. ആ ജാതി ശബ്ദങ്ങള് ഈ ജമ്മത്തില് നമ്മള് കേട്ടിട്ടില്ല ...'

ട്രാഫിക് ബ്ലോക്ക് അപ്പോഴും തീർന്നിരുന്നില്ല. പുറത്ത് സൂര്യൻ കത്തിജ്വലിക്കുന്നു. ജനം ഹോണടിച്ചും ബഹളം വെച്ചും പ്രതിഷേധിക്കുന്നു.

ഒന്നും ശ്രദ്ധിക്കാതെ, പുറത്തെ ശബ്ദ കോലാഹലങ്ങൾക്കൊന്നും കാതു കൊടുക്കാതെ, ഏതോ സ്വപ്ന ലോകത്തേക്ക് ഉൾവലിഞ്ഞുകൊണ്ട് ഇഷ്ടപ്പെട്ട പാട്ടുകൾ ഓരോന്നിന്റേയും പല്ലവി പാടിത്തുടങ്ങുന്നു മൻസൂർ: സുരേന്ദ്രയുടെ ഭൂൽ ജാ ജോ ദേഖ്താ

**'ഇങ്ങള് കോഴിക്കോടിനെ പറ്റി ഒരു ബുക്ക് എഴുതണം. മ്മളെപ്പോലുള്ള പാട്ടുപ്രാന്തന്മാരെ പറ്റി എഴുതണം. ഫേമസ് ആയോരെ പറ്റി മാത്രല്ല. മരിച്ചുപോയ നജ്മൽ ബാബുക്കേനേം കെ ആർ വേണൂനേം എ കെ സുകുമാരേട്ടനേം സി എ അബൂബക്കറിനേം ഒക്കെ പറ്റി. ഓലെയൊന്നും ഇനിയത്തെ തലമുറ ഓർക്കൂല... 'മൻസൂർ പറഞ്ഞു**

ഹേ, ഏക് ബാർ ഫിർസെ ആജാ, നസർ സേ ജബ് യേ നസർ മിലി ഹേ ...ജഗ് മോഹന്റെ ഉസ് രാഗ് കോ പായൽ മേ ജോ സോയാ ഹേ, മുജേ നാ സപ്നോ സെ ബെഹ്‌ലാവോ, ഓ വർഷാ കെ പെഹ്‌ലെ ബാദൽ....

പലതും അതുവരെ കേട്ടിട്ടില്ലാത്ത, അഥവാ ശ്രദ്ധിച്ചിട്ടില്ലാത്ത പാട്ടുകൾ. എത്ര മനോഹരമായി, ഉച്ചാരണശുദ്ധിയോടെ പാടുന്നു ഈ മനുഷ്യൻ എന്നോർത്തുപോയി അപ്പോൾ.

'സൂപ്പർ. ഇങ്ങള് കോയിക്കോട്ടുകാരെ നമിച്ചു ട്ടോ...' -- ട്രാഫിക് ജാമിലെ മെഹ്ഫിൽ കഴിഞ്ഞു തിരക്കിനിടയിലൂടെ ഓട്ടോ അരിച്ചരിച്ചു മുന്നോട്ട് നീങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു. 'നോർത്ത് ഇന്ത്യേൽ പോലും ഈ പാട്ടൊന്നും ആളോള് ഓർക്കുന്നുണ്ടാവില്ല്യ..' ഇടതുകൈ കൊണ്ട് ഷർട്ടിന്റെ കോളർ ഒന്ന് വലിച്ചു നേരെയാക്കിയ ശേഷം ചിരിച്ചുകൊണ്ട് മൻസൂർ പറഞ്ഞു: 'സമയമില്ലാത്തോണ്ടാ. ഇല്ലെങ്കിൽ അമീർബായി കർണ്ണാടകീന്റേം സൊഹ്റാ ബായി അംബാലാവാലീടേം ഒക്കെ പാട്ട് പാടിത്തരായിരുന്നു. ആ പാട്ടുകാരുടെയൊന്നും പേരെന്നെ കേട്ടിട്ടുള്ളോര് ഉണ്ടാവില്ല ഇപ്പോ... '

വെറുതെ പറയുകയായിരുന്നില്ല മൻസൂർ. ഏതപൂർവഗാനവും ഏതു സമയത്തും ശ്രോതാക്കളുടെ ആവശ്യപ്രകാരം പ്രക്ഷേപണം ചെയ്യാൻ കഴിവുള്ള ഒരു റേഡിയോ നിലയം തന്നെ ഉണ്ടായിരുന്നു അദ്ദേഹത്തിന്റെ ഉള്ളിൽ. കമ്പ്യൂട്ടറിനെ പോലും വെല്ലുന്ന പഴയ പാട്ടുകളുടെ ഡാറ്റാബേസും.

അളകാപുരിയിൽ എന്നെ വിട്ട ശേഷം യാത്ര പറയും മുൻപ് മൻസൂർ ചോദിച്ചു: 'ഒരു റിക്വസ്റ്റ് ണ്ട്. ങ്ങള് കേക്കോ ?'

'പിന്നെന്താ? ഇജ്ജാതി നെയ്യിപ്പൊരിച്ച പാട്ടുകൾ പാടി മ്മളെ ഫ്ളാറ്റാക്കിയ ആളല്ലേ? പറഞ്ഞോളി...' മറുപടി അസ്സൽ കോഴിക്കോടൻ ശൈലിയിൽ തന്നെ.

'ഇത്രേള്ളൂ.. ഇങ്ങള് കോഴിക്കോടിനെ പറ്റി ഒരു ബുക്ക് എഴുതണം. മ്മളെപ്പോലുള്ള പാട്ടുപ്രാന്തന്മാരെ പറ്റി എഴുതണം. ഫേമസ് ആയോരെ പറ്റി മാത്രല്ല. മരിച്ചുപോയ നജ്മൽ ബാബുക്കേനേം കെ ആർ വേണൂനേം എ കെ സുകുമാരേട്ടനേം സി എ അബൂബക്കറിനേം ഒക്കെ പറ്റി. ഓലെയൊന്നും ഇനിയത്തെ തലമുറ ഓർക്കൂല....'

ഒരു നിമിഷം നിശ്ശബ്ദനാകുന്നു മൻസൂർ. പിന്നെ എന്റെ കൈ പിടിച്ച് മന്ത്രിക്കുന്നു: 'ഓലൊക്കെ കൂടിയാണ് ഒരുകാലത്ത് മ്മളെയൊക്കെ ജീവിപ്പിച്ചുകൊണ്ടോയത്. ഇല്ലെങ്കി പണ്ടേ വണ്ടിക്ക് തലവെച്ചു പോയിട്ടുണ്ടാകും. നയാ പൈസണ്ടായിരുന്നില്ലല്ലോ കയ്യിമ്മല് ....'

അന്തം വിട്ടുനിന്ന എന്നെ നോക്കി കൺനിറയെ ചിരിച്ച് ഓട്ടോ സ്റ്റാർട്ടാക്കുന്നു മൻസൂർ. മനസ്സിലിരുന്ന് ആരോ മന്ത്രിച്ച പോലെ: 'എഴുതണം നീ കോഴിക്കോടിനെ പറ്റി. ഈ മനുഷ്യന് വേണ്ടിയെങ്കിലും.'

*(പാട്ടുപട്ടണം' എന്ന പുസ്തകത്തിന്റെ ആമുഖം)*



**വിധവയായ ഒരു സ്ത്രീയുടെ ജീവിത പോരാട്ടങ്ങളുടെ കഥയാണ് ഈ സിനിമ . വന്യമായ ഒരു ഗ്രാമീണ ലോകത്തിലെ സ്നേഹാതപങ്ങൾ മികച്ച ദൃശ്യാനുഭവമാക്കി അവതരിപ്പിക്കുന്ന മലയാളിയുടെ തമിഴ് സിനിമ. വിപിൻ ചന്ദ്രശേഖർ എന്ന സംവിധായകന്റെയും ഗീത കൈലാസത്തിന്റെ അഭിനയത്തിന്റെയും മികവ് നിങ്ങളെ അത്ഭുതപ്പെടുത്തും**

# അങ്കമ്മാൾ...
# വസ്ത്രം എന്ന അധികാരം

**◉ പി എൻ നാസർ**

പെരുമാൾ മുരുകന്റെ 'കോടിത്തുണി' എന്ന ചെറുകഥയെ ആസ്പദമാക്കി വിപിൻ ചന്ദ്രശേഖർ സംവിധാനം ചെയ്ത സിനിമയാണ് അങ്കമ്മാൾ. വിധവയായ ഒരു സ്ത്രീയുടെ ജീവിത പോരാട്ടങ്ങളുടെ കഥയാണ് ഈ സിനിമ പറയുന്നത്.

ഭർത്താവ് മരിച്ചശേഷം ഗ്രാമത്തിൽ പാൽ വിറ്റും , അത്യാവശ്യം കൃഷിപ്പണികൾ ചെയ്തുമാണ് അങ്കമ്മാൾ തന്റെ രണ്ട് ആൺമക്കളെ കഷ്ടപ്പെട്ട് വളർത്തുന്നത്. മൂത്തമകൻ പഠിക്കാൻ മിടുക്കനല്ലാത്തതിനാൽ അമ്മയോടൊപ്പം കുടുംബത്തിന് വേണ്ടി അദ്ധ്വാനിക്കുന്നു. രണ്ടാമനാണ് പവിഴം(പവളം). അവൻ നന്നായി പഠിച്ച് ആ ഗ്രാമത്തിന് തന്നെ അഭിമാനമായി ഒരു ഡോക്ടർ ആയി തീരുന്നു.

അങ്കമ്മാളുടെ മകനായ ഡോക്ടർ പട്ടണത്തിലെ ഒരു പെൺകുട്ടിയെ പ്രണയിക്കുകയും അവളെ വിവാഹം കഴിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. കല്യാണത്തിനു മുൻപ് വധുവിന്റെ വീട്ടുകാർ ഡോക്ടറുടെ വീടു കാണാൻ ഗ്രാമത്തിൽ എത്തുമെന്ന് അറിയിപ്പ് കിട്ടുന്നതോടെ അയാൾ ആകെ അങ്കലാപ്പിൽ ആവുന്നു. അതിനു കാരണം അങ്കമ്മാളുടെ വേഷം ആണ്.

ആ ഗ്രാമത്തിൽ പ്രായമായ സ്ത്രീകൾ ബ്ലൗസ്സ് ധരിക്കാറില്ല. ഈ കാരണം കൊണ്ട് പട്ടണത്തിൽ നിന്നും വരുന്നവർ വിവാഹം വേണ്ടെന്ന് വെക്കുമോ എന്ന് ഡോക്ടർ ഭയപ്പെടുന്നു. സിനിമയുടെ രണ്ടാം പകുതിയിൽ മകൻ നിർബ്ബന്ധിച്ച് അമ്മയെക്കൊണ്ട് ബ്ലൗസ്സ് ഇടീപ്പിക്കുന്നു. എന്നാൽ തനിക്ക് ഒട്ടും കംഫർട്ട് അല്ലാത്ത വസ്ത്രം ധരിക്കാൻ പറ്റില്ലെന്ന് പറഞ്ഞ് അവർ അത് ഊരിക്കളയുന്നു. സമ്മർദ്ദങ്ങൾ അധികമാകുന്നതോടെ അങ്കമ്മാളും മക്കളും തമ്മിലുള്ള വഴക്ക് രൂക്ഷമാകുന്നു. തുടർന്ന് മകൻ ഗ്രാമപഞ്ചായത്തിൽ പരാതിപ്പെടുന്നു. ഗ്രാമവാസികളും ഡോക്ടറായ



മകന്റെ തീരുമാനത്തോടൊപ്പമാണ് നില്ക്കുന്നത്. ഗത്യന്തരമില്ലാതെ മകന്റെ ബന്ധുക്കൾ വരുന്ന ദിവസം അങ്കമ്മാൾ ബ്ലൗസ്സും , സാരിയും ധരിച്ച് അവരെ സ്വീകരിക്കുന്നു. വിവാഹനിശ്ചയം ഭംഗിയായ അവസാനിച്ച രാത്രിയിൽ അങ്കമ്മാൾ വീട്ടിൽ നിന്ന് അപ്രത്യക്ഷയാവുന്നു. അങ്കമ്മാളുടെ നിഷ്ക്കാസനത്തെക്കുറിച്ച് സംവിധായകൻ കൂടുതൽ വിശദീകരിക്കുന്നില്ല.

പരമ്പരാഗത ജീവിതം നയിച്ചു വരുന്ന ഒരു സ്ത്രീക്ക് തന്റെ ഇഷ്ട്ടകാരമുള്ള വസ്ത്രം ധരിക്കാൻ വേണ്ടിയുള്ള സ്വാതന്ത്ര്യം അഥവാ പോരാട്ടമാണ് അങ്കമ്മാൾ എന്ന സിനിമ മുന്നോട്ട് വെക്കുന്നത്. ആധുനികതയുടെ കടന്നു കയറ്റത്തിൽ പിന്നിലായിപ്പോകുന്ന പല ജീവിതങ്ങളുടേയും പ്രതിനിധിയാണ് അങ്കമ്മാൾ . ഇഷ്ടപ്പെട്ട ഭക്ഷണം, വസ്ത്രം തുടങ്ങിയ മൗലികവകാശങ്ങൾ വരെ നിഷേധിക്കപ്പെടുന്ന ഒരവസ്ഥയെയാണ് സംവിധായകൻ ഈ ചിത്രത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്. സംവിധാകന്റെ മികവ് കാണിക്കുന്ന ഒരുപാട് മുഹൂർത്തങ്ങൾ ഈ ചിത്രത്തിലുണ്ട്.

നിരന്തരം കാറ്റ് വീശുന്ന (ഉച്ചിമലൈക്കാറ്റ്) ഒരു വരണ്ട മലയോര ഗ്രാമത്തിലെ കാഴ്ചകളും, അവിടത്തെ ഗ്രാമീണ ജീവിതങ്ങളും അതിമനോഹരമായി അഭ്രപാളികളിൽ പകർത്തിയിരിക്കുന്നു. വളരെ ബോൾഡായ ഒരു സ്ത്രീയുടെ ജീവിതാനുഭവങ്ങളും , പോരാട്ടങ്ങളുമെല്ലാം ഗീതാ കൈലാസം (അങ്കമ്മാൾ) എന്ന നടി അനായാസേന കൈകാര്യം ചെയ്തിട്ടുണ്ട്. ഈ സിനിമയുടെ വിജയത്തിന്റെ പ്രധാന പങ്ക് ഇവർക്ക് അവകാശപ്പെട്ടതാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.



● അഞ്ജലി

## വെള്ളത്തൂവൽ സ്റ്റീഫൻ (1947 – 2026)

# അണഞ്ഞു പോയ സൂര്യൻ



പത്തൊമ്പതാം വയസ്സിൽ സംസ്ഥാനത്തെ രണ്ടു നക്സലൈറ്റ് ആക്രമണങ്ങളിൽ പങ്കെടുത്ത സ്റ്റീഫൻ 15 വർഷത്തെ ജയിൽ വാസത്തിനു ശേഷം ഹിംസയുടെ പാത ഉപേക്ഷിച്ചു പ്രസ്ഥാനത്തിന് തെറ്റ്പറ്റിപ്പോയി എന്ന് കുമ്പസാരിച്ചു സുവിശേഷം കയ്യിൽ എടുത്തു

കേരളത്തിൽ നക്സലൈറ്റ് പ്രസ്ഥാനത്തിൻറെ തുടക്കക്കാരിൽ ഒരാളും തലശ്ശേരി പോലിസ് സ്റേഷൻ ആക്രമണത്തിലും നഗരൂർ കുമ്മിൾ ആക്രമണത്തിലും പ്രതിയുമായിരുന്ന വെള്ളത്തൂവൽ സ്റ്റീഫൻ കോതമംഗലത്ത് വടാട്ടു പാറയിൽ അന്ത്യ വിശ്രമം കൊള്ളുമ്പോൾ,ഒരു കാലത്ത് വസന്തത്തിൻറെ ഇടിമുഴക്കം എന്ന് വിശേഷിപ്പിക്കപ്പെട്ട വിപ്ലവ പ്രസ്ഥാനം ഇന്ത്യ ഒട്ടാകെ തുടച്ചു നീക്കപ്പെടുകയായിരുന്നു . 19 ആം വയസ്സിൽ സംസ്ഥാനത്തെ രണ്ടു പ്രധാന ആക്ഷനുകളിൽ പങ്കെടുത്ത സ്റ്റീഫൻ 21 ആം വയസ്സിൽ ജയിലിൽ ആയി . 15 വർഷത്തെ ജയിൽ വാസത്തിനു ശേഷം ഹിംസയുടെ പാത ഉപേക്ഷിച്ചു പ്രസ്ഥാനത്തിന് തെറ്റ് പറ്റിപ്പോയി എന്ന് കുമ്പസാരിച്ചു സുവിശേഷം കയ്യിൽ എടുത്തു .

ചാരു മജുംദാരിനെയും കെ വേണുവിനെയും ശക്തമായി കുറ്റപ്പെടുത്തുന്ന സ്റ്റീഫൻ ഇന്ത്യ പോലെയൊരു നാട്ടിൽ ഇങ്ങനെയായിരുന്നില്ല വിപ്ലവം കൊണ്ടു വരേണ്ടതെന്ന തിരിച്ചറിവിൽ ആയിരുന്നു .ബൈബിൾ കയ്യിൽ എടുത്തെങ്കിലും താൻ കറുത്ത ആദിമ കാലത്തെ യേശുവിനെ കുറിച്ചാണ് പ്രസംഗിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു .ഇടുക്കിയിൽ ചേലച്ചുവടിൽ തയ്യൽ മെഷിൻ ഉന്തി കിട്ടുന്ന വരുമാനം കൊണ്ടു പിൽക്കാല ജീവിതം നയിച്ച സ്ടീഫന്റെ കണ്ണുകളിൽ അപ്പോഴും നടക്കാതെ പോയ സ്വപ്നങ്ങളെ പറ്റി പറയുമ്പോൾ വലിയ തിളക്കം കാണാമായിരുന്നു .

കോട്ടയത്ത് കങ്ങഴയിൽ നിന്ന് സുരേഷ് കുറുപ്പിന്റെ അമ്മാവനായ രാഘവ കുറുപ്പിന്റെ വെള്ളത്തൂവലിലെ തോട്ടത്തിൽ പണിക്കെത്തിയതാണ് കമ്മ്യൂണിസ്റ്റ് കാരനായ സ്ടീഫന്റെ അപ്പൻ .അവിടെയുള്ള സ്കൂളിൽ പട്ടിണിയും പരിവട്ടവുമായി ക്ലാസിൽ പോകുന്ന കാര്യം സ്റ്റീഫൻ ഓർത്തെടുത്തു .കമ്യൂണിസ്റ്റ് പര്ടി പിളർന്നപ്പോൾ അപ്പനടക്കം എല്ലാവരും തന്നെ സി പി എമ്മിലേക്ക് പോയപ്പോൾ സി പി ഐയിൽ ഉറച്ചു നിന്ന ആളാണ് സ്റ്റീഫൻ . ഉപേക്ഷിക്കപ്പെട്ട ഡാം സൈറ്റിൽ ആളുകൾ കുടിലുകൾ കെട്ടിയപ്പോൾ അവരെ അവിടെ നിന്ന് ഒഴിപ്പിക്കാൻ സിപി ഐയും സി പി എമും ഒന്നിച്ചു നിന്നതാണ് സ്ടീഫന്റെ രാഷ്ട്രീയ ജിവിതത്തിൽ വലിയ വഴിത്തിരിവായത് .അന്ന് പതിനെട്ടു തികയാത്ത സ്റ്റീഫൻ അവരുടെ സമരത്തിനു നേതൃത്വം കൊടുത്തു . ഇതിനിടെയായിരുന്നു കുന്നിക്കൽ നാരായണൻറെ ഗ്രൂപ്പിൽ പെട്ട ചിലർ അദ്ദേഹത്തെ നക്സൽ പ്രസ്ഥാനത്തിലേക് റിക്രൂട്ട് ചെയ്യുന്നത് .കോട്ടയത്ത് (ഇടുക്കി അന്ന് കോട്ടയം ജില്ലയിൽ ആണ് )ഒരു യുനിറ്റ് ഉണ്ടാക്കുക മാത്രമല്ല തലശ്ശേരി പോലിസ് സ്റേഷൻ ആക്രമണത്തിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്തു.പോലിസ് പിടിച്ചെങ്കിലും പൊടിമീശക്കാരനായ ബാലൻ ഒരിക്കലും അതിൽ പങ്കെടുക്കില്ലഎന്ന് കരുതി പോലിസ് അദ്ദേഹത്തെ ആദ്യം വെറുതെ വിടുകയായിരുന്നു .പിന്നിട് നഗരൂർ കുമ്മിൾ ആക്രമണത്തിലും അദ്ദേഹം പങ്കെടുത്തു .ഹിംസയുടെ ആ കാലത്തെ പറ്റി പറയാൻ അദേഹം വിമുഖത പ്രകടിപ്പിച്ചു .അത് തെറ്റായിരുന്നു എന്ന് അറിഞ്ഞപ്പോഴേക്കും പ്രായം ഏറെ കടന്നിരുന്നു. 21 ആം വയസ്സിൽ അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹം 15 വർഷം ജയിൽ കഴിഞ്ഞു .

ജയിലിൽ വെച്ചാണ് ഇന്ത്യ പോലെയുള്ള ഒരു രാജ്യത്ത് ഉന്മൂലന യുദ്ധത്തിന്റെ ആവശ്യമില്ല എന്നാ ചൌ എൻ ലിയുടെ നിലപാട് സ്റ്റീഫൻ വായിക്കുന്നത് .അത് ജയിലിൽ സഹ തടവുകാരോട് പങ്കു വെച്ച അദ്ദേഹം പ്രതിലോമകാരിയായി മുദ്ര കുത്തപ്പെട്ടു. .അന്ന് അതോറിട്ടൻ ആയിരുന്ന കെ വേണു തന്നെ പിൽക്കാലത്ത് മലക്കം മറിഞ്ഞു ഗാന്ധിസത്തിൽ എത്തിയെന്നത് മറ്റൊരു കഥ .

ജയിലിൽ അസാധാരണമായി വായിക്കുമായിരുന്നു സ്റ്റീഫൻ . അത് അദ്ദേഹത്തിലെ എഴുത്തുകാരനെ പുറത്തു കൊണ്ടു വന്നു . പഴയ പെട്ര്യറ്റ് പത്രത്തിന്റെ റാപ്പറുകളിൽ ആയിരുന്നു അദ്ദേഹംആദ്യം തൻറെ നോവൽ എഴുതിയത്. തുടർന്നു നിരന്തരമായ എഴുത്ത് .ഇതിനിടെ തൻറെ ആൽമകഥയും പ്രസിദ്ധീകരിച്ചു .മാലതിയാണ് ഭാര്യ മകൾ ദ്യുതി .അദ്ദേഹത്തിൻറെ മരണത്തോടെ സ്വാതന്ത്ര്യത്തിനു ശേഷമുള്ള നാളുകളിലെ കേരള ചരിത്രത്തിലെ ഒരു വലിയ പോരാട്ടത്തിലെ ഒരു ഇതിഹാസം ഇല്ലാതാകുന്നു.

**-പി എസ് ജോസഫ്**

# ചിത്രലോകം

പി കെ ഭാഗ്യലക്ഷ്മി







**Spice Village**

# TODDY SHOP
# കള്ള് ഷാപ്പ്

## ഷാപ്പിലെ കറികളും നല്ല നാടൻ കള്ളും



- Kallummakkaya (കല്ലുമ്മക്കായ)
- Duck Mappas (താറാവ് മപ്പാസ്)
- Meen Curry (മീൻകറി)
- Mathi Varuthathu (മത്തി വറുത്തത്)
- Beef Coconut Fry (പോത്ത് ഉലർത്ത്)
- Crab Roast (ഞണ്ട് റോസ്റ്റ്)
- Kappa (കപ്പ)
- Idiyappam/Paratha (ഇടിയപ്പം പറോട്ട)
- Liver Fry (ലിവർ ഫ്രൈ)
- Idukki Idiyirachi (ഇടുക്കി ഇടിയിറച്ചി)
- Rabbit Roast (റാബിറ്റ് റോസ്റ്റ്)
- Potty Ulathu (പോട്ടി ഉലത്ത്)

**വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM**
**FRIDAY, SATURDAY, SUNDAY 5-10 PM**

8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY